എന്നാൽ വാസ്തവത്തിൽ ആ കൃത്യത്തിൽ ഭടന്മാർ അപരാധികളാണോ? അല്ല. ഒരു മഹത്തായ വിജയാഘോഷത്തിൽ ഫ്രെഡെറിക്കു് ദി ഗ്രേറ്റ് എന്ന ജർമ്മൻ ചക്രവർത്തി അലസനായി നില്ക്കുന്ന തന്റെ ഒരു യോദ്ധാവിനോടു്, അയാൾ എന്താണു് ഉന്മേഷരഹിതനായിരിക്കുന്നതു് എന്നു ചോദിച്ചു. "ഒന്നുമില്ല, തിരുമേനി; എന്റെ ഈ സ്വല്പ വേതനത്തിനു് ഞാൻ ഇത്രവളരെ മനുഷ്യരെക്കൊല്ലേണ്ടിയിരുന്നുവൊ എന്നു് അല്പമൊന്നു് ആത്മപരിശോധന ചെയ്കയായിരുന്നു; അത്രമാത്രമേയുള്ളു. ഇപ്പോൾ വീണ്ടും ഞാൻതന്നെയായി. ദേശീയതയുടെ ബലിപീഠത്തിൽ സമർപ്പിക്കുമ്പോൾ ഏതു പാപവും പുണ്യമാകും എന്നാണു് എന്നെ ഗുരുനാഥന്മാർ പഠിപ്പിച്ചിരിക്കുന്നതു്;അതു പഠം ഞാൻ മറന്നിട്ടില്ല' എന്നായിരുന്നു അതിനു യോദ്ധാവിന്റെ പ്രത്യുത്തരം. എന്നാൽപിന്നെ ആരാണു് അപരാധികൾ? ആ അസ്ത്രം കണ്ടുപിടിച്ച ശാസ്ത്രജ്ഞന്മാരൊ? അവരുമല്ല. അവർ ദൃഷ്ടീശ്വരന്മാരാണു്. അഭീഷ്ടദാനംചെയ്യുവാൻഅവക്കു ശക്തിയുണ്ടു്. വിധിവത്തായ യാഗംകൊണ്ടു് അവർ ആരെയും സ്വർഗ്ഗാരൂഢരാക്കും; അതല്ല, അഭിചാരകർമ്മമാണു് അനുഷ്ഠിക്കേണ്ടതെങ്കിൽ ശത്രുസംഹാരത്തിനുള്ളകൃത്യകളേയും സൃഷ്ടിച്ചുകൊടുക്കും. ഹോതാവിന്റെ ആജ്ഞയ്ക്കു വിധേയരായി അവർ ഹോമകുണ്ഡത്തിനു മുന്നിൽ ഇരിക്കുകയാണു്. അങ്ങനെയാണെങ്കിൽ ഭരണാധികാരികളാണൊ കുറക്കാർ? അവരുമല്ല. അവരെ നഗ്നമായ സ്വാർത്ഥപര

THE EASTERN TRADING Co., Ltd.

(Incorporated in Cochin with Liability of Members Limited)


Telegrams:- EASTRACO.

Branch	Head Office	Branch
ALLEPPEY	COCHIN	CALICUT

Dealers in Coir fibre, Yarn, Ropes, Mats, Mattings and all other allied products.

Shipping, Clearing, Forwarding, Insurance & Commission agents.

Estate agents & Suppliers.



ജർമ്മനി ആക്രമിക്കുവാൻ ഐകൃകക്ഷി വിമാനങ്ങൾ തയ്യാറാക്കുന്നു.

തയുടെ നാമാന്തരമായ സ്വദേശ സേവാസക്തി പിടലിക്കുപിടിച്ചു മുന്നോട്ടേക്കു് ഉന്തിത്തള്ളിവിടുന്നു. തന്തി ന്റെ ഫലമായി ഒരുകൂട്ടർ ഹിംസയ്ക്കു് ഒരുങ്ങുന്നു: മറുകൂട്ടർ ഗത്യന്തരമില്ലെന്നുവച്ചു പ്രതിഹിംസയ്ക്കും സന്നദ്ധരാകുന്നു; അതാണു യുദ്ധം—മനുഷ്യനെ മൃഗത്തിലും മൃഗമായി തരംതാഴ്ത്തുന്ന മഹാപാതകം.

യുദ്ധത്തെ അക്കം ഒരുപ്രകാരത്തിലും സാധൂകരിക്കുവാൻ സാധിക്കുന്നതല്ല. യുദ്ധത്തിൽ നീതികരമായി ഒന്നുമില്ലെന്നു മഹാവീരനായ നെപ്പോളിയൻ ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. അതു തുടങ്ങിക്കഴിഞ്ഞാൽ ഇരുകക്ഷികളും അന്യോന്യം അനവധി ജനങ്ങളെ കൊന്നൊടുക്കുന്നു; എങ്കിലും ആദ്യമായി കൊല്ലുന്നതു് അതാതു കക്ഷിയുടെ അന്തഃകരണത്തെത്തന്നെയാണു്. ഗൌതമബുദ്ധൻ ഒരവസരത്തിൽ രണ്ടു വലിയ സൈന്യങ്ങൾ പരസ്പരസംഹാരത്തിനു് ഉടത്തൊരുങ്ങി അണിനിരന്നു നില്ക്കുന്നതു കണ്ടു് എന്തിനാണു് ആ സംരംഭം എന്നു ചോദിച്ചു. "ഞങ്ങളിൽ ഒരു കക്ഷി മറെറാരു കക്ഷിയെ നിശ്ശേഷം നശിപ്പിക്കും" എന്നു് ഇരുകൂട്ടരും മറുപടി പറഞ്ഞു: "അപ്പോൾ നിങ്ങളുടെ മക്കളെന്തുചെയ്യും," എന്നു് അവിടുന്നു വീണ്ടും ചോദിച്ചു. "അവർ ഞങ്ങളുടെ മക്കളെക്കൊന്നാൽ അവരുടെ മക്കളെ ഞങ്ങളുടെ മക്കളുടെ മക്കൾ കൊല്ലും," എന്നായിരുന്നു ആ ചോദ്യത്തിനുത്തരം. "അങ്ങനെ ഈ ശൃംഖല അനുസ്യൂതമായി ലോകാവസാനംവരെ തുടർന്നു പോകുകയില്ലെ" എന്നു ഭഗവാൻ മൂന്നാമതും ചോദിച്ചു. പോകുമായിരിക്കും; അല്ലാതെ നിർത്തുവാൻ പോകുന്നുണ്ടോ? എന്നു് അവർ അതിനും പ്രത്യുത്തരം നൽകി. "എന്നാൽ പോംവഴി ഞാൻ കാണിച്ചുതരാം. ശത്രുക്കൾ ബന്ധുക്കളാകുവിൻ; എന്റെ മുൻപിൽവച്ചുതന്നെ ആയുധം താഴെവച്ചു് ശാശ്വതസന്ധി വരിച്ചിരിക്കുന്നതായി പ്രതിജ്ഞാപൂർവ്വം പ്രഖ്യാപിക്കുവിൻ. അതല്ലാതെ ഈ അത്യഹിതത്തിനു് വേറെ പരിഹാരമാർഗ്ഗമില്ല" എന്നു ഭഗവാൻ ഉപദേശിക്കുകയും ആ ഉപദേശം അവർ അംഗീകരിക്കുകയും ചെയ്തു. "ജയോവൈരം പ്രസവതി" ജയം വൈരത്തെ വിളിച്ചുവരുത്തും എന്നാണു ഗൌതമൻ ആ ഘട്ടത്തിൽ അരുളിച്ചെയ്തതു്. ഹിംസ പ്രതിഹിംസയേയും പ്രതിഹിംസ പുനർഹിംസയേയും ഉല്പാദിപ്പിക്കും. അഹിംസകൊണ്ടല്ലാതെ ഹിംസയെ ജയിക്കാൻ വഴിയില്ല. അതുകൊണ്ടാണു് "അഹിംസൈകാ സുഖാവഹാ" അഹിംസയൊന്നു മാത്രമെ സുഖാവഹമായി ഉള്ളു എന്നു് പൂർവ്വാചാര്യന്മാർ അനുശാസിക്കുന്നതു്. 1905-ലെ ബോവർയുദ്ധത്തെപ്പററി ജോൺമോർളി എന്ന പ്രസിദ്ധനായ തത്വചിന്തകൻ യുദ്ധം തരുന്ന ലാഭം എത്രതന്നെയായാലും 'still it is wrong' പിന്നെയും അതു തെറ്റുതന്നെയാണെന്നു് ഉറപ്പിച്ചു പറഞ്ഞതു കായ്കായ്വിനേ ചനംകൂടാതെയല്ല. യാഥാർത്ഥ്യത്തെപ്പററി ചിന്തിക്കുമ്പോൾ യുദ്ധം വല്ല ലാഭവും ആക്കുന്നുണ്ടോ എന്നു ചോദിച്ചാൽ അതിനു നിഷേധാർത്ഥകമായ മറുപടിതന്നെയാണു നൽകേണ്ടിയിരിക്കുന്നതു്. "കോദോഷഃപ്യോഹിവൃണീതയുദ്ധം പരാജയോയത്ര സമോജയശ്ച?" എന്നു വേദവ്യാസൻ ചോദിക്കുന്നു. ദേവന്മാരാൽ ശപിക്കപ്പെട്ടവർപോലും യുദ്ധത്തെ കാംക്ഷിക്കുകയില്ല; എന്തുകൊണ്ടെന്നാൽ അതിൽ പരാജയവും ജയവും തുല്യംതന്നെയാണു്. "നമുക്കു ലക്ഷവും ശത്രുവിനു പത്തുലക്ഷവും ഭടന്മാർ രണ്ടാഴ്ചകൊണ്ടു നശിച്ചു" എന്നു ചിലർ വമ്പു പറയുന്നു; മാനവസമുദായത്തിലെ പതിനൊന്നുലക്ഷം അംഗങ്ങൾ അകാലമൃത്യു പ്രാപിച്ചതായാണു് അവർ മറന്നുകണക്കുകൂട്ടേണ്ടിയിരുന്നതു്; അങ്ങനെയായിരുന്നു മഹാനായ ഏബ്രഹാം ലിങ്കൺ എന്ന അമേരിക്കൻ പ്രസിഡണ്ടിന്റെ ഗണനപദ്ധതി. എത്ര സ്ത്രീകൾ വിധവകളായി; എത്ര ശിശുക്കൾ പിതൃഹീനരായി; ഇത്തരത്തിലുള്ള ഇതര സങ്കലനങ്ങൾക്കും പ്രകൃതത്തിൽ പ്രസക്തിയുണ്ടു്.

അങ്ങനെ നോക്കുമ്പോൾ സംയുക്തകക്ഷികൾക്ക് ഈ ജയം ഒരു ജയംതന്നെയാണെങ്കിലും ഇതു പരിപൂർണ്ണ വിജയമെന്നു പറയാറായിട്ടില്ല; എന്നാൽ അത്തരത്തിലുള്ള വിജയത്തിന്റെ സോപാനത്തിൽ പ്രവേശിക്കുവാൻ ഒരവസരം അവർക്കു വന്നുചേർന്നിട്ടുണ്ട്. പരാജിതരുടെ നേർക്ക് അവർ കുറെക്കാലം കഴിഞ്ഞെങ്കിലും എങ്ങനെ പെരുമാറുന്നു എന്നും, യുദ്ധം വീണ്ടും തലയുയർത്താതെയിരിക്കുന്നതിനു് ഏതെല്ലാം സമർത്ഥങ്ങളായ സംവിധാന പരിപാടികളിൽ ഏർപ്പെടുന്നു എന്നും സർവോപരി തങ്ങൾ ദ്വീപുകളുടെ നിലയിൽ പൂട്ടിവച്ചിരിക്കുന്ന ജനതകൾക്കു് എത്രമാത്രം സ്വയംഭരണാവകാശം സ്വമനസ്സാലെ നൽകുന്നു എന്നുമുള്ള മൌലികപ്രശ്നങ്ങളുടെ തീരുമാനത്തിലാണു ശാശ്വതവിജയം അധിഷ്ഠിതമായിരിക്കുന്നതു്. ഒരു മനുഷ്യനെ മറ്റൊരു മനുഷ്യനു് അയാളറിയാതെ ഭരിക്കുവാൻ സാധിക്കുകയില്ല; അയാൾ സൽഗുണവാനായിരിക്കാം; എന്നാൽ അന്യനെ ഭരിക്കുന്നതിനു വേണ്ട സൽഗുണം അയാൾക്കു് ഒരിക്കലും ഉണ്ടാകുവാൻ തരമില്ല; അതുപോലെതന്നെയാണു് ഒരു ജനത മറ്റൊരു ജനതയെ ഭരിക്കുക എന്നുള്ളതും" എന്നുള്ളതു ലിങ്കന്റെ മഹാവാക്യങ്ങളിൽ അതിപ്രധാനമായ ഒന്നാണു്. തങ്ങൾ കയ്യടക്കിവച്ചിരിക്കുന്ന രാഷ്ട്രങ്ങൾക്കു് ചിരകാംക്ഷിതവും ജീവോപമവുമായ സ്വാതന്ത്ര്യം—എന്നെങ്കിലുമല്ല, ഏതെങ്കിലും ഗ്രഹങ്ങളുടെ ഗതിവിഗതികളെ ആശ്രയിച്ചുമല്ല; ഇന്നുതന്നെ, നാലാളുകൾക്കു കേട്ടാൽ നിരക്കുന്ന രക്ഷാവ്യവസ്ഥകൾ അപരിത്യാജ്യങ്ങളാണെങ്കിൽ അവയോടു സംഘടിപ്പിച്ചു—നൽകുവാൻ അവർ സന്നദ്ധരാണെങ്കിൽ ഈ യുദ്ധത്തിന്റെ ചിതാഭസ്മത്തിൽനിന്നു് ഒരു നവയുഗ പ്രഭാതം അങ്കുരിച്ചു കാലാന്തരത്തിൽ സകല ജനങ്ങളെയും സൗഭാഗ്യസാഗരത്തിൽ ആറാടിക്കും. ചില ജനതകൾ മറ്റുചില ജനതകളെ നോക്കിപ്പറയാറുണ്ടു്: "ഓമനേ! നിനക്കു് എഴുനേറ്റുനില്ക്കുവാൻ കഴിയുമെന്നു നീ പറയുന്നു; അതു കേവലം വ്യാമോഹമാണു്. കിടക്കുന്നിടത്തുതന്നെ കിടക്കൂ. നിന്റെ തൊട്ടിലിനു വേണമെങ്കിൽ നീളവും വീതിയും കൂട്ടിത്തരാം. നീ വല്ലതും കാണുന്നുണ്ടോ? കണ്ണടയ്ക്കൂ; അതാണു് ഉറക്കത്തിനു നല്ലതു്. കേൾക്കുന്നുണ്ടോ? ആ ശബ്ദമെല്ലാം ചെവിക്കുപദ്രവമാണു്; എന്റെ പൈതലിനു ഞാനില്ലെ താരാട്ടു പാടാൻ? നടക്കണമെന്നു മോഹിക്കുന്നതുപോലെ തോന്നുന്നുവല്ലൊ. അതു പാടില്ല; കാലിൽ കട്ടയും മുള്ളും കൊള്ളും. കുറെക്കൂടി വളരുമ്പോൾ ഞാൻ ഊന്നുകമ്പും ചൊസ്സാലും ഉണ്ടാക്കിത്തന്നുകൊള്ളാം. വീട്ടിനകത്തു കിടക്കുന്നതു് എത്ര സുഖമാണെന്നു നീ അറിയുന്നില്ലല്ലൊ" എന്നും മറ്റും. ഈ ചിത്രണം എന്റേതല്ല. റോസ് പ്രഭുവിന്റെ ചില വാക്യങ്ങൾ ഞാൻ പരാവർത്തനം ചെയ്യുന്നു; അത്രമാത്രമേയുള്ളു. ഇത്തരത്തിലുള്ള സുഗാലവോദ്ഗാരം ഇക്കാലത്തു് ആരും ചെവിക്കൊള്ളുകയില്ല.

ഭാരതഭൂമിയുടെ അവസ്ഥതന്നെ പരിശോധിക്കാം. അതിന്റെ പാരമ്പര്യത്തിനു് എന്താണു് ഒരു കുറവു്? സംസ്കാരത്തിനു് എന്താണു് ഒരു വൈകല്യം? ആ ദേവിയുടെ അരുമക്കിടാങ്ങൾ യൂറോപ്പിലും ആഫ്രിക്കയിലും ഏഷ്യയിലും അവരുടെ അനന്യസാധാരണമായ സമരപാടവം പ്രദർശിപ്പിച്ചു. മഹാരഥനായ ഇന്നത്തെ വൈസ്രോയി വേവൽപ്രഭുവിന്റെ പരിപൂർണ്ണമായ പ്രശംസയ്ക്കുപോലും പാത്രീഭവിച്ചു കഴിഞ്ഞിട്ടില്ലേ? ഗാന്ധിജിയെയും അസാദിനെയും ജവഹർലാലിനെയും പോലെയുള്ള അമാനുഷന്മാരായ ആത്മത്യാഗികൾ—സർവ്വഭൂതഹിതേരതന്മാരായ സമഗ്രപ്രഭാവന്മാർ—ഇന്നു ലോകത്തിൽ മറ്റെവിടെയുണ്ടു്? അവർ സ്വാതന്ത്ര്യത്താൽ അലങ്കരിക്കുന്ന ഒരു രാഷ്ട്രത്തിനും അസ്വതന്ത്രതയ്ക്കും തമ്മിൽ സാമാനാധികരണ്യമുണ്ടെന്നു വാദിക്കുവാൻ ഏതു് അശ്മഹൃദയന്റെ രസന ചലിക്കും? ബ്രിട്ടീഷ് ഭരണകൂടത്തിൽ തൊഴിലാളികക്ഷിക്കു വിജയം സിദ്ധിച്ചതിൽ ഭാരതീയരും അനുമോദിക്കുന്നു. ആ കക്ഷിയുടെ നേതാക്കന്മാർക്കു ഭരണാധികാരം ലഭിച്ചതിനെക്കാളധികം ചർച്ചിലും എമറിയും സ്ഥാനഭ്രഷ്ടരായതിലാണു് അവർക്കു് ആഹ്ലാദം. യുദ്ധമാരംഭിക്കുന്ന ഏതു കക്ഷിയും സമാധാനത്തിനുള്ള കാലം വരുമ്പോൾ സ്വസ്ഥാനത്തിൽനിന്നു ബഹിഷ്കൃതമാകുമെന്നു് ഏ. ജി. ഗാർഡിനർ ഒരു സന്ദർഭത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്; എങ്കിലും ആ സാമാന്യനീതി മാത്രമല്ല യാഥാസ്ഥിതികകക്ഷിയുടെ അനന്യാദൃശമായ ഈ അധഃപതനത്തിൽ പ്രവർത്തിച്ചിട്ടുള്ളതു്. പുതിയ ഭരണസാരഥികളെങ്കിലും ഭാരതീയർക്കു ന്യായമായി ലഭിക്കേണ്ട സ്വയംഭരണം തുടങ്ങിയ അവകാശങ്ങൾ ഉടനടി അനുവദിച്ചുതരുമോ? 'ഇന്നു്" എന്ന ദേവത 'ഇന്നലെ എന്ന തന്റെ ജ്യേഷ്ഠസഹോദരിയെപ്പോലെ വന്ധ്യയായി അനന്തമായ കാലസമുദ്രത്തിൽ അന്തർധാനം ചെയ്കയില്ലെന്നു നമുക്കു് ആശിക്കാം.

'നാളെ'യെന്നുള്ള ശബ്ദം ഞങ്ങൾക്കു കേട്ടമതിയായി; അതിന്റെ ജനനത്തിനു സ്വതന്ത്രഭാരതം തന്നെ സ്വാഗതം നൽകുമാറാകട്ടെ. അറ്റ്ലിയുടെയും അനുയായികളുടെയും വാഗ്ദാനത്തിനു് ആത്മാർത്ഥതയുണ്ടോ എന്നു പരിശോധിക്കുവാൻ ഉൽബുദ്ധമായ



ബ്രി. ഈസ്റ്റിൻഡീസിലെ സപ്ലൈസൈന്യാധിപനായ അഡ്മിറൽ പൗവ്വർ.

വിധികർത്താക്കളോട്

(നാലാങ്കൽ)

1

സൽസ്സമാധാന വേദിയിൽ നിങ്ങൾ
സപ്തവർണ്ണക്കൊടികൾ തൂക്കുമ്പോൾ,
ഓർത്തിടേണമീയുദ്ധത്തിൽവീണ
മൃത്യുപൂൽകിന ധീരഭടരെ
കൂട്ടികളും വിധവകളുമാ-
നഷ്ടജീവിതക്കേണ്ടിക്കേഴരേ,
തുവിടേണം സഹതാപമാകും
തുമലർവർതന്നിൽസ്സദാപി.

2

ജീവിതസുഖമാസ്വദിക്കാതെ
ജന്മഭൂവിനെസ്സേവിക്കുവാനായ്
കൃത്യനിഷ്ഠാപതാകയുമേന്തി
മൃത്യുവിൻറെയിരുൾത്താഴ്വരയിൽ,
ശത്രുവാണെന്നിരിക്കിലും പോയ
സ്ചരിതരെ വിസ്മരിക്കായ്‌വിൻ.

3

യുദ്ധകാഹളം പൊങ്ങിയപ്പോഴും
ഉൽകൃടമായ ശ്രുഷ്ക്കാന്തിപൂർവം,
മന്നമായ് മല്ലടിച്ച കൃഷക-
ധന്യരേയും മറക്കാതിരിക്കിൻ
രാപ്പകൽ തൊഴിൽശാലകൾ തന്നിൽ
വേർപ്പുതുകിപ്പണിയെടുത്തോരെ,
കഷ്ടനഷ്ടം വിജയത്തിനായി-
ട്ടൊട്ടധികം സഹിച്ചോർകൾതന്നെ,
ആനന്ദത്തിൻെറ പൊന്നുയലിങ്ക-
ലാടിടുമ്പോൾ മറന്നുപോകല്ലേ!!

4

പാരതന്ത്ര്യത്തിൻ ക്രൂരിരുൾക്കൂട്ടം
പാരിൽനിന്നും പറപ്പിക്കുവാനായ്,
ഈമഹായുദ്ധരക്തക്കളത്തെ
ആരചിച്ചതെന്നുള്ളതുമോർക്കിൻ.

5


സ്വാതന്ത്ര്യത്തിൻെറ പേരിലീയുദ്ധം
സ്വാർത്ഥവിട്ടു നിങ്ങൾ ചെയ്യുകിൽ,
അസ്വതന്ത്രരാജ്യങ്ങളെയെല്ലാം
ആത്തമോദം വിമോചനം ചെയ്യിൻ!

6

അഹംഭാവമിദ്ധരയതിൽ വീണ്ടു-
മാവിർഭ്രതമാകാതിരിക്കുവാൻ,
നിത്യശാന്തി വിരിയും നാകമായ്
നിങ്ങൾ തീർക്കുവിൻ ഭാവിലോകത്തെ.

7

മർത്ത്യനും, രോഗം, പട്ടിണി, ശോകം,
ദാസ്യവൃത്തി, കൊടിയനിരാശ,
ഘോരമാകും നിലവിളി, ചിത്തം,
ചൂരമാക്കുമഴിമതി, വ്യാജം
ഏത്തിനോക്കാതിരിക്കുവീടു-
വൃത്തൻമന്നിൻെറ പൊന്നിൻമുഖത്തിൽ.



യൂറോപ്പ് സമരരംഗത്തുനിന്നു രക്ഷപെട്ട രണ്ടു ചെറിയ കുട്ടികൾ ഭയവിഹ്വലരായി ഒരു പെട്ടിയിലിരുന്നു ബിസ്ക്കറ്റു തിന്നുന്നു.

ശോകമുദ്ര

(നാലാങ്കൽ)

പുരോഗമനകവിതകളുടെ ഒരു സമാഹാരം

വികാരോത്തേജകവും, ചിന്താസുന്ദരങ്ങളും, സഹൃദയഹൃദയാഹ്ലാദകങ്ങളുമായ പതിനഞ്ചു മനോഹരകവിതകൾ—മർത്ത്യലോകത്തിൻെറ ദയനീയസ്ഥിതികൾ, പ്രകടിപ്പിക്കുന്നതും നിങ്ങളെ കരയിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന കവിതകൾ—കമനീയമായ കെട്ടും മട്ടും.

വില 1 രൂപാ.

കൈരളീസ്റ്റോഴ്സ്
കോട്ടയം.

ലോകം അവരെ ഉറ്റുനോക്കുന്നു. ആ പദാർത്ഥം തനിത്തങ്കമോ താണതരം പിച്ചളയോ എന്നു നിർണ്ണയിക്കുവാൻ ഉത്തരക്ഷണം നികഷോപലവുമായി നിലകൊള്ളുന്നു. ഈ കാര്യമെല്ലാം അവരും കാണുന്നുണ്ടായിരിക്കുമല്ലോ. ജീവപര്യന്തം തടവുശിക്ഷ വ്യക്തികൾ അനുഭവിക്കും, സമുദായങ്ങൾ—രാഷ്ട്രങ്ങൾ—അനുഭവിക്കുകയില്ല, അടിമക്കച്ചവടത്തിൽനിന്നുള്ള ലാഭത്തെക്കാൾ ആയിരം മടങ്ങു വലുതാണ് അന്യോന്യ സഖ്യത്തിൽനിന്നുള്ള നേട്ടം.

WHY WORRY ?

Entrust Your Transporting Business With:-

MESSRS. CHERIAN & CO. LTD,

Registered Office:- Trivandrum [Phone No. 310]
Telegram: Cherianco.

Head Office:- Kottayam. [Phone No. 75]
Telegram:- FERTILISER

BRANCHES:-

Jew Town	Cochin
Near Iron Bridge.	Quilon.
Chackai Landing.	Trivandrum (Phone No. 202)
Near Zilla Court Bridge.	Alleppey
Near Post Office.	Alwaye.
Near Post Office.	Pallom.
Near Power House.	Kundara.

All kinds of transporting, shipping, Clearing and Insurance undertaken at moderate rates and to the entire satisfaction of the parties concerned.

THE
West Coast Planters Agencies Ltd.

(INCORPORATED IN COCHIN STATE)

JEW TOWN - MATTANCHERRY P. O.
[COCHIN]

Exporters & Importers, Estate Suppliers & Contractors, Shipping Clearing & Forwarding Agents.

Enquiries Solicited for all Estate Requirements, Prompt Execution. Such as **Moderate rates.**

TEA CHESTS HESSAIN CLOTH MANURE TOOLS ACIDS
COPPER SULPHATE TEA LEAF RAGS SPRAYER HOSE PIPES
COOLY CUMBLIES STATIONARY ETC. ETC.

EXPORTERS OF

COIR YARN COIR ROPES COIR FIBRE COCONUTS PEPPER GINGER NUXOMICA TERMERIC CARDAMONS COCONUT OIL LEMON GRASS OIL AND ALL OTHER MALABAR PRODUCE

DEALERS IN HIGH GROWN NILGIRI TEA

DISTRIBUTORS OF

MESSRS. HARDCASTLE WAUD & CO., LTD.

MANUFACTURERS OF KLEENWELL STEEL WIRE BRUSHES SUNFAST WASHABLE WATERPROOF DISTEMPER WATER PROOF WAXED PAPER HEAT RESISTING PAINT ETC. ETC. ETC. ETC.

SPECIAL AGENTS

FOR

NEW INDIA ASSURANCE CO., LTD.

Transacts Business in

LIFE FIRE MARINE & ACCIDENTS.

SOLICIT ENQUIRIES & ORDERS.

ഭ്രാന്ത്

— ചെറുകഥ —

(പ്രൊഫസർ പുത്തൻകാവു മാത്തൻ തരകൻ ബി. ഒ. എൽ.)

ചാക്കോച്ചൻ വേലകഴിഞ്ഞു് ക്ഷീണിച്ചു് വൈകിട്ടു വീട്ടിൽ തിരിച്ചെത്തി. പൂമുഖത്തു കയറിയപ്പോൾ ആദ്യമേ കണ്ടതു് ഭിത്തിയിൽ വച്ചിരുന്ന "ക്ലോക്കു്" തവിട്ടുപൊടിയായി തറയിൽ കിടക്കുന്നതായിട്ടാണു്. കോപംകൊണ്ടു വിറയ്ക്കുന്ന അധരങ്ങളോടുകൂടി അവൻ റോസമ്മയെ വിളിച്ചു. പൂമുഖം കടന്നു ചെന്നപ്പോൾ കണ്ടു കാഴ്ച അവനെ വല്ലാതെ സംഭ്രമിപ്പിച്ചു.

മേശപ്പുറത്തു് അടുക്കിവച്ചിരുന്ന പുസ്തകങ്ങൾ താറുമാറായി ചിന്നിച്ചിതറി താഴെക്കിടക്കുന്നു. മഷിക്കുപ്പി ഒരു പുസ്തകത്തിന്മേൽ കമഴ്ന്നും കിടക്കുന്നു. മൂലകളിൽ സൂക്ഷിക്കപ്പെട്ടിരുന്ന പെട്ടികൾ തുറന്നു കിടന്നിരുന്നു. ചട്ട, കച്ചമുറി, വേഷ്ടി, കവിണി തുടങ്ങിയവയെല്ലാം അങ്ങിങ്ങായു് മടക്കുനിവർന്നു കിടക്കുന്നു. ചാക്കോച്ചനു് കോപം കൂടി. "എടീ റോസേ! റോസേ!" എന്നു് അവൻ അലറി.

ഈ അലർച്ച കേട്ടു് അവന്റെ അമ്മ അടുക്കളയിൽനിന്നും ഓടി വന്നു "അയ്യോ, കുഞ്ഞേ, നിന്റെ പൊന്നുപോലുള്ള ഭ്രാന്താടാ! അവൾ ചെയ്യുന്ന അക്രമം ആരു സഹിക്കും? അയ്യോ, എന്തൊരുമഹാസംഭവം! എന്തൊരു ചിരി" എന്നു പറഞ്ഞു് കരയാൻ തുടങ്ങി.

"എവിടെ അവൾ?" എന്നായി ചാക്കോച്ചൻ. "എനിക്കറിഞ്ഞുകൂടാ" എന്നു് അമ്മ.

പെട്ടെന്നു് ഒരു പൊട്ടിച്ചിരിയുടെ ശബ്ദം അവൻ കേട്ടു. രണ്ടുപേരും തിരിഞ്ഞുനോക്കി. കക്കൂസിന്റെ വാതിൽക്കൽ ചാക്കോച്ചന്റെ പുതിയ കസവുകവിണിയും കടിച്ചുപിടിച്ചുകൊണ്ടു് തലമുടിയും അഴിച്ചിട്ടു് റോസമ്മ നിന്നിരുന്നു. "അയ്യോ കസവു കവിണി അവൾ കടിച്ചു കീറിക്കളയുമെ" എന്നു് അമ്മ വിളിച്ചു പറഞ്ഞു.

"റോസേ! ഇതിന്റെ അർത്ഥമെന്തു്?" എന്നു് ചാക്കോച്ചൻ പരുഷസ്വരത്തിൽ ചോദിച്ചു. മറുപടി ഒന്നും പറയാതെ അവൾ അവനെ നോക്കി 'കക്കക്കക്കാ' എന്നു ചിരിച്ചു. "താഴെയിടൂ കവിണി" എന്നു ചാക്കോച്ചൻ ഗർജ്ജിച്ചു. ആരു് കേൾക്കാനാണു്? അവൾ അതു് രണ്ടായി വലിച്ചുകീറി ദൂരെയെറിഞ്ഞു് കൈകൊട്ടി ചിരിച്ചു ക്രുദ്ധാടി.

ചാക്കോച്ചന്റെ ക്ഷമ മുഴുവനും നശിച്ചു. അവൻ മുന്നോട്ടു് ഒരൊറ്റച്ചാട്ടം ചാടി അവളെ ബലമായി പിടിച്ചു കുലുക്കി. "നിനക്കെന്തു പറ്റിയെടീ" എന്നു അമറി. റോസമ്മ കൊടുത്തു അവന്റെ കൈക്കിട്ടൊരു കടി. വല്ലാതെ നൊന്തതുകൊണ്ടു് ചാക്കോച്ചൻ അവളുടെ ചെകിട്ടത്തു് 'പട പടാ'ന്നു നാലഞ്ചു കൊടുത്തു. അവൾ അല്പനേരം സ്തംഭിച്ചവളെപ്പോലെ അവന്റെ മുഖത്തേക്കുതന്നെ നോക്കിക്കൊണ്ടുനിന്നു: അനന്തരം കൈകൾകൊണ്ടു് കവിൾത്തടങ്ങൾ പൊത്തി ചെറുകുട്ടിയെപ്പോലെ തേങ്ങിത്തേങ്ങിക്കരഞ്ഞു.

ചാക്കോച്ചൻ അവളെ കൈക്കു് പിടിച്ചു വലിച്ചു ഴച്ചുകൊണ്ടുപോയി കക്കൂസുപുരയ്ക്കുള്ളത്തു് വിറകും മറ്റും അടുക്കിവച്ചിരുന്ന ഒരു മുറിയിൽ തള്ളിയിട്ടു് വാതിലും പൂട്ടി. ഇതെല്ലാം കണ്ടുകൊണ്ടുനിന്ന അവന്റെ അമ്മ അടുക്കളയിൽ പോയി ഒരു കോപ്പ കാപ്പി എടുത്തുകൊണ്ടുവന്നു മകനു കൊടുത്തു.

അനന്തരം പറഞ്ഞു. "മകനേ! ഞാൻ അന്നേ പറഞ്ഞതല്ലേ ആ ഭ്രാന്തക്കുട്ടത്തിൽനിന്നു പെണ്ണിനെ എടുക്കരുതെന്നു്. നീ കേട്ടോ? അവളുടെ അപ്പൻ ഭ്രാന്തു പിടിച്ചു ചത്തു. വല്ല്യപ്പനും അങ്ങനെതന്നെ കാലം തള്ളി. കഴിഞ്ഞ വർഷം അവളുടെ ചിറ്റപ്പനും ഭ്രാന്തു പിടിച്ചു. ഇപ്പോൾ ഇവൾക്കും അതു് പിടിച്ചുപോയി"

ചാക്കോച്ചൻ എലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലെ ഒരു ഓവർസീയറാണു്. അമ്മയുടെ ഉപദേശത്തെ അവഗണിച്ചാണു് അവൻ ഭ്രാന്തകുലത്തിൽനിന്നും ആ പെണ്ണിനെ എടുത്തതു്. റോസമ്മയോ! അതിസുന്ദരി. ബുദ്ധിശാലിനി. ചാക്കോച്ചൻ രണ്ടു വർഷം അവളോടൊന്നിച്ചു് ദാമ്പത്യജീവിതം സുഖം സന്തോഷം നയിച്ചു. റോസമ്മയ്ക്കു ഭ്രാന്തുണ്ടാകുമെന്നു് അവൻ സ്വപ്നത്തിൽക്കൂടി ചിന്തിച്ചിരുന്നില്ല. അവൾക്കു ഭ്രാന്തുണ്ടായതോടുകൂടി ചാക്കോച്ചന്റെ ജീവിതത്തിനു് പുഴുക്കുത്തു പിടിച്ചു.

അത്താഴമുണ്ണു് സമയത്തു് വിറകുപുര തുറന്ന ചാക്കോച്ചൻ എത്തിനോക്കി. റോസമ്മ വിറകിനിടയിൽ സുഖമായി ഉറങ്ങിക്കിടക്കുന്നതു കണ്ടു. അവനു് കരച്ചിൽ വന്നു. അവളെ തട്ടി ഉണർത്തി വെളിയിൽ കൊണ്ടുവന്നു.

ഉണർന്നെഴുന്നേറ്റ റോസമ്മ ചുറ്റുവാട്ടം കണ്ണോടിച്ചുകൊണ്ടു പറഞ്ഞു. "ഞാൻ ഇവിടെക്കിടന്നാണോ ഉറങ്ങിയതു്?" ചാക്കോച്ചൻ അവിടെ നടന്ന സംഭവങ്ങളെക്കുറിച്ചെല്ലാം അവളെ അറിയിച്ചതിൻപ്രകാരം അവൾ നശിപ്പിച്ചുകളഞ്ഞ സാമാനങ്ങളെ ചൂണ്ടിക്കാണിച്ചു.

അന്നു രാവിലെ തന്റെ ബുദ്ധി ഒന്നു മറിഞ്ഞു എന്നും, താൻ ചെയ്തതൊന്നും തനിക്കു് ഓർമ്മയില്ലെന്നും ഇനിമേൽ അങ്ങനെയൊന്നും ചെയ്യുകയില്ലെന്നും തന്നോടു് എല്ലാം ക്ഷമിക്കണമെന്നും റോസമ്മ പറഞ്ഞു.

റോസമ്മയ്ക്കു കൂടെക്കൂടെ ഭ്രാന്തു് വന്നുകൊണ്ടിരുന്നു.

അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവൾ വീട്ടുസാമാനങ്ങളെല്ലാം നശിപ്പിച്ചു കളയുക പതിവായിരുന്നു. ബുദ്ധി നേരെ വരുമ്പോൾ അവൾ പശ്ചാത്തപിച്ചു കണ്ണുനീർ ചൊരിയുകയും ചെയ്യുമായിരുന്നു. പ്രേമാധിക്യം കൊണ്ട് ചാക്കോച്ചൻ അവളോട് ക്ഷമിക്കുകയും ചെയ്യുമായിരുന്നു.

പക്ഷെ റോസമ്മയുടെ ഭ്രാന്ത് ദിനംപ്രതി വർദ്ധിച്ചുവന്നു. വീട്ടിലുള്ള കണ്ണാടി, ഘടികാരം മുതലായവ തകർത്തിട്ടു സംതൃപ്തി അടയാതെ അവൾ മനുഷ്യരെ ആക്രമിച്ചു തുടങ്ങി. ഈ വിവരം അയൽവാസികളെല്ലാം അറിഞ്ഞു, നാടെങ്ങും റോസമ്മയെക്കുറിച്ചു സംസാരമായി. അപ്പീസിൽ ചെന്നാൽ എല്ലാവരും ചാക്കോച്ചനോട് റോസമ്മയുടെ വിവരം ചോദിക്കയായി. ചാക്കോച്ചന് അപമാനം സഹിക്കാൻ പാടില്ലാതെ വന്നു.

ഒരു ദിവസം റോസമ്മ അവളുടെ അമ്മാവിയമ്മയുടെ തലയിൽ ഒരു കല്ലെടുത്തിട്ടു. തല പൊട്ടി ചോര ഒഴുകി. ഇനിയും അവളെ വീട്ടിൽ താമസിപ്പിച്ചാൽ അപകടമായിരിക്കുമെന്നു കണ്ട് ചാക്കോച്ചൻ അവളെ ഭ്രാന്താശുപത്രിക്കു കൊണ്ടുപോയി. റോസമ്മയെ പരിശോധിച്ച ഡോക്ടർ പറഞ്ഞു അവളുടെ ഭ്രാന്തു പെട്ടെന്നു ഭേദമാവുകയില്ലെന്ന്. ചാക്കോച്ചൻ ഏകനായി ആശുപത്രിയിൽനിന്നു തിരിയെ സ്വഗൃഹത്തിലേക്കു പോന്നു.

വർഷം ഒന്നു കഴിഞ്ഞു: റോസമ്മയ്ക്കു യാതൊരു ഭേദവും വന്നില്ല. ഇതിനിടയ്ക്കു ചാക്കോച്ചന്റെ അമ്മ വഴക്കു തുടങ്ങി. വീട്ടുവേലയെല്ലാം തനിക്കു ചെയ്യാൻ ശക്തിയില്ലെന്നും അതുകൊണ്ട് ചാക്കോച്ചൻ രണ്ടാം വിവാഹം നടത്തണമെന്നും അവർ അടിക്കടി പറഞ്ഞു തുടങ്ങി. അമ്മയുടെ ഉപദ്രവം അസഹ്യമായിരുന്നതിനാലും, ചാക്കോച്ചന്റെ പരിതഃസ്ഥിതിയിൽ രണ്ടാം വിവാഹം അനുവദനീയമെന്നു മതാചാര്യന്മാർ അഭിപ്രായപ്പെട്ടതിനാലും അവൻ 'ലിസി' എന്നൊരു പെണ്ണിനെ കല്യാണം കഴിച്ചു.

വർഷം രണ്ടായി. ചാക്കോച്ചൻ കുഞ്ഞിനെ മടിയിൽവച്ച് ലാളിച്ചുകൊണ്ടിരിക്കുകയായിരുന്നു. "തപാൽ! സാർ," എന്നു പറഞ്ഞുകൊണ്ട് പോസ്റ്റ് പ്യൂൺ ചാക്കോച്ചന്റെ കയ്യിൽ ഒരു കത്തു കൊടുത്തു. ചാക്കോച്ചൻ അതു തുറന്നു വായിച്ചു. "നിങ്ങളുടെ ഭാര്യ അത്യുത്തമമായി സുഖപ്പെട്ടിരിക്കുന്നു. ഇനിയും ഒട്ടും ഭയപ്പെടേണ്ടാ. ഉടനെ വന്നു കൊണ്ടുപോകണം." ഡോക്ടറയച്ച ഈ കത്തു വായിച്ചു ചാക്കോച്ചൻ ചിന്തയിൽ മുഴുകി.

രക്ഷപ്പെടാൻ യാതൊരു വഴിയും കണ്ടില്ല. അമ്മയോടു വിവരം പറഞ്ഞു. റോസമ്മയെ വിളിച്ചുകൊണ്ടുവന്നു വീട്ടിൽ താമസിപ്പിക്കുകയാണു നീതിയെന്നു രണ്ടുപേരും തീരുമാനിച്ചു. അടുത്തദിവസം ചാക്കോച്ചൻ ആശുപത്രിയിലേക്കു പോയി. പിറേറന്നു് ഒരു വണ്ടിവന്നു ചാക്കോച്ചന്റെ പടിക്കൽ നിന്നു. അതിന്റെ ശബ്ദം കേട്ടു ലിസി ഓടി വാതിലുകളെത്തി. റോസമ്മയും ചാക്കോച്ചനും വണ്ടിയിൽനിന്നും ഇറങ്ങി.

റോസമ്മ തലപൊക്കി 'ലിസി'യേ നോക്കി "ഇവളാരു്?" എന്നു ചോദിച്ചു. ചാക്കോച്ചൻ തന്റെ രണ്ടാം വിവാഹത്തേക്കുറിച്ചു യാതൊന്നും റോസമ്മയെ അതുവരെ അറിയിച്ചിരുന്നില്ല. അവൻ പറഞ്ഞു. "റോസമ്മേ! നീ മൂന്നുവർഷം ഭ്രാന്താശുപത്രിയിൽ കിടന്നില്ലെ? ആ കാലത്തിനിടയ്ക്കു ഞാൻ ലിസിയെ....." ശരി കല്യാണം കഴിച്ചു" എന്നു റോസമ്മ പൂരിപ്പിച്ചു.

വീട്ടിനുള്ളിലുണ്ടായിരുന്ന തൊട്ടിലിൽ "ബാബു" ഉറങ്ങിക്കിടന്നിരുന്നു. റോസമ്മ തൊട്ടിലിന്റെ അരികിൽ ചെന്നു് കുഞ്ഞിനെ തൊട്ടു തലോടി. പെട്ടെന്നു ചാക്കോച്ചൻ അവളുടെ അടുക്കലെത്തി.

"കുഞ്ഞിനെ ഒന്നും ചെയ്യുകയില്ലാ. പണ്ടത്തെപ്പോലെ ഞാൻ ഭ്രാന്തത്തിയല്ലാ" എന്നു പറഞ്ഞു റോസമ്മ ചിരിച്ചു. അവളുടെ ശബ്ദം കേട്ടു് അമ്മാവിയമ്മ ഓടിയെത്തി.

യാത്രാക്ഷീണം പരിഹരിക്കാൻ റോസമ്മ ഒരിടത്തിരുന്നു. അടുക്കൽ അഗാധമായ ആലോചനയിൽ മുഴുകി ചാക്കോച്ചനും നിന്നു. അടുക്കളയിൽ ലിസി ഇങ്ങനെ ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു.

"മൂത്തവൾക്കു ഭ്രാന്താണെന്നും മേലാൽ ആശുപത്രിയിൽനിന്നും തിരിച്ചു വരികയില്ലെന്നും പറഞ്ഞ് എന്റെ അപ്പനെ വശത്തിലാക്കി എന്നെ കല്യാണം കഴിച്ചു. ഇതാ വന്നിരിക്കുന്നു."

"അവളുടെ ഭ്രാന്തു പൊറുക്കുകയില്ലെന്നു് എത്രയോ ഡോക്ടറന്മാർ പറഞ്ഞതാണു്. ഇങ്ങനെ വരുമെന്നു് ആരു കണ്ടു? എല്ലാം എന്റെ തലയിലെഴുത്തു്" എന്നു ചാക്കോച്ചന്റെ അമ്മ തലയിൽ തല്ലിക്കൊണ്ടു പറഞ്ഞു.

റോസമ്മ ചാക്കോച്ചനോടു പെട്ടെന്നു ചോദിച്ചു. "ലിസി പറഞ്ഞതുകേട്ടില്ലേ? അവിടത്തേക്കു ഞാൻ പോണമൊ? അവൾ വേണമൊ? വേഗം മറുപടി പറയുമൊ?"

THE EASTERN MIDLAND BANK Ltd., KOTTAYAM

(INCORPORATED IN TRAVANCORE)

DIRECTORS

1. V. J. Joseph Esq., M. A. (Hons) Professor, St. Alozius College, Mangalore.
2. T. J. Mathew Esq., B. A. B. L., Advocate, Kottayam.
3. V. O. Markos, Esq., B. A., B. L., Advocate Kottayam.
4. James Vellapally Esq., Kottayam.
5. James Tharayil Esq., B. A., B. L. Advocate, Kottayam.

All kinds of banking business transacted.

JAMES THARYIL, B. A., B. L. Managing Director.

"ഇതെന്തൊരു ചോദ്യം റോസമ്മേ! നിനക്കു് അമ്മയും അപ്പനും ഇല്ല. അനാഥയായ നിന്നെ ഉപേക്ഷിക്കുന്നതു നീതിയല്ല. ലിസിയേയും പുറത്തിറക്കിവിടാൻ പാടില്ല. "ബാബു" വിന്റെ ഗതി എന്തായിത്തീരും? നീ ഒന്നാലോചിച്ചു നോക്കു്" എന്നു് അല്പം അടഞ്ഞശബ്ദത്തിൽ പറഞ്ഞു ചാക്കോച്ചൻ.

"അലോചിക്കാനൊന്നുമില്ല. രണ്ടുപേരും ഒരുമിച്ചു് ഇവിടെ താമസിക്കുക സാധ്യമല്ല. അതു നമ്മുടെ ജാതിക്കു ചേർന്നതുമല്ല. മൂന്നുവർഷം അവിടത്തേക്കു ക്ഷമിച്ചിരിക്കാൻ സാധിച്ചില്ലല്ലൊ! അങ്ങേയ്ക്കു ഭ്രാന്തു പിടിച്ചിരുന്നു എങ്കിൽ മൂന്നല്ല, ജീവിതകാലം മുഴുവൻ ഞാൻ ക്ഷമിക്കുമായിരുന്നില്ലേ? സ്ത്രീകൾക്കു കടപ്പാടു വളരെയുണ്ടു്. പുരുഷന്മാക്കു് അങ്ങനെയൊന്നില്ല" എന്നു് പറഞ്ഞു റോസമ്മ പൊട്ടിക്കരഞ്ഞു.

ചാക്കോച്ചൻ നിശ്ശബ്ദതയിൽ തപ്പിത്തടഞ്ഞു.

"നിങ്ങൾക്കു മറുപടി പറയാൻ അറിഞ്ഞുകൂടെങ്കിൽ ഞാൻ പറഞ്ഞതരാം. എന്നെ എങ്ങോട്ടെങ്കിലും അയച്ചേക്കു. ഇനിയും ഒരു നിമിഷം എന്നെ ഇവിടെ താമസിപ്പിച്ചാൽ നിങ്ങൾക്കു മനസ്സിനു സുഖം കാണുകയില്ല" എന്നു റോസമ്മ വീണ്ടും പറഞ്ഞു.

ചാക്കോച്ചൻ മൗനം വിട്ടു. "റോസമ്മേ! നിന്നോടു ഞാൻ ചെയ്ത അപരാധം മതിയാകാഞ്ഞിട്ടു് ഒരു മഹാപരാധംകൂടി ചെയ്യാൻ നീ എന്നെ നിയോഗിക്കുകയാണൊ?

"എനിക്കു ഭ്രാന്തായിരുന്നപ്പോൾ അവിടത്തോടു ഞാൻ കാണിച്ച അക്രമങ്ങളിൽ നൂറിലൊന്നു് ഒന്നുപോലും അവിടന്നു ചെയ്യിട്ടില്ല."

"റോസമ്മേ! നീ ഒരിടത്തും പോകേണ്ടാ. നിന്നെ ഞാൻ ഒരിടത്തും അയക്കുകയില്ല. നീ ഇവിടെത്തന്നെ താമസിക്കണം."

"അവിടത്തെ ഇഷ്ടം."

റോസമ്മയ്ക്കും ലിസിക്കും പലതരത്തിൽ അസ്വാസ്ഥ്യങ്ങളുണ്ടായി. റോസമ്മ വീട്ടിൽ താമസിക്കുന്നതു ലിസിക്കു രസിക്കാതെയായി. അതുകൊണ്ടു ക്രമേക്രമേ അവൾ ഓരോന്നു പുലമ്പിക്കൊണ്ടു നടന്നു. അങ്ങനെ ആഴ്ച രണ്ടു കഴിഞ്ഞു. ഒരുദിവസം ലിസി മുടി അലങ്കോലമായി അഴിച്ചിട്ടുകൊണ്ടു് ഓടിവന്നു ചാക്കോച്ചനോടു പറഞ്ഞു. "റോസമ്മയ്ക്കു വീണ്ടും ഭ്രാന്തു പിടിപെട്ടിരിക്കുന്നു. റോസമ്മ തൈർകലം ഉടച്ചു. പുടവ തുണ്ടുതുണ്ടായി കീറിക്കളഞ്ഞു.

"ഇവളെ ഇനിയും വീട്ടിൽ വച്ചുകൊണ്ടിരുന്നാൽ അപത്തു്. ആരും ഇല്ലാതിരിക്കുന്ന തക്കംനോക്കി ഇവൾ കുഞ്ഞിന്റെ കഴുത്തിനുപിടിച്ചു ഞെക്കിയാലൊ" എന്നു് അമ്മാവിയമ്മയും പറഞ്ഞുതുടങ്ങി.

അവളെ വീണ്ടും ആശുപത്രിയിൽ കൊണ്ടുചെന്നാക്കാൻ ചാക്കോച്ചൻ നിശ്ചയിച്ചു. ഒരു വണ്ടിയിൽ രണ്ടുപേരും ആശുപത്രിക്കു തിരിച്ചു. പട്ടണത്തിൽനിന്നും ഗ്രാമത്തിലേക്കു കടന്നു വണ്ടി ഒരാറ്റരികിൽ ചെന്നു. മറുകരയ്ക്കുള്ള പാലത്തിൽ കയറി വണ്ടിക്കാരൻ വണ്ടി നിറുത്തി, അല്പം അകലെവച്ചു് കയ്യിൽനിന്നും താഴെ വീണുപോയ ചാട്ട എടുക്കാൻ വണ്ടിക്കാരൻ പുറകോട്ടു് ഓടി. റോസമ്മ വണ്ടിയിൽനിന്നും ഇറങ്ങി പാലത്തിന്റെ അരികിൽ ഇരുന്നു. ചാക്കോച്ചനും അവളുടെ അടുക്കൽ ചെന്നു. റോസമ്മ പറയാൻ തുടങ്ങി. "എനിക്കു് ഇപ്പോൾ ഭ്രാന്തേ ഇല്ല. ഞാൻ വീട്ടിൽനിന്നും വെളിയിൽ ഇറങ്ങിയാൽ മാത്രമെ ലിസിക്കു ജീവിതം ആനന്ദപ്രദമാവൂ എന്നു ധരിച്ചുകൊണ്ടു് ഞാൻ ഭ്രാന്തു നടിക്കുകയാണു ചെയ്യുന്നതു്. ഇനിയും അവിടന്നു് എന്നെ വീട്ടിലേക്കു തിരിച്ചുകൊണ്ടുപോയി എന്തുപറഞ്ഞാലും അമ്മയും ലിസിയും വിശ്വസിക്കുകയില്ല. ആശുപത്രിയിൽ ചെന്നാൽ ഡോക്ടർ സത്യം കണ്ടുപിടിച്ചു് എന്നെ തിരികെ വീട്ടിലേക്കു തള്ളിവിടും. ഞാൻ ഇനിയും എന്താണു ചെയ്യേണ്ടതെന്നു് അലോചിക്കുകയാണു്." ചാക്കോച്ചൻ കണ്ണുമിഴിച്ചു് അവളെ നോക്കി.

"എന്താണു നോക്കുന്നതു്? ഭ്രാന്തുണ്ടോ എന്നു പരിശോധിക്കുകയാണൊ?" എന്നു പറഞ്ഞു റോസമ്മ ചിരിച്ചു.

"റോസമ്മേ! അറിയാതെ ഞാൻ ചെയ്ത കുറ്റങ്ങൾക്കു തക്കശിക്ഷ നീ എനിക്കു തരികയാണൊ? "ഈ ദുരിതങ്ങളിൽനിന്നെല്ലാം അവിടത്തെ വിമോചിപ്പിക്കുന്നതിനാണു ഞാൻ ഇങ്ങനെയെല്ലാം ചെയ്യുന്നതു്?

"എന്റെ പൊന്നെ! എന്തൊക്കെയാണു നീ പറയുന്നതു്?" എന്നു ചോദിച്ചുകൊണ്ടു ചാക്കോച്ചൻ നദീപ്രവാഹത്തെ നോക്കി. അപ്പോഴേക്കും ചാട്ടയും എടുത്തുകൊണ്ടു വണ്ടിക്കാരനും വന്നുചേർന്നു.

"ഇതാണു വഴി" എന്നു പറയുകയും റോസമ്മ ആറ്റിലേക്കു ചാടുകയും ഒന്നിച്ചുകഴിഞ്ഞു.

"അയ്യോ! ചതിച്ചൊ" എന്നു പറഞ്ഞുകൊണ്ടു ചാക്കോച്ചനും ആറ്റിൽ ചാടാൻ മുതിർന്നു. "അ ഭ്രാന്തത്തി

(ശേഷം 47-ാം പേജിൽ)

MATHER STORES, ERNAKULAM.
Manufacturers & Suppliers of
Wire nails, Panel pins, Iron & Brass Screws, Carriage Bolts & Nuts, Hooks Eyes Etc.
Telegrams: MATHER - Branches: COCHIN KOTTAYAM.
N. B. Goods can be despatched to any place.

VIMSONS LTD.

(Incorporated in Travancore.)

Head Office: KOTTAYAM.

Willing to take up all sorts of

Agency Business

and

also can assure very efficient

Managements of Estates etc.

Please Correspond to:-

Manager.

പുലിവരുന്നു!

(ഈ. എം. കോവൂർ, ബി. ഏ., ബി. എൽ.)

ഓരോതരം പുലികളും വരുന്നെന്നു പറഞ്ഞു നമ്മെ ഭയപ്പെടുത്തുന്നവർ അല്പമൊന്നുമല്ല. നരകവും ഗന്ധകത്തീയുമാകുന്ന ഈശ്വരകോപപുലി ഇതാ വരുന്നെന്നു പറഞ്ഞ് മാറത്തടിച്ച് നിലവിളിച്ചട്ടഹസിക്കുന്ന മതബോധകർ, സ്ത്രീധനസമ്പ്രദായം ഇങ്ങനെ തുടർന്നാൽ നമ്മുടെ പെൺകുട്ടികളെല്ലാം കാബൂൾക്കാരുടെകൂടെ ഓടിപ്പോയേക്കുമെന്നു പ്രസംഗിക്കുന്ന സമുദായചിന്തകർ, കപ്പപ്പൊടിയുടെ ഏറ്റുമതി നിറുത്തിയാൽ നാമെല്ലാം പാപ്പരായിപ്പോകുമെന്നു ഘോഷിക്കുന്ന സാമ്പത്തികാവേശക്കാർ; വഴിയിൽ തുപ്പിയാൽ സകലർക്കും ക്ഷയമാകുമെന്നു ഓമ്മിപ്പിക്കുന്ന പൊതുജനാരോഗ്യപ്രണയികൾ തുടങ്ങി അനേകം അനേകം പേരെ ഈ 'പുലി വരുന്നേ' എന്നു വിളിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താം. പക്ഷെ കുറെ ജീവിച്ചിട്ടുള്ളവർക്കറിയാം ഈ പുലികളിൽ മിക്കതും ഉനിയും ജനിക്കുകപോലുമുണ്ടായിട്ടില്ലെന്നു്.

റയിൽവെയിൽ അപകടത്തിനുള്ള ചിഹ്നമാണ് മുവപ്പു്. സകലത്തിലും മുറപ്പു കാണുന്ന ഒരു കൂട്ടരുണ്ടു്. ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ ഒന്നു നോക്കിയാൽ, സിഗററിന്റെ പുക പോകുന്ന വഴിയിൽ നിന്നാൽ എൻ. ഏസ്സ്. കൃഷ്ണനേയും മധുരത്തേയും സിനിമായിൽ കണ്ടാൽ—ഇതിലൊക്കെ കടുംമുവപ്പു് കാണുന്നവർ ധാരാളമുണ്ടു്. അല്ലെങ്കിൽ പിന്നെ പുരോഗമനസാഹിത്യക്കാരുടെ പുറത്തു് ഉത്തരധികം ക്രൂരർ ഉരുട്ടുചെണ്ട മേളിക്കുന്നതിന്റെ രഹസ്യമെന്തു്?

കായ്ങ്ങളിങ്ങനെയെല്ലാം അണെങ്കിലും ഒരു ചെറു 'പുലിവിളി'ക്കാരനായിട്ടത്രെ ഈ ലേഖനത്തിൽ എനിക്കു രംഗപ്രവേശം ചെയ്യേണ്ടി വന്നിട്ടുള്ളതു്. ഒരുസമയം എന്റെ പുലിയും മറ്റനേകായിരം പുലികളെപ്പോലെ ഏഷ്യാ ഭൂഖണ്ഡത്തിൽപോലും എത്തിനോക്കിയില്ലെന്നു വന്നേക്കാം. ഈശ്വരൻ അങ്ങനെ സംഭവിപ്പിക്കയും ചെയ്യട്ടെ.

ബുക്കുസ്റ്റാളുകളും ബുക്കുകളും മലയാളക്കരയിൽ ഇത്രമാത്രം വർദ്ധിച്ചിട്ടുള്ള ഒരു കാലമുണ്ടായിട്ടില്ല. പത്രങ്ങളുടെ ഒരു നല്ല ഭാഗം ഇക്കൂട്ടരുടെ പരസ്യങ്ങൾ കൊണ്ടു നിറഞ്ഞിരിക്കും. കരിങ്കേരളും ഉവരുമില്ലായിരുന്നെങ്കിൽ പൊതുജനങ്ങൾ എന്തു ചെയ്യുമായിരുന്നെന്നു ഞാൻ ചിലപ്പോൾ ആലോചിച്ചിട്ടുണ്ടു്. ബുക്കും ബുക്കുസ്റ്റാളുകളും വർദ്ധിക്കുന്നതിൽ യാതൊരു മനഃക്ലേശവുമുള്ള ആളല്ല ഞാൻ. നേരെ മറിച്ചു് അതിൽ നിന്നും അല്പാല്പം സാമ്പത്തികാനുഗ്രഹങ്ങൾ അനുഭവിക്കുന്ന ഒരാളുമത്രെ. ഞാൻ. പക്ഷെ ഈ പോക്കിൽ ഞാനല്പം മുവപ്പു് കാണാതിരിക്കുന്നില്ല. അതു ചൂണ്ടിക്കാണിച്ചില്ലെങ്കിൽ സൗഖ്യവുമില്ല.

എന്റെ ഒരു ബഹുമാന്യസ്നേഹിതൻ പറഞ്ഞപ്പോഴാണു് എന്റെ കണ്ണു് തുറന്നതു്. അപ്പോഴാണു് ഒരു യഥാർത്ഥ പുലി വരുന്നു അല്ലെങ്കിൽ വന്നുകഴിഞ്ഞു എന്നിനിക്കു് ബോദ്ധ്യമായതു്.

അദ്ദേഹത്തിന്റെ പുത്രനു് അടുത്ത കാലത്തു പിടിപെട്ടിട്ടുള്ള ഒരു രോഗത്തെപ്പറ്റി അയാൾ ഭയവിഹ്വലനായി സംസാരിച്ചു. രോഗലക്ഷണങ്ങൾ ഇനെയൊക്കെയാണു്.

പതിനഞ്ചോ പതിനാറോ വയസ്സു് വരുന്ന ആ

(45-ാം പേജിൽനിന്നും തുടർച്ച)

വെള്ളത്തിൽ ചാടി. യജമാനനും അതിന്നൊരുങ്ങുകയാണൊ" എന്നു പറഞ്ഞുകൊണ്ടു വണ്ടിക്കാരൻ ചാക്കോച്ചനെ കടന്നുപിടിച്ചു. അപ്പോഴേക്കും പാലത്തിന്മേൽ ആളുകളും വന്നുകൂടി. റോസമ്മ അസ്വാധീന ചിത്തയായി ആറ്റിൽ ചാടി മരിച്ചു എന്നു് എല്ലാവരും പറഞ്ഞു.

"ഭ്രാന്തത്തിയായിപ്പോയി! എങ്കിലും ജീവനോടുകൂടി ഇരിക്കാമായിരുന്നല്ലൊ" എന്നു ചാക്കോച്ചന്റെ അമ്മ അഭിപ്രായപ്പെട്ടു.

"പാവം! ഭ്രാന്തു്!" എന്നു് ലിസി സഹതപിച്ചു. എങ്കിലും അവൾക്കു് എന്തു ഭ്രാന്തുണ്ടായിരുന്നു എന്നു് ചാക്കോച്ചനു മാത്രം അറിയാമായിരുന്നു. "എനിക്കു് ഇപ്പോൾ ഭ്രാന്തേ ഇല്ല" എന്നുള്ള റോസമ്മയുടെ വാക്യം എപ്പോഴും ചാക്കോച്ചന്റെ ചെവികളിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു.



സർ രാമസ്വാമി മുതലിയാർ സാൻഫ്രാൻസിസ്കോയിലെ ഐക്യരാഷ്ട്രസമ്മേളനത്തിൽ പ്രസംഗിക്കുന്നതു്.

പയ്യൻ ക്ലാസ്സിലെ പാഠപുസ്തകങ്ങളിൽ കണ്ണോടിക്കാതായിത്തീർന്നിരിക്കുന്നു. ഏകാന്തമായ വീജനപ്രദേശങ്ങളിൽ തനിയെ കഴിച്ചുകൂട്ടുവാൻ ഇഷ്ടപ്പെടുന്നു. ശരീരവും ഒന്നിനൊന്നിനു് ഓന്തിനേപ്പോലെയായിത്തുടങ്ങിയിരിക്കുന്നു. കവിളൊട്ടുന്നു, കണ്ണു കുഴിയുന്നു, ഒരു വിളർച്ചയും ക്ഷീണതയും പരക്കുന്നു.

അപചിതാവാദ്യം അതു വകവച്ചില്ല. കൗമാരദശയുടെ അന്ത്യഘട്ടത്തിന്റെ വല്ല പ്രത്യേകതകളുമായിരിക്കുമെന്നയാൾ വിചാരിച്ചു. പക്ഷെ സംഗതികൾ കൂടുതൽ വഷളാകുന്നതു കണ്ടപ്പോൾ അയാൾ ചില അന്വേഷണങ്ങൾ നടത്തി. അതിന്റെ ഫലമായി തന്റെ പുത്രന്റെ ഏകാന്തവിഹാരങ്ങളിൽ ചില പുസ്തകങ്ങൾക്കുടെ അവനെ അനുയാത്ര ചെയ്യാറുണ്ടെന്നുള്ള വസ്തുത അയാൾ മനസ്സിലാക്കി. എന്തൊരു തരം പുസ്തകങ്ങൾ! എന്തൊരു തരം ഉള്ളടക്കം!

അവയിൽ പത്തുപന്ത്രണ്ടു പുസ്തകങ്ങൾ തീയിലായി. നല്ല പാണൽക്കമ്പുകൾകൊണ്ടു് കുറെ മർദ്ദനങ്ങൾ നടത്തി. തന്റെ "ഇമ്മുമത്തോർ" ഉള്ള പുസ്തകങ്ങളേ അച്ചയ്യൻ ഇനിയും വായിക്കാവൂയെന്നു് സൂക്ഷ്മാജ്ഞയും നൽകി. കൊച്ചനിപ്പോൾ വളരെ സുഖമായി. കവിളുകളിൽ രക്തരേഖ വീണ്ടും പ്രത്യക്ഷപ്പെട്ടു. പഴയതുപോലെ മറ്റു കുട്ടികളോടുകൂടെ കളിയും ചിരിയുമായി. പിഞ്ഞാറിലും പഴയ സ്ഥാനത്തെത്തിച്ചേർന്നു.

"ഹേ, എന്തായിരുന്നു അ പുസ്തകങ്ങൾ?" എന്നു ഞാൻ ജിജ്ഞാസയോടെ ചോദിച്ചു.

അയാളതിനു കുറെ മുപടി പറഞ്ഞു: പീനൽ കോഡിനെ ഭയന്നു ഞാനതുപോലെ ഇവിടെ രേഖപ്പെടുത്തുവാൻ ധൈര്യപ്പെടുന്നില്ല. അത്തരം കൃതികൾ നിർമ്മിക്കുന്നവരെപ്പറ്റി അയാൾ പറഞ്ഞതു് അ ഗ്രന്ഥകർത്താക്കൾ കേട്ടിരുന്നെങ്കിൽ കൊലപാതകം അല്ലെങ്കിൽ ആത്മഹത്യ എന്നിവയിൽ ഒന്നു മാത്രമെ അവർക്കപ്പോൾ ഗത്യന്തരമുണ്ടായിരുന്നുള്ളു.

കുട്ടിയെ തൊണ്ടിയോടുകൂടെ പിടികൂടിയപ്പോൾ "വേശ്യാലയത്തിൽ" എന്ന അത്യധികം സമാഗ്രനിരതമായ കഥ അവൻ വായിച്ചുകൊണ്ടിരിക്കയായിരുന്നു. അവന്റെയടുത്തിരുന്ന പുസ്തകം, കോഴി, പന്നി, കാള തുടങ്ങിയ ജന്തുവർഗ്ഗങ്ങളുടെ ജീവിതം അതിസൂക്ഷ്മമായി പഠിച്ചതിന്റെ ഫലമായി ലഭിച്ച പ്രചോദനത്തെയും ഉദ്വേഗത്തെയും അടിസ്ഥാനമാക്കിയെഴുതിയിട്ടുള്ള 'കാലിപ്രേമം' എന്ന "വി. സെവൻ" കഥയായിരുന്നു.

ആരാണു് ഇത്തരം ബോംബുകൾ ഏറാറുൽ തകർത്തതു്! ആരെയാണു് ഇത്തരം പരുക്കും ടോർപ്പിഡോകൾ നശിപ്പിക്കാത്തതു്! ആ കുട്ടിയുടെ കവിളൊട്ടിയതിൽ എന്താണത്ഭുതപ്പെടാനുള്ളതു്.

ഞാനല്പം ചില പൊതുതത്വങ്ങൾ പറയുന്നതു് നിങ്ങൾ ക്ഷമിക്കണം. "ശൂന്യതയെ പ്രകൃതി വെറുക്കുന്നു" എന്നൊരു സിദ്ധാന്തമുണ്ടു്. ഒരു പാത്രത്തിലും ഒന്നുമില്ലാതിരിപ്പാൻ പ്രകൃതി അനുവദിക്കുകയില്ല. ഒന്നുകിൽ തേൻ, അല്ലെങ്കിൽ വെള്ളം, അല്ലെങ്കിൽ വായു, അല്ലെങ്കിൽ വിഷം, ഇതിലേതെങ്കിലും ഒന്നു് ഒരു ഭരണിയിലുണ്ടായിരിക്കണം. ഈ തത്വം നമ്മുടെ ബുദ്ധിയെയും മനസ്സിനെയും സംബന്ധിച്ചും ശരിയാണു്. ഉണർന്നിരിക്കുമ്പോൾ നാമെന്തിനേപ്പറ്റിയെങ്കിലും ഓർക്കുകയോ ആലോചിക്കുകയോ ചെയ്യുകൊണ്ടിരിക്കണം: ആലോചിക്കാൻ നല്ല കാര്യങ്ങളില്ലെങ്കിൽ ചീത്തയെങ്കിലും.

ചെറിയ കുട്ടികളുടെ ബുദ്ധിയും മനസ്സും പലതരം നൂതന അറിവുകൾക്കായി ദാഹിക്കയാണു്. കഥകളാണു് ആ പ്രായത്തിൽ അവക്കേറ്റവും പ്രിയതരം. ആൺകുട്ടികൾക്കാണെങ്കിൽ അടിയും ഇടിയും നിറഞ്ഞ കഥകൾ, പെൺകുട്ടികൾക്കാണെങ്കിൽ രാജകുമാരി അരിയും കറിയുംവച്ചു കളിച്ച കഥകൾ. കുട്ടികളെ ഏറ്റവും സ്നേഹിക്കുന്നതു ചൈനാക്കാരും ഭാരതീയരുമാണെന്നു പറയും. പക്ഷേ അതു പലപ്പോഴും കഴമ്പില്ലാത്തൊരു സ്നേഹമാണെന്നു തോന്നിപ്പോകും. കുട്ടികൾക്കു വായിക്കുവാനും പാടുവാനുമുള്ള ലക്ഷം ലക്ഷം പുസ്തകങ്ങളും പാട്ടുകളും പാശ്ചാത്യർക്കുണ്ടു്. നമുക്കെന്താണുള്ളതു്. കുട്ടികൾ വായിക്കുവാൻ വല്ലതും ചോദിച്ചാൽ മിക്കവരും രാമായണവും വേദപുസ്തകവും അവർക്കു ചൂണ്ടിക്കാണിച്ചുകൊടുക്കും. അവ നല്ലതുതന്നെ. പക്ഷേ കുട്ടികൾക്കു് ആ പ്രായത്തിൽ അടിയും ഇടിയുമുള്ള കഥകളാണാവശ്യം.

"അലിസ് ഇൻ വണ്ടർ ലാൻഡ്" "റോബിൻസൺ ക്രൂസ്സോ" "റോംസോയർ" തുടങ്ങി എത്ര എത്ര കഥകൾ അവരുടെ കുഞ്ഞുങ്ങൾക്കുണ്ടു്? നമുക്കെന്താണുള്ളതു്.

പ്രകൃതിശൂന്യതയെ വെറുക്കുന്നു. നല്ല പുസ്തകങ്ങൾ വായിക്കാനില്ലെങ്കിൽ കുട്ടികൾ കൈയിൽ കിട്ടുന്ന അമേധ്യഗ്രന്ഥങ്ങൾ വായിക്കും. 'വേശ്യാലയത്തിൽ' ചെന്നു് അ വായന അവസാനിക്കുകയുംചെയ്യും.

പുരോഗമനസാഹിത്യം എന്താണെന്നിനിക്കറിഞ്ഞുകൂടാ. നമ്മുടെ കുഞ്ഞുങ്ങളെ ഇതുപോലെ വഴിയാധാരമാക്കുന്ന കഥകളാണു് അത്തരം സാഹിത്യമെങ്കിൽ എനിക്കിത്തരം പുരോഗമനം വേണ്ടെന്നു രണ്ടു കൈയും പൊക്കി പറയാനെ വഴികാണുന്നുള്ളു. കുഞ്ഞുങ്ങളെയോർത്തു് ഇത്തരം പുരോഗമനത്തിനു പുറപ്പെടരുതെന്നു പ്രാർത്ഥിക്കുന്നു വഴി



സാൻഫ്രാൻസിസ്സോ സമ്മേളനത്തിലെ ഒരു രംഗം

പുരാതന കേരളീയരും കപ്പലോട്ടവും

(പി. കെ. കേശവപിള്ള)

കേരളത്തെയും കേരളീയരെയും സംബന്ധിച്ചുള്ള പുരാതന ചരിത്രങ്ങൾ നീണ്ട നീണ്ട നിരവധി ശതാബ്ദങ്ങളെ ഉൾക്കൊള്ളുന്ന ഒരു «മഹാദീർഘകാല»മാകുന്ന തെരശ്ശീലയാൽ എന്നേക്കുമായി നമ്മിൽനിന്നു മറയ്ക്കപ്പെട്ടുകിടക്കുകയാണ്. യാതൊരുവക പര്യവേക്ഷണപ്രഭകൾക്കും (Search lights) എത്തിനോക്കുവാൻപോലും കഴിയാത്തവിധം അന്ധകാരനിബിഡമായി സ്ഥിതിചെയ്യുന്ന ആ ഭൂതകാലചരിത്രത്തിന്റെ ചില ചെറിയ ശകലങ്ങൾ, ഭാഗ്യാതിരേകത്താൽ ഇപ്പോൾ നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നതിൽ വളരെ സന്തോഷിക്കുകതന്നെ വേണം. കേരളത്തോടൊപ്പമോ, അതിലും ഉപരിയോ ആയ പ്രാചീന സംസ്കാരത്തോടുകൂടിയ ഇതര രാജ്യങ്ങളുടെ ചരിത്രഭണ്ഡാഗാരങ്ങളിൽനിന്നാണ് ഈ രാജ്യത്തിന്റെ അതിപുരാതന ചരിത്രപരമായ വിജ്ഞാനപ്രകാശാംശങ്ങൾ പലതും ലഭിച്ചുകൊണ്ടിരിക്കുന്നത്. ചീനന്മാർ, അസ്സിറിയന്മാർ, പേർഷ്യാക്കാർ, എജിപ്തുകാർ, ഗ്രീക്കുകാർ, കാത്തജീനിയന്മാർ, റോമന്മാർ വെനീഷ്യന്മാർ, അറബികൾ, ആദിയായിപുരാതനകാലത്തു നാഗരികതയിലും വാണിജ്യത്തിലും പ്രസിദ്ധിനേടിയിരുന്ന ജനസമുദായങ്ങളുടെയും അവരുടെ രാജ്യങ്ങളുടെയും ചരിത്രങ്ങൾ പരിശോധിക്കുകയും ഭൂഗർഭപര്യവേക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നപക്ഷം കേരളത്തിന്റെ ഭൂതകാലചരിത്രങ്ങൾ കൃതഹസ്തമായി വെളിക്കു വരുവാൻ ഇടയുണ്ട്. നമ്മുടെ സർവ്വകലാശാലയുടെ നേതൃത്വത്തിൽ തീവ്രമായ ഒരു ശ്രമം ഇക്കാര്യത്തിൽ ചെയ്യുന്നപക്ഷം, അതു വിഫലമായിത്തീരുവാൻ ഇടയില്ല.

കേരളീയർ പുരാതനകാലത്തു് അതിസമർത്ഥന്മാരായ കപ്പലോട്ടക്കാരായിരുന്നു എന്നുള്ളതിനു് അപൂർണ്ണമായതെങ്കിലും ചില തെളിവുകൾ നമുക്കു ലഭിച്ചിട്ടുണ്ട്. «കപ്പലോട്ടക്കാരായ ഏഴ് ആങ്ങളമാരുടെയും കൊച്ചുപെങ്ങളുടെയും കഥ»യും അതുപോലെ കടൽയാത്രയെ സംബന്ധിച്ചുള്ള പല അത്ഭുതകഥകളും മുത്തശ്ശിമാർ പറഞ്ഞും പാടിയും നമ്മേ ബാല്യത്തിൽ രസിപ്പിച്ചിരുന്നതു് പലരും ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. ഈ കപ്പലോട്ടകഥകൾ പ്രാചീന കേരളീയർക്കുണ്ടായിരുന്ന സമുദ്രസഞ്ചാരപ്രസക്തിയുടെ അവശിഷ്ടങ്ങളൊ പ്രതിഫലനങ്ങളൊ അല്ലെന്നു വിചാരിക്കുവാൻ ന്യായങ്ങൾ ഇല്ലാതില്ല. മുത്തശ്ശിപ്പാട്ടുകളും നാടോടിക്കഥകളും പലപ്പോഴും പ്രാചീന സംസ്കാരത്തിന്റെയും, ചരിത്രത്തിന്റെയും നേരിയ നിഴലുകളാണെന്നുള്ളതു് എല്ലാ രാജ്യങ്ങളിലെയും പണ്ഡിതന്മാർ ഒന്നുപോലെ സമ്മതിക്കുന്നുണ്ട്.

യൂറോപ്പിലെ പല വലിയ ഗ്രന്ഥശേഖരങ്ങൾ പരിശോധിക്കുകയും, പല രാജ്യക്കാരുടെയും പുരാതനചരിത്രങ്ങൾ അന്വേഷണബുദ്ധിയോടുകൂടി പഠിക്കുകയും ചെയ്തിട്ടുള്ള ഒരു പണ്ഡിതനാണല്ലൊ സർദ്ദാർ കെ. എം. പണിക്കർ അവർകൾ. ഇദ്ദേഹം 1120 വൃശ്ചികത്തിൽ എറണാകുളം കോളജിൽ ചെയ്ത ജൂബിലി സ്മാരകപ്രസംഗമദ്ധ്യേ താഴെപ്പറയുംപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

"ക്രിസ്തുവിനു് മൂവായിരം വർഷങ്ങൾക്കുമുമ്പു തന്നെ ഭാരതത്തിനു് അതിവിശിഷ്ടമായ ഒരു നാവികശക്തിയുണ്ടായിരുന്നു. കേരളവും വംഗദേശവും (ബംഗാൾ) ആണ് ഇതിൽ മുന്നിട്ടുനിന്നിരുന്നതു്..... ക്രിസ്തുവിനു 800 വർഷങ്ങൾക്കുമുമ്പു കേരളത്തിന്റെ നാവികശക്തി വളരെ പ്രശസ്തമായ ഒന്നുതന്നെ ആയിരുന്നു."

കടലെന്നു കേൾക്കുമ്പോൾ തന്നെ ഭയം പ്രദർശിപ്പിക്കുന്ന ഇന്നത്തെ കേരളീയരിൽ പലരും സർദ്ദാർ പണിക്കരവർകളുടെ ഈ പ്രസ്താവന കേട്ടാൽ വളരെ ആശ്ചര്യപ്പെടുകതന്നെ ചെയ്യും. ചിലർ ഇതൊരു കെട്ടുകഥയായി പരിഗണിക്കുവാനും ഇടയുണ്ട്. ക്രിസ്തുവിനു് മൂവായിരം വർഷങ്ങൾക്കുമുമ്പു്, അതായതു് ഹരപ്പ, മോഹൻ–ജൊ ഡാറൊ എന്നീ സ്ഥലങ്ങളിൽ ഭൂഖനനത്താൽ കണ്ടുപിടിക്കപ്പെട്ട "സിന്ധുതീരനാഗരികത" ഭാരതത്തെ സമാശ്ലേഷം ചെയ്തുകൊണ്ടിരുന്ന ആ കാലഘട്ടത്തിൽ, കേരളീയരുടെ മരക്കലങ്ങൾ (പാക്കപ്പലുകൾ) കോളും കൊടുങ്കാറ്റും ക്രൂശാതെ, മഹാസമുദ്രങ്ങളെ ഉഴുതുമറിച്ചു സൈരസഞ്ചാരം ചെയ്തിരുന്നു എന്നറിയുമ്പോൾ ദേശാഭിമാനിയായ ഏതൊരു കേരളീയനാണ് അഭിമാനവിജൃംഭിതനായിത്തീരാതിരിക്കുക? മഹാഭാരതപ്രകീർത്തിതമായ കുരുക്ഷേത്രമഹാസമരം, ക്രിസ്തുവിനുമുമ്പ് 6–ാംനൂറ്റാണ്ടിൽ—ഏകദേശം 2500 വർഷങ്ങൾക്കുമുമ്പ്—ഡാറിയൂസിന്റെ നേതൃത്വത്തിൽ (ദ്യുദ്ധോധനൻ എന്ന പേർ പേർഷ്യൻഭാഷയിൽ ഡാറിയൂസ് എന്നായി മാറും) പേർഷ്യൻ അയ്യന്മാരും ശ്രീകൃഷ്ണന്റെ നേതൃത്വത്തിൽ ഇൻഡ്യൻ അയ്യന്മാരും തമ്മിൽ നടന്ന ഒരു യുദ്ധമാണെന്നു് ചില ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെട്ടുന്നുണ്ട്. ഈ മഹായുദ്ധകാലത്തു കേരളീയർ നാഗരികതയിലും, പ്രാബല്യത്തിലും ഏറ്റവും ഉൽകൃഷ്ടമായ ഒരു സ്ഥാനം കരസ്ഥമാക്കിയിരുന്നു എന്നു വേണം അനുമാനിക്കുവാൻ. ഇൻഡ്യയെ ആക്രമിച്ചു കീഴ്പ്പെടുത്തുവാൻ ഉദ്യമിച്ച പോരാളിവീരനായ

കാണുന്നുള്ളൂ. ഈ വലിയ വിപത്തിൽനിന്നും കുട്ടികളെ രക്ഷിപ്പാനുള്ള ഏകവഴി അവർക്കു യോജിച്ച ധാരാളം കൃതികൾ രചിക്കുകയെന്നുള്ളതു മാത്രമത്രെ. അത്തരം ഗ്രന്ഥങ്ങളെ സമൃദ്ധമായി കുട്ടികളുടെ പക്കൽ എത്തിച്ചേർക്കുകയെന്നുള്ളതത്രെ.

ഇതാ ഒരു പുലി. നിങ്ങളുടെയും എന്റെയും കുട്ടികളെ അതു വിഴുങ്ങാതിരിക്കണമെങ്കിൽ തോക്കെടുത്തു് അതിന്റെ തലയ്ക്കു വെടിവയ്ക്കുക.

ഡാറിയൂസിനോടു യുദ്ധംചെയ്ത ഇൻഡ്യൻ അയ്മ്മാക്ക് കേരളരാജാവു തുണയായി വന്നിച്ചു എന്നു് മഹാഭാരതത്തിൽനിന്നു വ്യക്തമാകുന്നു. വിദേശിയരുടെ ആക്രമണത്തിൽനിന്നു ഭാരതത്തെ രക്ഷിക്കുന്നകാര്യത്തിൽ വസ്ത്രവ്യത്യാസമൊ മതവ്യത്യാസമൊ പരിഗണിക്കാതെ അയ്മ്മാരുമായി സഹകരിക്കുവാൻ ഒരു കേരളരാജാവു സന്നദ്ധനായതിൽനിന്നു് അക്കാലത്തെ കേരളീയരുടെ നാഗരീകാവസ്ഥയും പ്രാബല്യവും ഏതുതരത്തിലുള്ളതായിരുന്നു എന്നു പ്രസ്പഷ്ടമാകുന്നതാണു്.

അതിപ്രാചീനമായ ഒരു കാലത്തു്—ഒരേ കാലഘട്ടത്തിൽ—നാവികബലത്തിൽ നിസ്തുലമായ സ്ഥാനം സമാർജ്ജിച്ചിരുന്ന കേരളീയരും വംഗദേശീയരും തമ്മിൽ ധാരാളം സമ്പർക്കം ഉണ്ടായിരുന്നു എന്നു വിചാരിക്കുന്നതിനു് അവകാശമുണ്ടു്. ഈ ഊഹത്തിനു് ഉപോൽബലകമായി ഒരു ചരിത്രതെളിവും ചൂണ്ടിക്കാണിപ്പാൻ കഴിയും. വംഗദേശത്തിലെ ഒരു രാജകുമാരൻ സിംഹളദ്വീപം ആക്രമിക്കുന്നതിനു് അനേകം നൂറ്റാണ്ടുകൾക്കുമുമ്പു പുറപ്പെട്ടകയുണ്ടായി. ഈ രാജകുമാരൻ ദക്ഷിണകേരളത്തിലിറങ്ങി ഇവിടെനിന്ന നിരവധി ഭടന്മാരെ ശേഖരിച്ചതായിട്ടാണു് പറയപ്പെട്ടിരിക്കുന്നതു്. ബംഗാളിലുള്ള ഒരു രാജകുമാരൻ ദക്ഷിണകേരളത്തിൽ വന്ന ഭടന്മാരെ ശേഖരിക്കുകയും ഇവർ സിംഹളന്മാരുമായി യുദ്ധം നടത്തുകയുംചെയ്തു എങ്കിൽ, അക്കാലത്തു വംഗരും കേരളീയരുമായി ഏതൊ ചില ബന്ധങ്ങൾ ഉണ്ടായിരുന്നു എന്നതിനെ വിചാരിക്കേണ്ടിയിരിക്കുന്നു. ഒരു പക്ഷേ, അക്കാലത്തു് കേരളത്തിൽ വംഗരാജാക്കന്മാർ വല്ല രാഷ്ട്രീയാധികാരങ്ങളും കരസ്ഥമാക്കിയിരുന്നു എന്നുവരാം. അതല്ലെങ്കിൽ അന്നു് ഈ രണ്ടു രാജ്യങ്ങളും തമ്മിൽ ദൃഢതരമായ ഒരു മൈത്രീബന്ധം പുലർത്തിപ്പോന്നു എന്നും വന്നുകൂടാമല്ലൊ.

ഒരു ജർമ്മൻ ശാസ്ത്രജ്ഞനും, ഭ്രൂർഭവശ്വേക്ഷണത്താൽ, ഭാരതീയരുടെ പ്രാചീന സംസ്കാരം, ശില്പകല, ലോഹവിജ്ഞാനം മുതലായവ ശരിയായി ഗ്രഹിച്ചിട്ടുള്ള ദേഹവുമായ ഡോക്ടർ ലിയൊ ഫ്രോസ്നേനിയസ് 1929—ൽ ലണ്ടനിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ, ഇൻഡ്യയുടെ പ്രാചീന മാഹാത്മ്യങ്ങളെ വളരെയധികം പ്രശംസിച്ചിരിക്കുന്നു. അതിൽ ഒരു ഭാഗമാണു് താഴെ വിവർത്തനം ചെയ്തു ചേർത്തിരിക്കുന്നതു്.

"നമ്മുടെ പര്യവേഷണങ്ങൾ പുരോഗമിക്കുംതോറും ഇൻഡ്യയെപ്പറ്റിയുള്ള മതിപ്പും ബഹുമാനവും വർദ്ധിക്കുകയത്രെ ചെയ്യുന്നതു്. അയ്യായിരം വർഷത്തെ പഴക്കമുള്ള സിന്ധുതീരനാഗരികത, ഇന്നു നമ്മുടെ കണ്ണുകളെ കൂടുതൽ തുറപ്പിച്ചിട്ടുണ്ടു്. എന്നാൽ ഇതിലും പ്രാചീനമായ ഒരു സംസ്കാരവും ഔന്നത്യവും ഇൻഡ്യയ്ക്കുണ്ടായിരുന്നു. ഏഴായിരം വർഷങ്ങൾക്കുമുമ്പു് ഇൻഡ്യയിൽനിന്നു വന്ന ആളുകളാണു് മദ്ധ്യ ആഫ്രിക്കയിലും പൂർവ്വ-ദക്ഷിണ ആഫ്രിക്കയിലും നാഗരികതയുടെ പ്രഭാകിരണങ്ങൾ പ്രവഹിപ്പിച്ചതു്. സിംബാബ്വേ എന്ന പ്രദേശമായിരുന്ന ഈ ഇൻഡ്യാക്കാരുടെ അന്നത്തെ പ്രധാന ആസ്ഥാനം."



നിശയിലും വിശ്രമമില്ല. മോസ്കോയിൽ രാത്രി സമയത്തും ധൃതഗതിയിൽ ജോലികൾ നടക്കുന്നുണ്ടു്

ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ചിട്ടു് കഷ്ടിച്ചു് മൂവായിരമൊ കൂടിയാൽ മൂവായിരത്തിഅഞ്ഞൂറൊ വർഷങ്ങൾ മാത്രമേ ആയിട്ടുള്ളു എന്നാണല്ലൊ പല പാശ്ചാത്യ ചരിത്രകാരന്മാരുടെയും സമർത്ഥനം. ഇന്നത്തെ ഭാരതീയ ചരിത്രകാരന്മാരിൽ ചിലർ അയ്യായിരം, അയ്യായിരം വർഷങ്ങൾക്കും ആറായിരം വർഷങ്ങൾക്കും ഇടയ്ക്കുള്ള ഒരു കാലഘട്ടത്തിനു സമീപിച്ചാണു് ഉണ്ടായതെന്നു് അഭിപ്രായപ്പെടുന്നു. സിന്ധുനാഗരികത, ആര്യനാഗരികത തന്നെയാണെന്നു വാദിക്കുവാനും ഇവരിൽ ചിലർ സന്നദ്ധരായിക്കാണുന്നുണ്ടു്. എതായാലും ആര്യന്മാർ ഏഴായിരം വർഷങ്ങൾക്കു മുമ്പു് ഇൻഡ്യയിൽ വന്നുകൂടി എന്നു് ഈ ചരിത്രകാരന്മാർ ആരുംതന്നെ അഭിപ്രായപ്പെടുന്നില്ല. അതിനാൽ ഡോക്ടർ ഫ്രോസ്നേനിയസ് പറഞ്ഞിരിക്കുന്നപ്രകാരം ആഫ്രിക്കയിൽ ഉപനിവേശം ചെയ്ത ഇൻഡ്യാക്കാർ, ആര്യവർഗ്ഗക്കാരല്ലെന്നും, ദ്രാവിഡന്മാർ തന്നെയാണെന്നും പ്രസ്താവിക്കുവാൻ അധൈര്യപ്പെടേണ്ടയാവശ്യം ഇല്ലതന്നെ.

ചരിത്രാതീതമായ ആ കാലഘട്ടത്തിൽ പോലും ഇൻഡ്യയുടെ വിവിധവിഭാഗങ്ങളെ അധിപസിക്കുകയും, ചരിത്രാനേഷികളെ വിസ്മയഭരിതരാക്കിത്തീർക്കുവണ്ണം നാഗരികതാനിലയിലെത്തുകയും ചെയ്ത ഒരു വർഗ്ഗമാണു് ദ്രാവിഡന്മാർ. യൂറോപ്പിലെ കാക്കാലന്മാരും, (ജിപ്സികൾ) അമേരിക്കയിലെ റെഡ് ഇൻഡ്യന്മാരും അനേകം നൂറ്റാണ്ടുകൾക്കു മുൻപ് ഇൻഡ്യയിൽ നിന്നുപോയ ദ്രാവിഡന്മാരുടെ സന്താനങ്ങളാണെന്നു വിശ്വസിക്കുന്ന പണ്ഡിതന്മാർ ഇന്നു തീരെ വിരളമല്ല. ഇതെങ്ങനെയുമാകട്ടെ നിരവധി നൂറ്റാണ്ടുകൾക്കു്-പോരാ പല സഹസ്രാബ്ദങ്ങൾക്കു്—മുമ്പു തന്നെ നാഗരികത്തിലും, സംസ്കാരത്തിന്റെ വിവിധോന്മുഖതയെ പ്രസ്പഷ്ടമാക്കുന്ന കലാബോധത്തിലും അത്യുന്നതമായ ഒരു സ്ഥാനം ഈ ദ്രാവിഡന്മാർ കരസ്ഥമാക്കിയിരുന്നുഎന്നുള്ളതിനു യാതൊരു സംശയവും ഇല്ല. ഇവരുടെ പ്രധാനസങ്കേതമായിത്തീർന്ന ദക്ഷിണഭാരതം ഇതിലേക്കു എത്രയെത്ര തെളിവുകൾ വേണമെങ്കിലും നൽകുന്നതിനു് ശക്തയാണു്.

പുരാതനകാലത്തു് കപ്പൽ സഞ്ചാരത്തിലും, വിദേശങ്ങളിൽ ഉപനിവേശം ചെയ്യുന്നതിലും ഈ ദ്രാവിഡന്മാർ വളരെ തല്പരരായിരുന്നു. രണ്ടായിരം വർഷങ്ങൾക്കു മുമ്പുതന്നെ, സിലോൺ, ദ്വീപിലും, സുമാത്രാ, ജാവാ, ബോർണിയോ സിലബീസ്, ഫിലിപ്പൈൻസ് മുതലായ വിദൂരസ്ഥിതദ്വീപസമൂഹങ്ങളിലും ഇവർ കുടിയേറിപ്പാർക്കുകയും അവിടങ്ങളിലെല്ലാം തങ്ങളുടെ സംസ്കാരഛവിവിതറുകയും ഉണ്ടായി. ജാവായിൽ ഒരു ഹിന്ദുസാമ്രാജ്യം ഇവർ സ്ഥാപിക്കുകയും ഈ വംശത്തിലെ ഒരു ചക്രവർത്തി ആയിരം വർഷങ്ങൾക്കു മുമ്പ് കേരളം ആക്രമിക്കുകയും ചെയ്തിട്ടുണ്ട്. ദ്രാവിഡന്മാരുടെ കപ്പലോട്ടത്തിനും, കപ്പൽ മാർഗ്ഗേണയുള്ള അവരുടെ വ്യാപാരപ്രസക്തിക്കും ഇതെല്ലാം മകുടോദാഹരണങ്ങളും അവിതർക്കിതതെളിവുകളുമാണല്ലോ.

പ്രാചീന തമിഴകത്തിൽപ്പെട്ട ഒരു രാജ്യവിഭാഗമാണ് കേരളമെന്നു് പുരാതന തമിഴ് സാഹിത്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. നാന്നൂൽ തോൽകാപ്പിയം എന്നീ തമിഴ് ഗ്രന്ഥങ്ങളിൽ തമിഴ് (പഴയ)സംസാരിക്കുന്ന പന്ത്രണ്ടുനാടുകളിലൊന്നായിട്ടാണ് കേരളത്തെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നതു്. അതിനാൽ പുരാതന തമിഴരുടെ—ദ്രാവിഡന്മാരുടെ അപദാനങ്ങൾക്കെല്ലാം കേരളീയരും അവകാശികളാണെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ല. പുരാതന തമിഴകത്തിൽ കേരളത്തിൽ ഇന്നു നിലവിലിരിക്കുന്ന മരുമക്കത്തായ സമ്പ്രദായം നടപ്പിലിരുന്നതായി കാണുന്നുണ്ട്. തമിഴകത്തിൽ നടപ്പുണ്ടായിരുന്ന യുദ്ധസമ്പ്രദായം, സ്ത്രീസ്വാതന്ത്ര്യം, വിവാഹരീതി എന്നിവയെല്ലാം കേരളവും തമിഴകവും ഒരേ സംസ്കാരത്താൽ അഭിഷ്ടമായിരുന്നു എന്നുള്ളതിനു തെളിവാണു്. പഴയ തമിഴ് സാഹിത്യങ്ങളിൽ വിവാഹകാര്യങ്ങളിൽ കന്യകയുടെ മാതാവിനേയോ സഹോദരിയേയോ, വളർത്തമ്മയേയോ പറയില്ലാതെ പിതാവിനെപ്പറ്റി യാതൊന്നും പറഞ്ഞുകാണുന്നില്ല. ഇതു മരുമക്കത്തായം അവിടെ നിലവിൽഇരുന്നിരുന്നു എന്നുള്ളതിനു മുഖ്യ തെളിവാണത്രെ.

ആഫ്രിക്കയിലെ ഒന്നരണ്ടുവർഗ്ഗം മുസ്ലീമിങ്ങളുടെയും അറേബ്യായിലെ ചില മുസ്ലീംവർഗ്ഗക്കാരുടെയും ഇടയിൽ ഇന്നും പ്രചാരത്തിലിരിക്കുന്ന മരുമക്കത്തായക്രമം, ഇൻഡ്യയിൽ നിന്നു ഈദായക്കാരായ ഒരുകൂട്ടം ജനങ്ങൾ അവിടങ്ങളിൽ കുടിയേറിപ്പാർത്തിരുന്നു എന്ന വസ്തുതയെ നിതരാം പ്രകാശിപ്പിക്കുന്നുണ്ട്. ക്രിസ്തുവിനു മുമ്പായിരം വർഷങ്ങൾക്കു മുമ്പുമുതൽക്കേ കപ്പലോട്ടത്തിൽ അദ്വിതീയരായിത്തീർന്നിരുന്ന കേരളീയർ തന്നെ ആയിരിക്കണം ഇങ്ങനെ ഈ വിദേശങ്ങളിൽ കുടിയേറ്റം ചെയ്തതു്. കപ്പലുകളും അവയെ നയിക്കുന്നതിനു സമർത്ഥന്മാരായ നാവികന്മാരും ഉള്ള ഒരു രാഷ്ട്രത്തിനു്—ജനതയ്ക്കു—മാത്രമേ സമുദ്രങ്ങൾക്കു് അപ്പുറമുള്ള വിദൂരസ്ഥിതരാജ്യങ്ങളിൽ കുടിയേറ്റം ചെയ്യാൻ സാധിക്കുകയുള്ളു. കേരളത്തെ പരിരംഭണം ചെയ്യുകിടക്കുന്ന അറബിക്കടലിനു് മറുവശത്തുള്ളതും, കേരളത്തോടു സമീപിച്ചുള്ളതുമായ ആഫ്രിക്കൻ വൻകരയും അറേബ്യൻ തീരങ്ങളുംനമ്മുടെ പൂർവികന്മാർ ഉപനിവേശം ചെയ്വാൻ തെരഞ്ഞെടുത്തതിൽ അത്ഭുതപ്പെടുവാനില്ല.

ക്രിസ്തുവിനു് ആയിരം വർഷങ്ങൾക്കു മുമ്പു മുതൽക്കുള്ള കേരളചരിത്രം തുടർച്ചയായിട്ടില്ലെങ്കിലും, നമ്മുടെ ജിജ്ഞാസയെ ഏറെക്കുറെ ശമിപ്പിക്കത്തക്കവിധം സംലബ്ധമായിട്ടുണ്ട്. അന്നു നാഗരീകാവസ്ഥയിലും രാഷ്ട്രീയ പ്രാബല്യത്തിലും മികച്ചുനിന്ന രാജ്യക്കാരെല്ലാം കേരളവുമായി വ്യാപാരവിഷയത്തിൽ ബന്ധപ്പെട്ടിരുന്നു. കിഴക്കു ചീനന്മാരും, പടിഞ്ഞാറു് ഫിനീഷ്യർ, ഗ്രേക്കർ, യഹൂദന്മാർ, ഈജിപ്തുകാർ, റോമാക്കാർ മുതലായവരും കേരളവുമായുള്ള കച്ചവടം കൊണ്ടു് വളരെ ധനം സമാർജ്ജിച്ചു. കേരളവും ഇവർ നിമിത്തം ഐശ്വര്യദേവതയുടെ നൃത്തരംഗമായിത്തീർന്നു എന്നു വിശേഷിച്ചു പ്രസ്താവിക്കണമെന്നില്ലല്ലോ. വിദേശ്യരുടേയും കേരളീയരുടേയും കപ്പലുകൾ അന്നു് അറബിക്കടലിലും ഇൻഡ്യൻ മഹാസമുദ്രത്തിലും, ശാന്തസമുദ്രത്തിലും കൂടി അങ്ങോട്ടും ഇങ്ങോട്ടും ഇടവിടാതെ സഞ്ചരിച്ചുകൊണ്ടിരുന്നു. കൊല്ലം, കൊടുങ്ങല്ലൂർ മുതലായി അന്നു ലോകത്തിലെ പ്രമുഖവിപണികളായി പരിശോഭിച്ച കേരളീയ നഗരങ്ങളോടു ചേർന്നുള്ള സമുദ്രോപാന്തങ്ങളിൽ ചോങ്ക്, ചോണൽ, ചാമ്പ്രാണി, ചൊക്കനാടൻ എന്നീ പേരുകൾവഹിച്ച പാക്കപ്പലുകൾ സദാസമയവും കാത്തുകിടക്കുന്ന കാഴ്ച കാണാമായിരുന്നു.

പോർട്ടുഗീസുകാരും അവരുടെ പിമ്പെ ഇതരപാശ്ചാത്യശക്തികളും ഇൻഡ്യൻകടലുകളിൽ ധാരാളമായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയകാലത്തു് അവരിൽപ്പെട്ട കടൽകള്ളന്മാരുടെ ശല്യങ്ങളും "കാളപാനി" കടക്കുന്നതു് മതത്തിനു വിപരീതമായ ഒരു കൃത്യമായി ബ്രാഹ്മണമതം ചെയ്ത പ്രഖ്യാപനവും, രാഷ്ട്രീയമായുണ്ടായ പല കഴപ്പുങ്ങളും കേരളീയരുടെ കപ്പലോട്ടപ്രസക്തിക്കും, കപ്പൽ

COMPLIMENTING YOURSELF

You pay yourself a complement to your sense of aesthetic taste, elegence and sense of beauty when you purchase pieces of exquisite up-to-date fashionable furniture manufactured by

THE KOTTAYAM TIMBER WORKS,

KOTTAYAM

വിജയോദയം

(എം. പി. അപ്പൻ എം. എ. എൽ. റ്റി)

(അന്നനട)

വിഭ്രതിവീചികൾ പരന്നുമിന്നുമാ-
റുഭ്രതപൂവ്വമായ് വരുംപ്രഭാതമേ,
യുഗങ്ങളെത്രകാത്തിരുന്നുഹന്തയീ-
ജ്ജഗത്തുനിന്നടെസുഷമകാണുവാൻ!
സജീവിതാനന്ദസുധനുകരാത്തോ-
രജയ്യവീരരാം പുരുഷസിംഹങ്ങൾ
ഹൃദന്തരക്തമാണഹോ!സമർപ്പിച്ച-
തുദയമേ,നിനക്കൊളിവളത്തുവാൻ.
ഏവൻെറകണ്ണുമരിഞ്ഞുവീഴ്ത്തിയും
രവിബിംബംവരെ ക്കൊടിപാറത്തുവാൻ
ഭരാഗ്രഹമെഴുംനരാധമന്മാർതൻ
പരാക്രമമേറമസഹ്യമകവെ
അധമ്മമൊക്കെനിർഭയംതകർക്കുവാ-
നഭംഗസ്വാതന്ത്ര്യസമതപംസ്ഥാപിക്കാൻ
സിരതിളച്ചെഴും യുവാക്കളെത്രപേർ
കുരുതിക്കായ് സ്വയമുഴിഞ്ഞുതള്ളിനാർ!
കടത്തചെഞ്ചോരപ്രവാഹത്തിലെത്ര
കനകഹർമ്മ്യങ്ങളടിഞ്ഞുവീണുപോയ്!
സുകുമാരങ്ങളാംമുഖങ്ങളെത്രഹാ!
പുകഞ്ഞുചാമ്പലായ് വിഷവായുവേൽക്കെ!
കുടിക്കാനില്ലാതെപൊരിയുമാത്മാക്കൾ
നെടുവീർപ്പിലെത്ര പറന്നുപോയഹോ!
കലാപമിതുയുംകഴിയേണ്ടിവന്നു
സുലാവണ്യമായി,ഭവതിയെത്തുവാൻ
കനയമെന്നിയിങ്ങൊരുപോലെല്ലാംക്കും
ധനവുംഭൂമിയും വകുത്തുനൽകുവാൻ
പ്രശാന്തിപൂത്തുപുഞ്ചിരിമലോർമ്മികൾ
ദിശാമുഖങ്ങളെവിശുദ്ധമാക്കുവാൻ.

വ്യാപാരത്തിനും സ്ഥിരതരമായപ്രതിബന്ധങ്ങളായിത്തീർന്നു. എങ്കിലും മുള്ളിക്കാട്ട കുടുംബക്കാരെയും, പള്ളിപ്പുറത്തു് അനന്തച്ചെട്ടിയെയും, വടകോട്ട കാളിനാരായണനെയും പോലെ ചില പ്രബലവ്യക്തികളും ഏതാനും ക്രിസ്ത്യൻ വർത്തകന്മാരും പാശ്ചാത്യരുടെ മത്സരത്തെ വകവയ്ക്കാതെ കുറേക്കാലം കൂടി കപ്പലുകൾ പണിയിക്കുകയും വിദേശങ്ങളുമായി വ്യാപാരം നടത്തുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ പായ്ക്കപ്പലുകൾക്കുപകരം ആവിക്കപ്പലുകൾ അവിർഭവിക്കുകയും ഇൻഡ്യയുടെ ഭരണം ബ്രിട്ടനു് അധീനമാകുകയും ചെയ്തതോടുകൂടി കേരളീയരുടെ കപ്പലോട്ടവും കപ്പൽ വ്യാപാരവും നിശേഷം നിലച്ചുപോയി. ഇതിൻെറ ഫലമായി വിദേശികളുടെ വക "കന്നിക്കപ്പലും" "ദീപാളിക്കപ്പലും" കാത്തു് കഴിഞ്ഞുകൂടേണ്ട നിർഭാഗ്യം നമുക്കു വന്നുകൂടി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ചരിത്രം ആവർത്തിക്കുമെന്നുള്ളതു് പരമാർത്ഥമെങ്കിൽ, പുരാതന കപ്പലോട്ടപ്രസക്തി പുനഃവ്യവഹരിക്കു് ഇന്നും തീരെ കെടാതെ വർത്തിക്കുന്ന കേരളീയർ, ഒരു സ്വതന്ത്രഭാരതത്തിൽ, പഴയപടി തങ്ങളുടെ സ്ഥാനം കരസ്ഥമാക്കുമെന്നു പ്രതീക്ഷിക്കുവാൻ ധാരാളം ന്യായങ്ങളുണ്ടു്. ഈപ്രതീക്ഷ അസ്ഥാനസ്ഥിതമല്ലെന്നു ബോധപ്പെടുത്തത്തക്കവിധം, തിരുവിതാംകൂറിനു ഒരു വാണിജ്യനാവികബലം ഉണ്ടാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സിൻഡ്യാസ്റ്റീം നാവിഗേഷൻകമ്പനിയുമായി യോജിച്ചു് സചിവോത്തമൻ തുടങ്ങിയിട്ടുള്ളതു് സുവിദിതമാണല്ലോ. കേരളം വിജയിപ്പൂതാക!!!.

...0...

BEST'S BISCUITS

Are the Best for your children and cost less than all the Rest

ASK YOUR DEALER FOR IT BY NAME & SEE THAT YOU GET IT.

★ **Supplies are limited but he has "fair shares".**

BEST BAKING CO.,

Home of Best's Biscuits, KOTTAYAM.

THE
MANGALAM PLANTATIONS LTD.

(Incorporated in 1943)

REGISTERED OFFICE:
The "POPULAR PRESS" Buildings, KOTTAYAM, [Travancore]

CAPITAL

Authorised	Rs. 10,00,000
Issued, Subscribed & Paid up	Rs. 3,00,000

Divided into 14,000 6½% Cumulative Preference Shares of Rs. 10 each and 80,000 Ordinary Shares of Rs. 2 each.

BOARD OF DIRECTORS:

A. V. George Esq., [Chairman] Managing Director: A. V. George & Co., Ltd., Kottayam.

O. M. Mathew Esq., B. A., Director: The Bank of Deccan Ltd. The Bharat Investors Ltd,

N. X. George Esq., B. A., Mg. Partner: Messrs. Geo Pictures.

M. R. Ananthanarayana Iyer Esq., Director: The Manjapara Estates Ltd, The Portland Estates Ltd., The Bank of Deccan Ltd.

M. K. Chandy Esq., [Managing Director] Director: The Popular Press Ltd, The South Indian Fertilisers Ltd.

MAHA LAXMI PICTURES

(Incorporated in 1943)

KOTTAYAM.

Now Ready for your silver screen the best Puranic Pictures as well as Comic ones

1. Uttamaputran (Tamil)
2. Bakta Gowri („)
3. Sakti Maya („)
4. Prem Sagar (Hindi)
5. Bakta Prehlada (Malayalam)
6. Alias the Badman (English)

Await New release - Coming shortly

SUCCESS OF BUSINESS

Always Depends Upon

The Means and Modes of Propaganda

For Commercial and Industrial Firms an inside Advertisement Department will always be an unnecessary expense. The whole work will be handled by an Advertising Agency ''OUTSIDE'' at less cost and trouble and more profitably.

The Allied Advertising Agents Ltd.,

is a full fledged Advertising Agency concern which represents most of the Prominent Daily Newspapers all over India and Ceylon and well equipped for any sort of modern and up-to-date propaganda campaign to give wider publicity to your products - Commercial Industrial or Agricultural.

Besides Newspaper Advertisements display of Advertisement Boards on Electric light poles, Transport Buses and Motor boats also undertaken.

Skyline Advertisements a Speciality

Consult us for all your Advertisement requirements

ALLIED ADVERTISING AGENTS LTD.,

H. O. KOTTAYAM, Travancore.

Telegrams:- ADVERTISER. **Telephone:- 75.**

TO MAKE A LOVELY COMPLEXION

Lovelier

Use Kanti Soap. Its rich, soft, fragrant, and cleansing lather will satisfy.

For long lustrous hair use Swastik Perfumed Castor Oil.



SWASTIK OIL MILLS LTD., BOMBAY 15.

National Advtg. Serv. 63-5

Sales Depot:- 158 B. Broadway, G. T. Madras.

VISIT

COCHIN DRUGS HOUSE

ERANAKULAM

★

DEALERS IN:-

English patent medicines

Toilets.

Soaps.

Aromatic Compounds

etc. etc.

★

DISPENSING A SPECIALITY

ജർമ്മൻ രാജ്യകാരണം

(എം. എം. മാത്യു ബി. എ.)

അനിയന്ത്രിതമായ മനോവീര്യവും അതിരുകടന്ന അഭിനിവേശവുമാണ് ജർമ്മൻജനതയുടെ അധഃപതനത്തിനു കാരണമായിട്ടുള്ളതെന്ന് ഒരു രാജ്യതന്ത്രജ്ഞൻ ഒരിക്കൽ പ്രസ്താവിച്ചതു് ഏറെക്കുറെ വാസ്തവമാണ്. ഇതര യൂറോപ്യൻ രാഷ്ട്രങ്ങളെ കൈക്കീഴിലമർത്തണമെന്നുള്ള ദുർമോഹവും ഒരു തോൽവികൊണ്ടു് അടങ്ങാത്ത ഉൽക്കരുത്തും, അതിഭയങ്കരമായ മറ്റൊരു ലോകമഹായുദ്ധത്തിനു് അവരെ പ്രേരിപ്പിച്ചു. ജർമ്മനിയെ ശക്തിരഹിതമാക്കി, യുദ്ധമനഃസ്ഥിതി അവരിൽനിന്നു് ഉന്മൂലനം ചെയ്യണമെന്നുദ്ദേശിച്ചു വെഴ്സെയിൽസ് ഉടമ്പടിയിലെ വ്യവസ്ഥകൾ അതികഠിനവും നഷ്ടപരിഹാരസംഖ്യ അതിഭീമവുമാക്കിയെങ്കിലും, അത്തരം നടപടികൾ ജർമ്മനിയെ ക്ഷീണിപ്പിക്കുന്നതിനു പകരം അവരുടെ പ്രതികാരബുദ്ധിയെ ഉത്തേജിപ്പിക്കുകയും മനോനിശ്ചയത്തെ ദൃഢീകരിക്കുകയുമാണ് ചെയ്തതു്. ജർമ്മൻ ജനതയുടെ എക്കാലവുമുള്ള ഈ മനോഭാവത്തെ പ്രസ്ഫുടമാക്കുന്ന ഒരു പ്രസ്താവന 1914-ലെ യുദ്ധത്തിനിടയ്ക്കു് സുപ്രസിദ്ധ ജർമ്മൻ സാഹിത്യകാരനായ ഹൈർതോമസ് മാൻ ചെയ്തുണ്ടായി. (നാസിവിരോധികളെന്ന കാരണത്താൽ ഹിറ്റ്ലരുടെ ഭരണാരംഭത്തിൽ ജർമ്മനിയിൽനിന്നും ബഹിഷ്കൃതരായവരുടെ ക്രൂടത്തിൽ തോമസ് മാനും ഉൾപ്പെട്ടുന്നു.) അദ്ദേഹം പറഞ്ഞതിപ്രകാരമാണ്.

"ഈ യുദ്ധത്തിൽ (1914-ലെ) ജർമ്മനി തോല്ക്കുന്നപക്ഷം, പുഃസ്ഥിതിയെങ്കിലും പ്രാപിക്കുന്നതുവരെ ജർമ്മൻ ജനത അടങ്ങിയിരിക്കയില്ല. അങ്ങനെയെങ്കിൽ ഒരു ദീർഘകാലത്തേക്കു് യൂറോപ്പിലെ കഷ്ടപ്പാടുകളും പ്രയാസങ്ങളും അവസാനിക്കയുമില്ല. ജർമ്മനിയുടെ രാഷ്ട്രീയ പ്രാബല്യവും സ്വയം സംതൃപ്തിയുമാണ് യൂറോപ്പിന്റെ സമാധാനം". രണ്ടാം ലോകമഹായുദ്ധവും ഒന്നാമത്തേതും തമ്മിലുള്ള അഭേദ്യമായ ബന്ധം ഇതിൽനിന്നും സ്പഷ്ടമാണല്ലോ.

രാഷ്ട്രീയവും മാനസികവുമായ ഗതികളിലും കഴിഞ്ഞ രണ്ടു ജർമ്മൻ യുദ്ധങ്ങൾ തമ്മിൽ ചില അനുരൂപ്യങ്ങളില്ലാതില്ല. എന്നാൽ തന്ത്രപരമായും നയോപായപരമായും ഇവ തമ്മിൽ വിഭിന്നങ്ങളാണെന്നുള്ള വസ്തുത സമ്മതിച്ചേ തീരൂ. ഒരു വിധത്തിൽ പറയുന്നപക്ഷം പ്രയോഗരീതികളും ആശയവിനിയോഗവും സംബന്ധിച്ചിടത്തോളം രണ്ടാം യുദ്ധം ഒന്നാമത്തേതിന്റെ ഒരു പരിഷ്കൃരിച്ച പതിപ്പു മാത്രമാണ്. കഴിഞ്ഞ യുദ്ധത്തിലെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയും ഇന്നത്തെ പരിതഃസ്ഥിതികളുമായി അവയെ അനുയോജിപ്പിച്ചും ഈ യുദ്ധത്തിൽ പുതിയ അടവുകൾ ജർമ്മൻ സമരതന്ത്രജ്ഞന്മാർ പ്രയോഗിച്ചിട്ടുണ്ടെങ്കിലും, അവയെല്ലാംതന്നെ മുമ്പു സ്വീകരിച്ച പദ്ധതികളുടെ പ്രതിഭയേറിയ ഒരു ആവർത്തനം മാത്രമായിരുന്നു. അതുകൊണ്ടുതന്നെയാണ് കൈസറിന്റെ സമരവിദഗ്ദ്ധന്മാർക്കു് പറ്റിയ അപകടം ഇത്തവണ ഹിറ്റ്ലറിന്റെ അനുയായികൾക്കും സംഭവിച്ചതു്. അതല്ലാതെ ജർമ്മൻസൈന്യത്തിന്റെ കാര്യക്ഷമതാരാഹിത്യമോ അനാസ്ഥയോ ആത്മാർത്ഥതക്കുറവോ അവരുടെ പരാജയകാരണമായി ഹിറ്റ്ലറിന്റെ പ്രതിയോഗികൾപോലും പറയുമെന്നു തോന്നുന്നില്ല.

ജർമ്മൻ ആക്രമണ പദ്ധതികളെല്ലാം അതിൽത്തന്നെ പരിപൂർണ്ണങ്ങളും അന്യാദൃശങ്ങളുമായിരുന്നെങ്കിലും, അതോടൊപ്പം ഒരു ശുഭാപ്തിവിശ്വാസംകൂടി അവരുടെ അന്തരംഗത്തിലടിയുറച്ചു കിടന്നിരുന്നതിനാൽ, തിരിച്ചടികളുടെ സാധ്യതയെപ്പറ്റി ജർമ്മൻ സമരകായ്ക വിദഗ്ദ്ധന്മാർ ചിന്തിച്ചിരുന്നില്ലെന്നുവേണം പറയാൻ. സമരതന്ത്രപരമായ ഈ ഒരു ന്യൂനതയാണ് ജർമ്മൻ പരാജയത്തിന്റെ മുഖ്യകാരണവും. പോളണ്ടിലെ മിന്നലാക്രമണം കഴിയുന്നതോടുകൂടി ഫ്റാൻസും ബ്രിട്ടനും യുദ്ധരംഗത്തുനിന്നും നിഷ്ക്രമിക്കുമെന്നുള്ള അമിതവിശ്വാസം അസ്ഥാനത്തായപ്പോൾ ഫ്റാൻസിന്റെനേരെ അതിഗംഭീരവും അനന്യസാധാരണവുമായവിധത്തിലൊരു ആക്രമണപരിപാടി അവർ സജ്ജീകരിച്ചുറച്ചു. ഒരൊറ്റ പ്രഹരംകൊണ്ടു ഫ്റാൻസ് നിർജ്ജീവമാക്കപ്പെട്ടുമ്പോൾ ബ്രിട്ടനും സുബ്ധമാകുമെന്നൊരു വിധിയും അവർ മുൻകൂട്ടി എഴുതിക്കഴിഞ്ഞിരുന്നു. അതും പിഴച്ചെന്നു കണ്ടപ്പോഴാണ് ചരിത്രത്തിൽ ഇതഃപര്യന്തം അറിയപ്പെട്ടിട്ടില്ലാത്ത ഒരു സമരസന്നാഹത്തോടുകൂടി റഷ്യയുടെ നേരെ തിരിഞ്ഞതു്. റഷ്യനാക്രമണത്തിനു് ജർമ്മനി ഉപയോഗിച്ച യന്ത്രങ്ങളും തന്ത്രങ്ങളും അടക്കളത്തിൽ അവർ പ്രദർശിപ്പിച്ച അത്യോധനചാതുര്യവും അടവുകളും ലോകത്തെ ആകമാനം അമ്പരപ്പിക്കുന്നവയായിരുന്നുവെന്ന് സകല ശക്തികളും സശിരഃകമ്പം സമ്മതിക്കുതന്നെ ചെയ്യും. പക്ഷേ ഒരൊറ്റ അടിയേറ്റാൽ അൻപതു ദിവസത്തിനകം റഷ്യ തളരുമെന്നും ഹിറ്റ്ലർ പ്രഭൃതികൾ വിശ്വസിച്ചു. അടിക്കുന്ന അടി കുറിയ്ക്കു കൊണ്ടില്ലെങ്കിൽ പിന്നത്തെ പാടു് എന്തായിരിക്കുമെന്നുകൂടി വിഭാവനം ചെയ്തില്ലെന്നുമാത്രം. റഷ്യയിലെ അനന്തര സംഭവഗതികൾ ജർമ്മൻസമരതന്ത്രത്തിന്റെ ഇത്തരം ഹ്രസ്വകാലവീക്ഷണത്തെയും ആക്രമണപരിപാടികളുടെ സാരമായ ന്യൂനതകളെയും സവിശേഷം ഉദാഹരിക്കുന്നവയാണ്. പട്ടാളത്തിന്റെയും യുദ്ധോപകരണങ്ങളുടെയും ബാഹുല്യംകൊണ്ടും യുദ്ധത്തി

ന്റെ ശീഘ്രഗതിമൂലവും മിന്നൽപ്രഹരംകൊണ്ടും ഏതു പമ്പിച്ച ശക്തിയെയും അടിച്ചുടച്ചുകളയാമെന്നുള്ള മിഥ്യാവിശ്വാസത്തിന്മേൽ കെട്ടിപ്പടുത്തതായിരുന്നു റഷ്യയിൽ ജർമ്മനി നടത്തിയ ആദ്യത്തെ ആറ് ആക്രമണങ്ങളും. 1941 ജൂൺ—ജൂലായിലെ അതിർത്തിയുദ്ധവും, ജൂലായി—ആഗസ്റ്റിലെ സ്മോളൻസ്ക് ആക്രമണവും, ആഗസ്റ്റ്—ഒക്ടോബറിലെ യുക്രെയിൻ സമരവും, ഒക്ടോബർ—ഡിസംബറിലെ മോസ്കോ ആക്രമണവും, 1942 ജൂലായി—ഒക്ടോബറിലെ ഡോൺ—കോക്കസ് ആക്രമണവും, 1943 ജൂലായിലെ കേഴ്സ്ക് ആക്രമണവും ഇതിനുദാഹരണങ്ങളാണ്. മേല്പറഞ്ഞ ഓരോ ആക്രമണം കഴിയുമ്പോഴും ഹിറ്റ്ലറുൾപ്പടെ സകല ജർമ്മൻമേധാവികളും റഷ്യ എന്നേക്കുമായി വീണുപോയെന്ന സ്വയം നിശ്ചയിക്കുകൂടി ചെയ്യുമായിരുന്നു. ഈ ഹ്രസ്വവീക്ഷണഗതിതന്നെയായിരുന്നു കഴിഞ്ഞ യുദ്ധത്തിലും ജർമ്മനി പ്രദർശിപ്പിച്ചത്. ഇതുപോലെ ദിവസങ്ങൾക്കകം ഇന്നയിന്ന രാഷ്ട്രങ്ങളെ കീഴ്പ്പെടുത്തി മുന്നോട്ടു ഗമിക്കാമെന്നു നേരത്തെ കണക്കുകൂട്ടിയല്ലാതെ എവിടെങ്കിലും ഒരു തോൽവി പറ്റിയാൽ അതിനു പരിഹാരം കേണ്ടതെന്തായിരിക്കണമെന്നു കൈസറുടെ അനുയായികളോ ഹിറ്റ്ലറിന്റെ സാരഥികളോ വിഭാവനം ചെയ്തിരുന്നില്ല. വേണ്ടത്ര പശ്ചാത്തലമില്ലാതെ വൻതോതിലുള്ള ആക്രമണങ്ങൾ നിശ്ചയിച്ചുറപ്പിക്കുന്ന പതിവ് ജർമ്മൻസമരത്തിന്റെ ഒരു ന്യൂന പശമാണ്. ദീർഘകാല സമരതന്ത്രങ്ങളെ സംബന്ധിച്ചിടത്തോളം ജർമ്മൻ ആക്രമണ പദ്ധതികൾ അപൂർണ്ണങ്ങളും വിഭാവനയെ സംബന്ധിച്ചിടത്തോളം അവരുടെ പ്രതിരോധ സജ്ജീകരണങ്ങൾ വികലങ്ങളുമായിരുന്നെന്നു സമ്മതിക്കാതെ തരമില്ല.

നേരെമറിച്ച്, ഐക്യകക്ഷികളുടെ യുദ്ധതന്ത്രങ്ങളും സമരപരിപാടികളും ഇതിൽനിന്നും പാടെ വിഭിന്നമത്രെ. ഓരോ ആക്രമണ പദ്ധതിയും അടുത്തതിനോടു സൂഘടിതവും എന്നാൽ അവയുടെ ലക്ഷ്യസന്ദർഭങ്ങളെ പ്രത്യക്ഷമാക്കാത്ത രീതിയിൽ നിയന്ത്രിതവുമാണ്. ഓരോന്നും അടുത്തതിനു് ഉപോൽബലകവും എല്ലാ വിധത്തിലും അതിനോടു് സംധമ്മ്യവുമുള്ളതുമായിരിക്കും. ഒരിടത്തു തോൽവി പറ്റിയാൽ അടുത്തപടി പൂർവ്വോത്തരം ശക്തിമത്തും വിജയത്തെ ത്വരിതപ്പെടുത്തുന്നതുമായി രൂപാന്തരപ്പെട്ടിട്ടുള്ളതു്, അവരുടെ പ്രതിരോധസന്ദർഭങ്ങളുടെ പ്രത്യേകതകൊണ്ടു മാത്രമാണ്. പക്ഷേ ജർമ്മനിയുടെ ഓരോ ആക്രമണവും അതിഗംഭീരവും അനുഭാശവും വിജയസുനിശ്ചിതവുമായിരിക്കണമെന്നു് ഉറച്ചിട്ടുള്ളതാകയാൽ അനന്തര പരിപാടികൾ ആദ്യത്തേതിനേക്കാൾ ശക്തിഹീനവും പരിമിതവുമായി പരിണമിച്ചു.

ജർമ്മനി പ്രയോഗിച്ച പ്രധാന സമരായുധങ്ങൾ ഈ അഭിപ്രായത്തെ സവിശേഷം ഉദാഹരിക്കുന്നവയാണ്. യുദ്ധത്തിന്റെ അന്ത്യഫലനിർണ്ണായകഘടകമായി ജർമ്മനി വകവെച്ചിരുന്ന ഒരു പ്രധാന ആയുധം യുബോട്ടായിരുന്നു. ഹിറ്റ്ലർ ഉൾപ്പെടെ സകല ജർമ്മൻ സമരകാര്യവിചക്ഷണന്മാരും ഇതു് ഐക്യകക്ഷികളെ തോല്പിക്കാനുള്ള ഒരു പ്രധാന കരുവായി വകവെച്ചിരുന്നുവെന്നുള്ളതിനു തെളിവായ ലക്ഷ്യങ്ങളുണ്ട്. അമേരിക്കൻ സേനകളും വിഭവങ്ങളും ബ്രിട്ടനിലെത്താതിരിക്കാനും, അങ്ങോട്ടു് അമേരിക്കൻ യുദ്ധോപകരണം ഇല്ലാതാക്കാനും ഇതുകൊണ്ടു സാധിക്കുമെന്നു് ഹിറ്റ്ലർ വിശ്വസിച്ചു. ഈ ഒരൊറ്റ ആയുധംകൊണ്ടു യുദ്ധം ജയിച്ചില്ലെന്നിരുന്നാൽ തന്നെയും സമാധാന വ്യവസ്ഥകളെ ത്വരിപ്പിക്കുന്നതിനെങ്കിലും അതുമതിയാകുമെന്നു ഹിറ്റ്ലറും അനുയായികളും ഉറച്ചിരുന്നു. പാസുവത്തിൽ യുബോട്ടു സമരത്തിനു് ജർമ്മൻ യുദ്ധതന്ത്രത്തിലുള്ള സ്ഥാനം ഒട്ടും അപ്രധാനമല്ല. "യുദ്ധങ്ങളുടെ യുദ്ധ"മെന്നാണ് ജർമ്മൻ സമരനിഘണ്ടുവിൽ അതിനുള്ള പേരു്. ജർമ്മൻ നാവിക സേനയുടെ മേധാവിയായ അഡ്മിറൽ ഡോനിറ്റ്സ് തന്നെയും പലപ്പോഴും ഇതേ അഭിപ്രായം ഊന്നിപ്പറഞ്ഞിട്ടുള്ളതുമാണ്. 1914—ലെ യുദ്ധത്തിൽ പ്രധാന സാരഥ്യം വഹിച്ചിരുന്ന ലൂഡൻഡോർഫ് സബ്മറൈൻ യുദ്ധത്തെ സമാശ്രയിച്ചുകൊണ്ടു് അന്നു പ്രകടിപ്പിച്ച അഭിപ്രായവും ഇതു തന്നെയായിരുന്നു. പക്ഷേ രണ്ടു യുദ്ധങ്ങളിലും ഇതു് നിഷ്ഫലമായിട്ടാണ് പരിണമിച്ചതു്. യുദ്ധം തുടങ്ങി അധികനാൾ ചെല്ലുന്നതിനുമുമ്പു തന്നെ ഈ സമരായുധത്തിന്റെ പ്രയോഗകാഠിന്യവും നിലയ്ക്കുന്നതായി അനുഭവപ്പെട്ടു. ആദ്യഘട്ടങ്ങളിൽ ഈ വിനാശനൗകകൾ വലിയ ശത്രുങ്ങൾ വരുത്തിയെങ്കിലും കാലം ചെല്ലുന്തോറും ഉദ്ദേശിച്ച ഫലം നേടുന്നതിനു് അവ പോരാതെവന്നു. അമേരിക്കയിൽനിന്നുള്ള യുദ്ധോപകരണ പ്രവാഹത്തെ പൂർണ്ണമായി നിരോധിക്കണമെന്നുള്ള പ്രഥമോദ്ദേശം സഫലമല്ലെന്നു കണ്ടപ്പോൾ, കാലതാമസം നേരിടുവിക്കാനെങ്കിലും ഇതുപകരിച്ചാൽ മതിയെന്നാണ് അവർ സമാധാനിച്ചതു്. പക്ഷേ ഒരുമ്പിച്ച കപ്പൽ സമൂഹം സകല സജ്ജീകരണ സന്നാഹങ്ങളോടുകൂടി വടക്കെ ആഫ്രിക്കൻ തുറമുഖത്തെത്തുന്നു കേട്ടപ്പോൾ, യുബോട്ടു സമരം അന്ത്യഫലനിർണ്ണായകഘടകമല്ലെന്നു ഹിറ്റ്ലറിനും സേനാനികൾക്കും തീർച്ചയായും തോന്നിയിരിക്കും.

കഴിഞ്ഞ യുദ്ധത്തിൽ അത്രതന്നെ ഫലപ്രദമല്ലെന്നു കണ്ടറിഞ്ഞ യന്ത്രങ്ങളും തന്ത്രങ്ങളും ഈ യുദ്ധത്തിലും ജർമ്മനി ഉപയോഗിച്ചതെന്താണെന്നുള്ള ഒരു ചോദ്യം ഇവിടെ ന്യായമായി ആവിർഭവിക്കുന്നു. അതിപ്രധാനമായ ഈ ചോദ്യത്തിന്റെ കാരണങ്ങൾ ആരായുമ്പോഴാണ് കഴിഞ്ഞ രണ്ടു യൂറോപ്യൻ യുദ്ധങ്ങൾ തമ്മിലുള്ള അഭേദ്യമായ ബന്ധം ശരിയ്ക്കു ബോദ്ധ്യമാവുന്നതു്.

ജർമ്മൻ ജനതയുടെ മനോവീര്യവും ഉദ്ഗ്രഥിതത്തയും കഴിഞ്ഞ യുദ്ധത്തിലെ തോൽവികൊണ്ടു് നിർമ്മൂലനം ചെയ്യപ്പെട്ടിരുന്നില്ലെന്നു പ്രസ്താവിച്ചല്ലോ. കഴിഞ്ഞ യുദ്ധത്തിൽ പരാജയമടയാനുണ്ടായ കാരണങ്ങൾ ശരിയ്ക്കു അപഗ്രഥനം ചെയ്തു മനസ്സിലാക്കി അതിനു പ്രതിവിധി കണ്ടുപിടിച്ചെങ്കിലേ ഇനിയുമുള്ള യത്നങ്ങൾ ഫലപ്രദമാകയുള്ളുവെന്നു ജർമ്മൻ രാജ്യതന്ത്രജ്ഞന്മാരും സമരകാര്യധുരന്ധരന്മാരും സുദൃഢം വിശ്വസിച്ചു. തത്സംബന്ധമായി ജർമ്മൻ ഗവൺമെന്റിന്റെ കീഴിലുള്ള ഓരോ വകുപ്പും വേണ്ട സൂക്ഷ്മപരിശോധനകളും ഉഗ്രപഠനങ്ങളും നടത്തിയതിന്റെ ഫലമായി വിവിധ യുദ്ധവകുപ്പുകളുടെ പ്രവർത്തനങ്ങളെ പരാമർശിക്കുന്ന ഒട്ടേറെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ 1919 മുതൽ 1939 വരെയുള്ള ഇരുപതു കൊല്ലങ്ങൾക്ക

ക്ഷണികത

(തൃക്കോടിത്താനം ഗോപിനാഥൻ നായർ)

(കേക)

കവിചൊല്ലിനാ "നെല്ലാം നശ്വരം ഭുവനത്തിൽ
കവിയും നിരീശ്വരൻ നീറലാണനശ്വരം!"

വാരൊളിവിരിച്ചെത്തും പൊന്നുഷക്കുമനിയെ—
ക്രൂരമാനസനാട്ടി പ്പായിപ്പൂദിവാകരൻ!
അന്തിയാ പ്രതീചിയിലായിരം ചിത്രം ചേർത്താ—
ലെന്തിനെന്നില്ലാതെല്ലാം മായ്ക്കുന്ന നിശീഥിനി;
ഊഴിയിലഴകിൻചാറൊഴുക്കും തനിത്തങ്ക—
ത്താഴികക്കുടം പൊട്ടെന്നാഴിയിൽപ്പതിക്കുന്നു;
പൊന്നൊളിപ്പുലരിയിൽ പുഞ്ചിരിതൂകും പൂക്ക—
ളന്നന്തിവന്നെത്തവേ വാടിവീഴുന്നു കഷ്ടം!
പാരിടപ്പരപ്പെല്ലാം പാലൊളിപരത്തുന്ന
ശാരദ ശശാങ്കനേ വാസരം വിഴുങ്ങുന്നു!
ക്ഷണികം, ക്ഷണികമീ വിശ്വവേദിയിൽക്കാണു—
മഖിലം പെറും ശൂന്യ, മാനന്ദഹീനം, നൂനം!!
കവിചൊല്ലിനാ "നെല്ലാം നശ്വരം ഭുവനത്തിൽ
കവിയും നിരീശ്വരൻ നീറലാണനശ്വരം"!!

ള്ളിൽ ഉണ്ടായിട്ടുണ്ട്. പുന്നിട്ടും നാവിക യുദ്ധവകുപ്പി നെപ്പറ്റി വേണ്ടത്ര ചർച്ച ചെയ്യുന്നതിനു് അതിനകം അവക്കു് സാധിച്ചിട്ടില്ലെന്നുള്ളതും പ്രസ്താവ്യമാണു്. 1870 മുതല്ക്കുള്ള ജർമ്മനിയുടെ വിദേശനയത്തെപ്പറ്റി പ്രതിപാദിക്കുന്നതും ഓരോന്നിനും അനേകായിരം പുറങ്ങളുള്ളതുമായ 56 വാല്യങ്ങൾ വിദേശവകുപ്പുമാത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നോർക്കുമ്പോൾ ഇക്കാര്യത്തിൽ അവർ പ്രദർശിപ്പിച്ച തീക്ഷ്ണത എത്രമാത്രമെന്നു് ഊഹിക്കാമല്ലോ. ഈദൃശ പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ അതിപ്രധാനമായ ഒരു ഗ്രന്ഥമാണു് ഹിറ്റ്ലറുടെ "മെൻകാംഫ്" എന്ന ആത്മകഥാകഥനം.

(1924—25—ൽ ഹിറ്റ്ലർ തടവിലായിരിക്കുമ്പോൾ എഴുതിയതാണു് മെൻകാംഫ്. 1925—ൽ അതു പ്രഥമതഃ പ്രസിദ്ധീകൃതമായി. പിന്നീടു് അനേകായിരം പതിപ്പുകളുണ്ടായിട്ടുമുണ്ടു്. പക്ഷേ മൂലഗ്രന്ഥത്തിലെ പല ഭാഗങ്ങളും തർജ്ജമകളിൽ ചേർക്കാതിരിക്കുന്നതിനു് ഹിറ്റ്ലർ പ്രത്യേകം നിഷ്കർഷിക്കാതിരുന്നില്ല.) 'നഷ്ടപ്പെട്ട അവസരങ്ങൾ' എന്ന പേരിൽ ജനറൽ ഹോഫ്മാൻ എഴുതിയ ഗ്രന്ഥവും രാഷ്ട്രീയ പ്രാധാന്യമുള്ള ഒന്നാണു്. പ്ലാനല്ല പ്രവർത്തനരീതിയാണു് യുദ്ധത്തിന്റെ ഫലത്തെ നിർണ്ണയിക്കുന്നതെന്നു ജനറൽ പീസൽ അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. 1914—ലെ യുദ്ധത്തിൽ ഉണ്ടായ കുറവുകളും കുറവുകളും കണ്ടുപിടിച്ചു് അവയെ ശരിയ്ക്കു് പരിഹരിച്ചിരുന്നെങ്കിൽ ഒരു പക്ഷേ ഇക്കഴിഞ്ഞ യുദ്ധത്തിൽ ജർമ്മനി ജയിക്കുകയും ആദ്യയുദ്ധംകൊണ്ടു് ഉദ്ദേശിച്ച കാര്യങ്ങളെങ്കിലും സാധിക്കുകയും ചെയ്യുമായിരുന്നു. മഹത്തക്കികളായ ബ്രിട്ടനും ഫ്രാൻസും റഷ്യയും അമേരിക്കയും ഒത്തുചേർന്നാൽ തന്നെയും അവരെയെല്ലാം തോല്പിക്കുന്നതിനും ജർമ്മനിക്കു് ഒരു പക്ഷേ കഴിയുമായിരുന്നു. വിജയസാദ്ധ്യതയിലുള്ള അമിതവിശ്വാസം തൃജിച്ചു്, യുദ്ധനടത്തിപ്പിൽ ഒരു ദീർഘവീക്ഷണം പ്രകടിപ്പിച്ചാൽ മാത്രം മതിയായിരുന്നു.

ഇതൊന്നും ഹിറ്റ്ലർ പ്രവർത്തികൾ ചിന്തിച്ചില്ലെന്നു പറഞ്ഞുകൂടാ. കഴിഞ്ഞ യുദ്ധത്തിൽ ജർമ്മനിയുടെ വിദേശനയത്തിന്റെ ന്യൂനതകൾകൊണ്ടു നേരിട്ട കുഴപ്പങ്ങൾ ഇത്തവണ ആവർത്തിക്കാതിരിക്കാൻ നാസി ഗവർമ്മെന്റു് പ്രത്യേകം ശ്രദ്ധിച്ചു. 1933—മുതൽ 1939 വരെയുള്ള ഹിറ്റ്ലരുടെ വിദേശനയം അതിനു സാക്ഷ്യം വഹിക്കുന്നു. മഹത്തക്കികൾ തമ്മിൽ ഒത്തുചേരാതിരിക്കാനുള്ള സകല ഉപായങ്ങളും ഹിറ്റ്ലർ പ്രയോഗിച്ചിട്ടുണ്ടു്. അതിനു ആവശ്യമെന്നു തോന്നിയ സന്ധികളിലെല്ലാം അയാൾ ഒപ്പു വച്ചിട്ടുമുണ്ടു്. രണ്ടു സമ്മുഖങ്ങൾ ഒരേ സമയത്തുണ്ടാകരുതെന്നുള്ള ഒരു മുൻകരുതലിന്റെ നാന്ദി മാത്രമായിരുന്നു ഇതു്. പ്രതിയോഗിയെ ഒറ്റപ്പെടുത്തിയിട്ടു് അമ്പത്താനുള്ള ഒരു വിദ്യമാത്രം. കീഴടക്കപ്പെടാത്ത ഫ്രാൻസു് പിമ്പിലുള്ളപ്പോൾ റഷ്യയോടു യുദ്ധം അസംഭവ്യമാണെന്ന ജർമ്മൻ ഔദ്യോഗിക റിപ്പോർട്ടിൽ 1925—ൽ രേഖപ്പെടുത്തിയിട്ടുള്ളതിൽനിന്നും ജർമ്മനിയുടെ അന്തർഗ്രതം ശരിപ്പെടുവെളിവാകുന്നു. 1939—ലെ സോവിയറ്റ്—ജർമ്മൻ അനാക്രമണ സന്ധിയും, 1940 മേയ്—ജൂണിലെ ഫ്രാൻസിന്റെ കീഴടക്കവും 1942—ലെ റഷ്യനാക്രമണവും ഈ അഭിപ്രായത്തെ ദൃഢീകരിക്കുന്നുണ്ടു്.

മാനസികമായ ഒരു പരിവർത്തനവും ഇതോടുകൂടി ജർമ്മനി സാധിക്കാതിരുന്നില്ല. കഴിഞ്ഞ യുദ്ധത്തിലെ ജർമ്മൻ പരാജയത്തിനു് ഒരു പ്രധാന ഹേതു പ്രചരണത്തിന്റെ പോരായ്മ ആയിരുന്നുവെന്നു് ഹിറ്റ്ലർ വിശ്വസിച്ചു. അതിസമർത്ഥനായ ഡാക്ടർ ഗെബൽസിനെ ഹിറ്റ്ലർ ഇതിലേക്കു തെരഞ്ഞെടുത്തതും അതുകൊണ്ടാണു്. പ്രചരണ വിദ്യകളുടെ ശക്തിഹേതുവാണു് ജർമ്മൻ ജനതയുടെ മനോവീര്യം കെടുത്തുന്നതിനു് അതു എളുപ്പം അക്കം സാധിക്കാതിരുന്നതു്. ഇതും കഴിഞ്ഞ യുദ്ധത്തിൽനിന്നു ലഭിച്ച ഒരു അനുഭവപാഠമായിരുന്നു.

പക്ഷേ ഇതൊന്നും ആശിച്ച ഫലത്തെ പ്രദാനം ചെയ്യുന്നതിനു പര്യാപ്തമായില്ല. പ്ലാനും ആലോചനകളും ഒരുക്കങ്ങളും വളരെയുണ്ടായിരുന്നെങ്കിലും പ്രവർത്തനഗതി പഴയതുതന്നെയായിരുന്നു. ക്രൂരതയും അച്ചടക്കവും ശക്തികളുടെ കൂട്ടുകെട്ടും ജർമ്മനിയെ സാരമായി അവശതപ്പെടുത്തുന്നതിനുള്ള ഒരു കാരണമായിത്തീർന്നു. വൻമരത്തിന്മേൽ തൂങ്ങിക്കിടക്കുന്ന വള്ളിക്കെട്ടുകൾപോലെ സ്വതന്ത്രമായ അശക്തങ്ങളായ ഒട്ടേറെ രാഷ്ട്രങ്ങൾ ജർമ്മനിയുടെ നട്ടെല്ലിനെ ഭാരപ്പെടുത്തിക്കൊണ്ടിരുന്നു എണ്ണം വർദ്ധിക്കുന്തോറും കാറ്റുപിടിച്ചും ഭാരം കൂടിയും അച്ചുതണ്ടായ ജർമ്മനിയെ ശക്തിഹീനമാക്കുന്നതിനല്ലാ

ഒരു പ്രധാനപ്രശ്നം

(കെ. പി. ശങ്കരമേനോൻ ബി. എ. ബി. എൽ.)

ലോകംഇന്ന് അതിപ്രധാനമായഒരുദശാസന്ധിയിൽക്കൂടിയാണ് പ്രയാണംചെയ്യുന്നത്. കഴിഞ്ഞ അറു വർഷങ്ങളായി ലോകത്തെ നരകമാക്കി തീർത്തിരുന്ന രണ്ടാം ലോകമഹായുദ്ധം അവസാനിച്ച ഈ സന്ദർഭം ലോകചരിത്രത്തിൽ അതിപ്രധാനമായ ഒരു ഘട്ടമാണ്. ഒന്നാമത്തെ ലോകമഹായുദ്ധത്തിന്റെ ഫലങ്ങളായി ആവിർഭവിച്ച പ്രശ്നങ്ങൾക്കു എല്ലാംതന്നെ ശരിയായ ഒരു പരിഹാരം കണ്ടുപിടിക്കുന്നതിനു മുൻപാണ് ലോകത്തിലെ മഹാശക്തികൾ ഈ രണ്ടാമത്തെ കലാപത്തിലേക്കു ആകൃഷ്ടരായി തീർന്നത്. ഏതെങ്കിലും ഒരു രാഷ്ട്രം മറ്റതിരിഞ്ഞുനിന്നു അമിതമായ ശക്തിയെ ആർജ്ജിച്ചാൽ ഉണ്ടാകുവാൻ ഇടയുള്ള മഹാവിപത്തിന്റെ ഒരു പ്രത്യക്ഷപ്രകടനമായിരുന്നു ഇക്കഴിഞ്ഞ ദുരന്തസംഭവങ്ങൾ.

നിർഭയവും ഭൂഗോളവുമായ ഒരു ഭരണരീതി, മേധാവിയുടെ ആജ്ഞകൾ വിവേചനം കൂടാതെ നടപ്പിൽവരുത്തി വിദേശീയ രാഷ്ട്രങ്ങളെ ദ്രോഹിക്കുന്നതിൽ അത്യുത്സുകന്മാരായ ഒരു ദേശീയഭൃത്യസംഘം, ഇതിനെല്ലാത്തിനും പുറമേ ശേഷിയും, സപ്രതിഭയെ നിർബന്ധപൂർവം അടരിപ്പിക്കാൻ കെല്പുള്ള ഒരു ഭരണമേധാവി, തന്റെ ആശയാഭിലാഷങ്ങൾക്കു സാക്ഷാത്കാരം നൽകി അവയെ പൊരുവലിയെക്കൊണ്ടു സദാ അടരിപ്പിക്കുന്നതിനു സമർത്ഥമുള്ള ഒരു രാഷ്ട്രപ്രചരണവകുപ്പ്, ഇവയുടെയെല്ലാം സത്തയായിരുന്നു ഇന്നു പരാജിതമായിരിക്കുന്ന നാസിജർമ്മനിയുടെ പ്രത്യേകതകൾ. ഫാസിസ്റ്റ് ഇറ്റലിയും, ജപ്പാനും ഈ നാസിഭരണഘടനാഘടകങ്ങളെത്തന്നെയാണ് അനുകരിച്ചുവന്നതു. കേന്ദ്രീകൃതമായസ്വേച്ഛാഭരണമായിരുന്ന ഈ രാഷ്ട്രങ്ങളുടെ അദ്ധ്വം. രാഷ്ട്രശക്തിയുടെ നിയന്ത്രണം അവസാനിച്ചപ്പോഴും വെറുത്തിരുന്നു. നെപ്പോളിയനെപ്പോലെതന്നെ "രാഷ്ട്രനായകനാകുന്നു" എന്നു നിർലജ്ജംപ്രഖ്യാപനംചെയ്യാൻ ഈ രാഷ്ട്രങ്ങളിലെയെല്ലാം നേതാക്കന്മാർ ഒരുപോലെ ഒരുങ്ങിയിരുന്നു. ഇക്കൂട്ടത്തിൽ ജപ്പാനുകേക്കുടി സൌകര്യമുണ്ടായിരുന്നു. എന്തെന്നാൽ അവരുടെ ചക്രവർത്തിയായ മിക്കാഡൊ (Mikado) ജപ്പാൻകാരുടെ കാണപ്പെട്ട ദൈവമാണെന്നുകൂടി അവർ പരിഗണിച്ചുവന്നിരുന്നു. ജർമ്മനിയിലെ ഹിറ്റ്ലർക്കും, ഇറ്റലിയിലെ മുസോളിനിയ്ക്കും ഇപ്രകാരം ദൈവികത്വം കല്പിച്ചിരുന്നവർ ആ രാഷ്ട്രങ്ങളിലും ഉണ്ടായിരുന്നിരിക്കണം.

ഈ കഴിഞ്ഞയുദ്ധം സ്പർശിക്കാതെ ഏതെങ്കിലും ഒരു രാഷ്ട്രമോ ജനസമൂഹമോ വർഗ്ഗമോ ഇന്നു ലോകത്തിൽഇല്ല. അതുപോലെതന്നെ ഇതിലേക്കു സകല രാഷ്ട്രങ്ങളുംകൂടി ചെലവഴിച്ച പണത്തിന്റെയും സാധനങ്ങളുടെയും, മനുഷ്യശക്തിയുടെയും ഒരു കണക്കു കാണുമ്പോൾ ഭാവിലോകംതീർച്ചയായും ആശ്ചര്യജനകമായിരിക്കയില്ല. മഹനീയമായ സംസ്കാരംപുലർത്തിയിരുന്നവർ എന്നു അഭിമാനിച്ചിരുന്നവരും, അതുതന്നെ സംസ്കാരസമ്പന്നത പ്രദർശിപ്പിക്കാത്തവരും ഒരുപോലെ ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഈ ലോകായോധനത്തിൽ ഭാഗഭാക്കായിരുന്നു. ഈ ഒരു കാരണംകൊണ്ടുതന്നെ ഈ സംഭവത്തിൽനിന്നു ആവിർഭവിച്ചിരിക്കുന്ന പ്രശ്നങ്ങൾക്കും ലോകവ്യാപ്തിയാണ് ഉണ്ടായിട്ടുള്ളതു.

ഗുണദോഷസമ്മിശ്രമായിട്ടല്ലാതെ യാതൊന്നും ഈ ലോകത്തിൽ നാം ദർശിക്കുന്നില്ല. കഴിഞ്ഞ അഞ്ചാറു വർഷത്തെ യാതനകളിൽനിന്നും ചില നേട്ടങ്ങൾ ലോകത്തിനു കിട്ടാതെയിരുന്നില്ല. അവയിൽ അതിപ്രധാനമായതു ശാസ്ത്രീയമായ പുരോഗതിയാണ്. ഈ പുരോഗതിയെ ഇതുവരെ സകല രാഷ്ട്രങ്ങളും ഉപയോഗിച്ചുവന്നതു നശീകരണോപകരണങ്ങൾ സൃഷ്ടിക്കുന്നതിനും, അവയുടെ പ്രയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാണ്. ഇവിടെ കാര്യക്ഷമമെന്നു വാക്കിനാൽ വിവക്ഷിക്കുന്നതു കൂടുതൽനാശസൃഷ്ടിയെന്നും, നാശരംഗങ്ങളുടെ വിപുലതാവർദ്ധനയെന്നും മാത്രമാണ്. സമാധാനകാലങ്ങളിൽ പതിനായിരം വർഷങ്ങൾകൊണ്ടു സാധിതപ്രായമല്ലാത്ത അതിശയകരമായ പുരോഗതിയാണ് ഇക്കഴിഞ്ഞ ആറുവർഷംകൊണ്ടു ശാസ്ത്രീയലോകത്തിൽ മാനവസമുദായത്തിനു കൈവന്നിട്ടുള്ളതെന്നതിനു യാതൊരു സംശയവുമില്ല. ഈ ലോകമഹായുദ്ധം തുടങ്ങുന്നതിനു

കൃത ഈ അശക്തന്മാരെക്കൊണ്ടു മറെറാരു പ്രയോജനവുമില്ലായിരുന്നുവെന്നു വേണം പറയാൻ. ഇതെല്ലാംകൂടി ചേർന്നാണ് അച്ചുതണ്ടിന്റെ അടിസ്ഥാനം ഇളക്കിയതും.

ഏതായാലും ഇത്തവണയും പരാജയപ്പെടുത്തിയ ജർമ്മനി ഇനി ഏതുകാലത്തായിരിക്കും നിർജ്ജീവാവസ്ഥയിൽ നിന്നെഴുന്നേല്ക്കുന്നതെന്നു ദീർഘദർശികൾതീരുമാനിക്കാനുള്ളതാണ്. അതികർശനമായ വെഴ്സെയിസ് ഉടമ്പടി വ്യവസ്ഥകളെ സൌകര്യം തട്ടിനീക്കിയ ഒരു ജനതയെ ഇനിയും സ്വതന്ത്രരായി വിട്ടുകളയാൻ ഇന്നത്തെ ത്രിശക്തികൾ ഒരുമ്പെടുമോയെന്നു കണ്ടറിയണം.

ആകാശദിഗ്വിജയം
(Conquering the Air)

(എം. വി. ചാക്കോ എം. എ. തിരുവിതാംകൂർ സർവകലാശാല)

കരയിലും വെള്ളത്തിലും യാത്രചെയ്യുന്നതിനുള്ളവാഹനങ്ങൾനടപ്പിലായതോടുകൂടി ആകാശത്തിൽ സഞ്ചരിക്കുന്നതിനുള്ള യാനപാത്രങ്ങളെപ്പറ്റി ആദിമനുഷ്യൻ ചിന്തിച്ചു എന്നുള്ളതു് ഓരോ രാജ്യത്തെയും ചരിത്രകഥകൾ തെളിയിക്കുന്നുണ്ടു്. രാവണൻ പുഷ്പകവിമാനത്തിൽ പറന്നാലും ഇല്ലെങ്കിലും അക്കാലത്തെ ആളുകൾക്കു് അതിന്റെ സാദ്ധ്യതയെപ്പറ്റി സംശയമുണ്ടായിരുന്നില്ല. ലോകചരിത്രത്തിൽ സഞ്ചാരവാഹനങ്ങളുടെ പുരോഗതി ഒരുനൂറ്റാണ്ടിനു മുൻപുവരെ ഇതരസംഗതികളിലെന്നപോലെ തുലോം സാവധാനത്തിലായിരുന്നു.

ജൂലിയസ് സീസറിന്റെ സൈന്യവാഹനങ്ങളും നെപ്പോളിയന്റേതും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടായിരുന്നില്ല. ക്രിസ്തുവിനു് 1500 വർഷങ്ങൾക്കുമുമ്പു് Phoenicians പായ്ക്കപ്പൽ ഉപയോഗിച്ചിരുന്നു. 19-ാം നൂറ്റാണ്ടിലാണു് ആവിക്കപ്പൽ ഉണ്ടായതു്.

എന്നാൽ കഴിഞ്ഞ നൂറുവർഷക്കാലത്തിനുള്ളിൽ സാവ്വത്രികമായ വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രീയാഭിവൃദ്ധിയുടെയും ഫലമായി മനുഷ്യനു് ലൌകികമായ വ്യാപാരങ്ങളിൽ ശീഘ്രമായ പുരോഗതി ഉണ്ടായി. ഒരു കാലത്തു് അസാദ്ധ്യമെന്നു തോന്നിയിരുന്നതു് ഇപ്പോൾ സാധാരണമായിത്തീർന്നിട്ടുണ്ടു്. റേഡിയോ, റെഡിവിഷ്യൻ മുതലായവയാൽ മനുഷ്യർക്കു തമ്മിൽ തമ്മിൽ അറിയുന്നതിനും പെരുമാറുന്നതിനും കാലദേശങ്ങളുടെ പ്രതിബന്ധം നീങ്ങിയിരിക്കുന്നു. ആകാശസഞ്ചാരസമ്പ്രദായങ്ങളുടെ വളർച്ചകൊണ്ടു് പെട്ടെന്നു് എവിടെയും ചെന്നെത്താമെന്നായിട്ടുണ്ടു്. ഇപ്പോൾതന്നെ വിമാനം ഉപയോഗിച്ചു ഭൂലോകത്തിൽ ഏതൊരു സ്ഥാനവളരെക്കാലം മുൻപുതന്നെ ഒരു പ്രസിദ്ധചിന്തകനായ സി. ഈ. എം. ജോസ് ആധുനിക മനുഷ്യരാശിയുടെ ശാസ്ത്രീയപുരോഗതിയെ കണ്ടു പരിഭ്രാന്തനായി തീർന്നിട്ടുണ്ടു്. അദ്ദേഹം പറയുന്നു: "ദൈവങ്ങൾക്കു ഉചിതമായ ശക്തിയാണു് ഈ ശാസ്ത്രീയനേട്ടങ്ങൾ മനുഷ്യനു നൽകിയിരിക്കുന്നതു്. അവന്റെഭാവി അവൻ അവയെ ഏതു പ്രകാരം ഉപയോഗിക്കാൻ പോകുന്നുയെന്നുള്ളതിനെമാത്രം അടിസ്ഥാനമായിരിക്കുന്നു." യുദ്ധവിപരീതമനസ്ഥിതിക്കാരനായിരുന്ന ജോസിനെയും, അതുപോലെതന്നെയുള്ള മറ്റു ചിന്തകന്മാരെയും അവരുടെ ചിന്തകളിൽ വിപ്ലവം ഉണ്ടാക്കുന്നതിനു പര്യാപ്തമായ ഏകസംഭവം ഈ ശാസ്ത്രീയനേട്ടങ്ങളുടെ മൂർദ്ധന്യപരിണാമമാണു്.

ഈ ശാസ്ത്രീയനേട്ടങ്ങളെ നമ്മുടെ മിത്രരാഷ്ട്രങ്ങൾ എങ്ങനെ ഉപയോഗിക്കുവാൻപോകുന്നുയെന്നുള്ളതായിരിക്കും ഭാവിയിലെ അതിപ്രധാനമായ പ്രശ്നം. ഇതിനു ശരിയായ ഒരു പരിഹാരം ലോകത്തിലെ ചിന്തകന്മാരും, രാഷ്ട്രഭരണക്രോദ്ധൃക്ഷന്മാരും, ശാസ്ത്രജ്ഞന്മാരുംകൂടി കണ്ടുപിടിച്ചാൽ മാത്രമേ ലോകജീവിതം ഭാവിതലമുറകൾക്കെങ്കിലും സുഖപ്രദമായി തീരുകയുള്ളു. 1914 മുതൽ 1945വരെ മനുഷ്യരാശി പഠിച്ചപാഠങ്ങളിൽനിന്നും, അവർ അവരുടെ ഭാവിനയത്തെ രൂപവൽകരിക്കുന്നതിനും, സഹൃജനീകമായ ഒരു മനോഭാവത്തെ കൈക്കൊണ്ടു്, പരസ്പരം സഹോദരഭാവത്തിൽ വർത്തിച്ചു് സഹകരണബുദ്ധ്യാ ലോകനന്മക്കായി പ്രയത്നിക്കുന്നതിനും ശ്രമിക്കേണ്ടതാണു്. ഒരിക്കൽ പറ്റിയ തെറ്റു് പിന്നെ ആവർത്തിക്കാൻ ഇടകൊടുക്കരുതു്. സാവ്വത്രികമായ രാഷ്ട്രീയസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം മുതലായവ ലോകമൊട്ടുക്കു പ്രചരിപ്പിക്കാനായിരിക്കണം ഇന്നു് വിജയശ്രീലാളിതരായ രാഷ്ട്രങ്ങൾ ശ്രമിക്കേണ്ടതു്. അണുകബോംബുകളുടെ കണ്ടുപിടിത്തം ആധുനിക ശാസ്ത്രീയലോകത്തു് അതിപ്രധാനമായ ഒരു സംഭവവികാസമാണു്. ഈ നൂറ്റാണ്ടിലെ ഏറ്റവും ദൂരവ്യാപകമായ കണ്ടുപിടിത്തമാണു് അണുകബോംബു്. അണുകശക്തിയെ സമാധാനകാലത്തു് ജനക്ഷേമകരമായ ഏതെല്ലാം വിധത്തിൽ ഉപയോഗിക്കാൻ കഴിയുമെന്നായിരിക്കണം ഭാവിശാസ്ത്രജ്ഞന്മാരുടെ ഏകചിന്താവിഷയം. മനുഷ്യരാശിയുടെ ക്ഷേമൈശ്വര്യാദികൾക്കു ഈ ശക്തിയേയും, ഇതുപോലെയുള്ള മറ്റു ശക്തികളെയും, ഏതുത്തോളം പ്രയോജനകരമായിവിനിയോഗിക്കുവാൻ കഴിയുമോ, അതുമാത്രമായിരിക്കും മാനവസമുദായം അതിന്റെ സംസ്കാരപരവും, ജീവകാരുണ്യപരവുമായ മേന്മകളിൽ ഔന്നത്യം നേടുന്നതു്. ഈ ലഘുവായ ചിന്ത വിസ്മരിക്കാതെ ഭാവിലോകം പെരുമാറുന്നെങ്കിൽ അതിൽപരം ലോകശ്രേയസ്സിനു് ആസ്പദമായി മറ്റൊന്നുംതന്നെ ഉണ്ടാവുന്നതല്ല. തീർച്ചതന്നെ.

ത്തും 50 മണിക്കൂറിനകം എത്തിച്ചേരാം. പ്രതിദിന പ്പുറങ്ങൾ, (തപാൽ ഉരുപ്പടികളും ആളുകളും) ലണ്ട നിൽനിന്നു 16 മണിക്കൂറിനുള്ളിൽ ഇൻഡ്യയിൽ വ ന്നുചേരുന്നു. പുതിയജാതി വിമാനങ്ങൾ മണിക്കൂറിൽ ഏകദേശം 430 മൈൽ വേഗത്തിൽ സഞ്ചരിക്കും. സാ ധാരണ സഞ്ചാരംതന്നെ 300 മൈൽ വേഗത്തിലാകാം. തീവണ്ടിയിൽ ഒന്നാംക്ലാസിലുള്ള യാത്രാസൗകര്യങ്ങളെ



ഏക്കനിൽ ഭയങ്കരസ്ഫോടനം നടക്കുമ്പോൾ ഒരു ജർമ്മൻ ഭവനത്തിൽ കീഴടക്കപ്പെടാനായ പെണ്ണുങ്ങൾ ഉയർത്തിയിരിക്കുന്നു.

ക്കാൾ മെച്ചമായ രീതിയിലാണു വിമാനത്തിലേതു്. ചെലവും കൂടുതലല്ല. വിവിധ ആവശ്യങ്ങൾക്കു വിവിധജാതി വിമാനങ്ങളുണ്ടു്. വണ്ടികൾക്കു റോഡും തീവണ്ടികൾക്കു പാളവും കൂടിയേതീരൂ. എന്നാൽ വി മാനത്തിനു നിലത്തുനിന്നുയരുന്നതിനും ഇങ്ങനെതി നും സ്ഥലംകിട്ടിയാൽ മതിയാകും. മറ്റു വാഹനങ്ങൾ ചെന്നെത്താത്ത വനമദ്ധ്യത്തിലും പർവ്വതശിഖരങ്ങളി ലും മറ്റും ചെന്നെത്താം. സാമാനങ്ങളുടെ ശീഘ്ര മായ ഗതാഗതത്തിനും ഇതു ധാരാളമായി ഉപയോഗി ക്കുന്നുണ്ടു്. ചെന്നെത്താൻ നിവൃത്തിയില്ലാത്ത സ്ഥല ങ്ങൾ സർവ്വേചെയ്യുക, അന്തരീക്ഷഗവേഷണം നടത്തു ക, കൃഷിനശിപ്പിക്കുന്ന ചാഴികളെയും ധാന്യങ്ങൾ ക്കു നാശംചെയ്യുന്ന അണുജീവികളെയും വിഷവസ്തു നശിപ്പിക്കുക മുതലായി വിമാനംകൊണ്ടുള്ള പ്ര യോജനങ്ങൾ അനവധിയാണു്. യുദ്ധത്തിൽ വിമാനം മുഖ്യമായ ഒരു ഭാഗം വഹിക്കുന്നു. കഴിഞ്ഞ രണ്ടു ലോ കമഹായുദ്ധങ്ങൾ വിമാനാഭിവൃദ്ധിയെ കായ്മായി സഹായിച്ചിട്ടുണ്ടു്. ആവശ്യം സൃഷ്ടിയുടെ മാതാവെന്നാണല്ലൊ ആപ്തവാക്യം. ഭാരം കുറഞ്ഞതും ശ ക്തിയേറിയതുമായ എഞ്ചിൻ നിർമ്മിക്കുന്നതിനുള്ള കഴി വു്, ഫോർഡ് മുതലായ മോട്ടോർകമ്പനികളിലെപ്പോ ലെയുള്ള mass production (സമൂഹ നിർമ്മാണ രീതി കൾ, വിമാനസഞ്ചാരിക്കു് അന്യരുമായി സമ്പർക്കം ന ൽകുന്ന ഏകമാർഗ്ഗമായ റേഡിയോയുടെ അഭിവൃദ്ധി, അ ലൂമിനിയം ചേർന്നു ബലമുള്ളതും ഭാരം കുറഞ്ഞതുമായ ലോഹസങ്കരങ്ങളുടെ നിർമ്മാണം എന്നിവ വിമാനാഭി വൃദ്ധിയെ ത്വരിതപ്പെടുത്തി.

(വായുവിനെക്കാൾ ഭാരംകുറഞ്ഞ വാതകങ്ങൾ നി റച്ച ബലൂണുകളിൽ തുടങ്ങിയതു് ഇപ്പോൾ 100 ടണ്ണിൽ പരം ഭാരം വഹിക്കുന്നതും മറ്റു വാഹനങ്ങളെ അപേ ക്ഷിച്ചു കൂടുതലായി അപകടശങ്കകൂടാതെ മണിക്കൂറിൽ 200 മുതൽ 300 വരെ മൈൽ വേഗത്തിൽ ആകാശ ത്തിൽ സ്വച്ഛന്ദം സഞ്ചരിക്കാവുന്നതുമായ വിമാനമാ യിത്തീർന്നിരിക്കുന്നു. ഈ വളർച്ച കഴിഞ്ഞ ഏകദേശം 40 വർഷങ്ങൾക്കുള്ളിലാണുണ്ടായിട്ടുള്ളതു്.)

വിമാനസഞ്ചാരം വായുമണ്ഡലത്തിൽ കൂടിയാണ ല്ലൊ. ഭൂനിരപ്പിൽനിന്നും മുകളിലോട്ടു പോകുന്തോ റും വായുവിന്റെ സാന്ദ്രതയും മർദ്ദവും കുറയുകയും, കു റെ ഉയരംവരെ തണുപ്പും കാറ്റും ഏറുകയും ചെയ്യുന്നു. അതിനപ്പുറം കാറ്റു തീരെയില്ല. പൂട്ടു് ഏറുന്നുമുണ്ടു്. ഏകദേശം 10 മൈലിനു മുകളിൽ വായു വളരെ ലഘു വാണു്. ഏഴു മൈലിനപ്പുറം നീരാവിയേ ഇല്ല. അ തിനാൽ ആ പ്രദേശത്തെങ്ങും മഞ്ഞും മഴയും ഒരു കാ ലത്തിലുമില്ല.

(അവിടെ ആകാശം എപ്പോഴും തെളിഞ്ഞു (violet) ഉദാനിറത്തിലായിരിക്കും.)

ശ്വസിക്കുന്നതിനു വേണ്ട ഓക്സിജനും, തണുപ്പു, മർദ്ദവ്യത്യാസം മുതലായവയിലുള്ള പ്രയാസങ്ങൾ നീക്കു ന്നതിനുള്ള സാമഗ്രികളുമുണ്ടെങ്കിൽ ഏഴു മൈലിനുമു കളിൽക്കൂടെയുള്ള യാത്ര വളരെ സുഖപ്രദമാണു്. വാ യുവിന്റെ മർദ്ദവും തൻമൂലം വിമാനം നേരിടേണ്ട തള്ളലും കുറയുന്നതിനാൽ പെട്രോൾ ചെലവും കുറഞ്ഞി രിക്കും. അതിനുതാഴെയുള്ള മേഖലകളിൽ ചില അ വസരങ്ങളിൽ നേരിടാവുന്ന മൂടൽമഞ്ഞു്, കാർമേ ഘം, കൊടുങ്കാറ്റു് എന്നിവയിൽ കൂടി വിമാ നത്തെ നയിക്കുന്നതു സമർത്ഥരായ വൈമാനികർക്കുപോ ലും ക്ലേശകരമാണു്. എഞ്ചിൻ പ്രവർത്തിക്കുന്നതിനും ഓ ക്സിജൻ അവശ്യമാണല്ലൊ. വളരെ ഉയരത്തിൽ സാ ധാരണ എഞ്ചിനു വേണ്ടത്ര ഓക്സിജൻ ലഭിക്കയി ല്ല. അതുകൊണ്ടു മൂന്നു നാലു മൈൽ ഉയരത്തിൽ യാ ത്രചെയ്യേണ്ടവയുടെ എഞ്ചിനിൽ വായുവിനെ ഞെരു ക്കി മർദ്ദം വർദ്ധിപ്പിക്കുന്നതിനുള്ള യന്ത്രങ്ങൾ ഉണ്ടായി രിക്കും. ഉയരം അതിലും കൂടുതലായിരുന്നാൽ ജർമ്മൻ കാരുടെ V ബോംബിലെപ്പോലെ ഓക്സിജൻ ദ്രവ രൂപത്തിൽ സംഭരിച്ചിരിക്കണം.

വിമാനങ്ങൾ പലപ്രകാരത്തിലുണ്ടു്. ജലത്തിനു മീതെ വന്നുനില്ക്കുകയും അവിടെനിന്നും പൊങ്ങിപ്പറ ക്കുകയും ചെയ്യാവുന്നവയെ ജലവിമാനങ്ങൾ എന്നും ക രയെ ആശ്രയിച്ചുമാത്രം പ്രവർത്തിക്കുന്നവയെ കരവിമാ

നമെന്നും പറയുന്നു. വിമാനത്തിന്റെ പ്രധാനഭാഗങ്ങൾ ഗാത്രം, ചിറകു്, പ്രൊപ്പല്ലർ, എഞ്ചിൻ, ചക്രങ്ങൾ (വള്ളങ്ങൾ) എന്നിവയാണു്. ഗാത്രം നീണ്ട മത്സ്യത്തിന്റെ ആകൃതിയിലാണു്. അതുകൊണ്ടു ചലനത്തിനെതിരായി വായു പ്രയോഗിക്കുന്ന തള്ളൽ കുറഞ്ഞിരിക്കും. പയലട്ടും മറ്റും ഇരിക്കുന്നതു ഗാത്രത്തിലാണു്. വിമാനം ഉയരുന്നതും താണിറങ്ങുന്നതും കുറെയ്ക്കു നിരപ്പായ സ്ഥലത്തുകൂടി ഓടിയിട്ടാണു്. ഈ ആവശ്യത്തിനായി കരവിമാനങ്ങൾക്കു ടയർ ചക്രവും, ജലവിമാനങ്ങൾക്കു വള്ളവും അടിയിൽ ഘടിപ്പിച്ചിരിക്കും.

വായുവിന്റെ എതിർതള്ളൽകുറയ്ക്കുന്നതിനായി ചിലതിൽ പറക്കുമ്പോൾ ചക്രം ഉള്ളിലേക്കു വലിക്കും. എഞ്ചിന്റെ പ്രവർത്തനത്താൽ മുൻഭാഗത്തുള്ള പ്രൊപ്പല്ലർ കറങ്ങി വിമാനത്തെ ഉയർത്തുകയും മുന്നോട്ടു നയിക്കുകയും ചെയ്യുന്നു. പ്രൊപ്പല്ലറിനു രണ്ടുമുതൽ നാലുവരെ ഇതളുകൾ ഉണ്ടായിരിക്കും. (അധികപക്ഷം തടികൊണ്ടുള്ളവയാണു്.) വള്ളത്തിനു് അടനയിനും, ബോട്ടിനു ചുക്കാനും നിർവ്വഹിക്കുന്ന ധർമ്മം വിമാനത്തിനു വാൽ നിറവേറുന്നു. വിമാനം വായുവിൽ തങ്ങിനില്ക്കുന്നതിനാണു ചിറകുകൾ. ചില വിമാനങ്ങൾക്കു രണ്ടു ചിറകും മറ്റു ചിലവയ്ക്കു നാലും കാണും. (ചിലതിന്റെ ചിറകിനു് അതിനുള്ളിൽ ഒരാൾക്കു് ഇരിക്കത്തക്ക ആഴം ഉണ്ടു്.) മിക്കതിലും പെട്രോളും മറ്റും സംഭരിക്കുന്നതു് ചിറകിനുള്ളിലാണു്. കപ്പലുകളിലേതിനു് മടക്കാവുന്ന തരം ചിറകുണ്ടു്. അതു എഞ്ചിൻ വരെയുള്ള വിമാനങ്ങൾ ഉണ്ടു്. ഒന്നിൽ കൂടുതലായാൽ അവയെ ചിറകിലാണു് പിടിപ്പിക്കുക.

ഒറ്റ എഞ്ചിനു് 2200 horse power വരെയുള്ളതു് ഉപയോഗത്തിലുണ്ടു്.

എഞ്ചിനൽപ്പടെ വിമാനത്തിന്റെ എല്ലാ ഭാഗങ്ങളും ഭാരം കുറഞ്ഞതും ബലം കൂടിയതുമായ സാധനങ്ങൾകൊണ്ടാണു് ഉണ്ടാക്കുന്നതു്.

(ലോഹമായിരുന്നാൽ അലൂമിനിയവും അതിന്റെ സങ്കരങ്ങളും ഉപയോഗിക്കുന്നു.)

ആദ്യകാലങ്ങളിൽ ബലമുള്ള തടിയും തുണിയും ഉപയോഗിച്ചിരുന്നു. ഇപ്പോൾ അധികവും അലൂമിനിയവും അതിന്റെ സങ്കരങ്ങളുമാണു്. ഓരോ ഭാഗവും ചട്ടക്കൂട്ടായി നിർമ്മിച്ചു് ലോഹംകൊണ്ടു പൊതിഞ്ഞിരിക്കും. എഞ്ചിന്റെ പ്രവർത്തനത്തെ കുറിക്കുന്ന ഉപകരണങ്ങളെ കൂടാതെ, വിമാനവേഗത, ചരിവു്, ഗതി, അന്തരീക്ഷമർദ്ദം, ശീതോഷ്ണസ്ഥിതി, തറയിൽ നിന്നുള്ള ഉയരം മുതലായവ കാണിക്കുന്നതിനുള്ളവയും പയലട്ടിന്റെ മുമ്പിലുണ്ടായിരിക്കും. തറയിലുള്ളവരോടു സംസാരിക്കുന്നതിനും മറ്റും റേഡിയോ യന്ത്രങ്ങളും ഉണ്ടായിരിക്കും.

എഞ്ചിനെയും ചിറകിനെയും ആശ്രയിക്കാതെ വായുവിനെക്കാൾ ഭാരം കുറഞ്ഞ വാതകങ്ങളായ ഹൈഡ്രജൻ, ഹീലിയം എന്നിവ നിറച്ചിട്ടുള്ളതുകൊണ്ടു് വായുവിൽ തങ്ങിനില്ക്കുന്ന വിമാനങ്ങളുണ്ടു്. ഇവയ്ക്കു മുന്നോട്ടുള്ള ഗതിക്കായി മാത്രമേ എഞ്ചിൻ ശക്തി ആവശ്യമുള്ളു. ചിറകുവേണ്ട സെപ്പലിൻ ജാതി വിമാനങ്ങൾ ഇത്തരമാണു്. ഓരോന്നിനും 2000 horse power ഉള്ള 6 എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ളതും 11,000 ഗാലൻ പെട്രോൾ ഉപയോഗിച്ചു് അമേരിക്കയിൽ നിന്നു യൂറോപ്പിലേയ്ക്കും തിരിച്ചു് നിർത്താതെ യാത്ര ചെയ്യാവുന്ന ഒരു ആകാശക്കപ്പൽ 1940—ൽ അമേരിക്കയിൽ നിർമ്മിച്ചു. 150 പേർക്കു സുഖമായി സഞ്ചരിക്കാവുന്ന വിമാനബോട്ടുണ്ടു്. വായുവിനെക്കാൾ ഭാരം കൂടിയവയിൽ സാമാന്യം വലിപ്പം കൂടിയ ചിലതിന്റെ അളവുകൾ ഇപ്രകാരമാണു്. ഗാത്രത്തിന്റെ വ്യാസം 14 അടി. നീളം 110 അടി. ചിറകിന്റെ നീളം 141 അടി. വാലിലുള്ള ചുക്കാന്റെ ഒപ്പാക്കം 27 അടി. ഇതു് 2000 horse power വീതമുള്ള 4 എഞ്ചിൻ ഉപയോഗിച്ചു് മണിക്കൂറിൽ ശരാശരി 300 മൈൽ വേഗത്തിൽ സഞ്ചരിക്കുന്നു. 2200 horse power വീതമുള്ള 4 എഞ്ചിനുള്ളതും 2 ടൺ കയറ്റിക്കൊണ്ടു 380 മൈൽ വേഗതയിൽ പറക്കാൻ കഴിയുന്നതുമായ സാമാന വിമാനമുണ്ടു്. പകലും രാത്രിയും തുടർച്ചയായി ഉറക്കത്തിനും ഭക്ഷണത്തി



ജർമ്മൻഭടന്മാർ കൂട്ടമായി കൈ ഉയർത്തി കീഴടക്കം സ്വീകരിക്കുന്നു.

നും മറ്റുമുള്ള സകല സൗകര്യങ്ങളോടും കൂടി 100 യാത്രക്കാരെ കൊണ്ടുപോകുന്ന വിമാനവുമുണ്ട്.

ചെറിയ വിമാനത്തിൽ നിയന്ത്രണത്തിനു് പയലട്ട മാത്രമേ ഉണ്ടായിരിക്കയുള്ളു. വലിയതിൽ പയലട്ട് റേഡിയോ പ്രവർത്തകൻ, എഞ്ചിനീയർ, കൂശിനിക്കാരൻ മുതലായി എട്ടുപത്തു ജോലിക്കാർ ഉണ്ടായിരിക്കും.

സാധാരണയായി ആളിനെ ഇരിപ്പിടത്തോടു ബന്ധിച്ചിരിക്കും. യാത്രക്കാർ ചൊരുക്കി ഛർദ്ദിക്കാറുണ്ട്.

യാത്ര തുടങ്ങുന്നതിനു മുമ്പായി പോകേണ്ട വഴിയിലെ കാറ്റു് നീരാവി മുതലായി അപ്പോഴത്തെ അന്തരീക്ഷ സ്ഥിതിയെപ്പറ്റി നിരീക്ഷണ ശാലകളിൽ നിന്നു കിട്ടിയിട്ടുള്ള വിവരങ്ങൾ പയലട്ടിനെ ധരിപ്പിക്കുന്നു. എതു ഉയരത്തിൽ കൂടി പോകാമെന്നുള്ളതു് ഈ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണു് നിശ്ചയിക്കുന്നതു്. കഴിയുന്നിടത്തോളം മേഘങ്ങളും കൊടുങ്കാറ്റുമുള്ളിടങ്ങൾ ഒഴിഞ്ഞു സഞ്ചരിക്കാനാണു് ശ്രമം. കപ്പലിലെപ്പോലെ zyroscope, റേഡിയോ compass, (നക്ഷത്രങ്ങളുടെ സ്ഥാനം) മുതലായവയുടെ സഹായത്തോടെയാണു് വിമാനത്തിന്റെ ഗതി നിയന്ത്രിക്കുന്നതു്. മൂടൽ മഞ്ഞുള്ളപ്പോൾ റേഡിയോ രശ്മി ഉപയോഗിച്ചു് യന്ത്ര സഹായത്താൽ അപകടം കൂടാതെ വിമാനത്താവളത്തിൽ ഇറങ്ങാം. ഇക്കാലത്തു് വിമാനപകടങ്ങൾ മറ്റു വാഹനങ്ങളിലെ തന്നെ അപേക്ഷിച്ചു് കുറവാണു്. വിമാനത്തിനു് എന്തെങ്കിലും കുഴപ്പം നേരിട്ടാൽ പാരഷ്യൂട്ടുപയോഗിച്ചു് അപത്തുകൂടാതെ നിലത്തിറങ്ങാം. ഭൂമുഖത്തെ സുഖപ്രദമായ അന്തരീക്ഷനില സ്ഥിരമായി പാലിക്കത്തക്കവണ്ണമുള്ള മുറികൾ (air conditon rooms) ഉള്ള വിമാനങ്ങളും ഉണ്ടു്. അവയ്ക്കു് ഏതുയരത്തിലും സഞ്ചരിക്കാം.

യുദ്ധത്തിനു മുമ്പു് ലോകത്തിലുള്ള എല്ലാ പ്രധാന പട്ടണങ്ങളും തമ്മിൽ വിമാന സർവീസുകൾ ഏർപ്പെട്ടുത്തിയിരുന്നു. ഇടയ്ക്കിടയ്ക്കു വിമാനത്താവളങ്ങളും പെട്രോൾ നിറയ്ക്കുന്ന മാളികകളും ഉണ്ടായിരിക്കും. ഏകദേശം 3,50,000 മൈൽ വിമാന പാതകളിൽ കൂടി സർവീസു് വിമാനങ്ങൾ സഞ്ചരിച്ചിരുന്നു. തീവണ്ടിയിൽ വണ്ടികൾ എഞ്ചിനോടു ഘടിപ്പിക്കുന്നതുപോലെ ഗ്ലൈഡർ എന്ന ഒരു തരം, എഞ്ചിനില്ലാത്ത ആകാശവാഹനം, എഞ്ചിനുള്ള വിമാനത്തോടു കയറുകൊണ്ടു ബന്ധിച്ചും (സാമാനങ്ങൾ കയറ്റി അയക്കുന്നതിനു) ഉപയോഗിക്കുന്നു. (ചെലവും മറ്റുള്ള വാഹനങ്ങളെ അപേക്ഷിച്ചു കൂടുതലല്ല.)

1914—ലെ യുദ്ധത്തിലാണു് വിമാനത്തിന്റെ യുദ്ധസംബന്ധമായ സാദ്ധ്യതകൾ ആദ്യമായി മനസ്സിലാക്കിയതും പ്രയോഗിച്ചതും. അന്നു് വിമാനങ്ങൾ തുലോം കുറവായിരുന്നു. ഇപ്പോഴത്തെ യുദ്ധത്തിൽ വിമാനങ്ങൾ എണ്ണത്തിലും, വലിപ്പത്തിലും, വൈവിദ്ധ്യത്തിലും മറ്റും അത്ഭുതകരമായി വർദ്ധിച്ചു. Thunderbolt, Spitfire, Bomber, Fighter, Fortress Super-fortress, Lightning, Dive- bomber, Dark widow, Mosquito, Douglass മുതലായി ഓരോ പ്രത്യേക ജാതിയിൽ ലക്ഷക്കണക്കിനു് വിമാനങ്ങൾ അതതാവശ്യത്തിനു് അനുയോജ്യമായി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. യന്ത്രസാമഗ്രികളുടെ യുദ്ധമെന്നു പറയാവുന്ന ഈ യുദ്ധത്തിൽ ജയാപജയനിർണ്ണയത്തിനു് വിമാനം മുഖ്യമായ ഒരു ഘടകം തന്നെയാണു്. കടലിലെയും കരയിലെയും ആവശ്യങ്ങൾക്കു പ്രത്യേകം വിമാനസേനകൾ ഉണ്ടു്. കപ്പൽത്തട്ടിൽ നിന്നും പറക്കത്തക്ക സൗകര്യമുള്ളതും ഇരുന്നൂറോളം വിമാനങ്ങൾ ഉപയോഗിക്കത്തക്കതുമായ വലിയ വിമാനവാഹിക്കപ്പലുകളും ഉണ്ടു്. ശത്രു രാജ്യങ്ങളുടെ മുകളിൽ കൂടി പറന്നു് Camera ഉപയോഗിച്ചു് പടമെടുത്തു് കപ്പൽ സമൂഹങ്ങൾ, ഗതാഗത കേന്ദ്രങ്ങൾ, സൈന്യത്താവളങ്ങൾ, യുദ്ധവ്യവസായശാലകൾ മുതലായവയുടെ സ്ഥാനങ്ങൾ നിർണ്ണയിക്കുക, ഇവ നശിപ്പിക്കുന്നതിനു ബോംബിടുക, കടലിൽ മൈൻ വിതയ്ക്കുക, യന്ത്രത്തോക്കുപയോഗിച്ചു് ശത്രുവിമാനങ്ങളോടു പൊരുതുക, ശത്രുസൈന്യങ്ങളുടെ പിൻഭാഗത്തു ചാരന്മാരെയും ഗതാഗത കേന്ദ്രങ്ങൾ നശിപ്പിക്കുന്നതിനു് ഭടന്മാരെയും പാരഷ്യൂട്ടുവഴി ഇറക്കുക, സ്വന്തം രാജ്യാതിർത്തിയിൽ കാവൽ നിൽക്കുക, കരസൈന്യത്തിനും, കപ്പൽസമൂഹത്തിനും ബോമ്പർ വിമാനങ്ങൾക്കും അകമ്പടി സേവിയ്ക്കുക, അത്യാവശ്യമുള്ള സാമാനങ്ങൾ പടക്കളങ്ങളിൽ എത്തിച്ചുകൊടുക്കുക, ശത്രുസൈന്യത്തിൽ ചുറ്റപ്പെട്ട സൈന്യവിഭാഗത്തിനു പാരഷ്യൂട്ടുമാർഗ്ഗം ഭക്ഷണസാധനങ്ങളും യുദ്ധസാമഗ്രികളും എത്തിച്ചുകൊടുക്കുക, പടക്കളത്തിൽ നിന്നു് മുറിവേറ്റ ഭടന്മാരെ പിൻഭാഗത്തുള്ള ആശുപത്രികളിലേയ്ക്കു കൊണ്ടുപോകുക, കപ്പൽച്ചേതത്താലും മറ്റും കടലിൽ അകപ്പെട്ടവരെ രക്ഷിക്കുക ഇത്യാദി അനേകം ജോലികൾ വിമാനം നിർവ്വഹിക്കുന്നു.

ആകാശസഞ്ചാര ചരിത്രം രസാവഹമാണു്. ചിറകു വച്ചു പറക്കുന്നതിനാണു് ആദ്യം ശ്രമിച്ചതു്. പിന്നീടു് ഹൈഡ്രജൻ നിറച്ച ബലൂണിനോടു ബന്ധിച്ച വാഹനങ്ങളിൽ ആകാശസഞ്ചാരം നടത്തി. ഹൈഡ്രജൻ വേഗത്തിൽ തീപിടിക്കുന്നതാകയാൽ പല അപകടങ്ങളുമുണ്ടായതുകൊണ്ടു് ഇക്കാലത്തു് ഹീലിയം ഉപയോഗിച്ചുവരുന്നു. 1900—ാമാണ്ടു് സെപ്പലിൻ പ്രഭു ശാസ്ത്രീയമായ രീതിയിൽ പരീക്ഷണങ്ങൾ നടത്തി വ്യോമക്കപ്പൽ നിർമ്മാണം സുസ്ഥിരമായ അടിസ്ഥാനത്തിന്മേൽ പ്രതിഷ്ഠിച്ചു. വായുവിനെക്കാൾ ഭാരമുള്ള വിമാനം ആദ്യമായി ഉണ്ടാക്കി എഞ്ചിന്റെ ശക്തിയാൽ പറപ്പിച്ചതു് 1903—ലാണു്. അതു മുതൽ ഈ രണ്ടുതരം യാനപാത്രങ്ങളും ക്രമേണ അഭിവൃദ്ധിപ്രാപിച്ചു. അറ്റ്ലാന്റിക്കും പസഫിക്കും സമുദ്രതരണം ഇംഗ്ലണ്ടിൽനിന്നും ഓസ്ട്രേലിയായിലേക്കുള്ള യാത്ര, ഭൂലോകം ചുറ്റിയുള്ള സഞ്ചാരം ഇങ്ങനെയുള്ള നീണ്ട യാത്രകളും കാലക്രമത്തിനു സാധിച്ചു. കരയ്ക്കും വെള്ളത്തിലും മഞ്ഞുകട്ടയിലും ഇറങ്ങാവുന്ന വിമാനമുപയോഗിച്ചു് ഉത്തരധ്രുവ പ്രദേശം റഷ്യാക്കാർ സർവ്വെചെയ്തു. ബലൂണുപയോഗിച്ചു് 72000 അടി വരെ ഉയരത്തിൽ സഞ്ചരിച്ചു് ഉന്നത മേഘലകളിൽ ഗവേഷണം നടത്തിയിട്ടുണ്ടു്.

ഇനിയും ഭാവിയിലേക്കു ഒന്നു കണ്ണോടിക്കാം. ആകാശ സഞ്ചാരത്തിനു് അത്യധികം ശോഭനമായ ഭാവിയാണു് മനുഷ്യൻ മനോദൃഷ്ടിയിൽ കാണുന്നതു്. വിമാന നിർമ്മാണവും ഗതാഗതവും അത്യധികം വർദ്ധിക്കുന്നതായിരിക്കും. എല്ലാ പ്രധാന പട്ടണങ്ങളിലും വിമാനത്താവളങ്ങളും അവയെല്ലാം തമ്മിൽ വിമാനസർവ്വീസും ഉണ്ടായിരിക്കും. മുഖ്യനഗരങ്ങൾ തമ്മിൽ തായ്

ജീവരസായനം

— ചെറുകഥ. —

(പാറയിൽ, വി. ഉറുമീസുതരകൻ, ബി. എ.)

തത്വജ്ഞാനിയും ശാസ്ത്രഗവേഷകനുമായിരുന്ന അബോനിൽതന്റെ വെളുത്ത താടിമീശ തടവിക്കൊണ്ട് ഒരു പഴയ കസേരയിൽ ചിന്താമഗ്നനായിരുന്നിരുന്നു. ബാൽക്കുനഗരത്തിന്റെ ഒരു ഒഴിഞ്ഞമൂലയിൽ വളരെ ഉയരമുള്ള ഒരു മാളികയുടെ ഒരു ജീർണ്ണിച്ചമുറിയിൽ ജീവിച്ചുകൊണ്ട് രസതന്ത്രവിദ്യയിലും നിഗൂഢശാസ്ത്രങ്ങളിലും പഠനഗവേഷണനം നടത്തുന്നതിനു അയാൾ തന്റെ അയുഷ്കാലം മുഴുവൻ വിനിയോഗിച്ചുപോന്നു. അയാളുടെ പഠനഗവേഷണശാലയിൽ ആർക്കും പ്രവേശം അനുവദിച്ചിരുന്നില്ല. മനുഷ്യവർഗ്ഗത്തെ അയാൾ തീരെ അകറ്റിനിറുത്തിയിരുന്നെന്നും പറഞ്ഞുകൂടാ. നഗരവാസികളും കുലീനജാതരുമായ ഏഴു ശിഷ്യഗണങ്ങളെ സ്വീകരിച്ച്, അവർക്ക് ചില നിശ്ചിതസമയങ്ങളിൽ തത്വവിജ്ഞാനീയത്തിലും ശാസ്ത്രാദികളിലും അയാൾ ഉപദേശം നൽകിവന്നു. എന്നാൽ മന്ത്രതന്ത്രാദി ഗൂഢവിദ്യകൾ തനിയ്ക്കായിമാത്രം നീക്കിവച്ചിരുന്നു.

(trunk) സേവ്വീസും, അവയും മറ്റുപട്ടണങ്ങളുമായി ശാഖാ സർവ്വീസുകളും ഏർപ്പെടുത്തും. മറ്റു ഗതാഗതമാർഗ്ഗങ്ങളെ അപേക്ഷിച്ച് അപകടവും, ചെലവും, സമയവും കുറഞ്ഞിരിക്കുന്നതിനാൽ ഭാവിയിൽ ഏറ്റവും മുഖ്യമായ ഗതാഗതമാർഗ്ഗം ഇതായിരുന്നേക്കാം. പൊലിക്കോപ്റ്റർ ജാതി വിമാനങ്ങൾക്ക് തറയിൽനിന്ന് ഉയരുന്നതിനും തിരികെ ഇറങ്ങുന്നതിനും മറവയെപ്പോലെ വിസ്താരമേറിയ സ്ഥലം ആവശ്യമില്ലാത്തതിനാൽ വീട്ടുമുറ്റമോ മട്ടുപ്പാവോ മതിയാകും. ഇക്കാലത്തു് സ്വന്തമായി കാറും ബോട്ടും ഉപയോഗിക്കുന്നതുപോലെ പകരം ഹെലിക്കോപ്റ്റർ വിമാനങ്ങൾ സ്വന്തമായി ഉണ്ടായിരിക്കാനിടയുണ്ട്.

സാധാരണരീതിയിലുള്ള എൻജിൻ ഉപയോഗിച്ചു ലഭിക്കുന്ന വേഗത ഏകദേശം 600 മൈലിൽ ക്കൂടാൻ നിവൃത്തിയില്ല. വേഗതക്കൂടുംതോറും പെട്രോൾച്ചെലവു് അമിതമായി വർദ്ധിക്കുന്നതിനാൽ അത്രപ്രയോജനകരവുമല്ല. എന്നാൽ വേഗത വളരെ വർദ്ധിപ്പിക്കാവുന്ന ഒരുതരം പുതിയ രീതിയുണ്ട്. പെടികെട്ടിൽ വാണവും ജർമ്മൻകാരുടെ V ബോംബുകളും പായുന്നതു് ഈ രീതിയിലാണു്. അതിൽ വിമാനത്തിന്റെ പിൻഭാഗത്തുക്കൂടി ശക്തിയോടെ പുറത്തേക്കു തള്ളപ്പെടുന്ന വാതകമാണു്. അതിനു് മുന്നോട്ടുള്ള ചലനം കൊടുക്കുന്നതു് 60 മൈൽ ഉയരത്തിൽക്കൂടി മണിക്കൂറിൽ 3000 മൈൽ വേഗത്തിൽ ബോംബിനെ പായിക്കുന്നതിനു ഈ വിധത്തിൽ സാധിക്കുന്നുണ്ടു്. V ബോംബിനു് ഏകദേശം 45 അടി നീളവും 5൹ അടി വ്യാസവുമുള്ളതിനാൽ അതിനെ ഒരു ചെറിയ വിമാനമായി കരുതാം. അതിന്റെ ഗതി നിയന്ത്രിക്കുന്നതു് തറയിലുള്ള റേഡിയോ യന്ത്രം മുഖേനയാണു്.

ഭാവിയിൽ ഉന്നതശ്രേണികളിൽ കൂടിയുള്ള യാത്ര വളരെ വർദ്ധിക്കുന്നതായിരിക്കും. സാധാരണ വിമാനങ്ങൾ പയലട്ടില്ലാതെ റേഡിയോ യന്ത്രനിയന്ത്രണത്താൽ സഞ്ചരിച്ചെന്നുവരാം. വാണവിമാനങ്ങളുപയോഗിച്ചു് ചന്ദ്രൻ, ശുക്രൻ മുതലായ മറ്റു് വാനഗോളങ്ങളിലും എത്തിച്ചേരാമെന്നു വിചാരിക്കുന്നവരുമുണ്ടു്.

വിമാനത്തിന്റെ കണ്ണും കാതും റേഡിയോആകയാൽ റേഡിയോ സംബന്ധമായ പരിശീലനവും സർവ്വസാധാരണമായിത്തീരും. സ്ഥലകാലദൂരങ്ങൾ ഹ്രസ്വമായിച്ചമയും.

കച്ചവടരീതികളിലും പരിവർത്തനമുണ്ടാകും. സാധനങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിലേക്കു നേരെ അകാശത്തുക്കൂടി പൊയ്ക്കൊണ്ടിരിക്കും. കായ്കനികളും പച്ചമത്സ്യവും അന്നന്നുതന്നെ ദൂരെയുള്ള ചന്തകളിൽ എത്തിക്കാം. കൃഷിയും കച്ചവടവും അത്യധികം പരിവർദ്ധിപ്പിച്ചു് സാധനങ്ങൾ സുഭിക്ഷമായി ലഭിക്കുന്നതിടയുണ്ടു്.


ഇനിമേൽ മനുഷ്യൻ ജനസംഖ്യ വർദ്ധനവിനെയോ അതിവാസത്തിനു സ്ഥലമില്ലായ്മയോ, ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിഭവങ്ങളുടെ കുറവിനെയോ ഭയപ്പെടേണ്ടതില്ല. ഉല്പാദനവും വിതരണവും ശരിയായി നടക്കുന്നപക്ഷം കരയിലും കടലിലും ഉള്ളവയും മനുഷ്യപ്രയത്നംകൊണ്ടുണ്ടാകുന്നവയുമായ സാധനങ്ങൾ മനുഷ്യവർഗ്ഗത്തിനു ധാരാളമായിരിക്കും. കോളനികൾക്കു് അന്യരുടെ ഭൂവിഭാഗങ്ങൾക്കും വേണ്ടി യുദ്ധം ചെയ്യേണ്ട ആവശ്യമില്ല.

ഈ വിധത്തിൽ ലോകീകമായ ശീഘ്ര പുരോഗതിയോടുകൂടി യഥാർത്ഥത്തിൽ ആത്മീയനായ മനുഷ്യനു് ആദ്ധ്യാത്മികമായ വളർച്ചയുംകൂടി ഉണ്ടാകുന്നെങ്കിൽ സർവ്വസൃഷ്ടിപ്രത്തിനു് സുഗന്ധംകൂടി ചേരുമ്പോഴുള്ള മഹാത്മ്യം മനുഷ്യവർഗ്ഗത്തിനു കൈവരുന്നതാണു്. ഇതിനു് ജഗദീശ്വരൻ സഹായിക്കട്ടെ.

(By courtesty of the director Broad casting Trivandrum)

ഒരുദിവസം തന്റെ എഴുവിദ്യാർത്ഥികളേയും അയാൾ തന്റെ രഹസ്യമുറിയിലേക്കുക്ഷണിച്ചു. അത്യുത്സാകാംക്ഷകളോടെ മുറിയിൽ പ്രവേശിച്ച അവർ തങ്ങളുടെ വൃദ്ധദേശികൻ ഒരു മേശയ്ക്കു പിന്നിൽ നിൽക്കുന്നതായും, മേശമേൽ ശുദ്ധജലമെന്നു തോന്നിച്ച ഏതോ ദ്രാവകങ്ങൾ നിറച്ചിട്ടുള്ള എഴുസ്ഫടികപാത്രങ്ങൾ നിരത്തിവച്ചിരിക്കുന്നതായും മാത്രം കണ്ടു.

"പ്രിയപ്പെട്ട ശിഷ്യഗണങ്ങളെ," അയാൾ ആവേശത്തോടെ പറഞ്ഞുതുടങ്ങി, "പ്രകൃതിയുടെ മഹാരഹസ്യങ്ങളിൽ അവഗാഹം ചെയ്യുന്നതിനും ലോകത്തിൽ ഇന്നേ



ഫി. ചർച്ചിൽ ജർമ്മനി സന്ദർശിച്ചവേളയിൽ ജനറൽ സിംസനുമായി സംഭാഷണം ചെയ്യുന്നു.

വരെയുണ്ടായിട്ടുള്ള മഹാ പണ്ഡിതന്മാരുടെ ബുദ്ധിക്കുപോലും അഗോചരങ്ങളായിരുന്ന പ്രശ്നങ്ങൾക്കു ഉത്തരം കണ്ടുപിടിക്കുന്നതിലും ഞാൻ എത്രമാത്രം ക്ലേശങ്ങൾ സഹിച്ചിട്ടുണ്ടെന്നു നിങ്ങൾക്കു നല്ലവണ്ണം അറിയാം. അതിൽ എനിയ്ക്കു അനന്യലഭ്യമായ പ്രസിദ്ധിയും കൈവന്നിട്ടുണ്ട്. ഈ കീർത്തി അനർഹമല്ലതാനും. എന്നാൽ ഇന്നലെവരെ എന്റെ പരിശ്രമം തീകച്ചും വിജയം വരിച്ചിരുന്നില്ല. ഒന്നോർത്താൽ എന്റെ നേട്ടങ്ങളെല്ലാം നിസ്സാരം; എന്തുകൊണ്ടെന്നാൽ അനേകരഹസ്യങ്ങൾ ഇനിയും എന്റെ കൈപ്പിടിയിലൊതുങ്ങാതെ അവശേഷിക്കുന്നു. ഇതാ ഇപ്പോഴും എന്റെ വിജയം കേവലം ഭാഗികമാകുന്നു. സ്വർണ്ണം ഉണ്ടാക്കുന്നവിദ്യ ഇന്നും എനിയ്ക്കു അജ്ഞാതം; സോളമന്റെ സർവ്വാഭീഷ്ടദായകമായ പിഞ്ഞിക എനിയ്ക്കു സിദ്ധിച്ചിട്ടില്ല; മരിച്ചവക്കു ജീവദാനം ചെയ്യുവാൻ ഞാൻ അശക്തൻ; അമൂർത്തവസ്തുക്കളിൽ ജീവവിനിവേശനം എന്റെ കഴിവിനു അതീതം. പക്ഷെ സൃഷ്ടിയ്ക്കുവാൻ എനിക്കു കഴിവില്ലെങ്കിലും നിലനിറുത്തുവാൻ–പാലിയ്ക്കുവാൻ ഞാൻ പോന്നവനാണ്. അതേ, ഞാൻ ജീവരസായനം കണ്ടുപിടിച്ചിരിക്കുന്നു."

ശിഷ്യന്മാർ ഓരോരുത്തരുടേയും മുഖത്തു ഗുരു സൂക്ഷിച്ചുനോക്കി. അവിടെ അനന്തത്തിന്റെയും അത്ഭുതത്തിന്റെയും മാത്രമല്ല ഗുരുനാഥന്റെ വാക്കുകളിൽ പരിപൂർണ്ണവിശ്വാസത്തിന്റെയും, അവക്കു വെളിപ്പെട്ടുത്തികൊടുത്ത മഹാർഘമായ കണ്ടുപിടുത്തത്തിൽ തങ്ങളേയും പങ്കുകൊള്ളിക്കുമെന്ന നേരിയ ഒരു ആശയുടെയും നിഴലാട്ടങ്ങൾ അയാൾകണ്ടു. ഒടുവിൽപറഞ്ഞ ഭാവസ്ഫുരണത്തെ അവലംബിച്ചുകൊണ്ടു് അയാൾ തുടർന്നു, "കൊള്ളാം നിങ്ങൾ ആഗ്രഹിക്കുന്നവെങ്കിൽ ഈ മഹാരഹസ്യം നിങ്ങളേയും ഞാൻ അറിയിയ്ക്കാം."

"ഞങ്ങൾക്കറിയണം– അറിയണം." ജീവിതത്തിന്റെ വാലിൽ തൂങ്ങികിടന്നുകൊണ്ടു് അവർ ആർത്തുവിളിച്ചു: അമുറിയുടെ ഭയാനകമായ ശാന്തതയെ ഭഞ്ജിയ്ക്കുമാറു് അവർഹസുഘോഷം മുഴക്കി.

ഗുരുനാഥൻ അയാളുടെ നീണ്ടുനരച്ച താടിരോമങ്ങൾ തടവിഒതുക്കികൊണ്ടു് നിർവികാരനായി പറഞ്ഞുതുടങ്ങി.–"ഒന്നു് ഓർമ്മിക്കണം! എല്ലാജ്ഞാനത്തിനും എന്നപോലെ ഈ അപൂർവ്വജ്ഞാനത്തിനും അതിന്റെ ദോഷവശങ്ങളുണ്ടു്. ഇതിൽ ഭാഗഭാക്കുകളാകുന്നതിനു ഒരു വിലകൊടുക്കേണ്ടിയിരിക്കുന്നു. വില എന്തെന്നു കേൾക്കുമ്പോൾ അതു കുറെ ക്രൂരമായി എന്നു നിങ്ങൾ അവലോതിപ്പെടരുതു്. ഞാൻ പറയാൻപോകുന്ന വ്യവസ്ഥകൾ ഞാൻ ഉണ്ടാക്കിയവയല്ല. അത്മലോകത്തിൽനിന്നും ചില ദുഷ്ടശക്തികൾ ചില പ്രത്യേക വ്യവസ്ഥയിന്മേലാണു് ഈ ജീവരസായനയോഗം എനിയ്ക്കുനൽകിയതു്. അതു ഞാൻ അനുഷ്ഠിച്ചേ മതിയാവു. എന്റെ ഗുണത്തിനായി ഈ വിദ്യ പ്രയോഗിയ്ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എൺപതുകൊല്ലത്തെ ജീവിതവുമായുള്ള എന്റെ പരിചയം അതിനെ നീട്ടുന്നതെങ്ങനെയെന്നല്ലാ, പെട്ടിക്കുറയ്ക്കുന്നതെങ്ങനെയെന്നതിലാണു് എന്നെ പഠിപ്പുകുലനാക്കുന്നതു്. നിങ്ങളുടെ മുരുങ്ങിയ ഇരുപതുകൊല്ലത്തെ ജീവിതപരിചയം നിങ്ങളേയും ഈ തീരുമാനത്തിൽ എത്തിച്ചിട്ടുണ്ടെങ്കിൽ അതുയ്ക്കുനന്നു്."

യുവശിഷ്യന്മാരിൽ അക്കംതന്നെ ഇതിൽ എതിരഭിപ്രായമുണ്ടായിരുന്നില്ല. ജീവിതത്തിന്റെ ശൂന്യതയേയും, ക്ഷണഭംഗുരതയേയും, നിഷ്ഫലതത്തേയും പറഞ്ഞു അവരിൽ ചിലർ വാചാലമായി യുക്തിവാദം ചെയ്യുവാനും തയ്യാറായിരുന്നു. അവരുടെ അഭിവന്ദ്യഗുരുവിന്റെ സന്ദേശസാരവും തദനുഭവമായിരുന്നില്ല. പക്ഷെ ഇപ്പോഴത്തെ അവരുടെ അനുഭവത്തനും ആദർശവും പ്രയോഗവും തമ്മിലുള്ള ധ്രുവാന്തരത്തെ– നൈസർഗ്ഗികമായ വാസനാബലത്തിനു മുമ്പിൽ ധിഷണാഗതമായ യുക്തിചിന്തകൾ തുളിപ്പോകുന്നതിനെ തെളിയിയ്ക്കുന്നവിധത്തിലുള്ളതായിരുന്നു. എങ്കിലും ഗുരുഭൂതന്റെ അത്ഭുതക

രമായ രഹസ്യാമൃതത്തെ പാനംചെയ്യുന്നതിൽ എന്തൊപത്തുകളേയും നേരിടാൻ സന്നദ്ധരാണെന്നു അവർ ഒരേ സ്വരത്തിൽ വിളംബരംചെയ്തു.

"അങ്ങനെയാവട്ടെ" ഗുരുഭോഴിഞ്ഞു, "എന്നാൽ വ്യവസ്ഥകൾ കേട്ടുകൊള്ളുക. നിങ്ങൾ ഓരോരുത്തരും ഈ സ്ഫടികപാത്രങ്ങളിൽ ഓരോന്നു് ഇടയ്ക്കുനിന്നും എടുത്തു്, അതിലുള്ള ദ്രവകം ഉടനടികുടിയ്ക്കുണം. എന്നാൽ, അവയിൽ ഒന്നിൽമാത്രമേ ജീവരസായനം നിറച്ചിട്ടുള്ളു. മറ്റുള്ളവയിൽ വൈദ്യശാസ്ത്രം മറുമരുന്നു കണ്ടുപിടിച്ചിട്ടില്ലാത്തതും, എന്റെ അനേകനാളത്തെ ഗവേഷണഫലങ്ങളുമായ ഉഗ്രവിഷദ്രവങ്ങളാകുന്നു. ആദ്യത്തേതു അഗ്നിയാലെന്നവണ്ണം മാംസപേശികളെ ദഹിപ്പിച്ചുകളയും; രണ്ടാമത്തേതു സകലജീവനാഡികളേയും മരവിപ്പിച്ചു്, സിരാപടലത്തെതന്നെ ചീന്തിക്കീറികളയുന്നു; മൂന്നാമത്തേതു അപസ്മാരരോഗം ഉളവാക്കി കൊല്ലുന്നു; നാലാമത്തെ പാനഭോജനം കൂട്ടുകുടിയവൻ ഭാഗ്യവാനാണെന്നു പറയാം. അവൻ ഇടിവെട്ടേറ്റപോലെ പാനമാത്രയിൽ ചത്തുവീഴുന്നു. അഞ്ചാമത്തേതു കിട്ടുന്നവനാകട്ടെ ദീർഘനിദ്രയിൽ ലയിക്കുകയും, അങ്ങനെ വിസ്മൃതിയിലാണ്ടു ക്രമേണ മരിക്കുകയുംചെയ്യും. ആറാമത്തെയാൾ രോമങ്ങൾ മുഴുവൻ കൊഴിഞ്ഞു്, തൊലി താനെ ഉരിഞ്ഞുപോയി അസഹനീയമായ വേദന അനുഭവിച്ചശേഷമേ മൃതിയടയുകയുള്ളു. ഏഴാമത്തെപാത്രം നിങ്ങളുടെ അഭീഷ്ടസാധനമായ ജീവരസായനം ഉൾക്കൊള്ളുന്നു."

ഒരേസമയത്തു നിങ്ങളുടെ കൈകൾ നീട്ടുക. പിഡിനിങ്ങൾക്കായി ഒരുക്കിയിട്ടുള്ള പാനീയങ്ങളെ ധൈര്യസമേതം എടുത്തുകുടിയ്ക്കുക! വേഗമാവട്ടെ, എന്തിനു സംശയിയ്ക്കുന്നു; അനുഭവംകൊണ്ടു ഭാഗ്യം തെളിയിക്കുക!"

ശിഷ്യന്മാർ ഏഴുപേരുടെയും മുഖംവിളറി; അവർ പരസ്പരംനോക്കി. ഇതെല്ലാം ഒരു താമശയല്ലെ എന്നു നിശ്ചയം വരുത്താൻ അവർ തങ്ങളുടെ ഗുരുവിന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. എന്നാൽ അക്ഷോഭ്യമായിരുന്ന ആ മുഖം. ആ വായ്മൂലകളിൽ ഭയങ്കരമായ ഒരു നിന്ദാസൂതിയുടെ ലാഞ്ഛനകൾ മിന്നിമറഞ്ഞുകൊണ്ടിരുന്നു. അവർ സ്ഫടികപാത്രങ്ങളെ ഓരോന്നിനുകൊണ്ടു പരിശോധിച്ചു. അവതമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടൊ എന്നു്. പക്ഷെ കാഴ്ചയിൽ പാത്രങ്ങളും അവയ്ക്കുള്ളിലുണ്ടായിരുന്ന ദ്രവകങ്ങളും എല്ലാം ഒരുപോലെയിരുന്നു.

ശിഷ്യന്മാരുടെ നിലകണ്ടു് അത്യുത്തരസം നടിച്ചുകൊണ്ടു് അബോനീൽചോദിച്ചു, "എന്താണെ് അമാന്തം ഇതിനുള്ളിൽ നിങ്ങളിൽ ആറുപേർ മരണവേദനയനുഭവിക്കുന്നതു കണ്ടു് കണ്ണുകുളുർക്കാൻ കാത്തിരുന്ന ഞാൻ ഭാഗ്യശൂന്യനാകുകയൊ?, കഷ്ടം!"

അവരിൽ ധീരന്മാരെന്നു് അറിയപ്പെട്ടിരുന്ന രണ്ടുപേർ പകുതിവഴി കൈനീട്ടിയെങ്കിലും, ആരും തങ്ങളെ അനുകരിക്കുന്നില്ലെന്നു കണ്ടു പിൻവലിച്ചുകളഞ്ഞു.

"ഗുരോ! എന്നെ സംബന്ധിച്ചാണെങ്കിൽ ഈ നിസ്സാരജീവിതത്തെ ഞാൻ തൃണവൽഗണിക്കുന്നു. പക്ഷെ പ്രായം ചെന്ന എന്റെ അമ്മയ്ക്കു ഞാനല്ലാതെ മറ്റാരും സഹായത്തിനില്ല." ഒരാൾ പറഞ്ഞു.

"ഞാൻ എന്തു കുടിയ്ക്കുന്നതിനും മടിയ്ക്കുമായിരുന്നില്ല. പക്ഷെ, അവിവാഹിതയായ എന്റെ സഹോദരി എന്നെ ആശ്രയിച്ചുകഴിയുന്നു." രണ്ടാമൻ സ്വയം സാധുകരിച്ചു.

മൂന്നാമൻ ഇടയ്ക്കുകയറി പറഞ്ഞു. "നിലവിലിരിക്കുന്ന സാമൂഹ്യസ്ഥിതിയെ തച്ചുടച്ചു് ഒരു പുതിയ സ്വർഗ്ഗയുഗം സൃഷ്ടിക്കുന്നതിനായി ഞാൻ എന്റെ ജീവിതത്തെ ഉഴിഞ്ഞിട്ടിരിക്കുകയാണു്. അതിനാൽ ഞാൻ മരിച്ചാൽ ലോകത്തിനു അപരിഹാര്യമായ നഷ്ടമായിരിക്കും."

"എന്റെ ആജന്മശത്രുവിനോടു പകവീട്ടാൻ എന്റെ ജീവൻ പുലർത്തേണ്ടിയിരിക്കുന്നു." നാലാമൻ പ്രതികാരവിജൃംഭിതനായി പറഞ്ഞു.

"ശാസ്ത്രത്തിന്റെ തുടച്ചവടിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന എന്റെ ജീവന്റെ നാഥൻ ശാസ്ത്രം മാത്രമാകുന്നു" അഞ്ചാമൻ സഗൌരവം അറിയിച്ചു.



മിസ്സസ് ഫ്രാങ്കളിൻ
ഡി. റൂസുവെൽറ്റ്.

ആറാമൻ, "ഞാനും: ചന്ദ്രനിലെ ക്രേളത്തിന്റെകാരണം കണ്ടുപിടിക്കുകയും അവിടെയുള്ള ജീവികളുമായി വാർത്തവിനിമയം സാധിക്കുകയും ചെയ്തല്ലാതെ എന്റെ ജീവിതം അവസാനിപ്പിക്കുന്നതു്. ലോകത്തോടുചെയ്യുന്ന ഒരു അനീതി ആയിരിയ്ക്കും."

"എനിയ്ക്കു അമ്മയുമില്ലാ സഹോദരികളുമില്ല. ശാസ്ത്രത്തോടും എനിയ്ക്കു അത്ര വലിയ മമതയില്ല. പക്ഷെ— എന്റെ ശരീരത്തിലെ തൊലി—അതു് എനിയ്ക്കു വലിയ കാഴ്ചമാണു്—അതിനോടുവലിയ ബഹുമാനമാണു്. അതു് എന്റെ കണ്ണിൽ വിലപിടിച്ചതുമാണു്. അതു ഉരിഞ്ഞുപോകുകയൊ. അയ്യൊ!" ഏഴാമൻ പേടിച്ചു.

"ഛെ! മുരുക്കത്തിൽ ശാശ്വതികതയുടെ ഈ ചഷകത്തിനുവേണ്ടി നിങ്ങളാരും അല്പം ത്യാഗം അനുഷ്ഠിക്കാൻ തയ്യാറില്ല, അല്ലേ," യതിവര്യൻ ഉപഹസിച്ചു.


ശിഷ്യന്മാർ നാണിച്ചു് നിശ്ശബ്ദരായി നിന്നു. ഒടുവിൽ ഒരാൾ ഒരു പോംവഴിപറഞ്ഞു. "നറുക്കിട്ടു്, അതനുസരിച്ചു് ഓരോരുത്തരായി രസായനം കുടിക്കുന്നതിൽ വിരോധമുണ്ടൊ?."

"കൊള്ളാം: വിരോധമില്ല, നറുക്കിട്ടതു മറ്റാരുമനുസരിച്ചു്, ഓരോരുത്തനും പാത്രം സ്വീകരിയ്ക്കുവൻ മടിച്ചാൽ എല്ലാവർക്കും അപായമുണ്ടാകും."

നറുക്കു വലിച്ചതിൽ അമ്മയുടെനേർക്കുള്ള കർത്തവ്യത്തെ പ്രസംഗിച്ചയാൾക്കു ആദ്യഭാഗ്യം വന്നു. അയാൾ ദൃഢനിശ്ചയത്തോടുകൂടി മരണത്തെ സമീപിച്ചു. അ

യാളുടെ കൈയാതൊരു തടസ്സവും കൂടാതെ പാതി നിവന്നു. പെട്ടന്ന് അയാൾ കൈ പിൻവലിച്ചു്, പെങ്ങളുടെ കാര്യം അറിയിച്ച രണ്ടാംഗഡുവുകാരനോടായി പറഞ്ഞു. "ഒരാവും പുത്രനും തമ്മിലുള്ള ബന്ധം സഹോദരീ സഹോദരന്മാർ തമ്മിലുള്ളതിനേക്കാൾ എത്രയോ മഹനീയവും ദൃഢതരവുമാണു്. അതിനാൽ സ്നേഹിതാ! ആദ്യം നിങ്ങൾ ആയിട്ടെ"

"വൃദ്ധയായ ഒരു മാതാവും ചൊപ്പുകാരനായ ഒരു പുത്രനും തമ്മിലുള്ള ബന്ധം പരിപാവനംതന്നെ, തർക്കമില്ല. പക്ഷെ, മരണം വളരെ വേഗത്തിൽ അതിനെ



ഒരു പ്രത്യേകവിജയദിനാഘോഷവേളയിൽ എടുത്തഫോട്ടോ. ഐക്യരാഷ്ട്രപതാകകൾക്കുമുമ്പിൽ നിൽക്കുന്നതു് വെല്ലിംഗ്ടൺ-ക്യൂ (ചൈന) ആൻറണി ഈഡൻ (ബ്രിട്ടൻ) എഡ്വെഡ സ്റ്റെറിനസ് (അമേരിക്കാ) ജോർജ് ബിഡാൾട് (ഫ്റഞ്ചു്) എന്നീ മന്ത്രിമാരാണു്.

മറിക്കുകയുണ്ടു. സഹോദരീ സഹോദരന്മാർ തമ്മിലുള്ള ബന്ധം, ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ അനേകവർഷം നീണ്ടുനിൽക്കുന്നു. അതിനാൽ സഖാവുതന്നെ ആദ്യം പരീക്ഷണം നടത്തണം" രണ്ടാമൻ പ്രതിവചിച്ചു.

"ജ്ഞാനധനനായ അബോഹിലിന്റെ ശിഷ്യഗണങ്ങളിൽ ഒരാളിൽനിന്നോ ഇത്തരം യുക്തിഭാസങ്ങൾ കേൾക്കുന്നതു്—മാതൃപുത്രബന്ധം—" ഒന്നാമൻ കയർത്തു.

"ഈ പിള്ളർകളി നിർത്തുക. ഒന്നുകിൽ വ്യവസ്ഥകൾ അനുസരിക്കുക— അല്ലാത്തപക്ഷം ഈ ഉദ്യമത്തിൽനിന്നും വിരമിക്കുക" ദേശികൻ ഗർജ്ജിച്ചു.

ഭയവിഹ്വലനായ ഒന്നാം ശിഷ്യൻ മുന്നോട്ടുവന്നു ഒരു പാത്രത്തിന്മേൽ തൊട്ടു; അതിലെ ദ്രവകത്തിനു എന്തോ നിറവ്യത്യാസമുണ്ടെന്നു തോന്നി അതു് തിരിയെ വെച്ചു്, മറ്റൊരു പാത്രം കൈയ്യിലാക്കി. ആ നിമിഷത്തിൽ പൊട്ടനവെ അത്യന്തം ദീപ്തിമത്തായ ഒരു മിന്നൽ പിണർ ആ മുറിയിൽക്കൂടി പാഞ്ഞുപോകുകയും ശിഷ്യന്മാർ എല്ലാവരും ഇടിവെട്ടേറ്റപോലെ ബോധശൂന്യരായി നിലം പതിയ്ക്കുകയുംചെയ്തു. പിന്നീടും ബോധയുക്തരായപ്പോൾ തങ്ങൾ അബോനിലിന്റെ വസതിയ്ക്കു വെളിയിൽ കിടക്കുന്നതായിട്ടാണു് അവർ കണ്ടതു്. അവർ പിടഞ്ഞെഴുനേറ്റു, തങ്ങൾ അഭിനയിച്ച വൈകൃതങ്ങൾ ഓർത്തു് ഇളിഭ്യരായി, സംഭവങ്ങളെല്ലാം പരമരഹസ്യമായി സൂക്ഷിക്കണമെന്ന പ്രതിജ്ഞയോടുകൂടി പിരിഞ്ഞുപോയി.

ഏഴുപേരുടെ ഈ രഹസ്യം ഏഴുദിവസം കഴിയുന്നതിനുമുമ്പു് ആ നഗരത്തിലെ ഏഴിൽ ആറുഭാഗം ജനങ്ങളും അറിഞ്ഞിരുന്നു. അവിടത്തെ ഭരണാധിപന്റെ ചെവിയിലെത്തിയയുടനെ വൃദ്ധശാസ്ത്രകാരനെ തടവിലാക്കുന്നതിനും ജീവരസായനം കണ്ടുകെട്ടുന്നതിനും അദ്ദേഹം കല്പനനൽകി. അബോനിലിന്റെ വാതിൽ തല്ലിപ്പൊളിച്ചു് ഭടന്മാർ ഉള്ളിൽ പ്രവേശിച്ചു. ആയുർദ്ദായകമായ ജീവരസായനനിഷ്ക്രയത്തോടുള്ള പ്രതിഷേധം ഉച്ചൈസ്വരം വിളംബരം ചെയ്തുകൊണ്ടു അയാൾ മേശമേൽ ഏഴു സ്ഫടികപാത്രങ്ങളും നിരന്നിരുന്നു. ഒരു പാത്രം മാത്രം ഒഴിഞ്ഞിരുന്നു. അയാളുടെ മേശവലിപ്പുകൈയിൽ കാണപ്പെട്ട ഒരു കടലാസുതുണ്ടിൽ ഇങ്ങനെ എഴുതിയിരുന്നു. "എമ്പതു നീണ്ടസംവത്സരങ്ങൾ വിജ്ഞാനാർജ്ജനത്തിയായി ഞാൻ ചിലവഴിച്ചു. അതിന്റെ ഫലം ഇതാ ഈ ആറു വിഷദ്രവ്യങ്ങളാകുന്നു. ഇതിന്റെക്കൂടെ ഇവയെക്കാൾ ഉഗ്രമായ ഒരെണ്ണം കൂടി ഞാൻ ചേർത്തേനെ, പക്ഷെ അതു ഞാൻ വേണ്ടെന്നുവച്ചു. എന്റെ ശവകുടീരത്തിന്മേൽ ഇപ്രകാരം എഴുതുക മനുഷ്യദുരിതങ്ങളെ ശാശ്വതീകരിക്കുന്നതിൽനിന്നും വിരമിച്ച ലോകസേവകൻ ഇവിടെ കിടക്കുന്നു. എവിടെ അതു നിരുപദ്രവകരമായിരിക്കുമോ അവിടെമാത്രം ഈ അനുഗ്രഹത്തെ ഇദ്ദേഹം പ്രദാനം ചെയ്തു."

ഈ ഒടുവിലത്തെ വാക്കുകളുടെ അർത്ഥം ഗ്രഹിക്കാതെ ആഗതർ അന്യോന്യം മിഴിച്ചു നോക്കി. അവർ അങ്ങനെ സ്തബ്ധരായി നിൽക്കുമ്പോൾ അടുത്തമുറിയിൽനിന്നു്, പെട്ടന്നു് വൃദ്ധനെങ്കിലും കാര്യയിൽ യുവത്വം തുളുമ്പുന്ന ഒരു വലിയ മാന്ത്രികൻ അവരുടെമുമ്പിൽ ചാടിവീണു് പല്ലിളിച്ചുകാട്ടി.

ജീവരസായനത്തിന്റെ അവസാനത്തെ തുള്ളി പോലും ഈ ജന്തുവിനു പകർന്നുകൊടുത്ത അബോനിലിന്റെ മനോഭാവം. അവയ്ക്കു എത്രയാലോചിച്ചിട്ടും പിടികിട്ടിയില്ല.

---

* (റിച്ചേർഡ് ഗാർനറിന്റെ ഒരു ചെറുകഥയുടെ സ്വതന്ത്ര പരിഭാഷ.)

INTENSIVE CULTIVATION

A NECESSITY IN PEACE TIME AS WELL.

GROW MORE FOOD CAMPAIGN NOT A HOBBY.

Now that the War is over, India as an Agricultural Country cannot give up intensive cultivation. We have to increase our production by using various kinds of organic manures as are manufactured by

MALABAR FERTILISERS & INDUSTRIALS LTD.,

Artificial manures are useful not only for the cultivation of paddy, Potatoes, Tapioca and other food products but also for large plantations of Rubber and Tea in India.

Scientifically prepared manures restore the vitality of the trees depleted by intensive tapping.

For expert advices as to the suitability of the various kinds of organic manures,

Please consult,

Malabar Fertilisers & Industrials Ltd.

KOTTAYAM, Travancore.

Telegrams: FERTILISER. Telephone 75.

The Anandam Rubber Co., Ltd.

(Incorporated in 1942)

MANAGING AGENTS:

Messrs. A. V. George & Co., Ltd.

AUTHORISED CAPITAL Rs. 5,00,000
Divided into 25,000 7% Cum. Pref: Shares of Rs. 10 each and
25,000 Ordinary Shares of Rs. 10 each.

ISSUED CAPITAL Rs. 5,00,000
Divided into 25,000 7% Cum. Pref: Shares of Rs. 10 each and
25,000 Ordinary Shares of Rs. 10 each.

DEBENTURES ISSUED Rs. 1,75,000
1750 6% Travancore Tax Free Debentures of Rs. 100 each.

Directors

A. V. MATHEW ESQ. T. KURUVILLA THOMAS ESQ.
M. A. M. MUTHURAMAN CHETTIAR ESQ. C. J. KURIAN ESQ.
A. V. GEORGE ESQ.

Total estimate of Rubber is 1,32,000 lbs.

The Company owns the Devaroli Group Estate at Ranni, & the Kanambra Estate at Malabar.

The total planted area under Rubber is 463.33 acres and other produce such as pepper, Cashew etc., are also cultivated.

THE ESTATES PRODUCE SHEET RUBBER OF GOOD QUALITY WHICH IS IN GREAT DEMAND IN THE MARKET.

6¼% Dividend was paid for 1943 and 5% in 1944.

ഭാരതീയ സംസ്കാരത്തെ ആദരിച്ചിരുന്ന പാശ്ചാത്യൻ


(വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള, പി. ഒ. എൽ.)

ഭാരതീയ സംസ്കാരത്തോട് അളവറ്റ താല്പര്യം പ്രദർശിപ്പിച്ചിരുന്ന പാശ്ചാത്യപണ്ഡിതന്മാരുടെ കൂട്ടത്തിൽ ഒരു പ്രധാന സ്ഥാനം അർഹിക്കുന്ന മാന്യനാണ് പ്രൊഫസർ സി. ആർ. ലാൻമാൻ (8-7-1850—20-2-1941) അമേരിക്കൻ ഐക്യനാട്ടുകളിൽ കണെക്ടിക്കട്ടിൽ നാർവിച്ച് എന്ന സ്ഥലത്തു ജാതനായ അദ്ദേഹം ഇരുപത്തിയൊന്നാമത്തെ വയസ്സിൽ യേൽ സർവ്വകലാശാലയിൽനിന്നു ബിരുദം നേടി. സർ രാമകൃഷ്ണഗോപാലഭണ്ഡാർക്കരെപ്പോലെ തന്റെ പരിശ്രമപദ്ധതിയിൽ രണ്ടാംസ്ഥാനം മാത്രമേ അദ്ദേഹം സംസ്കൃതത്തിനു നൽകിയുള്ളൂ. എന്നാൽ ജർമ്മനിയിലെ ഭാരതപ്രണയികളുടെ പ്രഥമ പരമ്പരയിൽപ്പെട്ട റാത്ത്, വീബർ മുതലായവരുടെ മാർഗ്ഗപ്രദർശകത്വത്തിൽ അദ്ദേഹം ചിന്നീട് വലിയ സംസ്കൃതാഭിമാനിയായിത്തീർന്നു. ക്രി. പി. 1880-ൽ ലാൻമാൻ വേദങ്ങളെ സംബന്ധിച്ചു് ഒരു ഗ്രന്ഥം (A Statistical Account of Noun Inflection in the Veda) പ്രസിദ്ധപ്പെടുത്തി. അറുപത്തിയഞ്ചോളം സംവത്സരങ്ങൾ കഴിഞ്ഞിട്ടും അതു് ഇന്നും വേദപരമായ പഠനത്തിനു ഒരു പ്രാമാണികഗ്രന്ഥമായിത്തന്നെ വിളങ്ങുന്നു. 1888-ൽ സംസ്കൃതാഭ്യസനത്തിനുപകരിക്കുന്ന ഒരു പുസ്തകം (Sanskrit Reader with Vocabulary and Notes) എഴുതി. അതിന്റെ നൂറിലധികം പതിപ്പുകൾ കഴിഞ്ഞിട്ടുണ്ട്. അത്തരം ഗ്രന്ഥങ്ങൾക്കു അതൊരുത്തമമാതൃകയാണിന്നും. ഭാരതസംസ്കാരവിഷയകമായ അദ്ദേഹത്തിന്റെ പ്രധാന സംഭാവന ഹാർവാർഡ് പൗരസ്ത്യഗ്രന്ഥാവലി (Harvard Oriental Series)യുടെ സ്ഥാപനമാണ്. 1891-നു ശേഷം നാല്പത്തിയൊന്നു സംവത്സരം കൊണ്ടു അദ്ദേഹം പ്രസ്തുത ഗ്രന്ഥാവലിയിൽ മുപ്പത്തിയൊന്നു സഞ്ചികകൾ പ്രസാധനം ചെയ്തു. ചരമസമയത്തു്, ജ്യോദത്തിനു ഗെൽഡ്നർ രചിച്ച ഭാഷാന്തരത്തിന്റെ മൂന്നു വാല്യങ്ങൾ പരിശോധിച്ചു പ്രസ്സിലേയ്ക്കയക്കാൻ തയാറാക്കി വച്ചിരുന്നു. മുൻപറഞ്ഞ പത്രഗ്രന്ഥത്തിനു തുല്യം പ്രാധാന്യമുള്ള മറ്റൊരു പൗരസ്ത്യഗ്രന്ഥാവലി പാശ്ചാത്യദേശത്തുണ്ടായിരുന്നതു് മാക്സ്മുള്ളരുടെ നാല്പത്തിയൊൻപതു വാല്യങ്ങൾ അടങ്ങിയ "പൗരസ്ത്യദേശത്തെ പരിശുദ്ധഗ്രന്ഥങ്ങൾ" (Sacred Books of the East) ആയിരുന്നു. ഹാർവാർഡ് പൗരസ്ത്യഗ്രന്ഥാവലിയുടെ ഓരോ സഞ്ചികയിലും പ്രൊഫസറുടെ പ്രതിഭ പ്രതിബിംബിച്ചിരുന്നു. ആ ഗ്രന്ഥപരമ്പരയിൽ ലാൻമാന്റെ സ്വന്ത സംഭാവന കർപ്പൂരമഞ്ജരിയുടെ ആംഗലഭാഷാന്തരമായിരുന്നു. തജ്ജിമകൾ പരിശോധിക്കുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന നിഷ്കർഷ ചില സഹപ്രവർത്തകന്മാരിൽ ക്ഷോഭം ഉളവാക്കി. മുഖം നോക്കാതെ തെറ്റു ചൂണ്ടിക്കാണിച്ചു വന്നതാണിതിനുഹേതു. മറുപണ്ഡിതന്മാർ തുടങ്ങിവച്ച അഥർവ വേദഭാഷാന്തരം, ബുദ്ധഘോഷന്റെ വിശുദ്ധിമാർഗ്ഗഭാഷാന്തരം മുതലായവ അദ്ദേഹം പൂർത്തിയാക്കേണ്ടിവന്നു. തൻമൂലം സ്വന്തമായി അധികം എഴുതാൻ പ്രൊഫസർക്കു സൗകര്യം ലഭിച്ചില്ല. മുമ്പു പറഞ്ഞ ഗെൽഡ്നറുടെ ജ്യോദഭാഷാന്തര പ്രസാധനത്തിൽ അദ്ദേഹം ഏർപ്പെട്ടതു് എൺപത്തിയെട്ടു വയസ്സിനു ശേഷമാണ്. ഇവയ്ക്കുപുറമെ അമേരിക്കൻ ഓറിയണ്ടൽ സൊസൈറ്റി ജേർണലിന്റെ പത്രാധിപരിൽ ഒരാൾ എന്ന നിലയിലും പതിനഞ്ചു വർഷം ലാൻമാൻ പ്രയത്നിച്ചു. അമേരിക്കൻ ഫൈലോളജിക്കൽ അസോസിയേഷൻ വക പ്രസിദ്ധീകരണങ്ങളുടെ മേൽ നോട്ടം അദ്ദേഹം ആറുവർഷം വഹിച്ചു. ഏറെറടുത്ത എല്ലാം പ്രവൃത്തികളിലും അത്മാർഹൃദയംഗമമായി പങ്കുകൊണ്ടു.

1880-ൽ ലാൻമാൻ ഹാർവാർഡ് സർവകലാശാലയിൽ പ്രൊഫസറായി ചേർന്നു. അമ്പതു സംവത്സരം അദ്ദേഹം ആ സ്ഥാനമലങ്കരിച്ചു. ചരമത്തിനു രണ്ടുവർഷംമുമ്പാണ് പ്രൊഫസർ ഹാർവാർഡ് പൗരസ്ത്യഗ്രന്ഥാവലിയുടെ അധിപത്യം വിട്ടതു്. അതും തീരെ വയ്യാതായതുകൊണ്ടുമാത്രം.

ലോകത്തിലെ പ്രധാന സർവകലാശാലകളും വിദ്വൽസമിതികളും ആ മാന്യനെ യഥായോഗ്യം ബഹുമാനിച്ചു. 1929-ൽ പ്രൊഫസറുടെ സഹപ്രവർത്തകന്മാരും സ്നേഹിതന്മാരും ആയ വിവിധദേശവാസികൾ ചേർന്നു 'ഭാരതീയപഠനം' സംബന്ധിച്ച ഒരു വിപുലഗ്രന്ഥം തയാറാക്കി കൃതജ്ഞതാപൂർവ്വം അദ്ദേഹത്തിനു സമർപ്പണംചെയ്തു. 1889-ൽ അദ്ദേഹം ഇൻഡ്യ സന്ദർശിച്ചു. അതിനുശേഷം പ്രൊഫസർ ചെയ്ത പ്രസംഗങ്ങളിൽ ഇൻഡ്യയെ സംബന്ധിച്ച അദ്ദേഹത്തിന്റെ സ്പൃഹണീയമായ സ്മരണകൾ അടങ്ങിയിരുന്നു.

ഏറ്റവും ഏകിയതരത്തിലുള്ള കുടുംബജീവിതമാണ് ആ മഹാൻ നയിച്ചിരുന്നതു്. മുപ്പത്തിയെട്ടാമത്തെ വയസ്സിൽ വിവാഹിതനായി. ഭർതൃചരമത്തിനു് അഞ്ചുകൊല്ലംമുമ്പു് പത്നി മരിച്ചു. ആ സന്താനങ്ങളിൽ നാലു പുത്രിമാരും ഒരു പുത്രനും ശേഷിച്ചിട്ടുണ്ട്. സാധാരണമട്ടിൽ കഴിഞ്ഞുകൂടിയിരുന്ന ലാൻമാൻ അനന്തരപരമ്പരകൾക്കു നൽകിയിട്ടുള്ളതു് അദ്ദേഹത്തിന്റെ വമ്പിച്ച ഗ്രന്ഥശാലയാണ്. നടക്കുന്നതിലും നീന്തുന്നതിലും അന്യംവരെ വിരുതനായിരുന്നു. എപ്പോഴും പ്രവൃത്തിനിരതനും മിതവ്യയിയും ഉന്മേഷപ്രിയനുമായിരുന്ന ആ മഹാശയൻ നമ്മുടെ ശാശ്വതസ്മരണയ്ക്കു് അർഹനാണ്.





റൂസ്വെൽറ്റ്

ജനറലിസ്സിമോ
ചിയാങ്ങ് കൈഷെക്ക്



മുസ്സോളിനി



ഹിറ്റ്ലർ

Indo-Mercantile Bank Ltd.

(Incorporated in Cochin State with limited liability)

A SCHEDULED BANK

BRANCHES:

Cochin, Ernakulam, Trichur, Chittur, Madras, Calicut, Coimbatore, Palghat, Alwaye, Changanacherry, Kottayam, Alleppey, Quilon, Kayamkulm, Main Road-Trivandrum, Chalai-Trivandrum, Nagercoil, Vadassery [Pay Office] & Alagappanagar [Pay Office].

AUTHORISED CAPITAL	Rs. 50,00,000
SUBSCRIBED CAPITAL	„ 24,78,300
PAID UP CAPITAL	„ 11.75,060
Total Deposits exceed	„ 1,25,00,000
Total Resources exceed	„ 1,85,00,000

Madras Office at 121, Armenian Street.

All Kinds of banking business transacted.

FOR TERMS APPLY TO HEAD OFFICE OR BRANCHES

P. S. VISWANATHAN
GENERAL MANAGER.

POPATLAL GOVERDHAN LALAN,
MANAGING DIRECTOR.

THE
PORTLAND RUBBER ESTATES Ltd.

(INCORPORATED UNDER THE INDIAN COMPANIES ACT, 1913 IN COORG)

CAPITAL

Authorised	Rs. 12,00,000
Issued	Rs. 8,00,000

Divided into

60,000, 6% Cumulative Pref: Shares of Rs. 10 each
60,000 Ordinary Shares of Rs. 10 each.

And

5 per cent Tax-free DEBENTURES of Rs. 4,00,000 divided into 4,000 Debentures of Rs. 100 each.

MANAGING AGENTS:

THE PLANTING AGENCIES (India) LTD.
ALLEPPEY.

Registered Office:

MAKUT, COORG.

The Company owns the Rubber Estate of Portland situated in Coorg.

Estimated Crop for 1945-46: 2,50,000 lbs.

THE KAILAS RUBBER CO., LTD.

(INCORPORATED IN 1943)

Managing Agents: Messrs. A. V.George & Co., Ltd.

AUTHORISED CAPITAL Rs. 15,00,000

Divided into 7,50,000 Shares of Rs. 2 each

ISSUED CAPITAL Rs. 6,00,000

Divided into 3,00,000 Shares of Rs. 2 each.

DEBENTURES ISSUED Rs. 5,75,000

5750 6% Debentures of Rs. 100 each.

Of the Debentures Rs. 25,000 worth was redeemed on the 1st September 1944 and Rs. 50,000 will be redeemed on the 1st Sept. 1945.

Directors

A. V. GEORGE ESQ. — T. KURUVILLA THOMAS ESQ.

M. A. M. MUTHURAMAN CHETTIAR ESQ. — M. C. MATHEW ESQ.

Trustees of Debenture holders:

DR. A. M. JACOB — M. A. M. MUTHURAMAN CHETTIAR. ESQ.

Estimated Crop of Rubber for the year 3,80,000 lbs.

The Company owns the Paalali Estate at Kulasekaram, South Travancore, and the Pathanapuram Estate in Central Travancore. These Estates were originally under the Management of Messrs. Harrisons & Crosfield Ltd. Paalali Estate which has been described as the best in India, is one of a famous group of Rubber Estates situated in South Travancore which has been planted and maintained under supervision of expert European Planters. Paalali is one of the very few Estates where spraying is not necessary. The total area of the Estate is 376.66 acres of which 366·10 acres are mature budded and clonal java rubber trees and 10 acres of immature budded rubber. The Estate has a record yield of 1,000 lbs. per acre.

To cope with the increasing crop it is now decided to construct a new building of the most modern type with a capacity to handle maximum crop for the future.

The total area of the Pathanapuram Estate is 266.84 acres of which 222.94 acres are under Rubber. Of the Rubber area 167.42 are seedling mature trees under tapping and the rest immature Buded Rubber of the high yielding clones.

The Company possesses these two very valuable Estates, both of which are expected to give good account of themselves. The Rubber trees being young, satisfactory crops are assured for a long time.

Paalali Estate Clonal Seed from high yielding Buded trees are in great demand, & large quantities of Bud-wood are sold annually & provide a good margin of profit.

The following varieties of Budwood and seeds are available: TJR 1, TJR 16, PB 23, PB 25, PB 86, PB 123, PB 155, PB 180, PB 186, AV 49, BO 10, SR 9, H 2, DJA, PTJ 10, CT 88, S 9, V 71

The Company has paid 10% in 1943 and 10% in 1944.

THE
TRAVANCORE AGENCIES
KOTTAYAM.

Travancore, S. India.

Telegrams:
TRAGENCIES.

Telephone:
Office No. 73
Mg. Director's Residence No. 70

REPRESENTATIVES

For

TRAVANCORE, COCHIN & MALABAR

For

Flory Perfumeries, Frutico Products

AND

THE SOUTH INDIA AGENCIES MADRAS.

We undertake the Purchase & Sale of

TEA, RUBBER & COFFEE ESTATES IN INDIA

1944 BUSINESS TURNOVER : ONE MILLION POUNDS STERLING.

Enquiries solicited regarding Purchase & Sales of Estates.

റബറിന്റെ ഭാവി

(എ. വി. ജോർജ് കോട്ടയം)

യുദ്ധസാഹചര്യങ്ങളിൽ അസാധാരണമായി വളർന്നു പരിപുഷ്ടി പ്രാപിച്ച അനേകം ഇൻഡ്യൻ വ്യവസായങ്ങളുടെ കൂട്ടത്തിൽ മിക്കവാറും അദ്വിതീയ സ്ഥാനത്തെ അർഹിക്കുന്ന ഒന്നാണ് റബർ എന്നു പറയാം. സാർവലൗകികമായ വിപണിപ്രാധാന്യമുള്ള ഈ ഉല്പന്നത്തിന്റെ വിളഭൂമിയെന്ന നിലയിൽ നമ്മുടെ തിരുവിതാംകൂർ രാജ്യവും മുന്നണിയിൽ തന്നെ നില്ക്കുന്നു എന്നുള്ളതു് അഭിമാനകരമായ ഒരു പരമാർത്ഥമാണ്. ഈ രാജ്യത്തിന്റെ സാമ്പത്തികോൽഗതിയിൽ റബർ സർവപ്രധാനമായ ഒരു സ്ഥാനം വഹിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

യുദ്ധം പൊട്ടിപ്പുറപ്പെട്ടതോട്ടുകൂടി ആവിർഭവിച്ച അസാധാരണപരിതസ്ഥിതികളിൽ റബർ വ്യവസായം അവശതയിൽനിന്നു് ഐശ്വര്യത്തിലേക്കു് ചാടിക്കുതിച്ചുയർന്നു. യുദ്ധം അവസാനിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ റബറിന്റെ ഭാവി എന്തായിരിക്കും എന്ന പ്രശ്നം സാമ്പത്തിക ലോകത്തിന്റെ സവിശേഷ ശ്രദ്ധയ്ക്കു വിഷയമായിരിക്കുകയാണ്. ദക്ഷിണേന്ത്യൻ വ്യവസായികൾക്കു് ഈ പ്രമേയം ജീവസ്പർശിയായി വർത്തിക്കുന്നു. അവരുടെ വ്യാവസായിക നിക്ഷേപങ്ങളിൽ ഒരു വമ്പിച്ച ഭാഗം റബർ തോട്ടങ്ങളിൽ അണല്ലൊ സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്.

യുദ്ധത്തിനുമുമ്പു് റബർ വ്യവസായത്തെ ബാധിച്ചിരുന്ന അവശത അനല്പമായിരുന്നു. സമൃദ്ധമായ ഉല്പാദനം, താരതമ്യേന വിരളമായ ആവശ്യം—ഇതായിരുന്നു അന്നത്തെ നില. 1939—ലെ കണക്കനുസരിച്ചു 16 ലക്ഷം ടൺ റബറായിരുന്നു ആകെക്കൂടിയുള്ള ലോകത്തിലെ ഉല്പാദനം. ഉപയോഗമാണെങ്കിൽ, 11 ലക്ഷം ടൺ മാത്രം. അങ്ങനെ ആവശ്യമുള്ളതിൽ 50 ശതമാനം കൂടുതൽ റബർ മാർക്കറ്റിലേക്കു് പ്രവഹിച്ചിരുന്നു. യുദ്ധത്തിന്റെ ആവിർഭാവത്തോടുകൂടി സ്ഥിതിഗതികൾ മാറി വീണു. റബറിന്റെ ആവശ്യം വളരെ വർദ്ധിച്ചു. ആധുനികകാലത്തെ സമരോപകരണസജ്ജീകരണത്തിൽ റബർ പരമപ്രധാനമായ ഒരു ഘടകമായി ഭവിച്ചു. ഐക്യകക്ഷികളെ സംബന്ധിച്ചിടത്തോളം ഉല്പാദനമാർഗ്ഗങ്ങൾ തുലോം ചുരുങ്ങി. മലയാ, നെതർലൻഡ്സ്, ഇൻഡ്യാ, ഇൻഡോചൈന, തെയ്ലൻഡ്, ബോർണിയോ, ബർമ്മാ ഈ രാജ്യങ്ങളായിരുന്നു അതിപ്രധാനമായ റബർ ഉല്പാദനകേന്ദ്രങ്ങൾ. ലോകത്തിൽ ആകെയുള്ള 16 ലക്ഷം ടണ്ണിൽ 14ലക്ഷം ടൺ റബറും ഇവിടങ്ങളിൽനിന്നാണ് കിട്ടിക്കൊണ്ടിരുന്നതു്. ഈ പ്രദേശങ്ങളെല്ലാം ജപ്പാനധീനമായപ്പോൾ റബറിനെ സംബന്ധിച്ചിടത്തോളം ഐക്യകക്ഷികളുടെ നില വളരെ പരുങ്ങലിലായി. പ്രവൃദ്ധമായ ആവശ്യം, ആവശ്യത്തിനു തികയാത്ത ഉല്പാദനം, ഇങ്ങനെ ജാപ്പാക്രമണത്തെ തുടർന്നുണ്ടായ പരിതഃസ്ഥിതിയിൽ സാധാരണ സാമ്പത്തിക നിയമങ്ങൾക്കു നിർബാധം പ്രവർത്തനസ്വാതന്ത്ര്യം അനുവദിച്ചിരുന്നുവെങ്കിൽ, റബറിന്റെ വില നിലവിലുള്ള മാർക്കറ്റു നിരക്കിനെക്കാൾ എത്രയോ അധികം ഉയരേണ്ടതായിരുന്നു. എന്നാൽ സമരത്തിന്റെ വിജയപൂർവമായ പര്യവസാനത്തിൽ ബദ്ധശ്രദ്ധരായ ഗവർമ്മെൻറുകൾക്കു്, അതുപോലെയൊരു സാമ്പത്തിക സ്വാതന്ത്ര്യം അനുവദിക്കുവാൻ നിവൃത്തിയില്ലാതെ വന്നു. അങ്ങനെ അവർ ഒരു നിശ്ചിത നിരക്കും നിയന്ത്രണവും നടപ്പിലാക്കി. മാത്രമല്ല, റബറിന്റെ ഉല്പാദനം വേണ്ടത്ര വർദ്ധിപ്പിക്കുവാനുള്ള ബദ്ധപ്പാടുകളും സുശക്തമായിആരംഭിച്ചു. അങ്ങനെ കൃത്രിമ റബർ ഉല്പാദിപ്പിക്കുവാൻ ഒരു വമ്പിച്ച പരിപാടി അമേരിക്ക ഏറ്റെടുക്കുകയുണ്ടായി, തൽഫലമായി 1944--ൽ 8 ലക്ഷം ടൺകൃത്രിമ റബർ ഉണ്ടാക്കുവാൻ അമേരിക്കൻ ഫാക്ടറികൾക്കു സാധിച്ചു. ഈ വർഷം അതു് 11 ലക്ഷമായി വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. അതിനു പുറമെ കാനഡായും കൃത്രിമ റബർ നിർമ്മാണത്തിൽ ഇപ്പോൾ വ്യാപൃതയായിരിക്കയാണ്. 4 ലക്ഷം ടൺ റബർ ഉണ്ടാക്കാനുള്ള സജ്ജീകരണങ്ങളോടുകൂടി വലിയ തോതിലുള്ള ഫാക്ടറികൾ അവിടെ പണി പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു.




സാൻഫ്രാൻസിസ്കോയിൽ ബ്രിട്ടീഷും അമേരിക്കനും റഷ്യനും വിദേശകാര്യമന്ത്രിമാർ കൂടിയാലോചനകൾ നടത്തുന്നു.

അഖിലലോക രാഷ്ട്രങ്ങൾ മഹായുദ്ധത്തിൽ നിന്നു വിരമിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ റബറിന്റെ ഉല്പാദനനില സമരാരംഭകാലത്തേക്കാൾ വളരെ വ്യത്യസ്തമാണ്. അന്നു ഏതാണ്ടു നാമമാത്രമായിരുന്ന കൃത്രിമ റബർ ഇന്നു 15 ലക്ഷം ടണ്ണിന്റെ നിർമ്മാണസാദ്ധ്യതയുള്ള ഒരു മികച്ച വ്യവസായമായി വളർന്നിട്ടുണ്ട്. ജാപ്പധീനതയിൽനിന്നും വിമുക്തമായിട്ടുള്ള മലയാ തുടങ്ങിയ പ്രദേശങ്ങളിൽ ഉടൻതന്നെ പഴയപടി റബർ നിർമ്മാണം ആരംഭിക്കുമെന്നു ചിലർ ഭയപ്പെടുന്നു. ഭാവിയിലേക്ക് നോക്കുമ്പോൾ, പരിഗണനാർഹമായ പ്രശ്നങ്ങൾ രണ്ടാണ്. റബറിന്റെ അത്യാവശ്യം ഇന്നത്തെ രീതിയിൽതന്നെ തുടരുമോ? കൃത്രിമ റബറിന്റെ ഭാവി പരിപാടി എന്താണ്? മലയൻ റബറിന്റെ ഉല്പാദനം ഏതു രൂപമാണ് കൈക്കൊള്ളുക? യുദ്ധത്തിൽനിന്നും സമാധാനത്തിലേക്കുള്ള പരിവർത്തനഘട്ടമെന്നും ശാശ്വതമായ സമാധാനകാലമെന്നും രണ്ടു രീതിയിലാണ് ഈ പ്രശ്നങ്ങൾക്കു സമാധാനം അരായേണ്ടതു്.

യുദ്ധകാലത്തിലെ അസാധാരണതലത്തിൽനിന്നു സമാധാനവ്യവസ്ഥിതിയുടെ സാധാരണതലത്തിലേക്ക് ലോകത്തിന്റെ സാമ്പത്തിക സംവിധാനം പരിവർത്തനം ചെയ്യുവാൻ കുറഞ്ഞതു് രണ്ടു മൂന്നു വർഷങ്ങൾ വേണം. അതിനിടയ്ക്കു റബറിന്റെ അവശ്യം രാജ്യാന്തരവിപണിയിൽ അധിപ്രതിക്കുവാൻ ഇടയുണ്ടോ? ഉണ്ടെന്നു തോന്നുന്നില്ല. ബോംബാക്രമണംകൊണ്ടും മറ്റും നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഏതാനും ചില യൂറോപ്യൻ രാജ്യങ്ങൾ ഒഴിച്ചാൽ, യുദ്ധകാലത്തെ ഐശ്വര്യത്തിന്റെ ഫലമായി ധനസമൃദ്ധിയും സാധാരണ മനുഷ്യന്റെ ക്രീണശക്തിയും (Furchasing Power) ഗണനീയമായി പൊതുവെ വർദ്ധിച്ചിട്ടുണ്ട്. നാലഞ്ചു വർഷങ്ങളായി വളർന്നു നില്ക്കുന്ന ഗാർഹികാവശ്യങ്ങൾ അണകെട്ടി നിറുത്തിയിരുന്ന വെള്ളച്ചാട്ടത്തിന്റെ മട്ടിൽ ഇപ്പോൾ തിങ്ങി കരകവിയാറായി നില്ക്കുകയാണ്. ധനസമൃദ്ധി ഒരു വശത്തും ഉല്പന്നവിരളമായ വിപണി മറുവശത്തും—അതാണ് ഇന്നത്തെ വാണിജ്യലോകാവസ്ഥ. രാജ്യാന്തര വിപണി തേടുന്ന ഉല്പന്നങ്ങളിൽ റബർ നിർമ്മിത സാധനങ്ങൾക്ക് ഒരു പ്രധാന സ്ഥാനമുണ്ട്. 1943-ലെ കണക്കനുസരിച്ചു പന്ത്രണ്ടര ലക്ഷത്തിൽപരം അമേരിക്കർ പുതിയ കാറുകൾ വാങ്ങുവാൻ അപേക്ഷിച്ചിരുന്നതായി കാണുന്നു. ഈ വർഷത്തിന്റെ അവസാനത്തോടുകൂടി ആ രുക മൂന്നിരട്ടിയായി വർദ്ധിച്ചിരിക്കുമെന്നു പ്രതീക്ഷിക്കുന്നുണ്ട്. ഈ പുതിയ കാറുകൾക്കു ടയറും ട്യൂബും നിർമ്മിക്കുന്നതിനു പുറമെ, പഴയ കാറുകൾക്കു പുതിയ ടയറുകൾ നൽകേണ്ട കാര്യവും ഗുരുതരമാണ്. ഇതിനും പുറമെ അനുദിനജീവിതത്തിൽ ആവശ്യമുള്ള ഇതര റബർ സാമഗ്രികൾ എത്രയെത്ര! നശിച്ചു തരിപ്പണമായിരിക്കുന്ന യൂറോപ്യൻ രംഗങ്ങളുടെ പുനഃസ്ഥാപനത്തിലും റബർ ഒരു വലിയഭാഗം നിർവഹിക്കേണ്ടതുണ്ട്. അതുകൊണ്ടു രണ്ടുമൂന്നു വർഷത്തോളം നീണ്ടുനിൽക്കാൻ ഇടയുള്ള പരിവർത്തനഘട്ടത്തിൽ റബർ വിപണി ശ്രദ്ധിക്കുവാനല്ല, വികസിക്കുവാനേ മാർഗ്ഗമുള്ളു.

മലയാറബറിന്റെ അവസ്ഥ ഇന്നും അനിശ്ചിതമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ജപ്പാൻകാർ തോട്ടങ്ങളെല്ലാം സമൂലം നശിപ്പിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്ന ഒരു പക്ഷം ഉണ്ട്. അതിൽ അത്ര കഴമ്പുണ്ടെന്നു തോന്നുന്നില്ല. അങ്ങനെ അനായാസേന വെട്ടി മുറിച്ചു തള്ളത്തക്കവയല്ല ലക്ഷോപലക്ഷങ്ങളായി നിരന്നു നില്ക്കുന്ന റബർ വൃക്ഷങ്ങൾ. എന്നാൽ റബർ ഉല്പാദനത്തിൽ അവിടെ മറ്റു ചില പ്രതിബന്ധങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ട്. നശിച്ചു ഉപയോഗശൂന്യമായ ഫാക്ടറികളും, കെട്ടിടങ്ങളും തകർന്ന താരുമാരായഗതാഗതസൗകര്യങ്ങൾ, ചിതറി അശക്തരായ കൂലിവേലക്കാർ—ഈ പരിതസ്ഥിതിയിൽ, ഉള്ള ചെടികളിൽനിന്നു റബർ എടുക്കുക സാധ്യമല്ല. കാര്യങ്ങൾ പൂർവാവസ്ഥിതി പ്രാപിക്കുവാൻ കുറച്ചു കാലം പിടിക്കുകതന്നെ ചെയ്യും. ഒന്നു രണ്ടു വർഷത്തേക്കു മലയാറബറിന്റെ മൽസരം ഉണ്ടാകുകയേ ഇല്ലെന്നു ന്യായമായി പ്രതീക്ഷിക്കാം.

കൃത്രിമ റബറിന്റെ നില എങ്ങനെയിരിക്കുന്നു? അമേരിക്കയിലും കാനഡായിലും റഷ്യയിലുമായി സ്ഥാപിച്ചിരിക്കുന്ന കൃത്രിമ റബർ ഫാക്ടറികൾ നശിപ്പിക്കുമെന്നോ ഉല്പാദനം ഗണ്യമായ തോതിൽ കുറയ്ക്കുമെന്നോ പ്രതീക്ഷിക്കുന്നതു് അസ്ഥാനത്തായിരിക്കും. എന്നാൽ അതിന്റെ ഉല്പാദനം ഇന്നത്തേതിൽ കൂടുതൽ വർദ്ധിപ്പിക്കുകയില്ലെന്നു വിശ്വസിക്കുവാൻ കാരണങ്ങളുണ്ട്. കൃത്രിമ റബർ നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന ബ്യൂട്ടാഡൈൻ ഇംഗ്ലണ്ടിൽ ചിലർ നടത്തിയ പ്രക്ഷോഭണം അപജയത്തിൽ കലാശിക്കുകയുണ്ടായി. സമരസമ്മർദ്ദത്തിൽ രൂപമെടുത്ത ഒരു വ്യവസായമെന്നല്ലാതെ സ്ഥായിയായ ഒരു വ്യവസായമായി ഉത്തരവാദിത്വമുള്ള കേന്ദ്രങ്ങൾ ഒന്നുതന്നെ കൃത്രിമ റബർനിർമ്മാണത്തെ വിഭാവന ചെയ്തിട്ടില്ല. കഴിഞ്ഞ അമേരിക്കൻ പ്രസിഡന്റു വാല



യുദ്ധത്തിൽ മുറിവേറ്റ അമേ. ഭടന്മാരെ വഹിച്ചുകൊണ്ട് ഒരു അമേ. ആശുപത്രിക്കപ്പൽ ലെയ്റ്റി ദ്വീപിൽനിന്നും പുറപ്പെടുന്നു.

സ് തുടങ്ങിയവർ അതിന്റെ ഭാവിയെ സംബന്ധിച്ചടത്തോളം സന്ദേഹാലുക്കളാണ്. പക്ഷെ നിലവിലുള്ള ഫാക്ടറികൾ പരിവർത്തനകാലത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടേയിരിക്കും. അമേരിക്കൻ റബർ ഡയറക്ടർ ആ വസ്തുത അസന്നിഗ്ധമായി വിശദമാക്കിയിട്ടുണ്ട്. പറഞ്ഞാൽ, ഉല്പാദനവിഷയത്തിൽ റബറിന്റെ നിലയ്ക്കു വലിയ വ്യത്യാസം ഉണ്ടാവുകയില്ല.

അങ്ങനെ, വികസിച്ച വിപണിയും അതുപോലെ വർദ്ധിക്കാത്ത ഉല്പാദനവും ആയിരിക്കും പരിവർത്തനഘട്ടത്തിന്റെ നില. അതുകൊണ്ട് പെട്ടെന്ന് വിലയിടിവുണ്ടാകുമെന്ന് ആശങ്കയ്ക്ക് അവകാശമില്ല. രണ്ടുമൂന്നു വർഷത്തേക്കെങ്കിലും റബറിന്റെ ഭാവി പരമശോഭനമായിരിക്കുമെന്നതന്നെ പ്രതീക്ഷിക്കാം.

യുദ്ധകാലത്തെ തുടർന്നുള്ള കോളിളക്കങ്ങൾക്കുശേഷം റബറിന്റെ നില എങ്ങനെയായിരിക്കും? പരിവർത്തനഘട്ടത്തെ അപേക്ഷിച്ചു റബർ വിപണിക്ക് ഒരു വേലിയിറക്കം ഉണ്ടാവാതെതരമില്ല. പക്ഷെ കിഴക്കാംതൂക്കായ ഒരു അധഃപതനം ആ വിഷയത്തിൽ അസംഭാവ്യമാണ്. മാത്രമല്ല, പൂർവ്വസ്ഥിതി പ്രാപിച്ചതിനുശേഷം ക്രമപ്രവൃദ്ധമായ ഒരു പുരോഗതിയായിരിക്കും റബർവ്യവസായത്തിനുണ്ടാവുക. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങളിൽനിന്നു റബറിനു പുതിയ ഉപയോഗങ്ങൾ കണ്ടുപിടിക്കുവാൻ ഇടയുണ്ട്. വ്യവസായിക വികസനത്തോടുകൂടി റബറിന്റെ ഉപയോഗവും അവശ്യവും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നതാണ്. വികസോന്മുഖമായ ഗതി യുദ്ധത്തിനുമുമ്പുതന്നെ റബർവ്യാപാരത്തിന്റെ പ്രത്യേക ലക്ഷണമായിരുന്നു. അഖിലലോക വിപണികളിൽ ചെലവായിക്കൊണ്ടിരുന്ന റബറിന്റെ ഒരു സ്ഥിതിവിവരക്കണക്കു താഴെ നൽകിയിരിക്കുന്നു. അതിൽനിന്നും മേൽ ഉദ്ധരിച്ച പരമാർത്ഥം സ്പഷ്ടമാകുന്നതാണ്.

1922—26	480,000
1927—31	700,000
1932—35	840,000
1936—39	1,100,000

ഓരോവർഷം കഴിയുംതോറും വ്യാപൃതിവർദ്ധിക്കുന്ന ഈ വിക്രയചക്രം ഭാവിയിൽ കുറച്ചുകൂടി വിപുലമാകുവാനേ തരമുള്ളൂ. 1948–ാമാണ്ടോടുകൂടി, സാധാരണപരിതസ്ഥിതിയിൽ റബർവിപണിയിൽ 20 ലക്ഷം ടൺ ചെലവാകുവാൻ സാദ്ധ്യതയുണ്ട് എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

അടുത്തു ശ്രദ്ധിക്കേണ്ടതു ഉൽപാദനപ്രശ്നമാണ്. മലയാറബർ പഴയപടിയൊ, ഒരുപക്ഷെ അതിൽഅല്പം ഉജ്ജ്വലമായൊ പ്രവർത്തനം ആരംഭിച്ചിരിക്കും. അതുകായ്യം നിസ്സംശയമാണ്. കൃത്രിമ റബറിന്റെ ഭാവി കേവലം ഭാവനാധിഷ്ഠിതമാണ്. സ്വാഭാവിക റബറുമായുള്ള മത്സരത്തിൽ പരാശ്രയംകൂടാതെ ജയിച്ചുനിൽക്കത്ത

S. H. ഫാർമസി H. O. തൊടുപുഴ

— ബ്രാഞ്ചുകൾ —

1. വാഴക്കുളം. 2. കാഞ്ഞാർ. 3. കൊച്ചി. 4. എറണാകുളം.
5. ആലുവാ. 6. പള്ളിവാസൽ. 7. കോട്ടയം.

ഞങ്ങളുടെ ചില പ്രത്യേക സിദ്ധൌഷധങ്ങൾ

രക്തവർദ്ധിനി

വിളർച്ച, വീക്കം, ചൊറി ചിരങ്ങുകൾ, അർശസ്സ്, പുണ്ണ്, വായുക്ഷോഭം എന്നീ നിരവധി രോഗങ്ങളെ അതിവേഗം മാറ്റി ശരീരത്തിൽ ശുദ്ധരക്തത്തേയും, ശുക്ളത്തേയും സമൃദ്ധിയായി വർദ്ധിപ്പിക്കുന്ന ഒരു ഉത്തമടോണിക്ക്. 16 ഔ. കുപ്പി 1–ന് 4 ക.

കേശവർദ്ധിനി

മുടികൊഴിച്ചിൽ അവിടവിടെ മുടികൊഴിഞ്ഞു വൃത്താകൃതിയിൽ വിരൂപമാകുക മുതലായ എല്ലാശിരോരോഗങ്ങളെയും മാറ്റികണ്ണിനു കുളിർമയേയും മുടിക്കുകാന്തിയേയും കൈവരുത്തുന്നതും മുടി ഇടതിങ്ങി വളരുന്നതിനു വളരെ വിശേഷപ്പെട്ടതുമായ ഒരു ഉത്തമതൈലം 16 ഔൺ കുപ്പി 1–ന് 5ക.

അജമാംസരസായനം

ക്ഷയം മുതലായ അനേകം സുഖക്കേടുകളെ നിശേഷം ശമിപ്പിച്ചു ഓജസ്സും, ആരോഗ്യവും വർദ്ധിപ്പിച്ചു ദീർഘായുസ്സുണ്ടാക്കും. പ്രസവരക്ഷക്ക് അത്യുത്തമം.

റാത്തൽ 1–ന് 4 ക.

ശശാങ്കരസായനം

അസ്ഥിസ്രാവം, ശുക്ളസ്രാവം, മൂത്രംചുടീൽ, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം എന്നീ ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങളേയും നശിപ്പിച്ചു ആരോഗ്യവും ശരീരപുഷ്ടിയും വർദ്ധിപ്പിക്കും.

റാത്തൽ 1–ന് 5 ക.

കൂടാതെ ആയുർവേദവിധിപ്രകാരം സസൂക്ഷ്മം പാകപ്പെടുത്തിയിട്ടുള്ള എല്ലാ ഔഷധങ്ങളും മിതമായ വിലക്ക് ഹെഡ്ഓഫീസിലും ബ്രാഞ്ചുകളിലും തയ്യാർ.—കൂടുതൽ വിവരങ്ങൾക്ക് കാറ്റലോഗിനു എഴുതുക.

രോഗവിവരം വിശദമായി എഴുതി അയയ്ക്കുന്നവർക്ക് ചികിൽസ നിശ്ചയിച്ചു മറുപടി അയയ്ക്കുന്നതും കത്തുകൾ രഹസ്യമായി സൂക്ഷിക്കുന്നതും ആകുന്നു.

വൈദ്യൻ: — ജോസഫ് ജെ. കുന്നക്കോട്ട്

S. H. ഫാർമസി H. O. തൊടുപുഴ തിരുവിതാംകൂർ

കുവണ്ണും കൃത്രിമ റബറിന്റെ നിർമ്മാണച്ചെലവു കുറഞ്ഞിരിക്കുമോ എന്നകാര്യം വളരെ സംശയകരമാണ്. വിദഗ്ധന്മാരുടെഅഭിപ്രായം,അതു് അസാദ്ധ്യമാണെന്നത്രെ. എതായാലും കൃത്രിമ റബർവ്യവസായം നടത്തുകതന്നെ വേണമെന്നാണ് അമേരിക്കരുടെ ഭാവമെങ്കിൽ ഗവർമ്മെന്റിന്റെ സഹായവും (Subsidy) താരിഫു സംരക്ഷണവും (tariff protection)അനുപേക്ഷണീയമാകും. രാജ്യാന്തര സൗഹാർദ്ദത്തെ സ്പർശിക്കുന്ന ഒരു പദ്ധതിയായിരിക്കും അതു്. അത്ഗ്രനൃവും ഫലഹീനവുമായ അവിധ മാത്സര്യങ്ങൾക്കു പ്രേരകമായിരിക്കുമോ ഇനിയത്തെ സാർവലൗകിക വ്യവസ്ഥിതി എന്നകാര്യം പ്രത്യേകം ചിന്താർഹമാണ്. സ്വാഭാവിക റബർ അനായസേന ലഭിക്കുമെന്നിരിക്കെ, മറ്റു രീതിയിൽ ഉപയോഗപ്രദമായ സാധനങ്ങൾ ഉപയോഗിച്ചു കൃത്രിമറബർ ഉണ്ടാക്കത്തക്ക മണ്ടന്മാരുണ്ടോ വ്യാവസായികലോകത്തിൽനിന്നും പ്രതീക്ഷിക്കേണ്ടതില്ല. അതുകൊണ്ടു കാലക്രമേണ കൃത്രിമറബറിന്റെ ഉല്പാദനം കുറച്ചുകൊണ്ടിരിക്കുമെന്നുവേണം ഊഹിക്കുവാൻ. ഈ വിഷയത്തിൽ ഗവേഷണം നടത്തിയിരുന്ന ചില കമ്മിറ്റികൾ, കൃത്രിമറബറിന്റെ നിർമ്മാണം മുന്നിലൊരുഭാഗമെങ്കിലും കുറയ്ക്കുമെന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നതു്. സാധാരണ സ്ഥിതിഗതികൾപുനഃസ്ഥാപിതമാകുമ്പോൾ ആകെക്കൂടി റബറിന്റെ ഉല്പാദനം ഏതാണ്ടു താഴെപ്പറയുന്നരീതിയിൽ ആയിരിക്കുമെന്ന ഒരു അമേരിക്കൻ ഗവേഷകസമിതി നിർദ്ദേശിക്കുകയുണ്ടായി.

കൃത്രിമറബർ

ജർമ്മനി	70,000.	റഷ്യാ	90,000
കാനഡാ	40,000	അമേരിക്ക	1,100,000
മറ്റുരാജ്യങ്ങൾ			50,000

പ്രാകൃതറബർ

ലാറ്റിൻ അമേരിക്ക	100,000
മലയായും ഇൻഡ്യയും	1,400,000
	2,850,000

സംഭാവ്യമായ റബർ ഉൽപാദനത്തിന്റെ പരമകോടിയാണ് ഇതു്. 13 ലക്ഷത്തിൽപരം ടൺ കൃത്രിമറബർ ഉണ്ടാകുമെന്നു് ഇവിടെ കണക്കാക്കിയിരിക്കുന്നതു് അല്പം അതിശയോക്തിപരമാണ്. അല്ല, മുന്നുദ്ധരിച്ചു കണക്കു സ്വീകരിക്കുന്നപക്ഷം ഉത്പാദനോദ്ദേശം ടൺ ഉല്പാദനവും. 20 ലക്ഷം ടൺ ചെലവും ഉണ്ടാകുമെന്നു കാണാം. അങ്ങനെ 8 ലക്ഷത്തിൽപരം ടൺ റബർ മാർക്കറ്റിൽ കൂട്ടത്തൽ വരാനിടയുണ്ട്.

ഇവിടെ ചില പ്രധാന കാര്യങ്ങൾ ശ്രദ്ധേയമായുണ്ട്. സ്വാഭാവിക റബർകൊണ്ടു മാത്രം ലോകത്തിന്റെ ആവശ്യങ്ങൾ മുഴുവൻ നിർവഹിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടു കൃത്രിമറബറിന്റെ നിർമ്മാണം അപരിത്യാജ്യമായിരുന്നു. റബറിന്റെ സംഭരണത്തിനുവേണ്ടി പൌരസ്ത്യരാജ്യങ്ങളെ ആശ്രയിച്ചുമാത്രം ഉരിക്കുക അത്മഹത്യാപരമായിരിക്കുമെന്നു അമേരിക്കൻ വ്യവസായികൾക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൃത്രിമ റബറിന്റെ ഉല്പാദനം തുടരണമെന്നു് അവർ ആഗ്രഹിക്കുന്നതിനു കാരണം അതാണ്. അവരുടെ റബർ രാജ്യാന്തരവിപണിയിലേക്കു ഉദ്ദേശിക്കപ്പെട്ടിട്ടില്ല. അങ്ങനെയൊരു മാത്സര്യവിഷയത്തിൽ കൃത്രിമറബറിനു പലവൈഷമ്യങ്ങളുമുണ്ടുതാനും. മിതമായ വിലയിൽ സാധാരണ റബർ നൽകുക എന്നതു സുരക്ഷിതമാകുന്നപക്ഷം കൃത്രിമറബറിന്റെ നിർമ്മാണം ഗണ്യമായി കുറയാതെ നിവ്വാഹമില്ല. കൃത്രിമ റബറിന്റെ നിർമ്മാണം അങ്ങനെ നിയന്ത്രണാത്തമാക്കുകയാണെങ്കിൽ റബറിന്റെ അമിതോല്പാദനം എന്ന ഒരു പ്രശ്നമേ ഉദിക്കുകയില്ല. സാമ്പത്തിക പരിഗണനകളും, വ്യാപാരസംബന്ധമായ നിയന്ത്രണങ്ങളും ആ നില ഉളവിപ്പിക്കുമെന്നു് ആശിക്കാം.

ഇൻഡ്യയിലെ റബർ അമേരിക്കൻ മാർക്കറ്റിലേക്കു ഇറക്കുമതിചെയ്യുകയാണെങ്കിൽ



മാർഷൽസ്റ്റാലിൻ



പ്രസി.ട്രൂമാൻ



ബ്രി. പ്രധാനമന്ത്രി ആറ്റ്ലി

ഉത്തരക്കടലാസ്

ചെറുകഥ—

(കാർത്തർ നീലകണ്ഠപ്പിള്ള)

കുട്ടികളുടെയിടയിൽ വലിയൊരുൽകണ്ഠ. അന്നാണ് പരീക്ഷാഫലം പറയുന്നത്. ആ സ്കൂളിലെ അഞ്ചും ആറും ക്ലാസുകളിലെ വിദ്യാർത്ഥികൾ നേരത്തെതന്നെവന്നുകൂടി. ഉച്ചതിരഞ്ഞപ്പോഴേക്ക് വിജയികളുടെ പേരുവായിക്കാൻ ഹെഡ്മാസ്റ്റർ വരാന്തയിലേക്കുവന്നു. ആ ബാലന്മാർ അടങ്ങിയൊതുങ്ങി തയ്യാറായിനിന്നു. അവർ ശ്വാസമടക്കിനിന്നു. എല്ലാരുടെയും നെഞ്ചുപിടച്ചു. ആ കുട്ടികളിലാരുമില്ല തന്നെപ്പറ്റി മതിപ്പില്ലാത്തവരായിട്ട്. എന്നാലും എല്ലാവർക്കുമുണ്ടൊരു പരിഭ്രമം. ഹെഡ്മാസ്റ്റർ മാത്രമുണ്ട്, നിർവികാരനായിട്ട്. അദ്ദേഹം പേരുവായിച്ചു തുടങ്ങി. ആ കുഞ്ഞുങ്ങളുടെ കഴിഞ്ഞ ഒരു വർഷത്തെ ജീവിതത്തിന്റെ വില കൊട്ടത്തു തുടങ്ങി. അഞ്ചാംക്ലാസിലെ ലിസ്റ്റ് ആരംഭിച്ചു. പി. ജോൺ എന്നു വായിച്ചതോടെ അതിനുമുൻപുള്ള ക്രമനമ്പരുകാർ ഒന്നാകെ പകച്ചുപോയി. ജോണിന്റെ മുഖത്ത് അഭിമാനസന്തോഷങ്ങൾ തിരയടിച്ചുകൊണ്ടിരിക്കെ ഒരു കുട്ടിയുടെ മുഖത്തു കരിയടിച്ചുകൊണ്ട് രാമന്റെ പേരുപറഞ്ഞു. ഇങ്ങനെ കുറെപ്പേരെ സന്തോഷിപ്പിച്ചും, അവരിൽ ഒരു നിസ്സാരഭാവംഉദിപ്പിച്ചും ചിലരെ മോശക്കാരാക്കിയുംകൊണ്ട് രണ്ടു ക്ലാസുകളിലായി നൂറിലധികം തോളം കുട്ടികളെ കൂട്ടത്തിൽനിന്നുയർത്തിക്കാണിക്കുന്ന ലിസ്റ്റ് വായന അവസാനിച്ചു.

"എല്ലാവരും ശബ്ദമുണ്ടാക്കാതെ പൊയ്ക്കൊള്ളണം" ആ അധികാരി ആജ്ഞാപിച്ചു.

"സാർ; ഈ കുട്ടി ചോദിക്കുന്നു ഇയാൾ ജയിച്ചോന്ന്." ജയിച്ച ഒരുത്തൻ പറഞ്ഞു.

"വായിക്കുന്നതുകേട്ടില്ലെ? എന്താ പേരു? ഏതു ക്ലാസിലാ?"

"ജി. രാജേന്ദ്രപ്രസാദ്"

ഹെഡ്മാസ്റ്റർ ലിസ്റ്റ് നോക്കുന്നതിനിടയിൽ ഒരു തോറ്റകുട്ടിപറഞ്ഞു "ഇല്ലെടോ, താൻ ജയിച്ചില്ല"

"ഇനി വരുന്നകൊല്ലം ജയിക്കാം." എന്നു നോട്ടം കഴിഞ്ഞു ഹെഡ്മാസ്റ്റർപറഞ്ഞു.

"സാർ, ഞാൻ ജയിച്ചോ?" ജയിച്ച ഒരുവൻ ചോദിച്ചു. പലരും ചോദ്യം അനുകരിച്ചു. "സാർ, ഞാൻ?" "ഞാനോസാർ?"

"ആരും ചോദിക്കേണ്ട. ലിസ്റ്റിവിടെ തൂക്കാൻപോകുകയാണ്. സംശയമുള്ളവർ അതിൽ നോക്കിക്കൊള്ളണം."

വിജയികളുടെ ലിസ്റ്റ് നോട്ടീസ്ബോർഡിൽ തൂങ്ങി.

ആ കുട്ടികൾ തിരക്കിക്കൂടി. കേട്ടതൊന്നു കാണാൻ; കേൾക്കാത്ത പേരുണ്ടോ എന്നു നോക്കാൻ; ആരെല്ലാം തോറ്റെന്നറിയാൻ, ജയിച്ചവരുടെ എണ്ണം അറിയാൻ; വായിച്ച സാറിനു വല്ല വിട്ടതലും വന്നോ എന്നു പരിശോധിക്കാൻ; രജിസ്റ്റർ നമ്പർകൊണ്ടു വല്ല ഗുണവും കിട്ടുമോ എന്നറിയാൻ.

ജയിച്ചവർ പ്രാമാണ്യംനടിച്ച് തോറ്റവരുടെ പേരുകൾപറഞ്ഞു. "ഹരിഹരൻ തോറ്റെടാ" "മത്തായീം തോറ്റു."

"എനിക്കു പനിയായിപ്പോയിട്ടാ ഞാൻ തോറ്റതു്" തോൽവിയേയും തോല്പിക്കുന്ന ചില മിടുക്കന്മാർ പരാജയകാരണം തങ്ങളുടെ മുമലിൽനിന്നു തള്ളി താഴെയിട്ടു.

"വാസു തോറ്റല്ലോടാ!" ആറാംക്ലാസിലെ ഒരുത്തൻപറഞ്ഞു.

കുറെനേരം കഴിഞ്ഞപ്പോൾ തിരക്കൊഴിഞ്ഞു. ലിസ്റ്റ് കാറടിച്ചിളകി. ആരു കാലിട്ടടിച്ചു; അതിനെന്തോ ഹൃദയരോദനയുള്ളമട്ട്. അതൊരു പഴഞ്ചരക്കാ

ൽ മാത്രമെ ലോകത്തിന്റെ മുഴുവൻ കണക്കെടുത്തു തലപുകയ്ക്കേണ്ടയാവശ്യമുള്ളു. നമ്മുടെ റബ്ബർ ഇവിടെത്തന്നെ ചെലവഴിക്കുവാൻ സാധിക്കയില്ലേ? രാജ്യാന്തര വാണിജ്യമത്സരത്തിന്റെ പ്രത്യാഘാതം ഇവിടെയും ഉണ്ടാകാതെയിരിക്കുകയില്ല. എങ്കിലും ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി ഇവിടത്തെ റബ്ബർ ഇവിടെത്തന്നെ നിർമ്മിച്ച് അതിനു് ഇവിടത്തന്നെ ഒരു വിപണി നിർമ്മിക്കുക ദുഷ്കരമല്ല. ഇൻഡ്യ, ചൈനാ തുടങ്ങിയ സ്ഥലങ്ങളിൽ താരതമ്യേന വിലകുറഞ്ഞ വിപുലമായ ഒരു മാർക്കറ്റ് പ്രതീക്ഷിക്കാം. റബ്ബർ നിർമ്മാണകേന്ദ്രമായ കിഴക്കൻ പ്രദേശങ്ങളിലെ റബ്ബർ ഉല്പന്നങ്ങൾ ആ മാർക്കറ്റുകളിൽതന്നെ അധികപങ്കും ചിലവഴിക്കത്തക്കവിധം ടയർ തുടങ്ങിയ റബ്ബർ സാമഗ്രികൾ നിർമ്മിക്കത്തക്ക വ്യാവസായിക പദ്ധതികൾ വിഭാവനം ചെയ്യണം. ക്രൂഡായതെ, റബറിന്റെ ഉല്പാദനച്ചെലവു് കുറയ്ക്കുവാൻ തോട്ടമുടമസ്ഥന്മാർ ശ്രമിക്കേണ്ടതാണ്. കഴിയുന്നത്ര റിസർവ് ഫണ്ടുകൾ പണിതുയർത്തി തോട്ടങ്ങളുടെ മൂലധനവ്യവസ്ഥിതി സുരക്ഷിതമാക്കേണ്ടതും ആവശ്യമാണ്. അങ്ങനെ ഉല്പാദനച്ചിലവു് കുറച്ചും, ഉല്പന്നങ്ങൾ അവിടവിടെത്തന്നെ ആവശ്യമുള്ള സാമഗ്രികളായി രൂപാന്തരം ചെയ്യത്തക്ക വ്യവസായങ്ങൾ ആവിഷ്കരിക്കുവാൻ ഗവൺമെന്റുമായി സഹകരിച്ചും തോട്ടമുടമസ്ഥർ ഭാവി സംവിധാനം ചെയ്യുന്നപക്ഷം ഭാവിയെ ധൈര്യപൂർവം നേരിടുവാൻ റബ്ബർ വ്യവസായത്തിനു ധൈര്യമുണ്ടാകുകയില്ല.

യി കുറെ ദിവസങ്ങൾക്കുടി—വെക്കേഷന്റെ ശേഷംകാലംകൂടി അവിടെ തുങ്ങിക്കിടന്നു.

പരീക്ഷാഫലം പറഞ്ഞതിനടുത്തദിവസം വാസുവും പിതാവുംകൂടി ഹെഡ്മാസ്റ്ററുടെ വീട്ടിൽചെന്നു.

"എന്താവന്നതു?" വീട്ടുകാരൻ ചോദിച്ചു.

"ഇവൻ അറാംക്ലാസിൽ പരിക്കുകാ. ഇവൻ തോറെന്നുപറഞ്ഞു."

"അതിനെന്താ? ഉത്സാഹിച്ചു പഠിച്ചു വരുന്നയാണ്ടിൽ ജയിക്കണം."

"ഇവനൊരുക്ലാസിലും തോറിട്ടില്ല"

"തോൽവിയുടെ സ്വാദറിയാൻ ഇക്കൊല്ലം കളിച്ചു നടന്നു. അല്ലേ?"

കുട്ടിപറഞ്ഞു "ഞാനെല്ലാ ചോദ്യത്തിനും ഉത്തരം എഴുതിയിരുന്നു."

ഹെ—"ഞാനിതെത്ര കേട്ടിരിക്കുന്നു! ഇപ്പോളിവിടുന്നിറങ്ങിപ്പോയതേയുള്ളു ഒരു രക്ഷാകർത്താവു്. എല്ലാ ചോദ്യത്തിനും ഉത്തരമെഴുതിയാൽ തോൽക്കുകയുംമറ്റുമില്ല. നൂറിനു മുപ്പതോ മുപ്പത്തഞ്ചോ മാക്കു കിട്ടാത്തവനെയെന്തിനുകൊള്ളാം?"

കുട്ടി.—"ഞാൻ കഴിഞ്ഞ പരീക്ഷയിലൊക്കെ ജയിച്ചിട്ടുണ്ടു്."

ഹെ.—"അതുപോരാ. വർഷാവസാന പരീക്ഷക്കും ജയിക്കണം. ഏഴാംക്ലാസിൽ പബ്ളിക്കുപരീക്ഷയാണു്. അവിടെ ഈ സൂത്രമൊന്നും ഒക്കുകില്ല."

രക്ഷ.—"ഇവനു പകൃതിപ്പീസാണു്."

ഹെ.—തോററാലതു നഷ്ടപ്പെട്ടം.

രക്ഷ.—അതുകൊണ്ടുംകൂടെയാ സാറിനെ ഒന്നു കണ്ടുകളയാമെന്നുവച്ചതു്."

ഹെ.—ഞാനെന്തുചെയ്യാനാ?

രക്ഷ.—വല്ല പിശകുംവന്നതാണോന്നൊന്നു നോക്കിയിരുന്നെങ്കിൽ.....

ഹെ.—ഇതു പിശകുവരുന്ന കായ്മൊന്നുമല്ല. വളരെ സൂക്ഷിച്ചുചെയ്യും. പരീക്ഷയ്ക്കു തോൽക്കുന്നതുകൊണ്ടു് ഒരു കുട്ടിയുടെ ഒരു വർഷത്തെ ആയുസ്സുപോകുമെന്നു ഞങ്ങൾക്കറിയാം.

രക്ഷ.—ഇവനിതറിഞ്ഞതിൽപിന്നെ ഒന്നും കഴിച്ചിട്ടില്ല.

ഹെ.—പട്ടിണികിടന്നാലും കരഞ്ഞാലും കഴിഞ്ഞ കായ്ത്തിലെന്തുചെയ്യാനാ?

അദ്ദേഹം തുടർന്നു കുട്ടിയോടു ചോദിച്ചു—"നിങ്ങടെ ക്ലാസ്സിൽ മിക്കവരും ജയിച്ചില്ലേ?"

കുട്ടി.—മുപ്പത്തെട്ടു പേരു ജയിച്ചു.

ഹെ.—എഴുപത്തഞ്ചുശതമാനം ജയിച്ചു. ഇനി ഒരാളെക്കുടി ജയിപ്പിക്കേണ്ട ആവശ്യമൊന്നുമില്ല.

രക്ഷ.—വല്ല നിവൃത്തിയുമുണ്ടെങ്കിൽ സാറൊന്നു സഹായിക്കണം. വരുന്നയാണ്ടത്തെക്കുടി കഴിഞ്ഞാൽ ഇംഗ്ലീഷ് സ്കൂളിൽ.....

അതൊക്കെ നല്ലകായ്യം. പക്ഷെ എന്നെക്കൊണ്ടൊന്നുമാവുകയില്ല.

കുട്ടി വിഷാദിച്ചു. രക്ഷാകർത്താവു ജാള്യതപ്പെട്ടു. ഹെഡ്മാസ്റ്ററുടെ മുഖത്തൊരനുകമ്പ.

രക്ഷ.—സാരുവിചാരിച്ചാലൊക്കും.

കായ്മൊക്കെ പറഞ്ഞുതീർന്നിട്ടും സംസാരം നീണ്ടുപോകുകയാണു്. ഹെഡ്മാസ്റ്റർ പറഞ്ഞു.—"അതെ ഇവൻ മറെന്നാൾ സ്കൂളിലേക്കുവരട്ടെ. ഞാൻ നോക്കട്ടെ ഏതുവിഷയത്തിനാ തോറതെന്നു്."

സങ്കടക്കാക്കൊരല്പം ആശ്വാസംനൽകിക്കൊണ്ടു് ആ സന്ദർശനം അവസാനിച്ചു.

നിർദ്ദിഷ്ടദിവസം പ്രഥമാദ്ധ്യാപകൻ പാഠശാലയിൽ ചെന്നപ്പോൾ വാസു അവിടെയുണ്ടു്. അവനെ നിറുത്തി താമസിപ്പിക്കാതെ മാർക്കുലിസ്റ്റെടുത്തു നോക്കിയിട്ടദ്ദേഹം പരമസന്തോഷത്തോടെ പറഞ്ഞു.—"കൊള്ളാം, ഭാഷയ്ക്കു പതിമ്മൂന്നുമാക്കുള്ള നിനക്കു ജയിക്കണം!"

അപമായിരുന്ന അത്ഭുതം കുട്ടത്തൽ. കുറച്ചുനേരം മിഴിച്ചുനിന്നുപോയ അവൻ, ഹെഡ്മാസ്റ്റർ വേറെ കായ്ത്തിൽ ശ്രദ്ധിച്ചുകഴിഞ്ഞപ്പോൾ പറകയാണു്.—"അല്ലസാർ, ഞാൻ മുഴുവൻ ചോദ്യത്തിനും എഴുതിയിരുന്നു! എനിക്കെല്ലാം അറിയാമായിരുന്നു!"

"പൊയ്ക്കോ. ഇവിടെ വേറെ ജോലിയുണ്ടു്." അദ്ദേഹം അവനെ വിസ്മരിച്ചു. വിഷണ്ണനായ വാസു സാവധാനം നടന്നു.

അവൻ അമ്മയുടെ കണ്ണിൻവെട്ടത്തു ചെല്ലാതെ കഴിച്ചുകൂട്ടി. എങ്കിലും അന്നു വൈകിട്ടു് അയാൾ ചോദിച്ചറിഞ്ഞു തോറവിഷയം. വാസു കൂട്ടത്തലായിപ്പറഞ്ഞു "ഞാൻ തീർച്ചയായിട്ടും ഭാഷയ്ക്കു തോൽക്കുകില്ല."

"പോടാ, നിനക്കല്ലെ നിശ്ചയം. ഒന്നും പഠിക്കാതെ കളിച്ചുനടന്നേച്ചു, പരീക്ഷയിൽ തോറതിനു വഴക്കുപറയാതിരിക്കാൻ സൂത്രംപറയുകാനീയ്" പിതാവു പറഞ്ഞു.

"അവൻപറയുന്നു' കടലാസൊന്നുകൂടെനോക്കിയാൽ അവൻ ജയിക്കുമെന്നു്." അവന്റെ അമ്മ പ്രമേയം അവതരിപ്പിച്ചു.

Travancore Ayurveda Department.

The Government Ayurveda Pharmacy Main Road, Trivandrum.

All Ayurvedic medicines prepared according to the standard prescriptions under the expert supervision of the Honorary Director of Ayurveda are sold at this Pharmacy.

നിനക്കു ഭ്രാന്തുണ്ടോ?

"അവരോടൊന്നു പറഞ്ഞുനോക്കായിരുന്നല്ലോ." സ്ത്രീ പറഞ്ഞു.

"സാറിനോടുപറയാം. കടലാസുനോക്കിയിട്ട്, തോറെന്നു ബോദ്ധ്യംവരുത്തുകയുംചെയ്യാം." പുരുഷൻ സമ്മതിച്ചു.

രക്ഷാകർത്താവു വീണ്ടും ഹെഡ്മാസ്റ്ററെക്കണ്ടു. പണിപ്പെട്ട് അദ്ദേഹം സമ്മതിച്ചു, കടലാസൊട്ടുനോക്കാമെന്ന്. എന്നിട്ടുകാര്യം അവധിക്കു വച്ചു.

പിന്നെയും രക്ഷാകർത്താവു് ചെന്നു ചോദിച്ചപ്പോളദ്ദേഹം പറഞ്ഞു.—"കടലാസ് നോക്കിയാലെന്താ വിശേഷം? ലിസ്റ്റ് ഇൻസ്പെക്ടരാഫീസിൽ അയച്ചു് അനുവദിപ്പിച്ചതാണ്. ഇനി അതിൽ മാറ്റം ചെയ്യാനെനിക്കധികാരമില്ല.

രക്ഷാകർത്താവു് നിരാശനായി മടങ്ങി.

കുറെ ദിവസം കഴിഞ്ഞപ്പോൾ ഹെഡ്മാസ്റ്റർക്ക് ഇൻസ്പെക്ടരുടെ ഉത്തരവു് കിട്ടി. വാസുവിന്റെ ഭാഷയുടെ ഉത്തരക്കടലാസ് മടങ്ങുന്ന അഞ്ചലിൽ അയച്ചുകൊടുക്കാൻ.

ഹെഡ്മാസ്റ്റർ പരീക്ഷക്കടലാസു് തിരഞ്ഞു; കണ്ടില്ല. ശിപായിയെക്കൊണ്ടു തിരയിച്ചു; കണ്ടില്ല. ആ കടലാസു് പരിശോധിച്ച അദ്ധ്യാപകനെ വരുത്തി തിരയിച്ചു; ഫലമുണ്ടായില്ല. ക്ലാസദ്ധ്യാപകനെക്കൊണ്ടു് തിരയിച്ചു; മേല്പടി കഥതന്നെ.

ഉത്തരക്കടലാസ് എവിടെയോ ഇരിക്കുന്നതു് അദ്ദേഹം സ്വപ്നത്തിൽകണ്ടു. പിറേ ദിവസം പള്ളിക്കൂടത്തിലെകടലാസുകൾ മുഴുവൻ തിരഞ്ഞു. എന്നിട്ടുമില്ല വിശേഷം.

ഹെഡ്മാസ്റ്റർ ശിപായിയെ ശകാരിച്ചു. ഫൈനിടുമെന്നു പറഞ്ഞു. അതുതന്നെ.

അഞ്ചൽ പലതും മടങ്ങി. ഉത്തരക്കടലാസ് ആഫീസിൽ ചെന്നില്ല. പക്ഷെ, ആഫീസുകാർ അക്കാര്യം മറന്നു പോയെന്നു തോന്നുന്നു. എന്നാലും ഒന്നാം വാധ്യാർക്കുറക്കം വരാറില്ല. അദ്ദേഹത്തിനെപ്പോഴുമൊരു മന്ദത. അതല്ലെങ്കിൽ ദേഷ്യം. വീണ്ടും ശിപായിയെക്കൊണ്ടു തിരയിച്ചു. അയാളെ സസ്പെൻഡു ചെയ്യുമെന്നു പേടിപ്പിച്ചു. പോലീസിലേൽപ്പിക്കുമെന്നു ഭീഷണിപ്പെടുത്തി.

കടലാസു് പരിശോധിച്ചയാളെ വീണ്ടും വിളിപ്പിച്ചിട്ട് അദ്ദേഹത്തോടു് രേഖാമൂലം സമാധാനം ചോദിച്ചു. അയാൾ ബോധിപ്പിച്ചു! പരിശോധിച്ച കടലാസും മാർക്കുലിസ്റ്റുംകൂടി താൻ സ്കൂളിൽ കൊണ്ടുവന്ന ലിസ്റ്റ് ക്ലാസ്സദ്ധ്യാപകനെ തുല്യംചെന്നും കടലാസ്സ് കെട്ട മറു കടലാസു് കെട്ടുകളുടെ കൂട്ടത്തിൽ അലമാരിപ്പുറത്തു വെച്ചെന്നും മറ്റും.

ഹെഡ്മാസ്റ്ററുടെ തല പുകഞ്ഞു. അദ്ദേഹം പുണിനോട്ടം സമാധാനം വാങ്ങി.

പള്ളിക്കൂടത്തിനകത്തു വന്നിട്ടുള്ളതൊന്നും വെളിയിൽ പോയിട്ടില്ലെന്നയാൾ താഴ്മയായി ബോധിപ്പിച്ചുകൊണ്ടു.

ഹെഡ്മാസ്റ്റർക്കു് ഉറങ്ങുവാൻ രുചിയില്ലാതായി. താടിമീശ നീണ്ടുവന്നതദ്ദേഹം ഗൗനിച്ചില്ല.

സ്കൂൾ തുറന്നു. വാസു ആറാംക്ലാസ്സിൽ തന്നെയിരുന്നു, നിരുന്മേഷനായി, സകലരോടും വെറുപ്പോടെ.

പരീക്ഷക്കടലാസു കാണാനില്ലാത്ത കഥ അസ്കൂളിലെ സംസാരവിഷയമായി. കടലാസ്സ് നോക്കിയ അദ്ധ്യാപകനും അതിൽ പങ്കെടുത്തു. "ഇതു കുറെ അക്രമംതന്നെ" എന്നു പറയാത്തവരാരുമില്ല. "ഞാൻ പറയുന്നപോലെ ചെയ്യാമോ? ആ ശിപായിയെ ലോക്കപ്പിലൊന്നു കേറ്റിയാൽ കടലാസു് താനേവരും" എന്നു പറഞ്ഞു ഒരാൾ. "എവിടുന്നാ?" അതിപ്പോൾ സാമാനം കെട്ടിപ്പോയിക്കാണും. അപരൻ അത്താൽ മുൻഗാമിയെ പിന്താങ്ങി.

"ഇവിടെയെങ്ങാനും കാണും" പരിശോധിച്ചയാൾ പറഞ്ഞു.

അദ്യമേ ചെയ്യേണ്ടിയിരുന്നതു് ഹെഡ്മാസ്റ്റർ ഒടുവിലാണ് ചെയ്തു്—പരീക്ഷയുടെ ചുമതലക്കാരനായിരുന്ന സീനിയർ അസിസ്റ്റന്റിനോടു് സമാധാനം ചോദിച്ചു. അദ്ദേഹവും കടലാസ് തിരഞ്ഞുതുടങ്ങി. ഒരു ദിവസം മുഴുവൻ തിരഞ്ഞു. അവിടെയുണ്ടായിരുന്ന കടലാസു് കെട്ടുകളെല്ലാം അഴിച്ചു സൂക്ഷ്മപരിശോധന നടത്തി. ക്ലാസ്സ് മേശകളിലെല്ലാം തിരഞ്ഞു. അലമാരിപ്പുറത്തും, പഴയ മരസ്സാമാനങ്ങളുടെ ഇടയിലും കുട്ടികളുടെ പീഞ്ഞപ്പെട്ടികളിലും ഒക്കെ നോക്കി. പെട്ടിക്കീഴെ ഒരു കമ്പിട്ടു തപ്പി നോക്കി. കമ്പു് എന്തിലോ തടഞ്ഞു. തടഞ്ഞ വസ്തു സാധനം തള്ളി വെളിയിലാക്കി. ഒരു കടലാസു് കെട്ട്! അമേരിക്കാ കണ്ടുപിടിച്ച കൊളംബസ്സിന്റെ മുഖഭാവം അദ്ദേഹം കാണിച്ചു. "കിട്ടീ സാർ" എന്നു പറഞ്ഞിട്ടേ അതെടുത്തു നോക്കിയുള്ളു. ഭാഷ. ക്ലാസ്സ് 6 എ, എണ്ണം 52 എന്നു പുറത്തെഴുത്തുള്ള ആ കെട്ടഴിച്ചു നോക്കി. ശരി, ഹെഡ്മാസ്റ്റർ നെടുവീർപ്പിട്ടു. ശി

JACOB THOMAS & CO.,

RADIO & ELECTRICAL ENGINEERS.

PRINCESS STREET & ST. GEORGE ROAD
BR. COCHIN ALLEPPEY.

CONSULT US

For all your requirements in Radio & Electricals. All types of Radio spare parts & Valves Always in Stock.

More than ten years of Experience in the field helps us to do your job much quicker! More efficiently and Cheaper Also.

JACOB THOMAS,
Sole Proprietor and Engineer-in-charge.

പായി പറഞ്ഞു–«എന്തു വന്നാലും ശിപായിയുടെ തലയ്ക്കു്.» ഒന്നു മന്ദഹസിക്കാനുള്ള ശ്രമത്തോടുകൂടി പരിശോധകൻ പറഞ്ഞു–«ഇതു കണ്ടില്ലെങ്കിൽ ഞാൻ കള്ളനായേനെ.»

അനാവശ്യമാണെങ്കിലും ഹെഡ്മാസ്റ്റർ, വാസുവിനെ വിളിച്ചു് പേപ്പർ കാണിച്ചു. "ഇപ്പോൾ തൃപ്തിയായോ? നോക്കു്. പതിമ്മൂന്നു മാർക്കല്ലേ?"

അവൻ പെട്ടെന്നു പറഞ്ഞു–"ഇതൊരു കീറല്ലേയുള്ളു. ഞാൻ നാലു ഷീറ്റെഴുതിയിരുന്നു." ആരും അപേക്ഷിക്കാതെ അവൻ തെളിവുകളും സാക്ഷിപ്പട്ടികയും ഹാജരാക്കി. «അടുത്തിരുന്ന ജോസഫിനോടാ ഞാൻ രണ്ടു ഷീറ്റു് കടലാസു് വാങ്ങിയതു്. ഞാൻ എല്ലാ ചോദ്യത്തിനും ഉത്തരം എഴുതി. എനിക്കെല്ലാം അറിയാമായിരുന്നു. ഇപ്പോൾ എല്ലാ ചോദ്യത്തിനും ഉത്തരം വേണമെങ്കിൽ പറയാം.» ഹെഡ്മാസ്റ്റർക്കു ദേഷ്യം വന്നു. "നിറുത്തെടാ" എന്നദ്ദേഹം ശാസിച്ചതു വകവയ്ക്കാതെ അവൻ ഇതുകൂടിപ്പറഞ്ഞു. "അറ്റൻഡിസ്റ്റാറിന്റെ കൈയിലാ ഞാൻ കടലാസു് കൊടുത്തതു്. "ഇങ്ങനെയാണോ മൊട്ടസൂചി കയ്യുന്നതെന്നു ചോദിച്ചുകൊണ്ടു അറ്റൻഡിസ്റ്റാറു് സൂചി ഊരിക്കുത്തി."

"ക്ലാസ്സിൽ പോയിരിക്കു്."

അവൻ പുറകോട്ടു രണ്ടടിവെച്ചു, കരുണയാചിക്കുന്ന മുഖഭാവത്തോടെ. «ആ പാഠശാലാ ഭരണാധികാരി പറഞ്ഞു.–"കള്ളത്തരംകൊണ്ടു കാര്യം നേടാമെന്നു പിള്ളേരുടെ വിചാരം."

"കള്ളമല്ല സാർ." അവൻ തുടർന്നേനെ. «പോകാനല്ലേ പറഞ്ഞതു്? എന്ന ഗൗരവയുക്തമായ ചോദ്യവും മിഴിച്ചു നോട്ടവുംകൊണ്ടു് അവനു് ക്ലാസ്സിലേക്കു് പോകേണ്ടി വന്നു.

ക്ലാസ്സിൽ ചെന്നപ്പോളവൻകണ്ണീരൊഴുക്കിയിരുന്നു 'എന്താടാ?' വാദ്ധ്യാർ ചോദിച്ചു.

അവൻ കഥ വിസ്തരിച്ചു. അവൻ പറഞ്ഞതൊക്കെ വിശ്വസിക്കാനേ അദ്ധ്യാപകനു് നിവൃത്തിയുള്ളു. എങ്കിലും മുന്നു ഷീറ്റു് കാണാതെ പോയതിനെപ്പറ്റി അദ്ദേഹത്തിനൊന്നും ഊഹിക്കാൻ കഴിഞ്ഞില്ല.

കടലാസു് പരിശോധിച്ച ആളിനോടു് ക്ലാസദ്ധ്യാപകൻ വിവരം പറഞ്ഞു.

ഞാനെന്നാ എട്ടത്തു തിന്നുകളഞ്ഞോ?

സാറെന്തിനാ കോപിക്കുന്നതു്?

പിന്നെ നിങ്ങളീപ്പറഞ്ഞതിന്റെ അർത്ഥമെന്താ?

ഞാൻ വെറുതെ പറഞ്ഞതാണു്.

വെറുതേ പറയേണ്ട വർത്തമാനമിതല്ല.

ക്ഷമിക്കണം സാറേ.

കരണത്തടിച്ചിട്ടു് ക്ഷമിക്കാൻ പറഞ്ഞാൽ മതിയല്ലോ.

ആ മനുഷ്യൻ അടങ്ങി. തന്റെ ക്ലാസ്സിലെ ഒരു മിടുക്കൻ തോറ്റതിലുള്ള ഖേദം അദ്ദേഹം സഹിച്ചു.

കടലാസു് ഇൻസ്പെക്ടരാഫീസിൽ ചെന്നു. ഹർജിക്കാരനു് ഇണ്ടാസു് കിട്ടി. "ഭാഷയുടെ ഉത്തരക്കടലാസു് വീണ്ടും പരിശോധിച്ചതിൽ പ്രസ്തുത വിദ്യാർത്ഥിക്കു് ക്ലാസ്സു് കയറ്റത്തിനർഹതയില്ലെന്നു കണ്ടിരിക്കുന്നു" എന്നു്.

ഇണ്ടാസു കിട്ടാൻ രണ്ടു മാസം പിടിച്ചു.

അതിനുമുമ്പുതന്നെ പാഠശാലയിലും പരിസരങ്ങളിലും ഇതിനെപ്പറ്റിയുള്ള സംസാരം പരന്നിരുന്നു. അതു കേട്ടിട്ടു് ഹെഡ്മാസ്റ്റർ പറഞ്ഞു.–"വല്ലവരും അറിഞ്ഞാൽ കുറച്ചിലു്."

നിയമസഭയിൽ അദ്ധ്യാപക ശമ്പളത്തെപ്പറ്റി പ്രസംഗിക്കുന്നതിനിടയിൽ ഒരു മെമ്പർ പറഞ്ഞു.—«ഒരു വാദ്ധ്യാരിൽനിന്നു കിട്ടാനുള്ള ചക്രം ഈടാക്കുവാൻ ചായക്കടക്കാരൻ പരീക്ഷക്കടലാസു് വാങ്ങിവച്ചു. സ്കൂളടയ്ക്കുന്നതിനുമുമ്പു് ഈ പണയം തിരിച്ചെടുക്കുമെന്നാണയാൾ വിചാരിച്ചതു്. പക്ഷെ, പരീക്ഷാഫലം പറഞ്ഞു് ഒന്നര മാസത്തോളം കഴിഞ്ഞശേഷമേ ആ കടലാസു് അദ്ധ്യാപകൻ തിരിച്ചു വാങ്ങിയുള്ളു.»

ഒരു മെമ്പർ—"പിന്നെയെങ്ങനെ മാർക്കു ലിസ്റ്റുണ്ടാക്കി?"

മെമ്പർ—"കടലാസു് നോക്കാതെ മാർക്കുലിസ്റ്റുണ്ടാക്കാൻ പാടില്ലേ? ഇത്തരം സംഭവങ്ങളുടെ അടിയിൽ കിടക്കുന്നതു് അദ്ധ്യാപകന്മാരുടെ ശമ്പളക്കുറവാണു്. മറെറാരു ബഹുമാന്യമെമ്പർ പറഞ്ഞു—"കുറച്ചിലു് ഇതു് വെളിയിലാരും അറിയരുതു്."

...0....

Visit and ENJOY

HOTEL DE PARK

KOTTAYAM.

Boarding and Lodging and High Class European Restaurant

Branch: PARK CAFE

THE IDEAL LUNCH HOME

ALL ARE REQUESTED TO VISIT.

Service our motto—Victory our aim. Proprietors.

ജപ്പാനിലെ ഭരണക്രമം

ചക്രവത്തിയുടെ അതിരറ്റ അധികാരം

രണ്ടുവിധമാണ ജപ്പാനിലെ ഭരണസമ്പ്രദായം—ഒന്ന് 1889 ഫെബ്രുവരി 11-ാംതീയതി മിക്കൈജി ചക്രവത്തി രേഖാമൂലം പുറപ്പെടുവിച്ച ഭരണഘടന; രണ്ട്, പൌരാണികാചാരങ്ങളെ മൻനിറുത്തിയുള്ള അലിഖിതമായ ഭരണസമ്പ്രദായം. ബ്രിട്ടീഷ് ഭരണഘടനയെ ഏകദേശം അനുകരിച്ചുകൊണ്ടുള്ളതാണ ജപ്പാനിലെ ഭരണസമ്പ്രദായം. എന്നാൽ വാസ്തവത്തിൽ, മൈനാംദിന ഭരണത്തെ സംബന്ധിച്ചെടത്തോളം ഭരണഘടനയിൽ രേഖപ്പെടുത്തിയവിധമല്ല, ഭരണം നടന്നവരുന്നതു്; യഥാർത്ഥ ഭരണം നടത്തുന്നതുപോലും മന്ത്രിസഭയിൽ സ്ഥാനം വഹിക്കുന്നവരല്ല പരമാധികാരി ചക്രവത്തിയാണ്. എന്നാൽ, അദ്ദേഹം പരിചയസിദ്ധിച്ച രാജ്യതന്ത്രജ്ഞന്മാരടങ്ങിയ ഒരു പ്രിവികൌൺസിലിന്റെ ഉപദേശാനുസരണമാണ ഭരണം നടത്തുന്നതു്.



ജാപ്പു് ചക്രവത്തി

ജാപ്പനീസ് പാർലമെൻറു്

ജാപ്പനീസ് പാർലമെൻറിനു—ഡയറ് എന്നാണിതിനു പേരു്—രണ്ടു മണ്ഡലങ്ങളുണ്ടു്. ഉപരിസഭയിൽ രാജകുടുംബാംഗങ്ങൾ, പ്രഭുക്കന്മാർ മുതലായ മുന്നൂറോളം പേരും ചക്രവത്തി നിയമിക്കുന്ന നൂറിരുപതോളം ദേശീയനേതാക്കന്മാരും—ഇവർ അജീവനസാമാജികന്മാരാണു്—മെമ്പർമാരാണു്. ജനപ്രതിനിധിസഭയിൽ മുന്നൂറ്റി എൺപതോളം തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുണ്ടു്. യഥാർത്ഥ ഭരണത്തെ സംബന്ധിച്ചെടത്തോളം ഡയറിനു പറയത്തക്ക അധികാരങ്ങളൊന്നുമില്ല. കൊല്ലത്തിൽ ക്രിസ്തുമസ്സു് ദിവസവും—ഹിരോഹിതോ ചക്രവത്തിയുടെ സ്ഥാനാരോഹണദിവസമാണു—ജനുവരിയിലും ഇങ്ങനെ രണ്ടുപ്രാവശ്യം മാത്രമാണതു യോഗംകൂടുന്നതു്. ഔദ്യോഗികമായി അവതരിപ്പിക്കപ്പെടുന്ന ബില്ലുകളല്ലാതെ, മിക്കവാറും ഡയറ് പാസാക്കാറില്ല; ഡയറ് പാസാക്കിയ ബിൽ തള്ളിക്കളയുവാൻ ചക്രവത്തിക്കു പൂർണ്ണാധികാരമുണ്ടുതാനും.

ഡയറ് വിളിച്ചുകൂട്ടുവാനും പിരിച്ചുവിടുവാനും പരമാധികാരം ചക്രവത്തിക്കു മാത്രമാണു്. ഉടമ്പടി ചെയ്യുവാനും യുദ്ധം പ്രഖ്യാപിക്കുവാനും അദ്ദേഹത്തിനു മാത്രമെ അധികാരമുള്ളു. ഡയറുയോഗം കൂടികൊണ്ടിരിക്കുമ്പോൾതന്നെ പ്രത്യേക ഓർഡിനൻസുകൾ പുറപ്പെടുവിക്കുവാൻ ചക്രവത്തിക്കധികാരമുണ്ടു്.



ഫ്രിസ്കോ സമ്മേളനത്തിലെ ഇന്ത്യൻ പ്രതിനിധിയായ സർ രാമസ്വാമി മുതലിയാർ—ഫ്രിസ്കോയിൽവച്ചെടുത്ത ഫോട്ടോ

മുമ്പു കൊറിയായിലെ ഗവർണ്ണർജനറലായിരുന്ന ജനറൽ ജിറോമിനാമിയുടെ നേതൃത്വത്തിലുള്ള കക്ഷിയൊഴികെ മറ്റു സകലവിധമായ രാഷ്ട്രീയകക്ഷികളെയും നിരോധിച്ചിട്ടുള്ളതിനാൽ പൊതു തിരഞ്ഞെടുപ്പിൽ മിക്കവാറും മത്സരങ്ങളുണ്ടാവാറില്ല. ഒരൊറ്റ അംഗങ്ങൾക്കുമാത്രം ഇന്നത്തെ ഡയറിൽ സ്വതന്ത്രമായ ഒരു നി

ലയുണ്ട്—പരിഷ്കൃതാശയങ്ങളോടുകൂടിയ 85 വയസ്സ് പ്രായംചെന്ന യുകിയൊ ഒസാകിയാണദ്ദേഹം. അദ്ദേഹം മുമ്പു രണ്ടുപ്രാവശ്യം നീതിന്യായമന്ത്രിയായിരുന്നു; വിപ്ലവകരമായ രാഷ്ട്രീയാദർശങ്ങൾ മൂലം പലപ്പോഴും അദ്ദേഹം നാനാവിധ ദ്രോഹങ്ങൾക്കും വിധേയനായിട്ടുണ്ട്; എങ്കിലും അദ്ദേഹത്തിനു മറ്റു ജപ്പാൻകാരേക്കാൾ പ്രസംഗസ്വാതന്ത്ര്യമുണ്ട്, ചക്രവർത്തിയുടെ പ്രത്യേക രക്ഷയിലാണദ്ദേഹം.

പട്ടാളപ്രഭുക്കളുടെ വാഴ്ച


ജാപ്പനീസ് ഭരണഘടനയുടെ ചില പ്രത്യേകതകൾനിമിത്തം നാട്ടുവാഴിപ്രഭുക്കളുടെ അധികാരങ്ങൾ നിർബാധമായിട്ടാണ നടന്നുപോരുന്നതു്. ഒരു സൈനിക ജനറൽ യുദ്ധകാര്യമന്ത്രിയും ഒരു അഡ്മിറൽ നാവികകാര്യമന്ത്രിയും ആകാതെ യാതൊരു മന്ത്രിസഭയും രൂപവല്ക്കരിക്കപ്പെടാവുന്നതല്ല. അടുത്തകാലത്തായി ജാപ്പ് മന്ത്രിസഭയിൽ പല സ്ഥാനങ്ങളിലുംസൈനിക. നാവിക നേതാക്കന്മാരെ നിയമിക്കുകയായിരുന്നു പതിവു്. ഇപ്പോൾ ജപ്പാൻ കീഴടങ്ങിയശേഷം രൂപവല്ക്കരിക്കപ്പെട്ട ഹിഗ്സുകുനി മന്ത്രിസഭയിൽ, യുദ്ധം, നാവികം എന്നീ രണ്ടു വകുപ്പുകളിലൊഴികെ മറ്റു യാതൊരു സ്ഥാനത്തും പട്ടാളപ്രഭുക്കന്മാരെ നിയമിക്കാതിരുന്നിട്ടുള്ളതു പുരോഗമനോന്മുഖമായ ഒരു പ്രത്യേകതയായിട്ടാണ പരിഗണിക്കപ്പെടുന്നതു്. പ്രസ്തുത രണ്ടു സ്ഥാനങ്ങളിലും സൈനികനേതാക്കന്മാരെ നിയമിക്കണമെന്ന നിർബന്ധം നിലവിലിരിക്കുന്നതിനാൽ, കരപ്പട്ടാളത്തിന്റെയും നാവികസേനയുടെയും സഹായമില്ലാതെ മന്ത്രിസഭാപ്രവർത്തനം ജപ്പാനിൽ അസാദ്ധ്യമാണ്. ഉദാഹരണമായി, 1936 ഉഗാകിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ രാജ്യത്തിന്റെ പൊതുവെ സ്നേഹവിശ്വാസങ്ങൾ സമാർജ്ജിച്ചതായിരുന്നുവെങ്കിലും സൈന്യങ്ങൾ നിസ്സഹകരിച്ചതിനാൽ അതിനു പ്രവർത്തിക്കുവാൻ സാധിച്ചില്ല.

സൈബറ്റ്സു (വ്യവസായപ്രഭുക്കന്മാർ) ഇബറ്റ്സു (പട്ടാളപ്രഭുക്കന്മാർ) ഇവരുടെ സമർത്ഥത്തിനിടയിൽ ഭരണോദ്യോഗസ്ഥന്മാരും ഭരണമേധാവികളും യാഥാസ്ഥിതികരായ സാമ്രാജ്യദുർമ്മോഹികളായിത്തീർന്നതിൽ അതിശയിപ്പാനില്ല. വാസ്തവത്തിൽ ഈ പ്രഭുക്കൾക്കു വിധേയനാണു ചക്രവർത്തിതന്നെയും.

ഒരു സോഷ്യലിസ്റ്റ് പ്രസ്ഥാനം ഒളിപ്രവർത്തനം നടത്തുന്നുണ്ട്; അതിന്റെ ശക്തി എത്രയുണ്ടെന്നു് ഇതേവരെ അറിയപ്പെട്ടിട്ടില്ല. എങ്കിലും പ്രസ്ഥാനം 1930 മുതൽ തടയപ്പെട്ടിരിക്കയാണ്. പരിമിതമായ ഒരു അരാജകപ്രസ്ഥാനം പൊട്ടിപ്പുറപ്പെടുകയുണ്ടായി; 1911-ൽ മിലൈജി ചക്രവർത്തിയെ കൊലപ്പെടുത്തുവാൻ ശ്രമിച്ചുവെന്നതിനു് അതിന്റെ നേതാവായിരുന്ന കൊടൊകു വധിക്കപ്പെട്ടതോടുകൂടി ഈ പ്രസ്ഥാനവും നശിച്ചു.

ഹിരൊ ഹിതൊ

ഇന്നു ജപ്പാനിൽ ഭരണം നടത്തുന്ന ഹിരൊഹിതൊ ചക്രവർത്തി—മുരുക്കു ചിലർ മാത്രമേ അദ്ദേഹത്തെ നേരിട്ടു കണ്ടിട്ടുള്ളു—കാഴ്ചയിൽ, കുറുതായി അല്പതടിച്ചു്, ഹൃസ്വദൃഷ്ടിയോടുകൂടിയ, പ്രസന്നവദനനല്ലാത്ത ഒരു സാധാരണ മനുഷ്യനാണ്. എന്നാൽ ജപ്പാൻകാരുടെ ദൃഷ്ടിയിൽ അദ്ദേഹം, വിജ്ഞാനംതികഞ്ഞ, ദൈവസമാനനായ ഒരു മഹാപുരുഷൻ തൊന്നൊ—അപേരിലാണ ജപ്പ് ചക്രവർത്തി അറിയപ്പെടുന്നതു്; അതായതു സച്ഛ്രരാജാവു്. ടെൻഷി (ദൈവപുത്രൻ) എന്ന പേരിലും അദ്ദേഹമറിയപ്പെടുന്നു. ഹിരൊഹിതൊ "അമാറേറാസു" എന്ന സൂര്യദേവിയുടെ വംശത്തിൽ 126-ാമനാണ്. ജപ്പാൻകാരെ സംബന്ധിച്ചേടത്തോളം ചക്രവർത്തിമാർ സൂര്യവംശജന്മാരാണെന്നതു് ഒരു പുരാ



വി. അർണി ഈഡൻ, വി. കഡ്വേർഡ് സ്റ്റെറ്റിനിയസ്, വി. മൊളോടോവ്, ഡോ. റാ. വി. സൂങ്ങ് എന്നിവർ സൻഫ്രാൻസിസ്കോയിൽ വച്ചു കൂടിയപ്പോൾ എടുത്തതു.

ണകഥയല്ല;അനിഷേധ്യമായ ചരിത്രവാസ്തവമാണെന്നാ ണവരുടെ വിശ്വാസം.

എൺപതുവർഷങ്ങൾക്കു മുമ്പു മാത്രമാണു—ലോക ത്തിൽനിന്നു് ഒറ്റതിരിഞ്ഞു നയിക്കപ്പെട്ട ജീവിതം ഉ പേക്ഷിച്ചു് അന്നുമാത്രമാണു് ഇദംപ്രഥമമായി ജപ്പാൻ പുറംലോകത്തിലേക്കു കണ്ണുതുറന്നതു്—അന്നു ഭരണാധികാരം വഹിച്ച "ഷോഗൺ" എന്ന പ്രഭുവംശക്കാരുടെ അധികാരത്തെ ജനങ്ങൾ ഒരു കലാപംമൂലം തകർത്തു. യുവാവായ ചക്ര വർത്തിയെ, അദ്ദേഹത്തിന്റെ പ്രപിതാമഹന്മാർ അല ങ്കരിച്ച സിംഹാസനത്തിൽ അധിരോഹിപ്പിച്ചതു്.

പുരുക്കം ചില "തറവാടി" പ്രഭുക്കളുടെ പരിശ്രമ ത്താൽ ജപ്പാൻ പാശ്ചാത്യപരിഷ്ക്കാരത്തിലേക്കാനയി ക്കപ്പെട്ടു—എന്നാൽ അതു വെറും പുറംപൂച്ചു് മാത്രമാ ണു്. ഭരണഘടനാവിധേയനായ ചക്രവർത്തിയായിടു ന്നോ—എങ്കിലും ദൈവീകതപം അദ്ദേഹത്തിൽ അധിഷ്ഠി തംതന്നെയായിരുന്നു. ആധുനിക ജാപ്പ് ചക്രവർത്തിമാ രിൽ മൂന്നാമനാണു ഹിരൊ ഹിതൊ—മിയൈജി ച ക്രവർത്തിയുടെ പൌത്രൻ. മിയൈജിയുടെ കാലത്താണു നാടുവാഴി പ്രഭുത്വത്തിന്റെ പിടിയിൽനിന്നുയർന്നു ജപ്പാൻ ഒരു ശക്തിമത്തായ വ്യവസായരാജ്യമായി മാറി യതു്. പുരോഗമനോന്മുഖമായ പരിവർത്തനം പരിപൂ ർണ്ണമായിത്തീർന്നിരുന്നുവെങ്കിൽ പരിഷ്കൃതാശയനായ ഒരു ചക്രവർത്തിയായേനെ ഹിരൊ ഹിതൊ.

അദ്ദേഹം പ്രഭുകുമാരന്മാരുടെ സ്കൂളിൽ വിദ്യാഭ്യാ സം നിർവ്വഹിച്ചു.യുവരാജാവായിരിക്കുമ്പോൾ അദ്ദേഹം, പൊതുലോകത്തെപ്പറ്റി അല്പമെങ്കിലും വിജ്ഞാനം നേ ടുന്നതിനുള്ള ഉദ്ദേശത്തോടുകൂടി ഒരവസരത്തിൽ ഇംഗ്ല ണ്ടിലേക്കയക്കപ്പെടുകയുണ്ടായി. യഥാസ്ഥിതികരായ ജപ്പാൻകാരിൽഇതെത്രമാത്രം അരിശമുളവാക്കിയെന്നോ!

സ്വപിതാവിന്റെ നിര്യാണാനന്തരം 1926–ൽ ഹിരോഹിതോ സിംഹാസനാരോഹണംചെയ്തു. "പ്ര കാശമായമായ പരമശാന്തി" എന്നർത്ഥം വരുന്ന ഒരു നാമധേയം സിംഹാസനാരോഹണവേളയിൽ അദ്ദേ ഹം സ്വീകരിക്കുകയുണ്ടായി. എന്നാൽ പ്രതിലോമകാ രികളുടെ അധികാരപ്രഭാവം വീണ്ടും ഉണർന്നുവശായി. കരസൈന്യത്തിലെയും നാവികസൈന്യത്തിലെയും മേധാവികൾ ഭരണാധികാരം അധീനപ്പെടുത്തി.

"പ്രകാശമാനമായ പരമശാന്തി" രാജ്യത്തു വിള യാടണമെന്നു ഹിരോഹിതോവിനു് ആഗ്രഹമുണ്ടായി രിക്കാം. എന്നാൽ, തന്നെ വലയംചെയ്തു ദുഷ്പ്രഭുക്ക ളുടെ അധിപത്യത്തിൽനിന്നു മുക്തനാകുവാൻ തനിക്കു ശേഷിയോ ശേമുഷിയോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ജപ്പാ നിലെസമ്പദ്ധിപതി തന്നെയായിരുന്ന അദ്ദേഹം;അദ്ദേ ഹത്തിന്റെ വാക്കുതന്നെയായിരുന്നു നിയമം. ജനങ്ങൾ ദൈവത്തെപ്പോലെ അദ്ദേഹത്തെ ആരാധിച്ചു. എന്നാൽ വാസ്തവത്തിൽ സൈനിക നേതാക്കന്മാരുടെചൊൽപ ടിക്കു കീഴിലുള്ള ഒരു ഭൃത്യൻ മാത്രമായിരുന്നുഅദ്ദേഹം.

ചക്രവർത്തിമാരുടെ രഹസ്യവലയിതമായ ഏകാ ന്തജീവിതത്തിലേക്കു് അദ്ദേഹം തിരിച്ചുപോയി. രാ ജധാനിയുടെ മതിൽക്കെട്ടിനുള്ളിലെ ആരാമനികുഞ്ജ ങ്ങളിൽ, ചിലപ്പോൾ കടലോരത്തു "ഹയാമ" എന്ന സുഖവാസസ്ഥലത്തു രക്ഷിവർഗ്ഗങ്ങളാൽ പുഴന്ന ബംഗ്ലാ വിൽ അദ്ദേഹം, ഒരു സാധാരണ, അനാഡംബരമായ, വിരസമായ ജീവിതം നയിച്ചുവന്നു.

പ്രേമനിധനായ ഒരു പതിയും വാൽസല്യമസൃണ നായ ഒരു പിതാവുമാണദ്ദേഹം. തന്റെ വെളുത്ത കു തിരപ്പുറത്തു സവാരി ചെയ്യുകയും ഗോൾഫും ടെന്നീ സ്സും കളിക്കുകയും നീന്തുകയും അദ്ദേഹത്തിനിഷ്ടമാ ണു്; പക്ഷേ, പ്രേക്ഷകദൃഷ്ടിയിൽപ്പെടാതെ ഇട്ടുണ്ടിയ ഒരു പരിധിക്കുള്ളിൽ ലോകത്തിൽവെച്ചു് ഒന്നാമത്തെ ധനികനാണു് അദ്ദേഹം. കാരണം ജപ്പാൻ രാജ്യവും അവിടത്തെ സമ്പത്തും ചക്രവർത്തിയുടേതാണു്; എന്നാൽ ദിനചര്യയിൽ ധാരാളിത്തം അദ്ദേഹം ഇഷ്ടപ്പെടാത്ത ഒന്നാണു്. വ്യക്തിപരമായ ജീവിതം അനാഡംബര മെങ്കിലും ചക്രവർത്തിയുടെ നിലയിൽ സമ്പാഡംബര ങ്ങളുടെയും കേന്ദ്രമാണു് ഹിരൊഹിതോ. രാജധാനി യിലെ നടപടിക്രമങ്ങളും ആഡംബരങ്ങളും ഉദ്യോഗോ ചരംകൂടിയല്ല. മന്ത്രിമാർക്കു മാത്രമെ ചക്രവർത്തിയെ നേരിട്ടു ദർശിക്കുവാൻ പാടുള്ളു. അവർ കാൽമുട്ടിന്മേൽ ഇഴഞ്ഞുചെന്നു വേണം അദ്ദേഹത്തെ മുഖംകാണിക്കു വാൻ. ഒരു സാധാരണ മനുഷ്യനെ ദൈവത്തിന്റെ അവതാരമായി ലോകദൃഷ്ടിയിൽ അവതരിപ്പിക്കുന്ന തിനു് ഏർപ്പെടുത്തിവെച്ച ആചാരങ്ങളും മാമൂലുകളും നിസ്സീമമാണു്. 2500 വർഷങ്ങൾക്കുമുമ്പു് സൂര്യദേവി ഏർപ്പെടുത്തിയ ചട്ടങ്ങളാണവ എന്നാണു് ജപ്പാൻകാരു ടെ വിശ്വാസം.

അതേ, വാസ്തവത്തിൽ അവർ അപ്രകാരം വിശ്വ സിക്കുന്നു. ഹിരോഹിതോവിന്റെ ദൈവീകതയിലു ള്ള വിശ്വാസം മാത്രമാണു്, സ്വകർത്തവ്യത്തിൽ പരാ ജയംപറ്റിയെന്നു ബോദ്ധ്യപ്പെടുന്ന വേളയിൽ ഒരു സൈനികമേധാവിയെ ആത്മഹത്യ ചെയ്യുവാൻപോ ലും പ്രേരിപ്പിക്കുന്നതു്.

K. THOMAS & SONS, ENGINEERS.

PALLAM P. O. Chingavanam A. O. Travancore.

MANUFACTURING Rubber Rollers, Spray Pumps, Water Pumps, Oil Mills, Sugar cane Mills, Church Bells etc. etc. and undertakes manufacture to client's specifications forging, machining, turning jobs etc.

CASTINGS in Cast iron, Gunmetal, Aluminium and brass are undertaken.

REPAIRS TO all types of Oil and Gas Engines, Tea and Rubber Factory machines etc. etc.

Your enquiries with samples or drawings will be esteemed.

ASSOCIATED INDUSTRIES, LTD.

(INCORPORATED IN TRAVANCORE)

CHALAKUZHY TILE WORKS & OIL MILLS

QUILON.

Telegrams: 'CHALAKUZHY' Telephone: 34

TILE WORKS.

Sole Proprietors and manufacturers of famous 'TAJ MAHAL' Brand and 'Horse head and Horse shoe' Brand Roofing, Flooring, Ceiling, Ridge Valley tiles, Wire cut and Surkie, etc. etc., Ventilators, Skylights, Ornamental tiles and other terracotta wares.

Available at all important centres with all transport facilities by land and water, throughout South India.

OIL MILLS.

Biggest Oil Mill in Middle and South Travancore. Copra purchased, coconut oil and punnac sold in large quantities at competitive rates.

ENGINEERING WORKSHOP.

Specialists in Oil Mill parts. All kinds of repairs, turning and overhauls undertaken.

Brass Founders.

Agencies for Tiles.

Adoor.
Alleppey.
Ambasamudram.
Arumughaneri.
Aruppukottai.
Changanacherry.
Chengannor.
Dindigul.
Kadainallur.
Karaikudi.
Kurumbur.
Kottayam.
Koilpatti.
Mavelikara.
Madura.
Pathanapuram.
Punalore.
Negapatam.
Nazareth.
Rajapalayam.
Salem.
Sankaranainarkoil.
Sholavandan (Madura)
Sattur.
Sivakasi.
Srivaikundam.
Sriveliputhur.
Tenkasi.
Thiruvella.
Tuticorin.
Trichendur.
Trichinopoly.
Trivandrum.
Vennikulam.
Virudhunagar.


C. P. MAMMEN, Managing Director.

ഗുഡ് നൈറ്

– ചെറുകഥ –

(ശാസ്ത്രി മഹോപദ്ധ്യായ കെ. എസ്. നീലകണ്ഠൻഉണ്ണി)

സമ്പത്തുകൊണ്ടോ അഭിജാത്യംകൊണ്ടോ അല്ല ഗോപി ഗോമതിയെ വിവാഹം ചെയ്തത് സൗന്ദര്യം ഒന്നുമാത്രം ലാക്കാക്കിയാണ്. ഒരുദരിദ്രകുടുംബത്തിൽപെട്ട വളാണ് ഗോമതി. ആരോടും സങ്കോചം കൂടാതെ സംസാരിക്കുന്നതിനു് അവൾക്കു മടിയില്ല. അതു് അവളുടെ ചെറുപ്പത്തിലെ സ്വഭാവമാണ്. പ്രായംവന്നിട്ടും അതിനൊരുകുറവും ഉണ്ടായിട്ടില്ല. വിവാഹം കഴിഞ്ഞു അധികദിവസം കഴിയുന്നതിനു മുൻപുതന്നെ ഗോമതിയുടെ ഈ ശീലം ഗോപിയെ ചില ദുശ്ശങ്കകൾക്കു് അധീനനാക്കിത്തീർത്തു. അന്നുമുതൽ ആ ഭാര്യാഭർത്താക്കന്മാരുടെ സൈരജീവിതവും അവസാനിച്ചു. സദാ വഴക്കും ശകാരവുമായി. അങ്ങിനെ ദിവസങ്ങൾ ഓരോന്നായി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു.



ഏറ്റവും പുതിയ ബ്രി. വിമാനവാഹിനിക്കപ്പൽ

ഒരു ദിവസം വക്കീൽ രാഘവൻനായർ ഗോപിയെ കാണുന്നതിനായി അയാളുടെ വസതിയിൽ എത്തി. പ്രഭാതത്തിലെന്തുകൊണ്ടോ എന്തോ ഗോപി ഉണർന്നിട്ടില്ല. രാഘവൻനായർ ആഫീസുമുറിയിൽ കുറെനേരികസമയം ഇരുന്നിട്ട് സമയം അതിക്രമിക്കുന്നു ഇനി പിന്നീട് കണ്ടുകൊള്ളാം എന്നു് അറിയിച്ചുകൊ

അരനാഴിക കഴിഞ്ഞപ്പോൾ ഗോപി ഉണർന്നെണീറ്റു വെളിയിൽ വന്നു പാച്ചുരനെ വിളിച്ചു കാപ്പികൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. ഉണർന്നെണീറ്റാൽ ഉടൻ ഒരു കപ്പു കുടിച്ചിട്ടല്ലാതെ ഗോപി വെളിയിൽ ഇറങ്ങുക പതിവില്ല. കൊച്ചുമ്മ കാപ്പിയുംകൊണ്ടു് അങ്ങോട്ടുവന്നിട്ടു് എത്ര നേരമായി. യജമാനൻ കാപ്പികുടിയും കഴിഞ്ഞു വെളിയിലേക്കു പോയി എന്നാണ് ഞാൻ വിചാരിച്ചതു്. ആഫീസിൽനിന്നു കുറെമുൻപെ ആരോ ഇറങ്ങിപ്പോകുന്നതും കണ്ടു എന്നായിരുന്നു പാച്ചുരന്റെ മറുപടി. ഇതു കേട്ടപ്പോൾ ഗോപിക്കു കോപം വർദ്ധിച്ചു ഗോമതിയെ വിളിച്ചതിൽ കൊച്ചുമ്മ കുളിക്കാൻ പോയിരിക്കയാണ് എന്നു് പാച്ചുരൻ വിളിച്ചുപറഞ്ഞു. ഗോപി പിന്നീടു പാച്ചുരനെ വിളിച്ചു് പലതും ചോദിച്ചു എങ്കിലും തന്റെ ശങ്കകൾക്കു പരിഹാരമുണ്ടാകത്തക്ക വിധത്തിലുള്ള മറുപടി ഒന്നും കിട്ടയില്ല. അൽ യജമാനനെപ്പോലെതന്നെ ഇരിക്കുന്നു. പൊക്കവും വണ്ണവും നിറവും എല്ലാം തുല്യം. മേൽമീശമാത്രമെ വിശേഷമുള്ളു. എന്നൊക്കെയായിരുന്നു അവന്റെ ഉത്തരം.

ഗോമതി കുളികഴിഞ്ഞുവന്നു. ഗോപി പലതും ചോദിച്ചു തക്ക സമാധാനങ്ങൾ ഒന്നുമില്ല. അതെ അറിയാമെങ്കിലേ സമാധാനവാക്കുകൾ പറയുവാൻ അവൾക്കു നിവൃത്തിയുള്ളുവല്ലോ. ഒടുവിൽ നിന്റെ കള്ളത്തരങ്ങളെല്ലാം എനിക്കറിയാം എന്നു ഗർജ്ജിച്ചുകൊണ്ട് മേശപ്പുറത്തിരുന്ന റൂൾത്തടിയുമായി ഗോപി ഗോമതിയുടെ നേരെ ഒരു ചാട്ടം. ദൈവാധീനംകൊണ്ട് അപ്പോൾ ഗുമസ്തൻ കേശവപിള്ള ആഫീസുമുറിയിലേക്കു കയറിവന്നു. ഗോമതി മുപ്പുറത്തേക്കും പോയി. കേശവപിള്ള വന്ന ഉടൻതന്നെ വക്കീൽ രാഘവൻനായരെ വഴിക്കുകണ്ടു. ഇവിടെവന്ന കുറെ അധികം നേരം ഇരുന്നിട്ടും കാണായ്കകൊണ്ടോണ്ടോ മടങ്ങിയതു്. വയ്യിട്ടു കാണണമെന്നു പറഞ്ഞിരിക്കുന്നു. ഒരു പക്ഷെ എഴുത്തുംകൊടുത്തു ഗോപാലനെ അയച്ചേക്കാനും മതി എന്നു പറഞ്ഞു. ഇതുകൂടി കേട്ടപ്പോൾ ഗോപിയുടെ ശങ്ക വർദ്ധിക്കുക

യാണെ ചെയ്യുത്. എന്തെന്നാൽ വക്കീൽ രാഘവൻനായർ ഒരു ദുർന്നടത്തക്കാരനാണെന്ന നാട്ടിലെല്ലാം പ്രസിദ്ധമായിരുന്നു.

ഗോപിക്കു പിന്നീട് ഗോമതിയെ അന്വേഷിക്കുന്നതിനോ ശകാരിക്കുന്നതിനോ ഇട കിട്ടിയില്ല. കച്ചേരിക്കു പോകേണ്ട സമയമായതുകൊണ്ട് ദിനകൃത്യങ്ങൾ പൂർത്തിയാക്കി ഉടുത്തൊരുങ്ങി ഇറങ്ങിക്കഴിഞ്ഞു. ആ സമയത്താണ് ഗോപാലന്റെ വരവ്. എഴുത്തുവാങ്ങി വായിച്ചു. വൈകിട്ട് സിനിമാകാണാൻ ഒരുമിച്ചു പോകാമെന്നായിരുന്നു എഴുത്തിന്റെ സാരം. അങ്ങിനെ



ഐകൃകക്ഷികൾ പശ്ചിമരംഗത്തുപയോഗിച്ച രഹസ്യായുധം. ഷേർമൻ ടാങ്കുകൾ സ്ഥാനങ്ങളിലേക്കയക്കുന്ന വാനം അഗ്നി പായിയിച്ചുകൊണ്ട് ചീറിപ്പായുന്നു

തന്നെ എന്ന് അവനോട് മറുപടി പറഞ്ഞിട്ട് എഴുത്ത് മുറ്റത്തേക്ക് വലിച്ചെറിഞ്ഞിട്ട് ഗോപി കച്ചേരിയിലേക്കു പോയി.

II

വക്കീൽ ഗോപി താമസിക്കുന്ന വീടിന്റെ അയൽവീട്ടിലായിരുന്ന പെൻഷൻഡ് ഹെഡ്മാസ്റ്റർ ശങ്കരപ്പിള്ള താമസിച്ചിരുന്നത്. ശങ്കരപ്പിള്ളയും ഭാര്യ കാർത്യായണിയമ്മയും മാത്രമേ അവിടെ താമസമുള്ളൂ. മക്കൾ രണ്ടു മൂന്നുപേരുണ്ട്. ഓരോ ജോലിയായി അവരെല്ലാം ഓരോ സ്ഥലത്ത് താമസക്കാരായിരിക്കയാണ്. പെൻഷൻകിട്ടുന്ന തുകയ്ക്കു പുറമേ മക്കൾ അയച്ചുകൊടുക്കുന്ന സംഖ്യയും ഉള്ളതുകൊണ്ടു നിത്യത ഒരുവിധം മാനമായിട്ടാണ അവർ കഴിച്ചുകൂട്ടുന്നത്. വക്കീൽ രാഘവൻനായർ ഗോപിയുടെ വീട്ടിൽവന്നതും ഗോപി ഗോമതിയുമായി വഴക്കുപറഞ്ഞതും എല്ലാം അവർ കേട്ടിരിക്കുന്നു എന്നുമാത്രമല്ല ദിവസംതോറുമുള്ള ഇത്തരം വഴക്കുകൾ അവർ കേൾക്കാറുണ്ട്. അന്നു മദ്ധ്യാഹ്നസമയത്ത് ഭാര്യാഭർത്താക്കന്മാർതമ്മിൽ ഇങ്ങിനെ ഒരു സംഭാഷണം ഉണ്ടായി.

ശങ്കരപ്പിള്ള— ആ പാവം പെണ്ണിനെ ആ ഗോപി എത്രമാത്രമാണ് ഉപദ്രവിക്കുന്നത്. അയൽപക്കത്തു താമസിക്കാൻപോലും വയ്യാതായി.

കാർത്യായനിയമ്മ— മറ്റുള്ളവരുടെകാര്യത്തിൽ എന്തിനു തലയിടുന്നു. നാട്ടിലുള്ളവരെയെല്ലാം നന്നാക്കാൻ നാം വിചാരിച്ചാൽ സാധിക്കുമോ. ആ പെണ്ണുവെറും സാധുവാണ്. നാമെന്തുചെയ്യും, അയാൾ ഒന്നുംപറഞ്ഞാൽ സമ്മതിക്കുന്ന കൂട്ടത്തിലല്ല.

ശങ്ക— എന്നുവച്ച് നാമെങ്ങിനെ വെറുതെ ഇരിക്കും ഇതിനെന്തെങ്കിലും നിവൃത്തിയുണ്ടാക്കണമല്ലോ അല്ലാത്തപക്ഷം നമുക്കു ഇവിടെനിന്നും മാറിത്താമസിക്കണം.

കാർത്യാ— ഇതു നല്ല കൂത്താണ്. ജോലിയില്ലാത്തവക്കു ഒരുജോലി. നിങ്ങൾ എന്തുചെയ്യാൻ പോകുന്നു.

ശങ്ക— എന്തുചെയ്യാനാണ് ഞാൻഅങ്ങോട്ടൊന്നു പോയിട്ടുവരാം.

കാർത്യാ— അതേ അതേ വഴക്കു നിറുത്തിയേ വരാവേ

ശങ്കരപ്പിള്ള ഗോപിയുടെ വീട്ടിൽ കയറിച്ചെന്നപ്പോൾ ക്ഷീണാധിക്യം നിമിത്തം ഗോമതി ഉറക്കമായിരുന്നു. അരിവയ്പുകാരൻ പാച്ചുവിനെവിളിച്ചു അഫീസ് മുറി തുറപ്പിച്ച് അവിടെ കയറിയിരുന്നു ഓരോന്നു സംസാരിക്കുന്നതിടയ്ക്ക് ഭോശപ്പുറത്തു കിടന്നിരുന്ന എഴുത്ത് ശങ്കരപ്പിള്ളയുടെ ദൃഷ്ടിയിൽപെട്ടു. വെറുതെയെങ്കിലും അതൊന്നെടുത്ത് വായിച്ചുനോക്കിയിട്ട് അയാൾ വീണ്ടും സംസാരിക്കാൻ തുടങ്ങി.

ശങ്ക—പാച്ചുവാ നീ ഒരു കാര്യം ചെയ്യണം യജമാനൻ ഇന്നു സിനിമാകാണാൻ പോകുന്നുണ്ട്. വക്കീൽ രാഘവൻനായരും ഒരുമിച്ചാണെപോകുന്നത്.

പാച്ചു— ശരിയായിരിക്കാം. എന്നാൽ എനിയ്ക്കും വയ്യിട്ട് എന്റെ വീട്ടിൽ ഒന്നുപോകണം. നാളെ രാവിലെ വന്നാൽമതിയല്ലോ.

ശങ്ക—കൊള്ളാം. ഇവിടെ ആരും വേണ്ടെന്നോ?

പാച്ചു— എനിക്കും വല്ലപ്പോഴുമെങ്കിലും എന്റെ വീട്ടിലൊന്നു പോകേണ്ടേ.?

ശങ്ക— അതും ശരിതന്നെ.

ശങ്കരപ്പിള്ള പിന്നീട് അവിടെ അധികം താമസിച്ചില്ല. വെളിയിലേക്കു ഇറങ്ങിയപ്പോൾ ഗോപിയുടെ വരവായി. അടുത്തുവന്നപ്പോൾ എന്താ വക്കീൽ സാറേ. വിശേഷമെന്തുള്ളൂ. ഇന്നു സിനിമാകാണാൻ പോകുന്നുണ്ട് ഇല്ലേ?.

ഗോപി— പോകുന്നു. ആ രാഘവൻ നായർ വക്കീൽ ചെല്ലണമെന്നു എഴുത്തു കൊടുത്തയച്ചിരിക്കുന്നു.

ശങ്ക— ശരി അയാളുടെ സ്വഭാവമേ ഇതാണ്. സിനിമയ്ക്കു നേരത്തെ സ്നേഹിതന്മാരെ വിളിച്ചുകൊണ്ടു പോകുക, സിനിമ പകുതിയാകുന്നതിനു മുൻപു് അവിടെനിന്നും കടക്കുക, മനസ്സിൽ വിചാരിച്ചകാര്യം നടത്തുക. എന്നാ കൊള്ളാമേ. അതിനു അയാളുടെ ഭാ

സ്സൻ ദെല്ലോളുമാണ്. അയാൾ നേരത്തെ വേണ്ട കരു തലുകൾ ചെയ്തു കാത്തുനില്ക്കും.

ഗോപി— അങ്ങിനെയാണോ. എന്നാൽ ഇന്ന് അയാളുടെ വിദ്യ ഫലിക്കുകയില്ല. എനിക്കും ഉണ്ട് വിദ്യ.

ശങ്ക— നിങ്ങളുടെ വിദ്യയൊന്നും ഫലിക്കുമെന്നു തോന്നുന്നില്ല.

ഗോപി— അതുകൊണ്ടു നിങ്ങൾക്കുടി വരുന്നോ. വളരെ നാളുകളായില്ലേ സിനിമാ കണ്ടിട്ട്.

ശങ്ക— ഇല്ല. എനിക്ക് അതിൽ അത്ര കൗതുകം തോന്നുന്നില്ല.

ഗോപി— എന്നാൽ അതുകൊണ്ടു ഗുഡ് ഈവനിംഗ്.

ശങ്കരപ്പിള്ള നേരെ അയാളുടെ വാസസ്ഥലത്തേക്കു പോയി. ഗോപി വീട്ടിൽചെന്നു് അതോടം ഒന്നും പറയാതെ ഉടുപ്പുകൾ മാറി വെളിയിലേക്കിറങ്ങിയപ്പോൾ അച്ഛൻ ഓടിവന്നു് എനിക്കിന്നു് ഒന്നു വീട്ടിൽ പോകണം. രാവിലെ എത്തിക്കൊള്ളാം എന്നു പറഞ്ഞപ്പോൾ, കായ്യം എന്തോ ഇവനുംകൂടി ഒത്തുകൊണ്ടാണു് എന്നുള്ള വിചാരത്തോടുകൂടി ഒന്നു മൂളിയിട്ട്, അവട്ടെ പൊയ്ക്കോ എന്നുമാത്രം മറുപടികൊടുത്തു് ഗയിറിനു വെളിയിൽ ഇറങ്ങിപ്പോകുകയും ചെയ്തു. ഗോമതി ഇതെല്ലാംനോക്കിക്കൊണ്ടു നിന്നതല്ലാതെ ഒരു അക്ഷരംപോലും ഉരിയാടിയില്ല. ഒടുവിൽ കണ്ണുനീർപൊഴിച്ചുകൊണ്ടു് അവൾ അകത്തു കയറി കിടന്നു. അന്നു് അത്താഴംപോലും അവർ കഴിക്കുകയുണ്ടായില്ല.

III

നേരം അർദ്ധരാത്രിയോടു് അടുത്തിരിക്കുന്നു. തെരുവുകൾ ജനശൂന്യമായും നിശ്ശബ്ദമായും തീർന്നു. ഗോപിയുടെ താമസസ്ഥലത്തിന്റെ മുൻവശത്തുള്ള ഗയിറിനടുത്തു് ഒരാൾ അതേയോ കാത്തുനിൽക്കുന്നു. അയാളുടെ ദൃഷ്ടി എപ്പോഴും റോഡിലേക്കുതന്നെ. ഇരുട്ട് എല്ലായിടവും ഒരുപോലെ വ്യാപിച്ചിട്ടുണ്ട്. അധികം താമസിയാതെ ഒരാൾ അതിവേഗത്തിൽ വന്നു് ഗയിറിനു വെളിയിൽ നിൽക്കുന്ന ആളുമായി എന്തോ മന്ത്രിച്ചതിനുശേഷം ഗെയിറ്റ് തുറന്നു് അകത്തു കടന്നു. നേരെ ഗോമതി കിടക്കുന്ന മുറിയുടെ വാതുക്കൽവന്നു് ഒന്നു പതുക്കെ മുട്ടി. കതകു് പെട്ടെന്നു തുറന്നു. പകലത്തെ വിഷമസ്ഥിതിയിൽ കതകു സാക്ഷയിട്ടോ എന്നു പോലും നോക്കാതെയാണു് ഗോമതി കിടന്നുറങ്ങിയതു്. ആഗതൻ അകത്തു കടന്നു. ഗോമതി കിടക്കുന്ന കട്ടിലിൽ ചെന്നിരുന്നു് "കൊള്ളാം കൊള്ളാം. ഇതാണു വിദ്യ ഇല്ലേ. ഇതിൽ ഭേദം ക്ഷണിക്കാതെ ഇരിക്കുകയായിരുന്നു." എന്നു പിറുപിറുത്തു.

ഗോമതി ഉണർന്നു. അപരിചിതനായ ഒരാൾ തന്റെ കട്ടിലിൽ ഇരിക്കുന്നതുകണ്ടു് അവൾ ഞെട്ടുങ്ങി. പെട്ടെന്നു ചാടി എണീറ്റ് പുറത്തേക്ക് ഓടി. ഒരു വിധത്തിൽ അയ്യോ ഓടിവരണേ. അയ്യോ ഇതാ ആരോ എന്നെ വിഷമിപ്പിക്കാൻ വന്നിരിക്കുന്നേ എന്നു ബഹളം കൂട്ടി. അരിവയ്പുകാരൻപോലും ആ വീട്ടിൽ ഇല്ലാതിരുന്നതുകൊണ്ടും അയൽവീട്ടുകാർ നല്ല ഉറക്കത്തിൽ ആയിരുന്നതുകൊണ്ടും ഓടിവരുന്നതിനു് ആരുംതന്നെ ഉണ്ടായിരുന്നില്ല. ആഗതൻ വീണ്ടും ഞാൻ കട്ടവായും പുലിയും ഒന്നുമല്ല മനുഷ്യൻ തന്നെയാണു്. നാല്പവാക്കെയണിയമ്മ ഈ വയസ്സുകാലത്തും ഇങ്ങിനെയുള്ള കുതിമങ്കിലും എന്നോടു സംസാരിക്കുവാൻ വയ്യേ. എന്തിനാണു നിലവിളിക്കുന്നതു് എന്നും മറ്റും പറഞ്ഞുനോക്കിയെങ്കിലും അതൊന്നും അവൾ കേട്ടില്ല. ഇരുട്ടിൽ അവൾ ഗെയിറിനു വെളിയിൽചാടി ശങ്കരപ്പിള്ളയുടെ വീട്ടിൽചെന്നു കയറി. കാർത്യായനിയമ്മ ബഹളം കേട്ട് ഉണർന്നെണീറ്റ സമയമായിരുന്നതു്. ഗോമതിയെ അവർ വീട്ടിനുള്ളിൽ കൊണ്ടുചെന്നു് ഇരുത്തി ഉണ്ടായ വർത്തമാനങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കി. അല്പസമയം കഴിഞ്ഞു ശങ്കരപ്പിള്ളയും ഗോപിയും കാർത്യായനിയമ്മ ഇരിക്കുന്ന മുറിയിലേക്കു കടന്നുചെന്നു.



ഓക്കിനാവായിലെ അമേ. കമാണ്ടറായ മേജർ ജനറൽ ഫ്റഡ് സി. വാലസ്.

ശങ്ക— ഇന്നെന്താ ഇങ്ങിനെ. ഗോമതി വീട്ടിൽ ആരും ഇല്ലാതിരുന്നതുകൊണ്ടു് ഇങ്ങോട്ടു പോന്നതായിരിക്കാം.

കാർത്യാ— വീട്ടിൽ ഒരുത്തിയെകൊണ്ടു പാപ്പിച്ചിട്ട് നാടുനീളെ നടക്കാൻ പോയാൽ അവക്കു സൈരമുണ്ടോ. എന്തെല്ലാം ഉപദ്രവങ്ങളാണു് ഉണ്ടാകുക.

ഗോപി— എന്താ ഉപദ്രവം. ആരു് ഉപദ്രവിക്കാൻവന്നു. ശങ്കരപ്പിള്ളേ ഇവരെന്താഇങ്ങിനെ പറയുന്നതു്.

ശങ്ക— എനിക്കൊന്നും അറിഞ്ഞുകൂടാ.

കാർത്യാ— എനിക്കെല്ലാം അറിയാം. കായ്യമറിയാതെ ഒരു പെൺകുട്ടിയെ ഇങ്ങിനെ വിഷമിപ്പിക്കരുതു് കേട്ടോ.

ഗോപി— ഞാനെന്തു വിഷമിപ്പിച്ചു. വീട്ടിലേക്കുപോകാം. ശങ്കരപ്പിള്ളേ വരു നമുക്കെല്ലാവർക്കുംകൂടിവേണം പോകാൻ.

ശങ്ക— അങ്ങനെതന്നെ.

ഗോപിയുടെ താമസസ്ഥലത്തു് എല്ലാവരും ചെന്നുചേർന്നു. നടന്ന സംഭവങ്ങൾ ഓരോന്നായി ഓരോരുത്തരും അന്യോന്യം പറഞ്ഞു കേൾപ്പിച്ചു. താൻ രാഘവൻനായരുടെവേഷംകെട്ടി സ്വന്തം ഭാര്യയെ പരീക്ഷിപ്പാൻ പുറപ്പെട്ടതു വലിയ സാഹസമായിപോയി എന്നു് അപ്പോൾ ഗോപിക്കുതോന്നി. രാഘവൻനായരുടെ ഗുമസ്തന്റെ വേഷത്തിൽ താൻ ഗയിറിൽ രാത്രി ഉറക്കമിളച്ചിരുന്നതു് ഒരു സാധുപെണ്ണിനോടു് അവളുടെ ഭർത്താവിനു തോന്നിയിരുന്ന ദുശ്ശങ്കകളെ നിവാരണം ചെയ്യുന്നതിനു വഴിപാടുമായല്ലോ എന്നോർത്തപ്പോൾ ശങ്കരപ്പിള്ളയ്ക്കും അത്യധികമായ സന്തോഷമുണ്ടായി. കാർത്യായനിയമ്മ ഈ വയസ്സുകാലത്തും ഇങ്ങിനെയുള്ള കൃത്രിമ

നായാട്ടിൽനിന്നു നാട്യകല

(എസ്സ്. കെ. നായർ, മദിരാശി സർവകലാശാല)

നാട്യകലയുടെഉൽപത്തിയെക്കുറിച്ചു് പണ്ഡിതന്മാർ പല അഭിപ്രായങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടു്. മതാനുഷ്ഠാനങ്ങളാണു് നൃത്തനാടകങ്ങൾക്കു് മാതാവായതെന്നു് ഒരു കൂട്ടർ. വിളഞ്ഞെടുപ്പു വേളയിൽ ഉണ്ടാകുന്ന സുഭിക്ഷത ഒരു തരം മാദകനൃത്തത്തിനു കാരണമായെന്നു് വേറൊരു കൂട്ടർ. നാട്യകല 'പഞ്ചമവേദ'മായി വേധസ്സു നിർമ്മിച്ചെന്നു് ഭരതമുനി. ഇന്നോളം ആരും ഖണ്ഡിതമായ ഒരഭിപ്രായത്തിൽ എത്തിച്ചേർന്നിട്ടില്ല. മതവിശ്വാസങ്ങളെ മാറ്റി നിർത്തി, ചരിത്രം തരുന്ന വെളിച്ചത്തിൽക്കൂടെ നാട്യകലയുടെ ജാതകലഗ്നം പരിശോധിക്കാൻ പല ഗവേഷകന്മാരും യത്നിച്ചിട്ടുണ്ടു്. അവരിൽ ഒരു കൂട്ടർ. നായാട്ടിൽ നിന്നും നാട്യകല ഉണ്ടായെന്നു് ബലമായി വിശ്വസിക്കുന്നു. അതെങ്ങനെ എന്നു് ചിന്തിക്കാം.

ചരിത്രാതീതമായ ആ പഴയ കാലത്തേക്കു്, മാനുഷ്യകത്തിന്റെ ശൈശവാസ്ഥയിലേക്കു് നമുക്കൊന്നുപോകുക. നിലം ഉഴാനും, വിത്തു വിതയ്ക്കാനും, വിളവെടുക്കാനും അന്നാക്കും അറിഞ്ഞുകൂടാ. അതിനുള്ള ആയുധങ്ങളോ ആവശ്യങ്ങളോ അവർ കണ്ടെത്തിയിരുന്നുമില്ല. മനുഷ്യൻ ആദ്യം മാംസഭുക്കായിരുന്നുവെന്നും, അല്ല സസ്യഭുക്കായിരുന്നുവെന്നും അഭിപ്രായഭേദങ്ങളുണ്ടു്. ഇന്നോളം അതു് തീർച്ചപ്പെട്ടിട്ടില്ല. പരിണാമസിദ്ധാന്തത്തെ സ്വീകരിക്കുന്നതായാൽ, ആദ്യമും ഹവ്വായും വിലക്കപ്പെട്ട കനിയല്ല, ഇറച്ചിയാണു് തിന്നതെന്നു് പറയേണ്ടിവരും. ഹിമാവൃതമായിരുന്ന ഭൂതലത്തിൽ ഒന്നു രണ്ടു് ഹിമയുഗങ്ങൾ കഴിഞ്ഞപ്പോൾ. മനുഷ്യരുണ്ടായെന്നും, അവർക്കു ചുറ്റും പച്ചപിടിച്ച സസ്യങ്ങൾക്കുപകരം പലതരം ജന്തുക്കളായിരുന്നു കാണപ്പെട്ടിരുന്നതെന്നും, വിശപ്പു തോന്നിയപ്പോൾ അവർ ആ ജന്തുക്കളെ വേട്ടയാടികൊന്നു തിന്നിരുന്നുവെന്നും തീരുമാനപ്പെട്ടാൽ നാട്യകലയുടെ ഉൽപത്തിയെപ്പറ്റിയും ഖണ്ഡിതമായ ഒരഭിപ്രായം ആവിഷ്കരിക്കാം. നായാട്ടായിരുന്നു, മനുഷ്യരാശിയുടെ ആദ്യത്തെ ജീവിതാവശ്യകർമ്മമെന്നു് ഇതിൽനിന്നു് സിദ്ധം. ആ നിലയ്ക്കു് ജീവിതാഡംബരകർമ്മത്തിനും നിദാനം നായാട്ടുതന്നെയായിരിക്കണം. നൃത്തമാണു് മനുഷ്യന്റെ ഒന്നാമത്തെ കലാപ്രകടനമെന്നും ഊഹിക്കാൻ പ്രയാസമില്ല.

നായാട്ടിൽ നിന്നു് ഒരു നാടകീയ രംഗം പൊന്തിവന്നതെങ്ങനെ എന്നു് റോബർട് എഡ്മണ്ട് ജോൺസ് (Robert Edmend Jones) മനോഹരമായ ഒരു ഭാവനകൊണ്ടു് തെളിയിച്ചിട്ടുണ്ടു്. മനുഷ്യ ജീവിതത്തിൽ നാടകം അതൃന്താപേക്ഷിതമാണെന്നുപോലും അദ്ദേഹത്തിന്റെ കല്പന കാണിച്ചുതരുന്നു. സ്വന്തം വീരവൃത്തികൾ വിവരിച്ചും വർണ്ണിച്ചും മറ്റുള്ളവരെ കേൾപ്പിക്കാൻ മനുഷ്യനുള്ള ജന്മവാസന എത്രകണ്ടുണ്ടെന്നും അതിൽ നിന്നു ഗ്രഹിക്കാം. ആ പൂർവ്വകാല രംഗം അദ്ദേഹം ഇങ്ങനെ ഭാവനം ചെയ്യുന്നു:—

ആ ശിലായുഗത്തിലേക്കു് നമുക്കൊന്നു് തിരിച്ചുപോകാം. ഗുഹാവാസികളാണു് മനുഷ്യർ. സമയം രാത്രി, ഒരു തീക്കുണ്ഡത്തിനു ചുറ്റും നാം ഇരിക്കുന്നു. നാം ആരൊക്കെയാണെന്നോ—നമ്മുടെ പേരുകൾ പറയാം: ഓക്കു്, പൊപ്ലർ, പംഗ്, ഗ്രുപ് പിന്നെ കൊമുഡോവി ഇങ്ങനെ പലരും. തീക്കുണ്ഡത്തിനു് മറുവശത്തു് ഇരിക്കുന്നതു് നമ്മുടെ നേതാക്കന്മാരാണു്. അവരൊന്നിച്ചേ ഇരിക്കൂ. നല്ല ബലമുള്ളവരും, വേഗത്തിൽ ഓടാവുന്നവരും, ധീരന്മാരും, സഹനശക്തിയുള്ളവരുമാണു് ആ നേതാക്കന്മാർ. ഇന്നവർ ഒരു സിംഹത്തെ കൊന്നിട്ടുണ്ടു്. പ്രക്ഷോഭജനകമായ ഈ സംഭവം നമ്മെ എല്ലാം കോരിത്തരിപ്പിച്ചിരിക്കുന്നു; നമ്മുടെ സംസാരവിഷയവും ആ സിംഹവധം തന്നെ.

തീയ്യുടുത്തുതന്നെ സിംഹത്തിന്റെ പുറംതോലു കിടപ്പുണ്ടു്. പെട്ടെന്നു് നേതാക്കന്മാരിൽ ഒരാൾ ചാടി എണീറ്റു. "ഞാനാണു് സിംഹത്തെ കൊന്നതു്! ഞാൻ തന്നെ! ഞാനവന്റെ പിറകെ ഓടി! അവനെന്റെ നേരെ ചാടി! എന്റെ കുന്തംകൊണ്ടു് ഞാനൊരു കുത്തു കൊടുത്തു! അവൻ 'പൊത്തോ' എന്നൊരു പിഴച്ചു! പിന്നെ അനങ്ങിയിട്ടില്ല!" ആ നേതാവു് കൈയും കാലുമിളക്കി നമ്മോടു് പറയുകയാണു്. പക്ഷെ, പെട്ടെന്നു് അവന്റെ മങ്ങിയ ബുദ്ധിയിൽ ഒരു പ്രകാശം വന്നതെളിഞ്ഞു. "ഹൊ! ഞാനിതു നിങ്ങളെ ശരിക്കു മനസ്സിലാക്കിത്തരാം. നോക്കൂ. അതിങ്ങനെയായിരുന്നു. ഉം. നോക്കട്ടെ. അതു് അ. ഇതാ ഇങ്ങനെ തന്നെ. നോക്കിക്കൊള്ളൂ."

ഈ ശുഭമുഹൂർത്തത്തിലാണു നാടകമുണ്ടായതു്., നാട്യകല ജന്മമെടുത്തതു്!

ങ്ങൾ തന്റെ ഭർത്താവിനു തോന്നുന്നല്ലോ എന്നോർത്തു് സന്തോഷിച്ചു. ഒടുവിൽ ഗോപി ഇങ്ങനെ പറഞ്ഞു.

ഗോപി— ഇന്നു് ഏതായാലും സന്തോഷകരമായ ഒരു ദിവസമാണു് അതുകൊണ്ടു നമുക്കു് ഓരോകപ്പുചായ കഴിച്ചിട്ടുവേണം പിരിയാൻ അതു ഗോമതിതന്നെ തയാറാക്കിക്കൊണ്ടുവരികയുംവേണം.

ശങ്ക— അങ്ങിനെതന്നെയാണ വേണ്ടതു്.

ഗോമതി അതിവേഗത്തിൽപോയി ചായ തയാറാക്കിക്കൊണ്ടുവന്നു് ഓരോരുത്തർക്കും പകർന്നുകൊടുത്തു ചായകുടിച്ചതിനുശേഷം ശങ്കരപ്പിള്ള രാത്രി അതിക്രമിക്കുന്നു ഒന്നു് ഉറങ്ങട്ടെ.

ഗോപി— എന്നാൽ അങ്ങിനെയാകട്ടെ രാവിലെ വരണം കേട്ടോ.

കാർത്യാ— ചായകിട്ടുമെങ്കിൽ എപ്പോഴംവരാം

ശങ്ക— ശരി ഗുഡ്നൈറ്റ്.

അ നേതാവു തുടർന്നു: "നിങ്ങളെല്ലാവരും എനിയ്ക്കുചുറ്റും വട്ടത്തിലിരിക്കിൻ. താൻ ഇവിടെ. ഏടോ താൻ ഈ വശത്തു്. ഇവിടെ, ഇവിടെ വന്നിരി. എനിയ്ക്കു തൊടാൻ പറ്റുന്ന അകലത്തിൽ. അ ഇങ്ങട്ടുവന്നിരിക്കു.

ഏടോ ഓക്കേ, താനിങ്ങുവരു. ഇങ്ങുവരിക. ഉം— എണീക്കു.. താനാണെടോ സിംഹം. ഇതാ സിംഹത്തിന്റെ പുറംതോല്. ഇതെടുത്തു മേലിടുക. അപ്പോൾ താൻ സിംഹമാകും. എന്നിട്ടു ഞാൻതന്നെ കൊല്ലാം. അങ്ങനെ എന്റെ സിംഹവേട്ട ഞാൻ കാണിക്കാം.



ഉഷ്ണമേഖലയിൽ മലേറിയാരോഗം ബാധിക്കാതിരിക്കുന്നതിനു ബ്രി. നാവിക ഉദ്യോഗസ്ഥന്മാർ പ്രത്യേകരീതിയിൽ വസ്ത്രധാരണം ചെയ്യുന്നിരിക്കുന്നു

ഓക്കു് എണീറ്റു. തോളുവഴി ആ സിംഹചർമ്മം അയാൾ എടുത്തിട്ടു. എന്നിട്ടു മുട്ടുകുത്തി നിന്നു് ഉറക്കെ ഒന്നലറി. എന്തു ഭയങ്കരനായി നമ്മുടെ ഓക്കു്! സാക്ഷാൽ സിംഹം അയാളല്ല കേട്ടോ! അതു നമുക്കറിയാം. സാക്ഷാൽ സിംഹം ചത്തുപോയി. അവനെ നാം ഇന്നുകൊന്നുകളഞ്ഞു. തീർച്ചയായും ഓക്കല്ലാ കേട്ടോ സിംഹം. അവൻ സിംഹത്തെപ്പോലെയല്ലതാനും.

"ഓക്കേ, താൻ ഞങ്ങളെ പേടിപ്പിക്കാനൊന്നും നോക്കണ്ട. തന്നെ ഞങ്ങൾക്കറിയാം. തന്നെ ഞങ്ങൾക്കു പേടിയുമില്ല!"

എന്നാലും, എങ്ങനെയോ നമ്മുടെ ഓക്കു് ഒരു സിംഹമായി! ഓക്കു് ഒരു സിംഹംതന്നെ! അതാ നോക്കു. ശേഷംപേരെപ്പോലെയാണോ അവനിപ്പോൾ? അവൻ നമ്മുടെ അ പഴ ഓക്കുതന്നെ, എങ്കിലും അവനിപ്പോൾ സിംഹവുംകൂടെയാണു്!

ഇങ്ങനെ ഈ രണ്ടുപേരും, നമ്മുടെ നേതാവും ഓക്കും, ലോകത്തിലെ ആദ്യത്തെ നടന്മാർ, ആദ്യത്തെ "താര"ങ്ങൾ, ആ നായാട്ടരംഗത്തെ അഭിനയിച്ചു കാണിക്കുവാൻ പോവുകയാണു്. അവർ നമ്മോടൊന്നും പറയുന്നില്ല. എല്ലാം കാണിക്കുകയാണു്. നമുക്കു കാണാൻവേണ്ടി അവരതു നടിക്കുന്നു, അഭിനയിക്കുന്നു. നായാടി കുറ്റിച്ചെടികളിൽ മറഞ്ഞു നില്ക്കുയാണു്. സിംഹം അലറുന്നു, മുരളുന്നു. നായാടി അവന്റെ കുന്തം നീട്ടുന്നു, ചാണ്ടുന്നു. സിംഹം ചാടുന്നു. ആ അലർച്ചയിൽ, ആ കരച്ചിലിൽ, ആ മോങ്ങലിൽ, ആ ആനന്ദത്തിൽ, ആ വിപ്ലവത്തിൽ, ആ ബഹളത്തിൽ നാം അറിയാതെ ചേർന്നുപോകുന്നു!— ഇതുതന്നെ ആദ്യത്തെ സംഘഗാനം! കുന്തം ദൂരെയെറിഞ്ഞു. സിംഹം താഴെ വീണു, അനങ്ങാതെ അവനവിടെ കിടക്കുകയാണു്.

ആദ്യത്തെ നാടകം ഇങ്ങനെ അവസാനിച്ചു!

നായാട്ടിൽ നിന്നുമുള്ള നാടകോല്പത്തിയെക്കുറിച്ചു നടത്തിയിരിക്കുന്ന ഈ ഭാവന മോഹനമായിട്ടുണ്ടു്, സമ്മതിക്കാതെ തരമില്ല. പക്ഷെ, മനുഷ്യകുത്തിന്റെ ആദിമ ചരിത്രത്തെപ്പറ്റിയുള്ള അജ്ഞതയാണു് ഈ മോഹനഭാവനയുടെ പിന്നിൽ കണ്ണുമിഴിച്ചു നില്ക്കുന്നതു്.

ഈ അഭിപ്രായം സ്വീകരിക്കണമെങ്കിൽ എന്തെല്ലാം നാം കണ്ടുകൂട്ടിച്ചു വിശ്വസിക്കണം? ആദിമമനുഷ്യൻ മാംസഭുക്കായിരിക്കണം; അവന്റെ പ്രഥമകർമ്മം നായാട്ടാകണം; അവനു് അതിനകം ഭാഷാജ്ഞാനം കൈവന്നിരിക്കണം. ആ ശിലായുഗത്തിലെ കുന്തം കല്ലുകൊണ്ടായിരിക്കണം; ഇരുമ്പോ മറ്റു ലോഹങ്ങളോ പിന്നീടല്ലേ നമുക്കു കിട്ടിയതു്! . . . . . ഇങ്ങനെ പലതും വിശ്വസിച്ചാൽ നാട്യകല നായാട്ടിൽനിന്നുമാണുണ്ടായതെന്നു് തീർച്ചപ്പെടുത്താം.

അതിനു് വരട്ടെ!

അഭിലാഷം

(മതിൽഭാഗം ചന്ദ്രശേഖരൻപിള്ള,)

ആടലായടുത്താഗമിക്കിലു—
മാശ്ലേഷിച്ചിടും നിന്നെഞാൻ
സാനന്ദംതവ സാമിപ്യമാന്നി—
ട്ടാത്മവിശ്രാന്തി തേടിടും
ദഗ്ധജീവിത ദുഃഖശുദ്ധത്തിൽ
മഗ്നമാക്കപ്പൊഴെന്നെനീ
അശ്രുധാര തന്നഞ്ജലികൊണ്ടി—
ട്ടർച്ചന നിനക്കേകിടും
നിൻകരംകൊണ്ടടിച്ചിടുമ്പൊഴും
നിൻകഴൽ തന്നെ താങ്ങിടും
ഏതുമേലെന്നെ ത്തട്ടിനീക്കിലു—
മതുമേലടുത്തീടും ഞാൻ
തൃപ്തനാവില്ല താവകാശ്ലേഷ—
മൊന്നുകൊണ്ടു ഞാനോക്കണം.
എന്നൊടിന്നുനീ ചൊല്ലുകിൽ നന്മ—
യെന്നുതന്നെയെന്നിക്ഷണം
ആടലായടുത്താഗമിക്കിലു—
മാശ്ലേഷിച്ചിടും നിന്നെ ഞാൻ.

ഹിന്ദിയിൽനിന്നു്.

മാപ്പായും വത്തിക്കാനും.

(റവ. ജെ. കണ്ടാരപ്പള്ളി, ബി. എ., ബി. ഠി., പി.എച്ച്. ബി. എൽ. ഡി.)

ലോക ചരിത്രത്തിൽ സർവ്വോപരി പ്രാധാന്യമർഹിക്കുന്നതും രണ്ടാമത്തെ ലോകമഹായുദ്ധത്തിന്റെ ഒരു സജീവരംഗവുമായിരുന്ന റോമാപട്ടണം, റോമുലസ് എന്നും റേമുസ് എന്നും പേരുള്ള രണ്ടു സഹോദരന്മാരാൽ ക്രിസ്തുവിനു് 753 വർഷങ്ങൾക്കുമുമ്പു് സ്ഥാപിതമായതാണെന്നതു് ഐതിഹ്യം. ഈ ഐതിഹ്യത്തിനു് ഉപോൽബലകമായി, ആ സഹോദരന്മാരെ പാൽകൊടുത്തു് പരിരക്ഷിച്ചുകൊണ്ടുപോന്നിരുന്ന എന്നു് വിശ്വസിക്കപ്പെട്ടിരുന്ന രണ്ടു ചെന്നായ്ക്കൾക്കു് സദൃശമായി രണ്ടു ചെന്നായ്ക്കളെയും, റോമാസാമ്രാജ്യത്തിന്റെ പ്രത്യേക ചിഹ്നമായ കഴുകനു് സദൃശമായി ഒരു ജോടി കഴുകനെയും ഈ അടുത്തകാലംവരെ മുസ്സോലിനിയുടെ അധീനതയിലിരുന്ന ഇറാലിയൻ ഗവർമ്മെൻറ് പ്രത്യേക കൂട്ടുകളിൽ വളർത്തിക്കൊണ്ടുപോന്നിരുന്നു. ആട്ടിടയന്മാരും കൃഷീവലന്മാരും അധിവസിച്ചിരുന്ന പാലറായിൻ കുന്നു് കാലക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചു് രാജാക്കന്മാരുടെയും ഭരണാധികാരികളുടെയും കേന്ദ്രമായിത്തീരുകയും റോമാപട്ടണം, ക്രിസ്തുവിനുമുമ്പു് സീസർ ചക്രവർത്തിമാരുടെ ഭരണത്തിൻ കീഴിൽ അന്നു് അറിയപ്പെട്ടിരുന്ന ഏഷ്യാ, യൂറോപ്പു്, ആഫ്രിക്കാ എന്നീ ഭൂഖണ്ഡങ്ങളിലും വിസ്തൃതമായി വ്യാപിച്ചിരുന്ന റോമാസാമ്രാജ്യത്തിന്റെ, തലസ്ഥാന നഗരമായി പരിലസിക്കുകയും ചെയ്തു. റോമൻ ചക്രവർത്തിമാരും സേനാനായകന്മാരും, ലോകത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നു് യുദ്ധത്തിൽ തോൽപ്പിച്ചവരെ അടിമകളാക്കി റോമിൽകൊണ്ടുവന്നു് അവരെക്കൊണ്ടു് നികൃഷ്ടങ്ങളായ അടിമവേലകൾ ചെയ്യിച്ചതിന്റെ ഫലമായി ബ്രഹ്മാണ്ഡങ്ങളായ കെട്ടിടങ്ങളും, കായികവിനോദരംഗങ്ങളും, കരിങ്കൽ നിരത്തിയ രാജപാതകളും വിജയശ്രീലാളിതരായി ആഡംബരത്തോടുകൂടി നഗരപ്രവേശം ചെയ്യുന്നവരെ സ്വാഗതം ചെയ്തു് അനുമോദിപ്പിക്കുന്നതിനു് വഴിമദ്ധ്യേ അതിവിശേഷമായ മാർബിൽകൊണ്ടു് നിർമ്മിതമായ ആർക്കുകളും ഗോപുരങ്ങളും നഗരത്തിന്റെ എല്ലാ ഭാഗത്തും പ്രത്യക്ഷപ്പെട്ടു.

ഇപ്രകാരം പ്രതാപമഹിമയോടുകൂടി പരിലസിച്ചിരുന്ന റോമാപട്ടണത്തിന്റെ നഷ്ടശിഷ്ടാവശേഷങ്ങൾ അവിടെയും ഇവിടെയുമൊക്കെ കാണുവാനുണ്ടെന്നല്ലാതെ പരിപൂർണ്ണമായി യാതൊന്നും അവശേഷിച്ചിട്ടില്ല. ഷേക്സ്പീയർ മഹാകവി രചിച്ചിട്ടുള്ള "ജൂലിയസ് സീസർ" എന്ന നാടകത്തിന്റെ പശ്ചാത്തലമായ റോമിലെ "ഫോറം" അഥവാ ചന്തസ്ഥലം, ഇന്നു് ഇടിഞ്ഞു് പൊളിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെയും സൗധങ്ങളുടെയും ക്രമ്പാരമായിക്കിടക്കുന്നു. പട്ടണത്തിന്റെ ഈ ഭാഗം സന്ദർശിക്കുന്ന ഏതൊരുവന്റെയും ശ്രദ്ധയെ പ്രഥമമായി ആകർഷിക്കുന്നതു് "കൊളിസേയം" എന്നു് സാധാരണ പറയാറുള്ള ഫ്ളാവിയൻ ചക്രവർത്തിമാരുടെ വിനോദരംഗമാണു്. (Caloseum or Flavian Amphitheatre) ക്രൂരനായ നീറോ ചക്രവർത്തി ഉപയോഗിച്ചുകൊണ്ടിരുന്ന തടാകത്തെ തന്റെ പിൻഗാമികളായിരുന്ന വെസ്പസിയൻ, തീത്തുസ് എന്നിവർ ബ്രഹ്മാണ്ഡങ്ങളായ മതിലുകൾ, ആർക്കുകൾ, ഗാലറികൾ എന്നിവകൊണ്ടു് കെട്ടിയടച്ചു് അലങ്കരിച്ചു് വിനോദരംഗമായി ഉപയോഗിച്ചു. ഉപവൃത്താകൃതിയിൽ നിർമ്മിതമായിരിയ്ക്കുന്ന ഈ വിനോദരംഗത്തിനു് 573 വാര പരിധിയും 205 വാര നീളവും 170 വാര വ്യാസവും 54 വാര ഉയരവും ഉണ്ടെന്നു് പറയുമ്പോൾ ഇതിന്റെ വലിപ്പം ഊഹിക്കാമല്ലൊ. ആകെയുള്ള വിസ്തീർണ്ണം 5 ഏക്കറാണു്. നാലു നിലയിൽ ഗംഭീരമായി ഉയർന്നു

കോട്ടയത്തെ രണ്ടു് ബ്രാഹ്മണ ഹോട്ടലുകൾ

"ആനന്ദമന്ദിരം & ശ്രീനിലകണ്ണവിലാസം"

വളരെ പഴക്കവും പ്രശസ്തിയും ഉള്ളവ. ഭക്ഷണത്തിനും, താമസത്തിനും സുഖവും സൗകര്യവും എപ്പോഴും ഉണ്ടായിരിക്കുന്നതാണു്. നവീനരീതിയിലുള്ള സജ്ജീകരണങ്ങൾ തയ്യാറാക്കിയിരിക്കുന്നു.

സന്ദർശിക്കുവിൻ!

Ananda Mandiram & S. N. V. Brahmins' Hotel & Restaurants,

KOTTAYAM.

In front of the Telephone office & back. All convenience for every one. Fine and good upstair Building with comfortable convenience—etc.

N. GOPALA PILLAI, Proprietor.

നില്ക്കുന്നതിനാൽ അൻപതിനായിരത്തിൽപരം ആളുകൾക്ക് സൗകര്യപ്രദമായി ഇരുന്നു താഴെ നടമുറ്റത്തു നടക്കുന്ന വിനോദങ്ങൾ കണ്ടു രസിക്കുവാനുതകുന്നതാണ്. നിലനിരപ്പിൽനിന്നു 20 അടി താഴെയുള്ള നടമുറ്റത്തിന്റെ ചുറ്റിലും ഇരുമ്പഴികൾകൊണ്ടു ബന്ധിച്ചിട്ടുള്ള മുറികളിൽ സിംഹം, കടുവാ മുതലായ വന്യമൃഗങ്ങളെ സൂക്ഷിക്കുകയും അവക്ക് ഇരയായി ക്രിസ്ത്യാനികളെ വിട്ടുകൊടുക്കുകയും ഈ മൃഗങ്ങൾ അവരെ വലിച്ചുകീറി ഭക്ഷിക്കുന്ന കാഴ്ചകണ്ടു ചക്രവർത്തിയും പെസ്റ്റൽ കന്യകകളും മറ്റു കാഴ്ചക്കാരും ആനന്ദിക്കുകയുമായിരുന്നു. മാപ്പിളമാർ, പിതാക്കന്മാർ തുടങ്ങിയ അനേകായിരം വേദസാക്ഷികളുടെ രക്തത്താൽ നനഞ്ഞ ഈ ഭൂമി ഇപ്പോൾ വിശ്വാസികളുടെ ഒരു തീർത്ഥസ്ഥലമായി തീർന്നിരിക്കുകയാണ്. യോദ്ധാക്കൾ തമ്മിലുള്ള ദ്വന്ദ്വയുദ്ധം, മൃഗങ്ങൾ തമ്മിലുള്ള യുദ്ധം, വന്യമൃഗങ്ങളും യോദ്ധാക്കളും തമ്മിലുള്ള യുദ്ധം ഇവയെല്ലാം പതിവായുള്ള വിനോദങ്ങളത്രെ.

വിശ്രുതമായ അപ്പയിൻ വഴിയുടെ പല സ്ഥലങ്ങളിലും മറ്റു പുരാതന റോഡുകളിലും യുദ്ധത്തിൽ വിജയശ്രീലാളിതരായ ചക്രവർത്തിമാരെ അഭിവാദ്യം ചെയ്യുന്നതിനു നിർമ്മിച്ചിട്ടുള്ള കമാനങ്ങൾ അവിടവിടെ ചിലതു കാണ്മാനുണ്ട്. പ്രസിദ്ധി നേടിയിട്ടുള്ള റോമാചക്രവർത്തിമാരായ 'ജൂലിയസ് സീസർ', അഗസ്റ്റസ്, മാർക്കസ് ഔറെലിയസ് മുതലായവരുടെ മാർബിൽ, പ്രതിമകൾ, നീറോ, കലിഗുല, മുതലായ ചക്രവർത്തിമാരുടെ ഇടിഞ്ഞു പൊളിഞ്ഞ കൊട്ടാരങ്ങൾ, സെനറ്റിലെ അംഗങ്ങൾ വസിച്ചിരുന്ന കെട്ടിടങ്ങൾ, അവരുടെ യോഗശാല, വെസ്റ്റൽ കന്യകകൾ വസിച്ചിരുന്ന അമ്പലങ്ങൾ, സകല ദേവന്മാർക്കായി പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രങ്ങൾ, ധൂമിക്കുമ്പോൾ പുക പുറത്തേക്കു പോകുന്നതിനു മുകൾഭാഗം തുറസായിക്കിടക്കുന്നതും കാലാന്തരത്തിൽ ക്രൈസ്തവ ദേവാലയമായും ഇറാലിയൻ ചക്രവർത്തിമാരുടെ ശവകുടീരമായും രൂപാന്തരപ്പെട്ടതുമായ "പാന്തയോൺ" എന്നറിയപ്പെട്ടിരുന്ന ദേവാലയം എന്നിങ്ങനെ നിരവധി മഹൽ സൗഭാഗ്യങ്ങളാൽ നിബിഡീകൃതമായ ഒരു സ്ഥലമാണ് റോമൻ ഫോറോം അഥവാ ചന്തസ്ഥലം.

സീസർ ചക്രവർത്തിമാരുടെ കാലത്തു തലസ്ഥാനനഗരം വാണിജ്യത്തിലും വ്യവസായത്തിലും അഭിവൃദ്ധിപ്പെട്ടതോടുകൂടി യഹൂദന്മാർ ധാരാളമായി അവിടെ കുടിയേറി പാർത്തു. ഇങ്ങനെ ക്രിസ്തുവിന്റെ ജീവിതകാലത്തു തന്നെ, നാനാപ്രകാരേണയും റോമാനഗരം പൊതുജനശ്രദ്ധയെ ആകർഷിക്കുന്ന ഒരു കേന്ദ്രമായിത്തീർന്നു. റോമാപട്ടണത്തെ വലയം ചെയ്തു കിടക്കുന്ന 'തൈബർ' നദി, ഈ പട്ടണത്തിൽവച്ചു നടന്നിട്ടുള്ള അനവധി മഹൽ കൃത്യങ്ങൾക്കും അനിഷ്ടസംഭവങ്ങൾക്കും സാക്ഷിയത്രെ. മതപീഡനം അത്യുഗ്രമായി. ചക്രവർത്തിമാരുടെ സേവകന്മാർ ക്രിസ്ത്യാനികളെ വേ

കുറിക്കൽ തോമസ് മത്തായി

മർച്ചന്റ് ആൻഡ് കമ്മീഷൻ ഏജന്റ്

കോട്ടയം. ഫോൺ No. 89.

കുരുമുളക്, ചുക്ക്. മഞ്ഞൾ, റബ്ബർ, പുൽതൈലം, പനങ്കരു മുതലായ മലഞ്ചരക്കുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണ്. എന്റെ മാനേജ്മെന്റിൽ ആലപ്പുഴ പുത്തനങ്ങാടിയിൽ തുടങ്ങിയിരിക്കുന്ന **ടി കോട്ടയം ഏജൻസീസിൽ** കമ്മീഷൻ നിരക്കിലുള്ള എല്ലാ വ്യാപാരങ്ങളും ചെയ്തുകൊടുക്കുന്നതാണ്. മാർക്കറ്റ് വിവരങ്ങൾ ആവശ്യക്കാരെ യഥാസമയം കത്തുകൾവഴിയും ഫോൺവഴിയും അറിയിക്കുന്നതിനും, വ്യാപാരികൾക്കു വേണ്ട സൗകര്യാദികൾ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു.

ട്ടയാടിക്കൊണ്ടിരുന്ന അവസരങ്ങളിൽ 'തൈബർ' നദിയിലെ വെള്ളം രക്തവർണ്ണമായി രൂപാന്തരപ്പെട്ടിരുന്നു എന്നു ഗ്രന്ഥകാരന്മാർ വിവരിച്ചിട്ടുണ്ടതിൽ വലിയ അതിശയോക്തിയില്ല.

"പാപ്പാ" എന്ന ഗ്രീക്കു പദത്തിനു അർത്ഥം പിതാക്കന്മാരുടെ പിതാവു് എന്നത്രേ. ആദിമകാലങ്ങളിൽ എല്ലാ മെത്രാന്മാരെയും ഈ പദത്താൽ സംബോധന ചെയ്തിരുന്നു എന്നുവരികിലും 6—ാം ശതാബ്ദത്തിന്റെ അരംഭംമുതൽ റോമിലെ മെത്രാൻ മാത്രം ഈ പേരിനാൽ അറിയപ്പെട്ടു വന്നുവെന്നു് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

ഫ്റാൻസിലെ ഭരണാധികാരിയായിരുന്ന നെപ്പോളിയൻ തന്റെ ഭാര്യയായ ജോസഫയിനെ ഉപേക്ഷിച്ചു് വേറൊരു രാജകുമാരിയെ ഭാര്യയായി സ്വീകരിച്ചപ്പോൾ മാപ്പാപ്പാ പ്രതിഷേധസ്വരം മുഴക്കിയതിനാൽ മാപ്പാപ്പായെ തടവുകാരനായിപ്പിടിയ്ക്കുകയും 82 വയസ്സു് പ്രായമുണ്ടായിരുന്ന വയോവൃദ്ധനായ 6—ാം പീയൂസ് മാപ്പാപ്പായെ ഫ്റാൻസിൽ വലേൻസ് എന്ന നഗരത്തിലുള്ള ജയിലിൽ അടയ്ക്കുകയും അവിടെവച്ചു് അദ്ദേഹം കാലധർമ്മം പ്രാപിയ്ക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമി 7—ാംപീയൂസ് മാപ്പാപ്പായും തടവുകാരനായി ഫ്റാൻസിൽ വസിച്ചു. എന്നാൽ നെപ്പോളിയൻ യുദ്ധത്തിൽ തോല്പിയ്ക്കപ്പെട്ടു തടവുകാരനായി സെൻറ് ഹെലനാ ദ്വീപിലേയ്ക്കു് ആനയിയ്ക്കപ്പെടുകയും മാർപ്പാപ്പാ സ്വതന്ത്രനായി തിരിച്ചു റോമിൽ എത്തിയപ്പോൾ ആഹ്ലാദപൂരസ്സരം സ്വീകരിക്കപ്പെടുകയും ചെയ്തു. തന്റെ തെറ്റിനെക്കുറിച്ചു് നെപ്പോളിയൻ പിന്നീടു് പശ്ചാത്തപിക്കയുണ്ടായി.

9—ാംപീയൂസ് മാപ്പാപ്പായുടെ ജീവിതം ഇറ്റലിയിലെ "മിണ്ടാമാഗ്ര',ക്കാരുമായുള്ള ഒരു പോരാട്ടമായിരുന്നു. ശത്രുക്കളുടെ പട്ടാളക്കാർ മാപ്പാപ്പാ അധിവസിച്ചിരുന്ന "കപിന്ദനാൽ" കൊട്ടാരം വളയുകയും അവരുടെ പെടിയേറ്റ് സെക്രട്ടറിമാരിൽ ഒരാൾ മുറിവേല്ക്കുകയും ചെയ്തപ്പോൾ മറ്റുള്ളവരുടെ പ്രേരണയാലും സഭയുടെ നന്മയെ ലാക്കാക്കിയും വേഷപ്രച്ഛന്നനായി നേപ്പിൾസിൽ എത്തുകയും അവിടെ നിന്നും തിരിയെ വത്തിക്കാൻ അരമനയിൽ വന്നു് സ്വയം തടവുകാരനായി താമസമുറപ്പിക്കുകയും ചെയ്തു. ഈ സംഭവം നടന്ന 1870 മുതൽ 1929 വരെ മാപ്പാപ്പാമാർ വത്തിക്കാൻ അരമനവിട്ടു് പുറത്തിറങ്ങിയിട്ടില്ല. സകല വസ്തുവകകളും ഇറ്റാലിയൻ ഗവൺമെൻറു കണ്ടുകെട്ടി. 1929 ഫെബ്രുവരിമാസം 11—ാംന- മുസ്സോലിനിയുടെ നേതൃത്വത്തിലുള്ള ഇറ്റാലിയൻ ഗവൺമെൻറും മാപ്പാപ്പായും തമ്മിൽ ഒരു ഉടമ്പടി ഉണ്ടായി. അതനുസരിച്ചു് മാപ്പാപ്പായുടെ പൂർണ്ണാധികാരത്തിലും സ്വതന്ത്രത്തിലും വത്തിക്കാൻ രാജ്യം സംസ്ഥാപിതമായി. 1870—ൽ നഷ്ടപ്പെട്ട സ്ഥാവരവസ്തുക്കളുടെയും സ്വത്തിന്റെയും സിംഹഭാഗം മാപ്പാപ്പാ ഉപേക്ഷിച്ചതിനാൽ അനേകലക്ഷം പവൻ വിലയുള്ള സമ്പത്തു് പരിത്യജിക്കേണ്ടിവന്നു.

ഇപ്പോൾ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് ലോകത്തിലേയ്ക്കും ഏറ്റവും ചെറിയ രാജ്യമായ വത്തിക്കാൻ രാ

(ശേഷം 117—ാം പേജിൽ)

വള്ളക്കാലിൽ ഇൻഡസ്ട്രീസ്
ബാങ്കു് & ചിട്ടിഫണ്ടു്

H. O. മാവേലിക്കര. **Br.** മാന്നാർ.

വെങ്കലസാമാനങ്ങൾ, നല്ല ഓട്ടുകൊണ്ടുള്ള പള്ളിമണികൾ, ചെങ്കല ഉരുളി, വാർപ്പു്, കിണ്ടി, ലോട്ടകൾ മുതലായവയും സ്വർണ്ണം, വെള്ളി കൊണ്ടുള്ള പരിഷ്കൃതരീതിയിൽ ഉള്ള ഉരുപ്പടികൾ ഉത്തരവാദിത്വത്തോടുകൂടി ഓർഡർ അനുസരിച്ചു ചെയ്തുകൊടുക്കുന്നതും പഴയ വെങ്കലം, ഓട്ടു് മുതലായവ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതുമാണു്.

തനി ഹോമയോപ്പതി ഔഷധങ്ങൾ വില്പനയ്ക്കു തയാർ.

വള്ളക്കാലിൽ ബാങ്കു് & ചിട്ടിഫണ്ടു് വകയായി പ്രശസ്തമായ രീതിയിൽ തുടരെ നടത്തിവരുന്ന പ്രതിമാസലേലച്ചിട്ടികളിൽ ചേരണമെന്നാഗ്രഹിക്കുന്നവർ തലവയ്യോലയ്ക്കും കൂടുതൽ വിവരങ്ങൾക്കും അവശ്യപ്പെടുക.

ജനറൽ മാനേജേഴ്സ്"

വള്ളക്കാലിൽ **Bros.**

The Bloodless Revolution of 1945

The Importance of Labour Victory in Britain

(*P. C. Alexander M. A. M. Litt.*)

The British are a strange race. Traditionally conservative, they have a pet avertion for the word revolution. In fact Britain has seen more revolutions than many other countries of the West, even though British historians have shown a deliberate dislike to call them by name revolutions. What is surprising is that events which would involve the breaking of thousands of heads in other countries would take place in Britain without the shedding of even a drop of blood. In 1688 the British people silently dismissed their legitimate king and installed a Constitutional Monarchy of their own liking. In 1534 they unostentatiously overthrew the Papacy which had nearly nine centuries of unquestioned sway in England. In 1936 they quietly brought about the abdication of a king who insisted on marrying a woman of his choice. The dismissal of a Sovereign King, or the overthrow of Papacy or the the forced abdication of an ambitious monarch could not have taken place in any other country except England, without its attendant civil wars and blood baths. But the British people have a genius for silent revolutions. Their revolutions are generally bloodless revolutions, unostentatious but effective. The labour Victory in the elections of July 1945 is the latest instance of a bloodless revolution in Britain.

The overthrow of one political party by another can by itself be no revolution. It is necessary feature of Parliamentary democracy. But what happened in the July elections was not a mere replacement of one party by another, but a replacement of one order by another. The Victory of the Labour party openly proclaimed a switch over to new principles and policies in the social, economic and political life of the British race. It sounded the deathknell of Toryism in Britain and heralded the birth of constructive socialism. It was revolution par excellence.

Indeed this revolution took every one by surprise. Even those who were ardently working for it could never anticipate such a quick, clear and complete victory. All the inflated prestige and glamour of a Churchill and all the panic mongerings and propaganda stunts of the Tory Press could not arrest the surging tides of this sweeping revolution. The Tories pinned all their hopes on the propagarda value of Churchill's personality. They hoped that the gratefulness of the British nation to their veteran war leader would be an asset in their favour. Churchill descended from the lofty heights of national leadeaship and hurled himself into the thick of the fight as the saviour of sinking Toryism. But Britain has clearly vindicated that she is mature enough to distinguish between principles and personalities. It was indeed a pity that Churchill identified himself so completely with Toryism. The tragedy of Toryism has become the tragedy of Churchill too. And this is a thing which even the worst of Churchill's adversaries never desired.

The July Elections in Britain clearly show which way the wind is blowing in the West. The vote for labour was a vote for less work and more pay, a vote for a cheap house and a square meal. Days were, when votes could be won by slogans like liberty, fraternity and equality. But in 1945 these slogans have ceased to be appealing to the masses. Today people demand freedom from want more than freedom of speech, They consider liesure more important than liberty and food more urgent than fraternity. The Orthodox liberals and conservatives may shed tears at the sad and sudden demise ot these 19th centuny

STRIVE TO SEE
A
Streak of Sunlight
in your
Clowdy Days

By Banking with——

THE CATHOLIC BANK OF INDIA LTD.,
(Incorporated in Travancore-liability of members limited)
H. O. Changanacherry, S. India.
Branches:. Calicut, Changanacherry, Edathua, Kottayam, Kanjirappally, Manimala.

അണുബോംബ്

ഒരു നിർമ്മാണ ഘടനാവിവരണം

ആറാം എന്നതു് ഇന്നലെവരെ ചതുരംഗം കളിയിലെ തേരും കുതിരയുംപോലെ ശാസ്ത്രജ്ഞന്മാർക്കു സമയംകളയുവാനുള്ള ഒരു സങ്കല്പമാണെന്നു മാത്രമെ സാമാന്യജനങ്ങൾ ധരിച്ചിരുന്നുള്ളു. പക്ഷെ ഇന്നിതാ കഥയൊക്കെ മാറിയിരിക്കുന്നു. അതു് മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെ അകമാനം ബാധിക്കുന്ന ഭയാനകമായ ഒരു പരമാർത്ഥമായിത്തീർന്നിരിക്കുന്നു. ഹിരോഷിമാനഗരം ഞൊടിയിടയ്ക്കുള്ളിൽ ഭസ്മമായതും, ആ ഭസ്മംപോലും ഏഴരമൈൽ ഉയരത്തിൽ അന്തരീക്ഷത്തിലേക്കു തെറിച്ചതും, മറ്റു നഗരങ്ങൾക്കും (ഇവ ജപ്പാനിൽ മാത്രമായിരിക്കണമെന്നില്ല) ഇതേ അനുഭവംതന്നെ അസന്നമാകാവുന്നതും ശാന്തമായി കേട്ടുകൊണ്ടിരിക്കാവുന്ന വാർത്തകളല്ല. ജപ്പാൻകാരുടെ കീഴടക്കത്തെക്കുറിച്ചല്ല നമിക്കിന്നു് ആലോചിക്കുവാനുള്ളതു്. അറാം ബോമ്പിന്റെ ആപത്തിനെപ്പറ്റിയാണു്. അതിനോടു താരതമ്യപ്പെടുത്തുമ്പോൾ യുദ്ധത്തിലെ ജയാപജയങ്ങൾ എത്രയോ നിസ്സാരങ്ങളായ സംഭവങ്ങളാകുന്നു. ചരിത്രത്തിന്റെ ഗതി എത്ര പെട്ടെന്നാണു തിരിയുന്നതെന്നു നോക്കുക.

ഇന്നുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതിൽവച്ചു് ഏറ്റവും ഭയങ്കരമായ നശീകരണസാധനം എന്താണെന്നു നമുക്കിന്നു് ഊഹിക്കുകയേ നിവൃത്തിയുള്ളു. അതിന്റെ പൂർണ്ണവിവരങ്ങൾ എന്നെങ്കിലും ലഭിക്കുമോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും ഈ കണ്ടുപിടിത്തത്തിലേക്കു് നയിച്ചിരിക്കുവാനിടയുള്ള ചില സംഭവങ്ങളെക്കുറിച്ചു് അറിവുള്ളതുകൊണ്ടു് അവയെ അസ്വദമാക്കി ചുരുങ്ങിയതും ലളിതവുമായ ഒരു വിവരണം നൽകാമെന്നു വിചാരിക്കുന്നു.

ചെമ്പു്, ഇരുമ്പു്, സ്വർണ്ണം, വെള്ളി, രസം, പ്രാണവായു എന്നിങ്ങനെ കലർപ്പില്ലാത്ത 92 ധാതുവസ്തുക്കൾ അഥവാ മൂലപദാർത്ഥങ്ങൾ അറിയപ്പെട്ടിട്ടുണ്ടു്. ഇവ പല വിധത്തിൽ കൂട്ടിച്ചേർത്തു് ഉണ്ടാക്കിയിട്ടുള്ളതാണു് ഈ പ്രപഞ്ചത്തിൽ കാണുന്ന സർവ്വവും. ഈ മൂലപദാർത്ഥങ്ങളെ മുറിച്ചുമുറിച്ചു് എത്ര ചെറുതാക്കിയാലും അവയ്ക്കു് അതാതിന്റെ സ്വഭാവങ്ങൾ ഇല്ലാതാകുന്നില്ല. അവയിൽനിന്നു മറ്റൊരുവസ്തുവും കിട്ടുകയില്ല. ഇങ്ങനെ ഓരോ മൂലപദാർത്ഥത്തിന്റെയും സ്വഭാവത്തോടുകൂടിയ ഏറ്റവും ചെറിയ അംശത്തിനാണു് അറാം എന്നു പറയുന്നതു്. ഇരുമ്പിൽനിന്നു കിട്ടാവുന്നതും ഇരുമ്പിന്റെ സ്വഭാവമുള്ളതുമായ ഏറ്റവും ചെറിയ അംശം ഇരുമ്പിന്റെ അറാമാകുന്നു. ഇത്തരം അംശങ്ങൾ ഇതര മൂലപദാർത്ഥങ്ങൾക്കുമുണ്ടു്. അങ്ങനെ ആകെ 92 ജാതി അറാങ്ങളുണ്ടു്. അണുമാത്രങ്ങളായ ഈ സൂക്ഷ്മഘടകങ്ങളെയും ഭേദിക്കാൻ സാധിക്കുമെന്നു് ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്തു് കണ്ടുപിടിക്കയുണ്ടായി. ഇതെത്തുടർന്നുണ്ടായ ഗവേഷണങ്ങളുടെ ഫലമായി അറത്തിന്റെ സ്വരൂപത്തെക്കുറിച്ചു് അതിവിപുലമായ അറിവു ലഭിച്ചിട്ടുണ്ടു്. മേൽപറഞ്ഞ 92 ഇനം അറാങ്ങളും മൂന്നതരം പരമാണുക്കളെക്കൊണ്ടാണു നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ഏതു് അറത്തിലും ഈ മൂന്നുകൂട്ടം പരമാണുക്കളെ മാത്രമെ കാ

---

liberal doctrines; but all the tears of decadent liberalism cannot stop the inevitable march of events.

The socialist revolution of 1945 means much to Britain and the world at large. Britain at one stroke cuts off her antiquated ties of capitalistic cartels and monopolies and embarks on new career of socialistic economy. A revolution without a warning! Capitalism which had always considered Britain as its strongest bulwark now finds itself served with its own death warrant by Britain. No body could have foreseen that the Britain of Chamberlain, Churchill and Beaverbrook would have so soon let down capitalism. One of the important factors that led to this revolution was the Coalition experiment of five years which the Conservatives themselves introduced. In fact labour killed Toryism by a fraternal embrace. The five years of coalition government gave the necessary experience and 'respectability' to the Labour party and enabled it to gain the confidence of the nation. Churchillian stunts of scaring the electorate with frightful stories of 'Gestapo' and of dressing up Harold Laski in the garb of a dictator would have been perhaps successful, if labour had not had proved its sincerety and integrity by five years of selfless service to the Nation during the darkest period of its history. But now all these Tory stunts proved to be the biggest political 'Tamash' of the century. What was more, they acted as a doomerang on the Tories themselves. Labour has won the confidence of the people: the Nation has given it the green signal to proceed. This great experiment in socialism in Britain will be an example and incentive to many a state in Europe now. A bloodless revolution of the British type is rocking the whole of Europe; and it does not require much of prophetic instincts to say that the Europe which is now slowly recouping from the ravaging illness of war will be a socialist Europe within a decade's time.

The Labour Victory in the July elections is certainly an important land mark in the history of Europe.

ണമെന്നുള്ള. അവയെ പലവിധത്തിലും പല എണ്ണത്തിലും അടക്കിവച്ചിരിക്കുന്നതുകൊണ്ടാണ് 92 ഇനം ആറ ങ്ങൾ ഉണ്ടാകുന്നതു്. ഈ പരമാണുക്കളെ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നു പറയുന്നു. പേരുകേട്ട പേടിക്കേണ്ട. എന്തു വേണമെങ്കിലും വിളിക്കാം. എങ്കി ലും പ്രസിദ്ധമായവ തന്നെയാകട്ടെ. ഇതിൽ പ്രോട്ടോണും ന്യൂട്രോണും കൂട്ടുകാരാണ്. അവ അടുത്തുചേർന്ന് അ റത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ഈ കേന്ദ്ര ത്തിനു പുറമാണ് ഇലക്ട്രോണുകളുടെ നില, അല്ല, ഗതി. എന്തെന്നാൽ അവ ഓരോ അകലത്തിൽ അതി നുചുറ്റും കറങ്ങിക്കൊണ്ടിരിക്കുകയാണ്. പരമാണുക്കള ടെ എണ്ണം ഓരോജാതി ആറത്തിലും ഭിന്നമാണെന്നു പറഞ്ഞുവല്ലൊ. സ്വർണ്ണത്തിന്റെ കാര്യംതന്നെനോക്കാം. അതിന്റെ കേന്ദ്രത്തിൽ 79 പ്രോട്ടോണും 118 ന്യൂട്രോ ണുമുണ്ട്. പുറമ്പാട്ടം 79 ഇലക്ട്രോണുകളും പ്രോട്ടോ ണിന്റെയും ഇലക്ട്രോണിന്റെയും എണ്ണം തുല്യമാണെ ന്നു പറയേണ്ടതില്ലല്ലൊ. ഈ രണ്ടുതരം പരമാണുക്കളും യഥാർത്ഥത്തിൽ എതിരാളികളാണ്. ഈ രണ്ടുതരം പ രമാണുക്കളെ ഒന്നുമുതൽ 92 വരെ എതിരിട്ട നിരത്തി ഭാരത്തിനു തക്കവണ്ണം ന്യൂട്രോണുകളെയും കേന്ദ്രത്തിൽ പ്രോട്ടോണുകളുടെ കൂടെ സ്ഥാപിച്ചാൽ ഇന്നു് അറിയപ്പെ ടിട്ടുള്ള 92 ജാതി ആറങ്ങളും ലഭിക്കുമെന്നാണു സി ദ്ധാന്തം. പരമാണുക്കൾ ഇങ്ങനെ അടുക്കൊത്തു നില്ക്കു മ്പോൾ, തൻമൂലമുണ്ടാകുന്ന ആറത്തിൽ ശക്തി സംഭ രിക്കപ്പെടുന്നു. ഓരോ ആറവും ശക്തിയുടെ ഒരു കലവ റയാണ്.

യൂറേനിയം എന്ന ലോഹമാണ് ഈ പരമാണുക്കളു ടെ എണ്ണംകൊണ്ടു് ഏറ്റവും മികച്ചുനില്ക്കുന്നതു്. അതി ന്റെ ആറം കേന്ദ്രത്തിൽ 92 പ്രോട്ടോണുകളെയും 146 ന്യൂട്രോണുകളെയും വഹിക്കുന്നു. പുറമ്പിലും 92 ഇലക്ട്രോ ണുകളുമുണ്ട്. ഭാരമേറിയ ഈ ആറം (അണു) സ്വതേ അസ്ഥിരപ്രകൃതിയാണ്. അതിനു് ഈ പരമാണുഭൂ രത്തെയുംകൊണ്ടു് എന്നും ഒരേ നിലയിൽ നില്ക്കുവാൻ ക ഴിവില്ല. ഇതു പതുക്കെപ്പതുക്കെ പരമാണുക്കളുടെ എ ണ്ണംകുറച്ചു് കാലാന്തരത്തിൽ റേഡിയം എന്നു പറയുന്ന മറ്റൊരു ലോഹത്തിന്റെ ആറമായി മാറുന്നു. അസ്ഥിര പ്രകൃതിയായ ഈ ആറത്തെ ഒന്നു് ഇളക്കി വിട്ടുകൂടി ചെയ്യാൽ പിന്നത്തെ കഥ പറയാനില്ല. കുരങ്ങിനെ കള്ളുകുടിപ്പിച്ചതുപോലെ ആകും. ഇങ്ങനെ ഇളക്കിവിട്ട തിനു്, അതായതു് ആറത്തിന്റെ അകത്തുകടന്നു് ഇടംകോലിടുന്നതിനു് വിദ്യയുണ്ട്. മറ്റൊവിടെയെങ്കി ലുംനിന്നു ശേഖരിച്ച കുറെ പരമാണുക്കളെ അതിന്റെ നേക്കു പായിച്ചാൽ മതി. ഇങ്ങനെ ചെയ്യാൽ മറ്റു പ രമാണുക്കളുടെ ആറങ്ങളിൽ സാധാരണ സംഭവിക്കുന്നതു് പുറമ്പാട്ടം കറങ്ങിനില്ക്കുന്ന ഇലക്ട്രോണുകളിൽ ചി ലതു് തെറിച്ചുപോവുക എന്നതാണ്. പക്ഷെ അസ്ഥിര പ്രകൃതിയായ യൂറേനിയം ആറത്തിന്റെ നേക്കു് പുറമെ നിന്നു കുറെ ന്യൂട്രോണുകളെ പായിച്ചാൽ വിസ്മയാവ ഹമായ ഒരു സംഭവം ഉണ്ടാകുന്നു. ആറത്തിന്റെ കേ ന്ദ്രം തന്റെനേക്കു വരുന്ന ഈ വെടിയുണ്ടകളിൽ ഒന്നി നെ ചാടി പിടിക്കുന്നു. ഉത്തരക്ഷണത്തിൽ ആ കേന്ദ്രം മുഴുവനുംകൂടി രണ്ടായി പിളരുകയും ചെയ്യും. ഈ സംഭ വത്തിനുള്ള പ്രത്യേകത, അതു വളരെയധികം ശക്തി (ഊർജ്ജം) ജനിപ്പിക്കുമെന്നുള്ളതാണ്. ഹാൻ എന്നും മൈറ്റ്നർ എന്നും രണ്ടു ജർമ്മൻ ശാസ്ത്രജ്ഞന്മാരാണ് 1935–ൽ ഈ വസ്തുത കണ്ടുപിടിച്ചതു്. (മൈറ്റ്നർ ഒരു യഹൂദസ്ത്രീയാണ്.) ബർലിനിലെ കൈസർവില്യം ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ഈ ഗവേഷണത്തെക്കുറിച്ചു് പിന്നീടു യാതൊന്നും കേൾക്കുകയുണ്ടായില്ല. ഹിറ്റ്ലരുടെ യുദ്ധസന്നാഹങ്ങളെ ഭീതിയോടെ കാത്തുകൊണ്ടിരുന്ന പല സ്ഥാനങ്ങളിലും ഇതു സംഭ്രമം ഉളവാക്കി. ഈ കണ്ടുപിടുത്തത്തിന്റെ മുതലെടുക്കുവാൻവേണ്ടിയുള്ള രഹസ്യമത്സരം അന്നു തുടങ്ങിയതാണ്. ജർമ്മനിയും അതിനുവേണ്ടി വളരെ പാടുപെട്ടിരിക്കണം. പക്ഷെ, ഹിറ്റ്ലരുംപോയി, ബർലിനും പോയി. അകലെ കിടക്കുന്ന ജപ്പാൻകാരാണ് അന്ത്യഫലം അനുഭവിച്ചതു്.

TRY OUR

Quality & cheap Printing Inks in all colours
Manufactured by:-

COATES BROS. & B. WINSTONE & SONS } LONDON

And

"Roller Composition"
IN ALL GRADES AT CHEAP PRICE
Prices on Application

K. Orr & Company,

MERCHANTS, AGENTS, & PRINTERS' PROVIDERS.
26 BROADWAY, MADRAS.

Tele:-"PRESUNDRY"

PRINTING

For High class Printing always go to:-

Geo Printing works,
Kottayam

The Nilgiri Tea Estates Ltd.

(Incorporated in Br. India in 1942)

Managing Agents: Messrs. A. V. George & Co., Ltd.

AUTHORISED CAPITAL **Rs. 35,00,000**

Divided into 1,75,000 Cumulative Preference Shares of Rs. 10 each and 1,75,000 Ordinary Shares of Rs. 10 each.

ISSUED CAPITAL **Rs. 11,25,000**

Divided into 56,250 Preference Shares of Rs.10 each and 56,250 Ordinary Shares of Rs. 10 each.

DIRECTORS

T. KURUVILLA THOMAS Esq — DR. A. M JACOB.
C J. KURIAN Esq. — A. V. GEORGE Esq.

The properties owned by the Company are the Mailoor Group at Kullakamby, Nilgiris, comprising of

Tea in bearing	308.51 acres.
Coffee	176.92 acres.
Waste lands & Buildings	245.89 acres.
	731.32 acres.

The Estate is situated at an elvevation of over 6000 ft. above sea level and High Grown Teas of excellent flavour are produced and are greatly in demand. The Company was formed to purchase the Wakefield Estate in November 1943. In March 1943 the Mailoor Group was purchased and added on to the Company. The Wake field Estate of the Company has been sold off at an advantageous price and the Directors have now recommended to make a refund of Rs. 5 for every Preference Share. The Estate is well maintained and increasing crops as years go by will produce excellent profits.

മേല്പറഞ്ഞ ശാസ്ത്രജ്ഞരുടെ പരീക്ഷണത്തെത്തുടർന്ന് 1939-ൽ ഫ്റാൻസിൽവച്ച് സുപ്രസിദ്ധയായ മാഡം കൂറിയുടെ ജാമാതാവായ ഡോക്ടർ ജോളിയൊ യൂറേനിയം ആറ്റത്തിന്റെ കേന്ദ്രം പിളക്കുമ്പോൾ ശക്തിമാത്രമല്ല, പുതിയ ന്യൂട്രോണുകളും ജനിക്കുമെന്നു തെളിയിച്ചു. മുരുക്കത്തിൽ ദോഷകാരകനായി വന്നുചേർന്ന പരമാണു ആ ദോഷത്തിൽ നശിക്കുകയല്ല. തന്നെപ്പോലുള്ള പുതിയ ദോഷകാരകന്മാരെ ജനിപ്പിക്കുകകൂടി ചെയ്യുന്നു. ഇവ സമീപത്തുള്ള മറ്റു ആറ്റങ്ങളിൽ കടന്നു പിളർപ്പുണ്ടാക്കുന്നു; പിന്നെയും തുടരുന്നു. ഇങ്ങനെ എട്ടുക്കുമ്പോഴൊന്നു്, തൊട്ടുക്കുമ്പോൾ പത്തു്, എന്നമട്ടിൽ ഈ നാശചക്രം ഉരുളുന്നു. അതൊന്നു തുടങ്ങിവിട്ടാൽ മതി, ബാക്കിയെല്ലാം തനിയെ നിമിഷാർദ്ധംകൊണ്ടു സംഭവിച്ചുകൊള്ളും. ആറ്റംബോംബിന്റെ തത്വം ഇതാണു്.

ഒരു ഗ്രാം (കഴഞ്ചിലും ചെറിയ തൂക്കം) യൂറേനിയത്തിൽ അടങ്ങിയുള്ള ആറ്റങ്ങളുടെ എണ്ണം ഒന്നിനുപുറകെ 23 പൂജ്യങ്ങളുള്ള ഒരു തുകയാണു്! ഇവയെല്ലാംകൂടി ഒരുമിച്ചു പൊട്ടിത്തകർന്നുകാണുന്ന ശക്തി, അളവു് കണക്കാക്കാമെങ്കിലും, ഭയാനകമെന്നേ പറയേണ്ടതുള്ളു. മൂക്കുമുണ്ടിയാൽ പിന്നെ മൂന്നാളോ നാലാളോ എന്നു നോക്കേണ്ടതില്ലല്ലൊ. യൂറേനിയം ആറ്റംതന്നെ രണ്ടുതരത്തിലുണ്ടു്. ഇതിൽ ഒന്നു് മറേതിനെക്കാൾ വളരെ വേഗം പൊട്ടും. ഈ ജാതി ആറ്റങ്ങളെ മാത്രം വേർതിരിച്ചെടുത്താണു് ഇന്നത്തെ പ്രയോഗമെന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

പരീക്ഷണശാലയിൽ കണ്ട പ്രതിഭാസത്തെ യുദ്ധരംഗത്തിൽ പ്രയോഗക്ഷമമാക്കി എന്നുമാത്രമെ സമരനേതാക്കൾക്കു് അഭിമാനിക്കാനുള്ളു. അതും വളരെ കുറച്ചു സമയംകൊണ്ടു്, ഏറ്റവും സൗകര്യമായരീതിയിൽ ആറ്റംബോംബിനു് ഒരു കൈപ്പുന്തിന്റെ വലിപ്പമേയുള്ള എന്നു പറയപ്പെടുന്നു. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കുമെന്നല്ലാതെ ഇതിൽ യഥാർത്ഥമായ മേന്മയൊന്നും ഭവിക്കാനില്ല. വാസ്തവത്തിൽ ഈ ആയുധം പ്രയോഗിക്കുന്നതു് രോഗബീജങ്ങൾ വർഷിച്ചുള്ള യുദ്ധത്തെക്കാൾ ക്രൂരമാണെന്നു തോന്നുന്നു. വളരെക്കാലംകൊണ്ടെങ്കിലും മനുഷ്യശരീരത്തിനു് രോഗബീജങ്ങളെ എതിർത്തുനിൽക്കുവാനുള്ള ശക്തി സിദ്ധിക്കുന്നു. അവയ്ക്കു് ബലവാനെന്നും ബലഹീനനെന്നും ഉള്ള വ്യത്യാസമെങ്കിലും ഉണ്ടു്. അന്ധവും അതിഭീകരവുമായ ഭൗതികശക്തികളുടെ കെട്ടഴിച്ചുവിടുന്ന ഈ പ്രയോഗത്തിനാകട്ടെ അതൊന്നുമില്ല. സ്വത്തും ഭസ്മംഎന്നല്ലാതെ മറ്റൊന്നുംപറയാനില്ല. ഈ പ്രതിഭാസത്തെ നാശത്തിലേക്കു നയിക്കുന്നതും തൽക്കാലത്തേക്കു മാത്രമാണെന്നും അടുത്തുതന്നെ അതൊരു വലിയ അനുഗ്രഹമായിത്തീരുമെന്നും പറയപ്പെടുന്നു. ഒരൗൺസ് യൂറേനിയംകൊണ്ടു് അയിരം ടൺ വെള്ളം തിളപ്പിക്കാമെന്നു കണക്കുണ്ടു്. കല്ലും ഇരുമ്പും പെട്രോളും ഇനിമേൽ ആവശ്യമില്ലെന്നും പറയുന്നു. എന്തോ കണ്ടറിയണം.

ആൽഫ്റെഡ് നോബെൽ ഡൈനാമൈറ്റ് കണ്ടുപിടിച്ചിട്ടു് അരനൂറ്റാണ്ടിനു മേലായി. ഇന്നു് അതു പാറപൊട്ടിക്കുന്നതിൽ കവിഞ്ഞു മറ്റൊരനുഗ്രഹവും പ്രദാനംചെയ്തിട്ടില്ല. മനുഷ്യനെ പൊട്ടിക്കുവാനും അതുപയോഗിക്കാം. അതു പക്ഷെ അനുഗ്രഹമല്ല അപത്താണു്. അഥവാ കപ്പലോടിക്കുവാനും വെള്ളം തിളപ്പിക്കുവാനും ആറ്റത്തിന്റെ ശക്തി ഉതകുകയാണെങ്കിൽതന്നെയും, ഇന്നു കല്ലുരിക്കും മണ്ണെണ്ണയ്ക്കും വേണ്ടി പോരടിക്കുന്നവർ, ഇനിമേൽ യൂറേനിയത്തിനുവേണ്ടി പോരടിക്കും എന്നുമാത്രമെ ആശിക്കേണ്ടതുള്ളു. വടക്കൻ കാനഡ, ബൽജിയൻ കോംഗോ, ചെക്കൊസ്ലൊവാക്യ, സോവിയറ്റ് യൂണിയൻ എന്നിവിടങ്ങളിലാണു് യൂറേനിയം കണ്ടെപ്പെട്ടതു്. റഷ്യയിലാണു് ഏറ്റവും കൂടുതലുള്ളതെന്നു തോന്നുന്നു. തിരുവിതാംകൂറിനും ഇതിൽ ഒരു പങ്കുണ്ടായേക്കാം. എന്തെന്നാൽ മണവാളക്കുറിച്ചിയിലും ചവറയിലുമുള്ള പ്രിശേഷപ്പെട്ട കടൽമണ്ണിൽ നിന്നു കിട്ടുന്ന തോറിയം എന്ന ലോഹവും യൂറേനിയത്തെപ്പോലെ അറോമിക് ശക്തിയുടെ മോചനത്തിനു പറ്റിയതാകുന്നു. ഏതുതരം ആറ്റത്തിലും പരമാണുകളുടെ എണ്ണവും അവയുടെ വിന്യോജനം ശക്തിയെ ജനിപ്പിക്കുമെന്നും ഉള്ളതുകൊണ്ടു് യൂറേനിയവും തോറിയവും കിട്ടിയില്ലെങ്കിൽ, കിട്ടുന്ന മറേതു പദാർത്ഥവും, വേണമെന്നു വാശിയുള്ളവർക്കു് ഉതകാതിരിക്കയില്ല. ഇന്നല്ലെങ്കിൽ നാളെ എന്നതാമസമേ വരികയുള്ളു. യൂറേനിയം സ്വതേതന്നെ ഈ പ്രയോഗത്തിനു വശഗമാകയാൽ ഇന്നു അതിനാണു് വില. ഇരുമ്പും ഈയവും കരിയും ഇതുപോലെ ആക്കിത്തീർക്കുന്നതിനുള്ള വിദ്യകളും കണ്ടുപിടിക്കാതിരിക്കയില്ല. ഒരുപക്ഷെ ഇതുവളരെയൊന്നും മുന്നോട്ടുനോക്കേണ്ട ആവശ്യമില്ലായിരിക്കാം. വരുംപോലെ വരട്ടെ എന്നു കരുതി, തികഞ്ഞ സാമർത്ഥ്യത്തോടെ, ജാഗ്രത വിടാതെ, ജീവിക്കുക എന്നതാണു് രാഷ്ട്രങ്ങളുടെ നയം. (മ. മെ.)

Tele { grams: "CHARM" phone: No. 11.

CHALY & ABRAHAM CO.,

CODES USED: Bentley's A. B. C. 5th Edition & Private

Approved Dealers No. 34.

Rubber Suppliers to the Government of India.

SPECIAL LINES:-

Rubber, Cardamons, Lemongrass Oil, Cashewnuts, Pepper, Dried Ginger, Nuxomica, Silk Cotton with seeds and Arrowroot Powder.

Hospital Road, Alwaye, (S. India)

കർഷകത്തൊഴിലാളി

— ചെറുകഥ —

(റ്റി. വി.)

ചാത്തപ്പുലയൻ വെറും ശുദ്ധഗതിക്കാരനാണു്. അത്യദ്ധ്വാനം ചെയ്യുകിട്ടുന്ന തുച്ഛമായ തുകയും തമ്പുരാക്കന്മാരുടെ കരുണകൊണ്ടു കിട്ടിയതായേ അവൻ വിചാരിക്കാറുള്ളു. പടിക്കലെ തമ്പുരാട്ടി വേലക്കാക്കു പ്രത്യേകം വയ്ക്കുന്ന കഞ്ഞിയിൽ മുങ്ങിത്തുപ്പിയാൽ അരവയറു "വറു"കിട്ടുന്ന ദിവസം ചാത്തനു തിരുവോണമാണു്. ഏതു ദുർഘടങ്ങൾ വലിഞ്ഞുകയറിയാലും പഞ്ചറാകാത്ത ഒരുതരം റബറുകൊണ്ടാണു് ദൈവം അവന്റെ വയറു സൃഷ്ടിച്ചിരിക്കുന്നതെന്നു് അവനു നല്ലതുപോലെ അറിയാം. പടിക്കലെ കൊച്ചുതമ്പുരാക്കന്മാർ പി. ജി. സിഗ്നം റ്റി. 73 യും ഇട്ടു് റാലി സൈക്കിളിൽ പാഞ്ഞുപോകുമ്പോൾ ചാത്തൻ ദൂരെനിന്നു നോക്കി നെഞ്ചത്തു കൈവച്ചുംകൊണ്ടു പ്രാർത്ഥിക്കും "എന്റെ ഒടേതമ്പുരാനെ പടിക്കലെ കുഞ്ഞച്ചനെ നീ കാത്തോണേ" എന്നു്. ചാത്തന്റെ പ്രാർത്ഥന കേട്ടിട്ടെന്നപോലെ പടിക്കലെ കുഞ്ഞച്ചൻ ആപത്തൊന്നും കൂടാതെ വീണ്ടും പാഞ്ഞു തിരിച്ചെത്തും. സൈക്കിൾ തുടയ്ക്കണമെന്നു തമ്പുരാൻ പറഞ്ഞില്ലെങ്കിലും അതു തുടയ്ക്കേണ്ടതാണെന്നു ചാത്തനറിയാം. പിന്നെയും പടിക്കൽ തീരാത്ത ജോലികൾ അനവധി കാണും. പടിക്കലെ കൊച്ചുതമ്പുരാക്കന്മാരെ ചുമന്നു് അവന്റെ എളിയും തോളും നല്ലതുപോലെ തഴമ്പായിട്ടുണ്ടു്.. അവരുടെ മലമൂത്രങ്ങളുമായി ചാത്തൻ വളരെ പഴകിയിട്ടുണ്ടു്.

ഒരിക്കൽ ചാത്തനോടു് ഒരാൾ പറഞ്ഞു "ഈ കുഞ്ഞുങ്ങൾ ഒക്കെ വലുതാകുമ്പോൾ ചാത്തനെ അവർ നല്ല നിലയിൽ ആക്കും,, എന്നു്.

"അതൊന്നും ഓർത്തിട്ടല്ല മാളോരെ! ഈ തമ്പുരാക്കന്മാരൊക്കെ വല്ല്യ ജന്മിയും എഞ്ചിനീരുമാവുന്നതു കണ്ടോണ്ടു് അടിയൻ മണ്ണിൽ ചാഞ്ഞാലും അടിയനു സങ്കടമൊന്നുമില്ല" ഇതായിരുന്നു ചാത്തന്റെ മറുപടി. ചാത്തനറിയാതെതന്നെ അവന്റെ കണ്ണു നിറഞ്ഞു. ചാത്തനു് അത്രയ്ക്കു തമ്പുരാക്കന്മാരിൽ സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. ചാത്തൻ മിക്ക ദിവസവും പടിക്കൽത്തന്നെ വേലചെയ്യണമെന്നു തമ്പുരാനു നിർബന്ധമുണ്ടു്. എന്നാൽ പടിക്കലെ വേലയ്ക്കു് ഒരിക്കലും തമ്പുരാൻ കൂലി കൊടുക്കാറില്ല. കുന്നുകാലിക്കു കാടി കൊടുക്കുന്ന നേരംനോക്കി തമ്പുരാട്ടി കുറെ കഞ്ഞി ചാത്തനു കൊടുക്കും. അതു് ഒഴിഞ്ഞുമാറി ആദരവോടുകൂടി അവൻ വാങ്ങി മോന്തും. പടിക്കൽ പകലെല്ലാം വേലചെയ്യുന്നതിനാൽ ചാത്തനു കിട്ടുന്ന പ്രതിഫലമതാണു്. അതിൽ ചാത്തനു് ഒരിക്കലും പരിഭവം തോന്നിയിട്ടില്ല. അതു് അവന്റെ കടമയാണെന്നാണു് അവൻ വിശ്വസിച്ചിരിക്കുന്നതു്. മാടംവെച്ചു ജോലിചെയ്യുന്നതിനു തമ്പുരാൻ അല്പസ്ഥലം ചാത്തനു് അനുവദിച്ചുകൊടുത്തിട്ടുണ്ടു്. അതര ഏക്കർ സ്ഥലത്തെ കപ്പകൃഷിയാണു ചാത്തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യം. അതിനു തമ്പുരാനു പാട്ടം കൊടുക്കണം. ചാണകം വാങ്ങാൻ പണമില്ലെന്നു പറഞ്ഞപ്പോൾ തമ്പുരാൻ ഒരു പശുവിനെ ചാത്തനു കൊടുത്തു. പശുവും പാലും തമ്പുരാനു്; തീറ്റിപ്പോറ്റി ചാണകം എടുക്കുവാൻ ചാത്തനധികാരമുണ്ടു്. തീറ്റി എത്രയും കൂടുതൽ കൊടുക്കുന്നുവോ അത്രയും കൂടുതൽ ചാണകവും കിട്ടുമെന്നു കുന്നുകാലിവിദഗ്ദ്ധനായ തമ്പുരാൻ ഉപദേശിച്ചിട്ടുണ്ടു്.

ചാത്തന്റെ ജീവിതസമ്പാദ്യം തൊലിഞ്ഞുറിഞ്ഞു

THE CENTRAL STORES
Wine & General Merchants
KOTTAYAM.

പയറൊട്ടിയ ഒരു നീലിപ്പുലയിയും രണ്ടു കിടാങ്ങളുമാണു്. നീലിയും മക്കളും പട്ടിണിയായാലും വേണ്ടില്ല പടിക്കലെ വേലകൾ മുറയ്ക്കു നടക്കണമെന്നു ചാത്തനു നിർബന്ധമുണ്ടു്".

ഒരിക്കൽ വെളുപ്പിനു പതിവുപോലെ കാപ്പി തൊലി വെന്ത വെള്ളം നീലി ചാത്തനു കൊടുക്കുമ്പോൾ പറഞ്ഞു: "കിടാങ്ങൾ കഞ്ഞിവെള്ളം കുടിച്ചിട്ടു ദിവസം നാലായി. വൈകുമ്പോൾ നാഴിനെല്ലെങ്കിലും പടിയ്ക്കുന്നു വാങ്ങിക്കണേ!" ചാത്തൻ യാതൊരു മറുപടിയും പറഞ്ഞില്ല. നീലിയെക്കാൾ കൂടുതൽ കിടാങ്ങളുടെ കഷ്ടത ചാത്തനറിയാം. പക്ഷേ പാവം! എന്തുചെയ്യാനാണു്. അന്നു പകൽ മുഴുവൻ ചാത്തൻ പടിക്കൽ വേലചെയ്തു; നല്ല തൻപോടുകൂടിത്തന്നെ വേല ചെയ്തു.

തമ്പുരാൻ ചായ്പിൽ കിടന്നുകൊണ്ടു തമ്പുരാട്ടിയോടു രഹസ്യമായിപ്പറഞ്ഞു. "ചാത്തനിന്നു നല്ലതുപോലെ വേലചെയ്തുന്നു"വെന്നു. തമ്പുരാട്ടിക്കു നീലിയുടെയും കിടാങ്ങളുടെയും വിഷമം അറിയാം. പക്ഷേ ഭർത്താവിനെ ഭയന്നു് അവർ യാതൊന്നും ഉരിയാടിയില്ല. തമ്പുരാന്റെ മകൾ ചാത്തന്റെ കിടാങ്ങൾക്കു തമ്പുരാനറിയാതെ ചിലപ്പോൾ വല്ലതുമൊക്കെ കൊടുക്കാറുണ്ടു്. എന്തോ! ആ കുഞ്ഞമ്മയ്ക്കു അവരിലൊരു കരുണ. കുഞ്ഞമ്മ പറഞ്ഞു:—പാവം! എത്രമാത്രം കഷ്ടപ്പെടുന്നു. തമ്പുരാൻ അല്പം ഗൌരവത്തോടെ പറകയായി. "അവനെന്തു സുഖമാണെന്നു നിനക്കറിഞ്ഞുകൂടാ. കരം കൊടുക്കണോ? അതിഥികളെ സൽക്കരിക്കണോ ഒന്നും വേണ്ടാ. ഒന്നാന്തരം ഭൂമിയിൽ മാടവുംവെച്ചു പാർക്കുന്നു. നമ്മളൊന്നു കടിയിറക്കിവിടണം. അപ്പോളാണു് അവന്റെ വിഷമം അറിയുന്നതു്."

അവരാരും പിന്നീടു ചാത്തന്റെ കഥ തുടർന്നില്ല. അന്നു മയങ്ങിയതിനുശേഷമാണു് ചാത്തൻ വേലകയറിയതു്. അപ്പോൾ തമ്പുരാൻ പറഞ്ഞു. "ചാത്താ! നീ വേഗം പൊയ്ക്കോള്ളു. നീലിയും കിടാങ്ങളും തനിച്ചേ ഉള്ളു."

എന്നിട്ടും ചാത്തനു പോകുവാൻ മനസ്സുവന്നില്ല. നാഴിനെല്ലിനുവേണ്ടി അവന്റെ ഹൃദയം തുടിക്കയാണു്. തമ്പുരാനോടു ചോദിപ്പാൻ ഒരു മടിയും. കിടാങ്ങളുടെ പൊരിയുന്ന വയർ ഒരു വശത്തു്; മുഖശത്തായി തമ്പുരാന്റെ രൂക്ഷതയേറിയ വാക്കുകൾ. ഇവ തമ്മിലൊരു ദ്വന്ദയുദ്ധം നടന്നു. ഒരു പിതാവിന്റെ കടമ എന്തെന്നും മറ്റും ചാത്തനറിഞ്ഞുകൂടാ. എങ്കിലും സ്വന്തകുഞ്ഞുങ്ങൾ, എന്നൊരു ചിന്ത ചാത്തന്റെ ഹൃദയഭിത്തികളെ ഭേദിച്ചുപാഞ്ഞു.

തമ്പുരാട്ടിയുടെ സന്നിധാനത്തിലേക്കു ചാത്തൻ സാവധാനമായി നീങ്ങി. അവന്റെ ചുണ്ടുകളിൽ നിന്നു "നാഴിനെല്ലു" എന്ന രണ്ടുവാക്കു് അവനറിയാതെ തന്നെ ഉതിർന്നുവീണു. തമ്പുരാട്ടിക്കു ചാത്തന്റെ ദാരിദ്ര്യം ശരിക്കറിയാം. അവർ അറപ്പുരയിലേക്കു കടന്നു. ചാത്തന്റെ ഹൃദയം പരമാനന്ദത്തിൽ ലയിച്ചു. ഒരു സ്വർഗ്ഗീയമായ സന്തോഷം അവന്റെ മുഖത്തു കളിയാടി. തമ്പുരാട്ടിയെ ആത്മാർത്ഥമായി അവൻ അനുഗ്രഹിച്ചു.

അറപ്പുരയുടെ മണിത്താഴ് "കിണിങ്", "കിണിങ്" ശബ്ദം മുഴക്കി. ഉണ്ണിക്കുടവയറുമായി വിശ്രമം കൊള്ളുന്ന തമ്പുരാന്റെ ശ്രവണങ്ങളിൽക്കൂടി ആ ശുഭ

മാളിയേക്കൽ
സ്വർണ്ണാഭരണശാല

(1925—ൽ സ്ഥാപിച്ചതു്).

കോട്ടയം

ഒരു മാതൃകാസ്ഥാപനമെന്നു് ഇതരവ്യാപാരികൾക്കുകൂടി സമ്മതിക്കത്തക്കവണ്ണം പ്രശസ്തമായ നിലയിൽ നടത്തിവരുന്ന കോട്ടയത്തെ ഏക സ്വർണ്ണാഭരണശാല.

ഇക്കാലത്തു നടപ്പിലുള്ള ഏറ്റവും പുതിയതരം സ്വർണ്ണാഭരണങ്ങൾ എല്ലാം സ്റ്റോക്കുണ്ടു്. വളരെക്കാലത്തെ പരിചയം സിദ്ധിച്ച പ്രത്യേക വിദഗ്ദ്ധന്മാരെക്കൊണ്ടു മാത്രം ആഭരണങ്ങൾ ചെയ്യിക്കുന്നതിനാൽ, ഞങ്ങളുടെ ആഭരണങ്ങൾ ആകർഷണീയതയിൽ പ്രഥമ സ്ഥാനം അലങ്കരിക്കുന്നു. ഓർഡറുകൾ സ്വീകരിച്ചു് എല്ലാവിധ ആഭരണങ്ങളും ചെയ്തുകൊടുക്കുന്നതാണു്. ദൂരസ്ഥർ ഓർഡർ തരുമ്പോൾ 25 ശതമാനം അഡ്വാൻസ് അയച്ചിരിക്കണം.

Prop: ഇബ്രാഹിം അബ്ദുൽക്കരിം & സൺസ്.

ഞ്ഞുകടന്നു. "അരെടാ അറ തുറന്നതു്" എന്നൊരു ഗർജ്ജനം അവിടെ മുഴങ്ങി. ചാത്തന്റെ ഹൃദയം തകർന്നു. ആശകൾ അസ്തമിച്ചു.

തമ്പുരാട്ടി പറഞ്ഞു. "ചാത്തനു നാഴി നെല്ലുകൊടുക്കുവാനാണു്." തമ്പുരാൻ ഗർജ്ജിച്ചു; "ഇവിടെ നെല്ലുമില്ല. പുല്ലുമില്ല. ഇതു കഷ്ടപ്പെട്ടു സമ്പാദിച്ച മുതലാണു്. ഇങ്ങനെ ദാനധർമ്മം ചെയ്യുവാനുള്ളതല്ല" തമ്പുരാട്ടി പിന്നീടു യാതൊന്നും പറഞ്ഞതേ ഇല്ല. തമ്പുരാനു തമ്പുരാട്ടിയെ വളരെ സ്നേഹവും വിശ്വാസവുമാണു്. എന്നാൽ അറ ഒഴിച്ചുള്ള മറ്റിടങ്ങളിലെ അവകു സ്വാതന്ത്ര്യം കൊടുക്കാറുള്ളൂ. പിന്നീടു് ഒരു നിമിഷംപോലും ചാത്തനവിടെ നിന്നില്ല. തമ്പുരാന്റെ സ്വഭാവം അവനു നല്ലതുപോലെ അറിയാം. അവന്റെ പരന്ന മുഖവും തമ്പുരാന്റെ കൈകളും തമ്മിൽ പലപ്പോഴും സമ്മേളിച്ചിട്ടുള്ളതായി അവനു് ഓർമ്മ വന്നു.

ആ അന്ധകാരത്തിൽ കൂടി അങ്ങനെ ഒരു മനുഷ്യശരീരം അതിവേഗം നീങ്ങി. ചാത്തൻ ഇതുവരെയായതൊന്നിനെപ്പറ്റിയും ക്ഷുത്തലായി ചിന്തിച്ചിട്ടില്ല. എന്നാൽ ഇന്നു ചില വിഷമങ്ങളും ചിന്തകളും അവനിൽ അലയടിക്കുന്നു. നീലിയോടു സമാധാനം പറയുന്നതിനു് ഒരു ഭയം. കിടാങ്ങളെക്കാണുന്നതിൽ ഒരു വിരക്തി. ആത്മഹത്യ ചെയ്യണമെന്നു് ഒരു തോന്നൽ ചാത്തനുണ്ടായി. പക്ഷേ അതെങ്ങനെ എന്നു് അവനറിഞ്ഞുകൂടാ. നാഴി നെല്ലുപോലുമില്ലാതെ മാടത്തിലേക്കു ചെന്നാൽ കാക്കക്കുഞ്ഞുങ്ങളെപ്പോലെ കരയുന്ന കിടാങ്ങളോടു് അവൻ എന്തു സമാധാനം പറയും?

എന്തായാലും ചാത്തനു ചില ബുദ്ധികൾ തോന്നി. ചാത്തൻ മാടത്തിലേക്കു സാവധാനം കടന്നു. വിശപ്പിന്റെ ക്ഷുത്തൽകൊണ്ടു കിടാങ്ങൾ രണ്ടും കരഞ്ഞുകരഞ്ഞു് ഉറങ്ങിക്കഴിഞ്ഞിരുന്നു. നീലിയെ അവിടെയെങ്ങും കണ്ടതുമില്ല. നീലിയുടെ സഹോദരന്മാർ പട്ടിണികിടന്നു സമ്പാദിച്ച മുതലുകൊണ്ടു മുത്തകിടാത്തിക്കു് ഒരു വെള്ളിഅരിഞ്ഞാണം പണിയിച്ചുകൊടുത്തിരുന്നതു ചാത്തനു് ഓർമ്മയിൽ വന്നു. ആരുമറിയാതെ അതുമെടുത്തു ചാത്തൻ റേഷ്യൻകടയിലേക്കു കടക്കുകയും ചെയ്തു. അതു പണയംവച്ചു ചാത്തൻ ഇടങ്ങഴി നെല്ലു വാങ്ങി. കഴിയുന്നതും വേഗം അതു തിരിച്ചെടുത്തു നീലിയെ അറിയിക്കാതെ കാര്യങ്ങൾ സാധിക്കാമെന്നു് അവൻ നിശ്ചയിച്ചു.

നെല്ലു് നീലിയുടെ മുമ്പാകെവച്ചു് അവനൊരു ദീർഘനിശ്വാസംചെയ്തു. നീലി കിടാങ്ങളെ എല്ലാം വിളിച്ചുണർത്തി രാത്രിതന്നെ അതു കഞ്ഞിയാക്കി.

പതിവുപോലെ ദിവസവും പടിക്കൽ വേലയ്ക്കു പോകും. വൈകുന്നേരം വെറുംകൈയോടെ തിരിച്ചെത്തും. പല നാഴിനെല്ലു കൂടിയപ്പോൾ അരിഞ്ഞാണം റേഷ്യൻകടക്കാരനു തിരിയെ കിട്ടി.

ഒരിക്കൽ നീലി അരിഞ്ഞാണമന്വേഷിച്ചു. ചാത്തന്റെ മൌനം അതിനു മറുപടി പറഞ്ഞു. അവളുടെ കണ്ണുകൾ നിറഞ്ഞു. കുഞ്ഞുങ്ങൾ വെറുതെ എങ്ങലടിച്ചു.

ii

വർഷങ്ങൾ ചിലതു നീങ്ങിനിരങ്ങിക്കഴിഞ്ഞു. ഒരു ഖദർ വേഷധാരി ചാത്തനോടു ചോദിച്ചു. "ചാത്താ! നിന്റെ കൂലി എന്താണു്?

ചാത്തൻ അദരവോടെ പറഞ്ഞു. "തമ്പുരാനെന്താ ഭ്രാന്തുണ്ടോ? അടിയനു കൂലിയോ? പടിഞ്ഞലെ നിലത്തു് അടിയൻ കിടക്കുന്നു. പടിഞ്ഞാക്കു് ജോലിചെയ്യുന്നു. അതിനു കൂലിയോ?!"

ആ തൊഴിലാളിനേതാവു് ശാന്തനായ് സംസാരിക്കുവാൻ തുടങ്ങി. "ചാത്താ! തമ്പുരാനെന്നും അടിയനെന്നും പറയാതെ കാര്യങ്ങൾ തുറന്നുപറയൂ?

ചാത്തൻ—"അയ്യയ്യോ അതൊന്നും മേലാ. അവപടിഞ്ഞാക്കാരു കണ്ടാൽ എന്നെ കൊന്നുകളയും. അവരല്ലേ എനിക്കു നാഴി വെള്ളം തരുന്നതു്.

ആ ഖദർവേഷധാരി തുടർന്നു:—"ചാത്താ! അവരു സൌജന്യം തരുന്നതല്ല. നീ വേലചെയ്തിട്ടു കിട്ടുന്നതല്ലേ? അതും ശരിക്കു കൂലി തരുന്നില്ലതാനും."

അദ്ദേഹവുമായി കുറേനേരം സംസാരിച്ചാൽ കൊള്ളാമെന്നു് അവനു തോന്നി. പക്ഷേ പടിക്കൽക്കാരു വല്ല വരും കണ്ടുകളയുമോ എന്നു ഭയമാണു് അവൻ ധൃതിയിൽ താണുവണങ്ങിത്തൊഴുതു യാത്രയാകയുംചെയ്തു.

പിന്നീടു് ഒരു ദിവസം ചാത്തന്റെ ഒരു പരിചയക്കാരൻ "കർഷകതൊഴിലാളി"സംഘത്തെക്കുറിച്ചു ചാത്തനോടു സംസാരിച്ചു. അതൊക്കെ ഒരു അത്ഭുതമായി ചാത്തനു തോന്നി. തമ്പുരാക്കന്മാരോടു കൂലിചോദിക്കുന്നതു് മഹാധിക്കാരമാണെന്നാണു ചാത്തൻ പഠിച്ചുവെച്ചിരിക്കുന്നതു്.

കുറേക്കാലങ്ങൾക്കുശേഷം അനേകരുടെ നിർബന്ധം ഹേതുവായി ചാത്തൻ കർഷകതൊഴിലാളിസംഘത്തിലെ ഒരംഗമായിത്തീർന്നു.

The Kottayam Homeopathic Dispensary Sales Depot

ഇവിടെ എല്ലാത്തരം ഹോമിയോ ബയോക്കെമിക്കു്, സ്പെസിഫിക്സ് ഔഷധങ്ങളും, ഷുഗർപിൽസ്, ഷുഗർ ഓഫ് മിൽക്കു്, കൂപ്പി, കോക്കു് മുതലായവയും മൊത്തമായും ചില്ലറയായും വിൽപ്പാനുണ്ടു്.

Dr. T. C. Korah (Thazathu)

മൈതാനത്തിനു വടക്കുവശം, കോട്ടയം.

iii

തമ്പുരാൻ ഗർജ്ജിച്ചു:—"ചാത്താ! നന്ദികെട്ട നായേ!! വേഗം മാടവും പൊളിച്ചുകൊണ്ടു് ഇറങ്ങണം.

ചാത്തൻ—"തമ്പുരാനെ അങ്ങനെ ഉത്തരവാകരുതു്. അടുത്തമാസം കൂപ്പ പറിച്ചുംകൊണ്ടു് അടിയൻ എവിടെ എങ്കിലും പൊയ്ക്കോള്ളാം."

തമ്പു—"ഛീ! ചണ്ഡാലാ! അരുടെ കൂപ്പ. എന്റെ മണ്ണിൽ വളരുന്ന കൂപ്പ അരുടെ? നിന്റെ തൊഴിലാളി യജമാനന്മാർ നിന്നെപ്പോററട്ടെ."

ചാത്തനു ഭയംകൊണ്ടു യാതൊന്നും പറയുവാൻ സാധിച്ചില്ല. അവന്റെ ദേഹം ആലിലപോലെ വിറച്ചു. അടുത്ത ക്ഷണത്തിൽ തന്നെ കൊച്ചുതമ്പുരാക്കന്മാർ മാടം നാലുമൂലയ്ക്കുംനിന്നു പൊളിക്കുവാൻ തുടങ്ങി.

നീലി പരിപൂർണ്ണഗർഭിണിയാണു്. ചാത്തൻ നീലിയെയും രണ്ടു കിടാങ്ങളെയും കൈയ്യ് പിടിച്ചുകൊണ്ടു പെരുവഴിയിലേക്കിറങ്ങി. അരുണൻ പടിഞ്ഞാറെക്കടലിൽ താണപ്പോൾ നീലിയും കുടുംബവും അവഴിയരുകിൽ തല ചായിച്ചു. അർദ്ധരാത്രി നീലിക്കു പ്രസവവേദന ആരംഭിച്ചു. നാക്കു നനയ്ക്കുവാൻ കുറെ കഞ്ഞിവെള്ളത്തിനായി അവൾ ഇരന്നു. അർദ്ധരാത്രി നിസ്സഹായനായ ചാത്തൻ എന്തുചെയ്യുവാനാണു്. തൊഴിലാളിനേതാക്കന്മാരെ അറിയിച്ചാൽ വല്ല സഹായവും ലഭിക്കുമെന്നു് അവനു തോന്നി. പക്ഷേ അവർ എത്ര ദൂരെയാണു്.

പടിക്കലേയ്ക്കു് അവന്റെ മനസ്സു കുതിച്ചു. പടിക്കലേ കൊച്ചുകുഞ്ഞമ്മ ആരുമറിയാതെ ചിലപ്പോഴൊക്കെ നീലിക്കു് വല്ലതും കൊടുത്തിട്ടുള്ളതു് അവന്റെ ഓർമ്മയിൽ വന്നു. അവൻ അവിടേക്കു് ഓടി തമ്പുരാന്റെ പത്തുത്തൊഴുത്തിൽ കഞ്ഞിവെള്ളം ധാരാളമിരിക്കുന്നതായി അവൻ കണ്ടു. അതു് ആരുടെയും അനുവാദംകൂടാതെ തന്നെ എടുക്കുന്നതിനു് അവൻ കുതിച്ചു. തമ്പുരാന്റെ കൈ അഞ്ഞു് അവന്റെ പുറത്തുവീണു. കൊച്ചുതമ്പുരാക്കന്മാരെ ചുമന്നു് അവശമായ അവന്റെ ശരീരത്തിൽ അവരുടെ കൈകളാൽ തന്നെ പ്രഹരങ്ങൾ സമർപ്പിക്കപ്പെട്ടു. ഏതൊരു തമ്പുരാന്റെ കുംഭ വീർപ്പിക്കുവാൻ ആരോഗ്യമേറിയ അവന്റെ യൌവനകാലം സമർപ്പിക്കപ്പെട്ടുവോ ആ തമ്പുരാൻ അവന്റെ കൈകൾ കയറുകൊണ്ടു ബന്ധിച്ചു. അർദ്ധരാത്രിവരെ അവനവിടെ കിടന്നു.

തമ്പുരാട്ടിയോടു് അവൻ നീലിയുടെ വിവരം പറഞ്ഞു. പ്രസവവേദന എന്നു കേട്ടപ്പോൾ—സ്ത്രീഹൃദയമല്ലേ—അതു് അലിഞ്ഞുപോയി. ആ പാതിരാത്രി—ലോകമെല്ലാം ഉറങ്ങിയിരുന്നു.—അവൻ അവനെ അഴിച്ചുവിട്ടു. അവൻ വഴിയരുകിലേക്കു് ഓടി. പക്ഷേ അന്ത്യമായിട്ടെങ്കിലും ആ നശിച്ച തമ്പുരാന്റെ വെള്ള മിറക്കുന്നതിനു് അവൾ ജീവിച്ചിരുന്നില്ല. അസഹ്യമായ വേദനയുടെയും ദാരുണമായ നിസ്സഹായതയുടെയും നടുവിൽ വിങ്ങി വിങ്ങി ആ ജീവൻ ലോകത്തോടു യാത്രപറഞ്ഞു. ആ ശവശരീരത്തിനു മീതെ രണ്ടു കിടാങ്ങൾ കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ടു് കിടന്നിരുന്നു. ചാത്തൻ വാവിട്ടു കരഞ്ഞു.

പ്രഭാതത്തിൽ പൂങ്കോഴി കൂവി. ആ തൊഴിലാളിനേതാക്കന്മാർ അവനെ അശ്വസിപ്പിച്ചു. വിലതീരാത്ത ആ ജീവനു് മുതലാളിതത്വത്തിനു വില കല്പിക്കുവാൻ സാധിക്കുമോ? കളവെന്തെന്നറിയാത്ത കുഞ്ഞുങ്ങളോടു് അവർക്കുള്ള സമാധാനം എന്തായിരിക്കും. മുതലാളിതത്വത്തിനു മേനിപിടിപ്പിച്ച ആ കർഷകതൊഴിലാളി അടുത്ത ജന്മത്തിലെങ്കിലും അതിന്റെ സുഖമനുഭവിക്കട്ടെ!!

C. K. Cheria Abdulla, Cochin.

Telegraphic Address
"GOODWILL"

Telephone No. 32.
Code used Bentley's.

Merchants, Manufacturers, Exporters, Importers, Shipping & Clearing & Forwarding Agents.

Sub-Agents: Messrs. Standard-Vacuum Oil Company.

We Manufacture High Class Office & Household Furniture & also Packing Cases of all required specifications.

We have introduced the System of giving Furniture on Hire & on Hire Purchase.

Our Agency Department Represents:-

The Apex Products - Bombay.

The "Swan Products" of The India Canning Industries-Bezawada (Sole Agents: The Commercial Corporation, Alwaye)

The Sudarsan Ragi Malt of M/s Sudarsan & Co., Chittoor (M. S. M.) (Sole Agents: The Commercial Corporation of India, Alwaye.)

LET US CELEBRATE THE VICTORY WITH YOUR PATRONAGE.

INDO COMMERCIAL BANK, LTD.

Registered Office: **Mayavaram**

Central Office: **Madras**

Authorised Capital	Rs. 25,00,000
Issued & Subscribed Capital	Rs. 21,25,000
Paid-up Capital	Rs. 18,75,000
Reserve Fund	Rs. 5,00,000

(Total Resources exceed Rs. 3.25 Crores.)

CITY OFFICES:

China Bazaar Road, Mambalam, Mylapore, Triplicane & Periamet.

Branches:

AMDALAVALASAH	MADURA	TANJORE
ANAKAPALLE	MARUTERU	TILLARU R. S.
CHIDAMBARAM	PALAGHAT	TINNEVELLY TOWN
CHITTUR (COCHIN STATE)	PARVATHIPURAM	TINNEVELLY JUNCTION
CONJEEVERAM	PUDUKOTAH	TIRUVARUR
ERODE	SALUR	TRICHINOPOLY
KARAIKUDI	SHIYALI	VELLORE
KUMBAKONAM	TADEPALLIGUDEM	VIRUDHUNAGAR &
	VIZIANAGARAM	

FIXED DEPOSITS: Received for one year at 2¾% p.a.
for Two Years at 3% p.a.

SAVINGS BANK ACCOUNTS opened: Interest allowed at 2½% p.a. upto Rs. 5,000/-; withdrawals by cheques Rs.250/-per week.

CURRENT ACCOUNTS: OPENED and interest allowed at ¼% p.a.

LOANS and ADVANCES against Bullion, Government Pronotes, approved shares & securities & merchandise.

EVERY TYPE OF BANKING BUSINESS TRANSACTED.

BOARD OF DIRECTORS

Sri T. R. Venkatarama Sastri C. I. E. (Chairman)
Sri V. Venkatarama Aiyer M. A., B. L.
Sri R. S. A. Sankara Aiyer.
Sri R. Viswnatha Aiyer B. A., B. L.
Sri K. Sivaswami Aier.
Sri S. N. N. Sankaralinga Aiyer (Managing Director)

ചെത്ര V ജയം

(നല്ലമുട്ടം ജി. പദ്മനാഭപിള്ള)

1 ശ്രീവഞ്ചിരാജ്യപുരുപുണ്യപയഃപയോധി
ശ്രീവെൺമഹസ്സുടയസൽപ്പുരരാമരാജൻ
ശ്രീവപൊട്ടം കുവലയക്കുളിർചേത്തജസ്രം
ശ്രീവത്സലാഞ്ഛന! ചിരം വിജയിച്ചിടട്ടെ!

2 ശ്രീശാ! ശ്രിതൗഘഭവികപ്രദ! ശാശ്വതാ! സ
ച്ചേശാ! സമസ്തസുരസേവിത! സത്യമൂർത്തേ!
ക്ലേശാപഹം തവ പദാംബുജദാസനാമി
ഭ്രശാസിതാവിനു സദാ ശുഭമേറിയാലും!

3 കാണപ്പെട്ടുന്നകുലദൈവതമിദ്ധരിത്രീ
പ്രാണപ്രിയൻ തിരുമനസ്സിലെ ജന്മതാരം
ചേണാറ്റ ചിത്രശുഭതാരമുദാരമെങ്ങ
ൾക്കോണം കണക്കരുളണം രസമാണ്ടുതോറും

4 കാലാന്തരത്തിലമലാംഗിധരിത്രി,കല്പ
കലാബ്ധിയിൽ തിരകളിയ്ക്കുതിരിയ്ക്കുവോളം
നീലാളിവർണ്ണ! നിജനിർമ്മല"ചിത്ര"കം,സു
ശീലംവസന്തതിലകം, വിലസട്ടെ ഭംഗ്യാ!

5 വമ്പന്നഗോപരിരമാസഹിതം രമിച്ചുൾ
ക്കമ്പംപെടിഞ്ഞലമഭംഗമുറങ്ങുമീശാ!
നിശ്ചാതിനിദ്ധ്യമിയലും മമ തന്നുരാനേ
സന്ത്രീതനാക്കിടകിലേ സുഖമാവുനിദ്രാ

6 ക്ഷോണീശവംശമണിഹാരസുചിത്രമദ്ധ്യ
മാണിക്യമീപ്പതിതസാധുജനാവനോൽക്കൻ,
കാണിയ്ക്കുമാമയമെഴാതെ ചിരംനൃപാല
ശ്രേണിയ്ക്കു മാതൃകവഹിച്ചു വിളങ്ങിടട്ടെ!

7 നേരൊന്നു താൻ തിരുമനസ്സിലെ നിയ്ക്കു,യെല്ലാ
നേരത്തു;മായതിനൊരിക്കലുമില്ലിളക്കം
ഓരാനുപൻചെറുതുജാതിമതാദി;മർത്യ
രാരാകിലെന്ത,ണവുമില്ലവിടേക്കുഭേദം.

8 ക്ഷേത്രപ്രവേശനവിളംബരശസ്യശക്ത്യാ
മാത്രയ്ക്കിടയ്ക്ക,ടിയുറച്ചൊരയിത്തഭൂമ്യം
ക്ഷാത്രപ്രഭാവനിധി,ഹന്ത!തകർത്തതേതു
ഗാത്രത്തിലന്നുപുളകത്തെവരുത്തിയില്ലാ?

Established 1870.

A. N. GUNA SHENOY & BROS.,

Premier Hardware Merchants in West Coast.

Head Office: **COCHIN.**

Cables **"GUNAVAN"** - Phone 103.

Branches:-

ALLEPPEY, KOTTAYAM & QUILON

"That business does not prosper which does not serve" says Henry Ford, and "Service our Motto" has always been the real foundation of our business since our very inception which is a true testimony to our existence for nearly three quarters of a century.

IMPORTS FROM U. K. & U. S. A. ARE EXPECTED IN THE IMMEDIATE FUTURE.

ഗൃഹചിത്രങ്ങൾ

(ഠറി. എൻ. കല്യാണിക്കുട്ടിയമ്മ, വനിതാമിത്രം പത്രാധിപ)

യുദ്ധം വന്നതോടുകൂടി നമ്മുടെ നാട്ടിലുള്ള പട്ടിണിപ്പാവങ്ങളിൽ ഒട്ടുവളരെപ്പേർ യുദ്ധസേവനത്തിനായി നാടുവിട്ടുപോകയുണ്ടായി. തൻമൂലം പല ഭവനങ്ങളിലും ഒരു അസ്വസ്ഥതകാണ്മാനുണ്ട്. വീട്ടുവേലക്കാരിൽ പലരും അക്കൂട്ടത്തിൽപ്പെട്ടതുമൂലമാണ് ഈ അസ്വസ്ഥത. കരിപുരണ്ട കരപല്ലവവും, വിയർപ്പൊലിക്കുന്ന മുഖാരവിന്ദവും, അഴുക്കു പുരണ്ട പൂഞ്ചേലയുമായി..ലോകജീവിതമേ നരകമെന്നമട്ടിൽ പല രാകാശശാങ്കമുഖിമാരും പ്രഭ മങ്ങി മെയ്യുമൊട്ടൊട്ടൊടുങ്ങി കണ്ടതുടങ്ങിയിരിക്കുന്നു. ഇതുവരെ അവരുടെ അജ്ഞതയുടെ അഗാധതയിൽ സ്ഥിതിചെയ്തിരുന്ന പൗരാണികസ്ത്രീത്വം തങ്ങളെ ഉറിച്ചു നോക്കി വെല്ലുവിളിക്കുന്നതായി അവക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. വീട് ശുചിയാക്കുന്നതിനും, പാത്രം തേച്ചുകഴുകി വെടിപ്പാക്കുന്നതിനും, അളിനെ ലഭിക്കുന്നുണ്ടെങ്കിലും, അരി വയ്പിനും പാടവമുള്ളവയ്മാരെ കിട്ടാതെ കൊച്ചമ്മമാർ കുഴഞ്ഞുപോയി.

ശരീരവും ആത്മാവും,പൂവും ഗന്ധവും,ദീപവും പ്രഭയും പ്രാണനും മരുത്തുപോലെയുള്ള ബന്ധമാണ്, അലസയായ കൊച്ചമ്മയും അരിവയ്പുകാരുമായുള്ളതു്. ഏമാനന്റെ ഭാര്യ, അണ്ണന്റെ ഭാര്യ, ഒരുവൻപിച്ച കരംതീരുവയുള്ള ഭവനത്തിലെ സ്ത്രീ, പഴയ കുലീനഗൃഹങ്ങളിലെ സ്ത്രീകൾ ഇവരെല്ലാം കൊച്ചമ്മ എന്ന പേരിൽ അ

---

9 ബദ്ധാദരംമഹിതൈഹൈവധർമ്മതത്വ-
സിദ്ധാന്തപാഠവിശദീകരണത്തിനാലെ
അദ്ധ്യാത്മമാർഗ്ഗതിമിരാന്തരസാഹരിച്ചീ
ബുദ്ധാധികോജ്ജ്വലസുചിത്രപവിത്രമൂർത്തി

10 പാത്തട്ടിലിന്നെവിടെയും നവവൈദൂതശ്രീ
ചേർത്തിക്കലാപതിപരംസ്വയശസ്സുപോലെ
പേർത്തുംവിശിഷ്ടതരസർഗ്ഗകലാലയാഢ്യം
തീർത്തുംജഗൽകുലിരണ്ചിരുളൊക്കെമാറി.

11 പാരിച്ചമേന്മകലരും വ്യവസായമെല്ലാം
പാരിൽതഴച്ചുവളരുംപടിയേർപ്പെടുത്തി
കാരുണ്യസാരനിധിചൈത്രജരാട്ടനാട്ടിൽ
ചേരുംപലേതൊഴിലുമിജ്ജനതയ്ക്കുനൽകി.

12 അല്പൽപ്പെട്ടുത്തമെരുസാംക്രമികോഗ്രരോഗ
ശല്യങ്ങളൊക്കെയുടനെ തടയുന്നതിനായ്
കല്യൻനൃപാലമണിവേണ്ടതുചെയ്കമൂല
മില്ലൈനവന്തുവഴിയുള്ളൽമിക്കവാറും.

13 പാലാഴിവാസപരിപാവനപാദദാസ്യ
ശ്രീലാസ്യമാന്നരനായകവംശഹീരം
മാലാന്സാധുജനതയ്ക്കുനാകനിഞ്ഞ
പാലാദരേണപകരുന്നി,നിയെന്തുവേണ്ടൂ?

14 അന്ന്യായലാഭവഴിനോക്കി,യതിൽസ്വപാദ
വിന്ന്യാസമാന്മുതലാളികളെയമർത്തി
ധന്ന്യാശയാഗ്രണിധരാഭരണത്തിലേന്തു
മന്ന്യാദൃശോഗ്രപരിപാടികൾസുപ്രശസ്തം.

15 ഇണ്ടൽപ്പെടുന്നനിജകഷ്ടകർതൻപ്രയാസം
കണ്ടിക്കശാഗ്രമതി,തൽപരിഹാരസൂത്രം
പണ്ടിങ്ങുമെങ്ങുമറിയാത്തതെടുത്തുപാടേ
മണ്ടിച്ചിടുന്നുഭവികാന്ധികകണഭാവം.

16 ദുർവ്വാരദുസ്സഹമഹാദുരിതാനലൻതൻ
നിർവ്വാപണത്തിനവിടുന്ന മഹാമനസ്സൻ
നിർവ്വാദമൊത്ത നിയമങ്ങൾ നടപ്പിലാക്കി
സർവ്വാത്മശാന്തി-ജനതയ്ക്കു ജവാൽവരുത്തീ.

17 അപ്പുപ്പി ജമ്മനൊടു, മുല്ലടമുഷ്ക്കുകുട്ടം
ജപ്പാനൊടും പൊരുതൊരാംഗലരെ സഖൈയ്യം
ഇപ്പാരിലുള്ള നിജ സൈന്യധനാദി നൽകി
കെല്പാന്നിളാപതി ഉണച്ചു തെളിച്ചുമെന്നേ.

18 സൂര്യാത്മകപ്രഭമെഴുമംഗലരാത്ത ധൈര്യം
സൂര്യാതിവീര്യപരമാണ ശരങ്ങളാലേ
സൂര്യാംശകാശ്യപിതകയ്ത പരേതപാങ്ക്ത്യാ
സൂര്യാത്മജാലയതലേ സ്ഥലഹാനിചേർത്തു

19 ജമ്മൻ.തുലഞ്ഞു, ജഗദാമയ,മൊട്ടകന്തു,
മമ്മംതുളഞ്ഞു നിപതിച്ചു നശിച്ചുജപ്പാൻ,,
ഇമ്മട്ടിലുഗ്രജയഭേരി മുദാമുഴക്കാൻ
നമ്മൾക്കുമിനൃപതിതാനവകാശമേകി.

20 തച്ചിട്ടാളുമീ നൃപരകേസരിവീരനിപ്പോൾ
പട്ടാളനായകപദം പരമോന്നതാഭം
ബ്രിട്ടീഷധീശപതി നൽകിയതൊന്നുപോരും
തിട്ടം തദീയ ദൃഢമൈത്രി തെളിച്ചുകാട്ടാൻ.

21 ആത്മാവനൈകനിരതൻ തിരുമേനി, വീര
മാർത്താണ്ഡഭാസ്സിയലുമസ്സഹജാതനാലെ
പ്രീതപ്രവിശിഷ്ട,പരിസേവിതനായ്വരുന്ന
തോർത്താൽ കൃതാഹലമയന്നിടമാക്കുമുള്ളിൽ.

22 സ്ഫാരാഭഭക്തമണിയാം ഗ്രഹനാനയിച്ച
വാരാന്ന വഞ്ചിയിലെഴും പ്രതിപത്തിമൂലം
ശ്രീരാമലക്ഷ്മണരു വീണ്ടുമുദിച്ചുവഞ്ചി
യ്ക്കാരാലധീശ പദമർന്നലസിപ്പതാവാം.

23 ശ്രീമത്സുമന്ത്രസമ,നായ്ക്കുണേശരാമ
സ്വാമിപ്രശസ്തസചിവോത്തമനാത്തഭക്ത്യാ
സാമർത്ഥ്യവാൻസഹകരിച്ചുഭരിച്ചു താൻസ
സ്വാമിയ്ക്കുമോദമളവറ്റുളവാക്കിടുന്നു.

24 ഇമ്മട്ടനല്പനവഭാസുരഭാഗധേയം
നമ്മൾക്കുചേർത്തനവനും യുവഭൂപതിയ്ക്കും,
നമ്മുടെവാസഗൃഹമാം സ്വകുലത്തിനുംമേൽ
സമ്മംഗളം സരസിജേക്ഷണനേറനിടട്ടെ!!

—ശുഭം—

റിയപ്പെട്ടമെങ്കിലും. അരിവയ്പുകാരുടെ യജമാനത്തികളെന്ന ഭാവിച്ച്, അവരുടെ അടിമകളായി കഴിഞ്ഞുകൂടുന്ന അലസകളായ കൊച്ചമ്മമാരാണ് നമ്മുടെ മുൻപാകെ നിൽക്കുന്നതു്.

ഒരു കൊച്ചമ്മ, തനിക്കും ഭർത്താവിനും രണ്ടു കുട്ടികൾക്കും അരിവച്ചു വിളമ്പണം, അതിനു് അളില്ല. വേലക്കാരൻ! അവൻ യുദ്ധത്തിനു പോകുന്നതിനു മുമ്പുതന്നെ പലപ്പോഴും പിണങ്ങിപ്പോയിട്ടുണ്ടെങ്കിലും അദിവസങ്ങളിലെല്ലാം കുണ്ണയ്യരുടെ ഹോട്ടലിലെ പകർച്ചകൊണ്ടു കഴിച്ചു. ഇന്നാണെങ്കിൽ അ പോറി ഹോട്ടലും ഇല്ല. ഒരിടങ്ങഴി അരിയും മൂന്നാലുക്കുട്ടം കറികളും ഉച്ചയ്ക്കു വയ്ക്കണം. അതു വിളമ്പി എല്ലാവക്കും കൊടുക്കണം. അടിച്ചുതളിക്കാരിയെ അടുക്കളയിൽ കയറ്റി വിളമ്പിക്കുന്നതിനു് ഇതുവരെയുള്ള അചാരമര്യാദ അനുവദിക്കുന്നുമില്ല. പോരെങ്കിൽ അവൾ— എന്തിനു്? കൊച്ചമ്മ കുഴങ്ങി. ഒരു പ്രകാരത്തിൽ ഇന്നത്തേടം എതുവിധമെങ്കിലും കഴിച്ചുകൂട്ടാമെന്നുവച്ചാൽ നാളെയോ? അടുത്തതു്, അടുത്തടുത്തതുമായ ദിവസങ്ങളും മാസങ്ങളുമോ? സ്വർണ്ണവളകളിട്ടുകൊണ്ടു തീയുടെ അടുത്തു നിൽക്കുമ്പോൾ സ്വർണ്ണത്തിനു ചൂടുതട്ടിയിട്ടു് കൈയ് പൊള്ളുന്നു. പുക കണ്ണിൽ തന്നെ അടിക്കുന്നു. മുളകു് അരച്ചിട്ടു് കൈയ് നീറുന്നു. തേങ്ങാ തിരുമ്മിയപ്പോൾ ചെരവനാക്കുകൊണ്ടു് കൈയ്പെള്ള കീറി. അരി പാറിക്കൊഴിച്ചിട്ടു് നെടിയും പൊടിയും തിരിയുന്നില്ല. കടയിൽ പോയ് അടിച്ചുതളിക്കാരി വരുന്നതുവരെ കാത്തിരിക്കാമെന്നുവച്ചാൽ സമയവും പോകും. എന്തുചെയ്യാം! മണി പതിനൊന്നരയായി. ഇനിയും ഒന്നരമണിക്കൂറേയുള്ളു. കഷ്ടം! അ കേശവനുള്ളപ്പോൾ ഞാൻ ഇതൊന്നുമറിഞ്ഞിട്ടില്ല. എതായാലും അവൻ അസാമിൽനിന്നു് അടുത്തമാസം "അടുംവരുമെന്ന കേട്ടു. എന്റെ ഭഗവാനെ! അവൻ വന്നെങ്കിൽ! ഒരു പ്രകാരത്തിൽ, കുറെ അരിയും കറിയും ചമച്ചു. കുഴഞ്ഞ ചോറും, പുകഞ്ഞ കറിയും വിശന്നലഞ്ഞുവന്ന ഭർത്താവിനും കുട്ടികൾക്കും കൊടുത്തു. ഭർത്താവിനോടു് അയിരമായിരം അവലാധികളും ബോധിപ്പിച്ചശേഷം അ സാധുമനുഷ്യനെ യാത്രയാക്കി.

അ കൊച്ചമ്മ ഊണുംകഴിഞ്ഞു് വേലക്കാരിയെ കാവലേല്പിച്ചിട്ടു് അടുത്ത വീട്ടിലേക്കു പോയി. അ വീട്ടിന്റെ ഉമ്മറത്തു് ആരെയും കണ്ടില്ല. കതകിനു തട്ടിവിളിച്ചു.

സാമാന്യം നല്ല ഒരു വീടു്. സാധനങ്ങളെല്ലാം ക്രമീകരിച്ചുവച്ചിരിക്കുന്നതു് ജനാലയിൽക്കൂടി കണ്ടു. പരിസരം വെണ്ട, പാവൽ, വഴുതന, കീര, മുതലായ സസ്യാദികളുടെ സമൃദ്ധിയിൽ ഐശ്വര്യസമ്പൂർണ്ണമായിരിക്കുന്നു. കൊച്ചമ്മ തൊകപ്പാടെ ഒന്നു കണ്ണോടിച്ചു. എന്തോ ഒരു വിചാരം! പക്ഷേ, എന്തുചെയ്യാം, അലസത അവരെ അതിനു് അനുവദിച്ചിരുന്നില്ല.

കതകു തുറക്കണം, എന്നു വീണ്ടും മുട്ടിവിളിച്ചു. അടുക്കളയിൽനിന്നു് അരതു്? എന്നു ചോദിച്ചുകൊണ്ടു് അൻപത്തിഏഴിനോടടുത്ത ഒരു സ്ത്രീ വന്നു കതകു തുറന്നു. എവിടെ പോയിരുന്നു? ഞാൻ എത്ര വിളിച്ചു? എന്നുള്ള കൊച്ചമ്മയുടെ ചോദ്യത്തിനു ഞാൻ അടുക്കളയിൽ ആയിരുന്നുവെന്നു് അ അമ്മ പറഞ്ഞു. അ വീട്ടിൽ പണിയെടുക്കുന്നതിനു മറ്റാരും ഉണ്ടായിരുന്നില്ല. പാത്ര

KALPAKA WASHING SOAPS

Users are unanimous in their opinion that KALPAKA SOAPS are as good as any other best soap in the market – cheaper and economical too. Washing is made easy, every ingrained dirt is removed, clothes become whiter and Fabrics are safeguarded. Our salesman will be pleased to call on you personally and display samples when he next visits your town. Adequate supplies are available. Write for your requirements immediately.

Kalpaka Oil Mills Ltd.,

Edacochi P. O.

വിനെ കറക്കുന്നതിനും, പാത്രം തേയ്ക്കുന്നതിനും പാചകംചെയ്യുന്നതിനും അമ്മ മാത്രമേയുള്ളുവെന്ന് അറിഞ്ഞപ്പോൾ ആ കൊച്ചമ്മ ചെയ്ത ഉപദേശം രസാവഹമാണ്. എന്തമ്മാ! ഇങ്ങനെ അടുക്കളപ്പണി ചെയ്യുന്നതു്? വേലക്കാരില്ലെങ്കിൽ ക്ലബിൽനിന്നു വരുത്താൻ പറയണം. ഇതു പുരുഷനു് ഒരു വഴിതെളിക്കുകയാണു്. അടുക്കളപ്പണിയെല്ലാം സ്ത്രീക്കുള്ളതാണെന്നും അവൾ അതിനുവേണ്ടിയുള്ള ഒരു ജീവിയാണെന്നും പുരുഷന്മാരുടെ ഇടയിൽ ഒരു ധാരണയുണ്ടു്. അവർ എവിടെ നിന്നെങ്കിലും വയ്പുകാരെ കൊണ്ടുവരട്ടെ, അല്ലെങ്കിൽ ഉണ്ണണ്ടാ. നിങ്ങളെപ്പോലെ കുറെപ്പേരാണു് ഇക്കൂട്ടരെ വഷളാക്കുന്നതു്. സ്ത്രീ അടുക്കളമൂലയിൽ കാറ്റും വെളിച്ചവുമേല്ക്കാതെ കിടന്നു ശ്വാസംമുട്ടണം. അവൾക്കു ക്ലബിൽ പോകാനോ നടക്കാൻ പോകാനോ സ്വാതന്ത്ര്യമില്ല. വെറും അടിമ. ഇനിയുള്ള കാലം അതു നടപ്പില്ല. നടന്നതു നടന്നു. സ്ത്രീജനങ്ങൾ സ്വതന്ത്രരാണെന്നു കാണിച്ചുകൊടുക്കണം." ആ അമ്മ പറഞ്ഞു: "എന്റെ ഭർത്താവിന്റെ സ്വത്തും അദ്ദേഹത്തിൽനിന്നു ജനിച്ച കുട്ടികളും എന്റെ അധീനതയിലും അനുഭവത്തിലും ഇരിക്കുന്നു. എന്റെയും കുട്ടികളുടെയും സുഖത്തിനുവേണ്ടി ഈ മദ്ധ്യാഹ്നസമയത്തും അദ്ദേഹം ജോലിസ്ഥലത്തേക്കു കാൽനടയായി പോയിരിക്കുന്നു. ഞാൻ മറ്റു ജോലികളൊന്നുമില്ലാതെ വീട്ടിലിരിക്കുന്നു. അവരുടെ സുഖത്തിനുവേണ്ടി എനിക്കു ചെയ്യാവുന്ന ഒരു ചെറിയ സേവനം മാത്രമാണു് അടുക്കളജോലിമൂലം സാധിക്കുന്നതു്. അതിൽ എനിക്കു സന്തോഷവും അഭിമാനവുമല്ലാതെ ഉണ്ടാകാറില്ല. എന്റെ ഭർത്താവിനെ, ഒരു കപ്പു കാഫി കൂടിക്കാൻപോലും കടയിൽ അയയ്ക്കുന്നതു് എനിക്കു പ്രാണവേദനയാണു്. എന്റെ അടുക്കളപ്പണി അടിമത്വമാണെന്നു ഞാൻ കരുതുന്നില്ല. എന്റെ ഭർത്താവു് എന്നെ ഒരു അടിമയായിട്ടു വിചാരിച്ചിട്ടുമില്ല. നേരെമറിച്ചു രുചികരമായ ഭക്ഷണം പാകംചെയ്തുകൊടുക്കുന്നതുമൂലം എന്റെ ഭർത്താവിനെയും കുട്ടികളെയും ആ സംഗതിയിൽ അടിമകളാക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ടു്. എന്റെ ഭർത്താവും കുട്ടികളും ഞാൻ കൊടുക്കുന്ന ഭക്ഷണം വളരെ ആർത്തിയോടും രുചിയോടുംകൂടി ഭക്ഷിക്കുന്നതു ഞാൻ കണ്ടു് ആനന്ദിക്കാറുണ്ടു്. എനിക്കു് വ്യായാമത്തിനുവേണ്ടി പുറമേ പോകേണ്ട ആവശ്യമേയില്ല. അടുക്കളപ്പണി കഴിയുമ്പോൾ എനിക്കു വിശ്രമമാണു് ആവശ്യം. അതിനു ഞാൻ വല്ല പുസ്തകവും പത്രവും വായിച്ചുകൊണ്ടു സ്വസ്ഥമായിക്കിടക്കും. എന്റെ ജോലികളെല്ലാം കൃത്യമായി ഞാൻ തന്നെ ചെയ്യുന്നതുമൂലം എനിക്കു വായനയ്ക്കും വിശ്രമത്തിനുമുള്ള സമയവും കിട്ടും. വെറുതേ നേരംപോക്കി



ഇൻഡ്യയുടെ ഔദ്യോഗിക പ്രതിനിധികളെന്ന നിലയിൽ സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽ സംബന്ധിച്ച സർ എ. രാമസ്വാമിമുതലിയാർ, സർ വി. ടി. കൃഷ്ണമാചാരി, സർ ഫിറോസ് ഖാൻ നൂൺ എന്നിവർ ലണ്ടനിൽവച്ചു നടന്ന പ്രാരംഭക്രടിയാലോചനയ്ക്കുശേഷം ലണ്ടനിലെ സുപ്രസിദ്ധമായ സാവോയി ഹോട്ടലിൽ താമസിക്കുന്ന സന്ദർഭത്തിൽ എടുത്ത ഫോട്ടോ. നടുവിൽ നില്ക്കുന്നതു സർ രാമസ്വാമി മുതലിയാർ, ഇടത്തു വശത്തു് ഏതാണ്ടു മി. ചർച്ചിലിനെ അനുസ്മരിപ്പിക്കുന്ന ആകാരഭംഗിയോടെ നില്ക്കുന്നതു സർ വി. ടി. കൃഷ്ണമാചാരി, പ്രസരിപ്പുള്ള ആ യുവാവു സർ ഫിറോസ്ഖാൻ നൂൺ.

നുവേണ്ടിയുള്ള ക്ലബ്ബം എന്റെ ഗൃഹത്തിൽ ക്ലബാറില്ല, ഞാൻ എന്റെ ജോലിക്കു തടസ്സം നേരിടുന്ന അത്തരം ക്ലബ്ബുകളിൽ ഉൾപ്പെടാത്തതുകൊണ്ട് എന്റെ സമയം ക്രമീകരിച്ചു് ഓരോന്നും യഥാവസരം ചെയ്തീർക്കാൻ കഴിയും. അടുക്കളക്കായ്യും സ്ത്രീസ്സു മാത്രമുള്ളതും, അതിൽ അവൾ അഭിമാനംകൊള്ളേണ്ടതുമാണു്. സുഖവും സ്വാതന്ത്ര്യവുമെല്ലാം അതിന്റെ പരിപാലനത്തിൽ തന്നെ സ്ഥിതിചെയ്യുന്നു... അ അമ്മയുടെ ആത്മാർത്ഥതയും. യാഥാർത്ഥ്യവും നിറഞ്ഞ സംഭാഷണം ആ കൊച്ചമ്മയെ ഒന്നു് അമ്പരപ്പിച്ചു. എങ്കിലും വേഗത്തിൽ സംഭാഷണത്തിന്റെ ഗതിതിരിച്ചു്, നേരംനാലുമണിയായിഎന്നു പറഞ്ഞു ആ കൊച്ചമ്മ യത്രോദിച്ചു പുറത്തിറങ്ങി.

കേവലം 75 രൂപാ ശമ്പളക്കാരന്റെ ഭാര്യ. റേഷൻകാലം, വീട്ടുചെലവുകൾ, കെട്ടിടവാടക, കുട്ടികളുടെ വിദ്യാഭ്യാസം, പൗഡർ, സാരി, പുതിയ ആഭരണങ്ങൾ ഇതെല്ലാം വേണം; അതിഥികളെ സൽക്കരിക്കണം; വല്ലപ്പോഴമെങ്കിലും സിനിമാ കാണണം. കൈക്കുലിയും കോഴയും വാങ്ങിയാൽ—അതു പുറത്തായാൽ ഉദ്യോഗം പണയത്തിലാകുന്ന കാലം. വലിയ സ്വത്തുക്കളൊന്നുമില്ലാത്ത കുടുംബം—ഒരു ഉദ്യോഗം ഭർത്താവിനുണ്ടായ കാരണത്താൽ കൊച്ചമ്മയായ ഈ കൊച്ചമ്മയുടെ ഭർത്താവായ ഭാഗ്യവാനുള്ള ആശ്വാസം—എന്താണാവോ?—ഒരു ഭർത്താവിനുവേണ്ടി വീട്ടിലിരിക്കുന്ന സ്ത്രീ ചെയ്യുന്ന ഒരു ചെറിയ സേവനത്തിൽ കൂടി അടിമത്വം ദർശിച്ചു് മനുഷ്യത്വത്തേക്കുടി നശിപ്പിക്കുന്ന ഈ കൊച്ചമ്മയാണു് അരിവയ്പുകാരുടെ അടിമയായിപ്പോകുന്ന ജീവി.



വിജയശ്രീലാളിതരായ ബ്രി. ഭടന്മാർ റംഗ്രൗണ്ട് തുറമുഖത്തുകിടക്കുന്ന ഒരു കപ്പലിന്റെ മുകൾത്തട്ടിൽ ബ്രി. പതാക ഉയർത്തുന്നു.

അരിവയ്പുകാരെ പലരും, മഠയാ, മഠയി, കഴുതേ, വൃത്തികെട്ടവനേ, വൃത്തികെട്ടവളെ എന്നുള്ള പുരോഗമനോന്മുഖമായ പദങ്ങളെക്കൊണ്ടു് എറിയുന്ന ഗംഭീരമായ ശബ്ദം ഞാൻ കേട്ടിട്ടുണ്ടു്. ഞാൻ അതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടു്. ഈ സംബോധനപാദങ്ങൾ ഉപയോഗിക്കുന്നവരുടെ ചിന്താശൂന്യതയെപ്പറ്റി എനിക്കു് അവജ്ഞയാണുണ്ടായിട്ടുള്ളതു്. ലോകത്തിലുള്ള അരിവയ്പുകാരിൽ അധികംപേരും മിടുക്കന്മാരായിരിക്കുകയില്ല. മിടുക്കനായ ഒരുവൻ അരിവയ്പുകാരനായിരിക്കുവാൻ അഗ്രഹിക്കുകയില്ലാത്തതുതന്നെ അതിന്റെ കാരണം. വൃത്തികെട്ടവൻ, അതേ, വൃത്തിയായി ജീവിക്കത്തക്ക കുലീനതപോ, സാമ്പത്തികസൗകര്യമോ ഉള്ളവനെയും നമുക്കു് അരിവയ്പുകാരനായി കിട്ടുകില്ല. അവൻ വൃത്തിയായി അടുക്കളയിൽ നിൽക്കണമെന്നു നമുക്കു നിർബന്ധമുള്ളപക്ഷം കുറേ നാളത്തെ പരിശ്രമംകൊണ്ടു് അതു സാധിക്കുമെന്നല്ലാതെ അവരിൽ അധികംപേർക്കും അവരുടെ സ്വാഭാവികനിലയ്ക്കു് അതിന്റെ ആവശ്യമേയില്ല. വീട്ടുപണിക്കായുള്ള സ്ത്രീപുരുഷന്മാർ വൃത്തിയായി നിൽക്കാൻ അനുവദിക്കാത്ത പല കൊച്ചമ്മമാരും ഏമാനന്മാരുമുണ്ടു്. അതിനും ചില പ്രത്യേക കാരണങ്ങൾ കണ്ടേക്കും. ഏതായാലും എന്തെല്ലാം പറഞ്ഞാലും അരിവയ്പുകാരൻ ഒരു വലിയ ആളാണു്. അവന്റെ വില അവൻ അറിഞ്ഞു തുടങ്ങിയിരിക്കുന്നു. ഒരു കൊച്ചമ്മയുടെ വിലയില്ലായ്മയിലാണു് അവനു വില യുള്ളതെന്നും അവനറിയാം. അവന്റെ പണി മുടക്കു്, അതൊന്നു മതി സുഖലോലുപയായ—അലസയായ—അവന്റെ കൊച്ചമ്മ,

സകല തെറ്റുകളും അവനോടു ക്ഷമിച്ചു് അവനു മാപ്പു കൊടുക്കാൻ; അവനു ശമ്പളം കൂട്ടിക്കിട്ടാൻ, കൊച്ചമ്മയുടെ അടുത്തു് അഭിപ്രായസ്വാതന്ത്ര്യം കിട്ടാൻ, അരിവയ്പുകാർ അടിമകളോ?

പുരുഷൻ, തന്റെ ഏകാധിപത്യസ്ഥാപനത്തിനു വേണ്ടി പീരങ്കി നീട്ടാത്ത ഒരൊറ്റ സാമ്രാജ്യം ലോകത്തിലുണ്ടെങ്കിൽ അതു് "അടുക്കള"സാമ്രാജ്യം മാത്രമാണു്. ഒരു സ്ത്രീയുടെ അന്തസ്സും അഭിമാനവും മഹാസാമ്രാജ്യത്തെ ഭരിക്കുന്നതിനു പഴുപ്പുമായ അവളുടെ കഴിവുകളും അടുക്കളയാകുന്ന പ്രദർശനശാലയിൽക്കൂടി ലോകത്തെ ബോദ്ധ്യപ്പെടുത്താൻ കഴിയും. തവിക്കുണയാകുന്ന അടുക്കളച്ചെങ്കോലിന്റെ സമർത്ഥമായ തിരിച്ചിലിലാണു് മഹാസാമ്രാജ്യത്തിന്റെ ഭരണചക്രം ഉൽകൃഷ്ടമായി കറങ്ങുന്നതു്. മടവാരും, അടുക്കളയും, അടുക്കളവും സൃഷ്ടിസ്ഥിതിസംഹാരകർമ്മങ്ങൾക്കുള്ള ത്രിമൂർത്തികളായി സങ്കല്പിച്ചു് വിശദീകരിക്കുന്നപക്ഷം അതിൽ ഏറക്കുറെ പരമാർത്ഥമുണ്ടെന്നു കാണാൻ കഴിയുന്നതാണു്.

അടുക്കളപ്പണി അടിമത്വമായി പലർക്കും തോന്നുണ്ടായിരിക്കും. ആ തോന്നൽ വെറും തെറ്റാണെന്നു് അവർ ധരിക്കുന്നതു കൂടാതെ; സകലരേയും അടിമപ്പെടുത്തി തന്റെ സമീപത്തേക്കു് ആകർഷിക്കത്തക്ക മേല്ക്കോയ്മയാണു് അടുക്കളയ്ക്കുള്ളതെന്നു് അതിന്റെ ഭരണാധികാരികൾ അറിയേണ്ടതായുമിരിക്കുന്നു.

ഇന്നു് അടുക്കളപ്പണിയിൽ കൂടി സ്ത്രീകളിൽ വല്ല പുരുഷന്മാരും അടിമത്വം ദർശിക്കുന്നുണ്ടെങ്കിൽ അതു തെറ്റാണെന്നും ആ മനോഭാവം എത്രയും വേഗത്തിൽ ഉരുക്കളയുകയും, അടുക്കളസാമ്രാജ്യത്തിന്റെ ഭരണാധികാരിണികളായ സ്ത്രീജനങ്ങളെ അവരുടെ ക്ഷമാപൂർവ്വമായ സേവനസന്നദ്ധതയിൽ ആരാധിക്കുകയും ചെയ്യേണ്ടതാണു്. എന്നാൽ ആ ആരാധനയുടെ ഒരു അംശംപോലും അരിവയ്പുകാരനു വിഭജിക്കപ്പെടാതിരിക്കാൻ മറ്റു ജോലികളില്ലാതെ വീട്ടിൽ മാത്രം കഴിഞ്ഞുകൂടുന്ന സ്ത്രീജനങ്ങൾ പ്രത്യേകം കരുതേണ്ടതാണു്. ഇന്നത്തെ നമ്മുടെ വിജയം പുരുഷനെ "അടുക്കള"യിൽ പ്രവേശിപ്പിക്കാതിരിക്കുന്നതിലാണു്. നാളത്തേതും അതിലാണു് സ്ഥിതിചെയ്യുന്നതു്.



യൂറോപ്പിലെ ഐക്യകക്ഷി സുപ്രീം കമാണ്ടറായ ജനറൽ ഈസൻ ഹോവർ



ജർമ്മൻകാക്കു നൽകിയ നിരുപാധിക കീഴടക്കു വ്യവസ്ഥകൾക്കു ഈസൻ ഹോവറുടെ സ്റ്റാഫ് മേധാവിയായ ലഫ്റ്റനന്റു ജനറൽ സ്മിത്തു് ഒപ്പു വയ്ക്കുന്നു.

THE
Thamarapally Rubber Co., Ltd.

(Incorporated in 1937)

MANAGING AGENTS:

Messrs. A. V. George & Co., Ltd.

AUTHORISED CAPITAL — **Rs. 35,00,000**

Divided into 1,00,000 6% Cum. Pref: Shares of Rs. 10 each and
2,50,000 Ordinary Shares of Rs. 10 each.

ISSUED CAPITAL — **Rs. 4,00,000**

Divided into 15,000 6% Cum. Pref: Shares of Rs. 10 each and
25,000 Ordinary Shares of Rs. 10 each.

Directors

T. KURUVILLA THOMAS ESQ. — A. V. JOHN ESQ.

M. C. KURIAN ESQ. — M. C. MATHEW ESQ.

A. V. GEORGE ESQ.

THAMARAPALLY ESTATE, Vadaserikara — 240 acres

MALYAKAL ESTATE, Pathanapuram — 227 acres

Both Estates (particularly Malyakal, which may be described as an ideal Rubber Estate) are in very good condition. Both produce Sheet Rubber fetching ceiling prices in the Rubber Market.

The Company has paid over 80 per cent Dividend on its paid up Capital so far. Shares are in great demand, though sellers are very few at all times.

Estimated Rubber Crop for the year — 1,52,500 lbs.




THE


OLDEST OPTICIANS

IN

TRAVANCORE.

Sight Tested Scientifically and Spectacles Supplied.





JACOBS & CO.

Kottayam P. O. Travancore, S: India

Branch:- TRIVANDRUM.

OPTICIANS, CABINET MAKERS Etc.,

Whole Sale & Retail Dealers of All Kinds of Furniture,
Musical Instruments Etc., Etc.

Kerala Traders, Calicut.

General Merchants, Commission Agents, and Transport Contractors

We contract for efficient and honest service!
Send us your inquiries on any line!

We are at your service as Purchase, Selling and Transporting Agents.

ENTRUST YOUR BUSINESS TO US FOR EFFICIENCY SAKE

You will have no cause whatsoever to regret your choice!

CONSULT US!

We can offer you our efficient service and undertake all your Structural, Mechanical, Electrical, Sanitary, House building, and all general works, under the expert supervision of qualified men.

EASTERN CONSTRUCTION COMPANY,

Ancheril Buildings,

KOTTAYAM, Travancore.

Arthala Tea Estates Ltd.

[Incorporated in 1944]

Registered Office:

Cathedral Road, Tangassery, South India.

CAPITAL

Authorised	**Rs. 15,00,000**
Issued & Subscribed	**Rs. 8,00,000**

In 20,000 Six per cent Cumulative Preference Shares of Rs.10 each and 60,000 Ordinary Shares of Rs.5 each and 600 British Indian Five per cent tax free Bearer Debenture Bonds of Rs.500 each.

DIRECTORS:

M. R. Ry. T. Kuruvilla Thomas
„ V. C. Cheriyan
„ P. S. George
„ V.Chandy Itty
„ P. V. Eapen.

MANAGING AGENTS:

MESSRS. EAPEN & CO. LTD., QUILON.

(96–ാംപേജിൽ നിന്നും തുടർച്ച)

ജ്യത്തിന്റെ അധിപനത്രെ. വത്തിക്കാൻ രാജ്യത്തിന്റെ ആകെയുള്ള വിസ്താരം ഏകദേശം 100 ഏക്കർ മാത്രമാണ്. 45 മിനിട്ട്കൊണ്ട് വത്തിക്കാൻ രാജ്യത്തിനു ചുറ്റിലും നടക്കുന്നതിനു് സാധിക്കുമെന്നു് പറയുമ്പോൾ വിസ്തീർണ്ണം ഏറക്കുറെ ഊഹിക്കാം. മാപ്പാപ്പായുടെ വാസസ്ഥലമായ വത്തിക്കാൻ കൊട്ടാരത്തിനും അതോടനുബന്ധിച്ചുള്ള കെട്ടിടങ്ങൾക്കും 12 ഏക്കറും വി. പത്രോസിന്റെ ദേവാലയത്തിനു് 6 ഏക്കറും വിസ്താരമുണ്ട്. ഇവയ്ക്കു പുറമെ വത്തിക്കാൻ ഗവർണരുടെ കൊട്ടാരം, ചിത്രശാല പ്രദർശനസാലം, വത്തിക്കാൻ ഗ്രന്ഥശാല, കമ്പിയില്ലാക്കമ്പി ആഫീസ്, നക്ഷത്രബംഗ്ലാവു്, തീവണ്ടിയാപ്പീസ്, തപാലാഫീസ്, അച്ചടിയന്ത്രശാല, എത്തിയോപ്പിയൻ സിമ്മനാരി മുതലായ നിരവധി കെട്ടിടങ്ങളുള്ളതിനാൽ രാജ്യത്തിന്റെ ഒരു നല്ല ഭാഗം കെട്ടിടങ്ങളാൽ നിറഞ്ഞിരിക്കുന്നു. അരമനയുടെ പിൻഭാഗത്തായി അതിരമണീയമായ വത്തിക്കാൻ തോട്ടമുള്ളതിലാണ് മാപ്പാപ്പാ സായാഹ്നത്തിൽ ഉല്ലസിയ്ക്കുന്നതു്. വത്തിക്കാൻ രാജ്യം റോമ്മാ പട്ടണത്തിൽ നിന്നും ബലവത്തായ മതിൽകെട്ടുകളാൽ വേർതിരിച്ചിരിക്കുന്നു. രാജ്യത്തിലേയ്ക്കുള്ള ഗോപുര വാതിലുകളിൽ "സ്വിസ്സ്" പട്ടാളക്കാർ സദാ കാവൽ നിൽക്കുന്നുണ്ട്. പ്രത്യേക അനുമതി ക്രൂടാതെ യാതൊരുത്തക്കും അകത്തു് പ്രവേശിക്കുന്നതിനു് നിവൃത്തിയില്ല.

ലോകപ്രസിദ്ധിയുള്ളതും അതിമനോഹരവുമായ വത്തിക്കാൻ അരമനയെക്കുറിച്ചു് ഒരു വിവരണം നൽകുക സാദ്ധ്യമല്ല. അരമനയെ, ശില്പകലാ വിദ്യയുടെ ഒരു താഴികക്കുടമെന്നത്രെ അഭിസംബോധനം ചെയ്യാറുള്ളതു്. അരമനയിൽ ഹാളുകളും മുറികളുമായി അനേകായിരമുണ്ടത്രെ. റോമിലുള്ള മറ്റു് ബ്രഹ്മാണ്ഡങ്ങളായ കെട്ടിടങ്ങൾപോലെ, വത്തിക്കാൻ അരമനയ്ക്കുമുള്ള ഒരു പ്രത്യേകത, പുറമേ നിന്നു നോക്കിയാൽ അനാകർഷണീയമായ ഒരു പഴയ കെട്ടിടമാണെന്നു തോന്നാം. എന്നാൽ അകത്തു് പ്രവേശിക്കുമ്പോൾ, അനുഭവം മറിച്ചാണു്. ഭിത്തികളും മുകൾത്തട്ടും അതിവിശേഷമായ ചിത്രവേലകളാൽ അലങ്കരിച്ചിരിക്കുന്നു. തറയിൽ വിശേഷവിധിയായ പരവതാനികളും വെൽവറ്റുകളും വിരിച്ചിട്ടുണ്ട്. പട്ടുകൊണ്ടുള്ള മനോഹരമായ വിരികൾ ജനലുകളെയും വാതലുകളെയും ആച്ഛാദനം ചെയ്തിരിക്കുന്നു. ഈ മുറികളിലും ഹോളുകളിലും വച്ചാണ് മാപ്പാപ്പാ തിരുമനസ്സുകൊണ്ട് ക്രൂടിക്കാഴ്ച അനുവദിക്കാറുള്ളതു്. പല അവസരങ്ങളിലായി ദിനംപ്രതി ശരാശരി നാലായിരം സന്ദർശകന്മാർക്ക് ക്രൂടിക്കാഴ്ച അനുവദിക്കുകയും അവരിൽ ചിലരോട്ട് കുശലപ്രശ്നം നടത്തുകയും ചെയ്യുന്നുണ്ട്. ഇതിനും പുറമേ മറ്റു പല മഹാന്മാരെയും രാജ്യതന്ത്ര പ്രമുഖന്മാരെയും സ്വകാര്യമുറിയിൽ സ്വീകരിച്ചു് സംഭാഷണം നടത്തുന്നുണ്ട്. ഇങ്ങനെ ക്രൂടിക്കാഴ്ചയ്ക്കായി ദിവസത്തിലെ അതിപ്രധാന ഭാഗം വിനിയോഗിക്കുന്നു. ലോകത്തിന്റെ നാനാഭാഗത്തു നിന്നും മാപ്പാപ്പായെ സന്ദർശിക്കുന്നതിലേയ്ക്കു ജാതിമത ഭേദമെന്യേ ബഹുജനങ്ങൾ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

ലോകത്തിലേയ്ക്കും ഏറ്റവും വിസ്തീർണ്ണമുള്ളതും മനോഹരമായതുമായ വി. പത്രോസിന്റെ ദേവാലയം, റോമാ പട്ടണത്തിലോ ഇരുപതുമൈൽ വരെയുള്ള പരിസര പ്രദേശങ്ങളിലോ നിന്നാൽ വൃക്തമായിക്കാണാവുന്നതാണ്. ഈ ദേവാലയത്തിന്റെ മനോഹരത മനുഷ്യന്റെ ശില്പകലാ വിദ്യയുടെ പരമകാഷ്ഠയ്ക്ക് ഒരു മകുടോദാഹരണമാണ്. കുരിശാകൃതിയിൽ പണി തീർത്തിട്ടുള്ള ഈ പള്ളിയ്ക്ക് 613 അടി നീളവും 449 അടി വീതിയുമുണ്ട്. കൃത്യം മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന വി. പത്രോസിന്റെ ശവകുടീരത്തിന്റെ മുകളിൽ ഗാംഭീര ഭാവത്തിൽ ഉയർന്ന് നിൽക്കുന്ന മകുടാലയത്തിനു് 448 അടി പൊക്കവും 140 അടി വ്യാസവുമുണ്ടെന്നു് പറയുമ്പോൾ ദേവാലയത്തിന്റെ വലുപ്പം ഏറക്കുറെ അനുമാനിക്കാവുന്നതാണ്. 120 കൊല്ലം കൊണ്ടു് മാത്രം പണിപൂർത്തിയായ ഈ ദേവാലയത്തിനു് ഒരു കോടിയിൽ ക്രൂടുതൽ പവൻ അന്നു് ചെലവായിട്ടുണ്ട്. സുപ്രസിദ്ധ ശില്പകലാ വിദഗ്ധന്മാരായ മൈക്കൽ ആഞ്ചലോ, റഫായേൽ, പെറൂസ്സി, ബ്രമൻറ് മുതലായ അനേകം പേർ ഇതിന്റെ നിർമ്മാണത്തിൽ മേൽനോട്ടം വഹിച്ചിട്ടുള്ളവരാണ്. 1506—ൽ ജൂലിയസ് ദ്വിതീയന്റെ കാലത്തു് ഈ പള്ളിയ്ക്ക് ക

ഒളശ്ശ ചിരട്ടമൺഇല്ലത്തെ ഗ്രന്ഥപുരയിൽനിന്നു കണ്ടുകിട്ടിയതും അനുഭവസിദ്ധവും ആയ

ഭാഗ്യവരസായനം

മുഖ, ശ്വാസംമുട്ടൽ, രക്തപിത്തം, ക്ഷയം, അർശ്ശസ്സ്, വിളർച്ച, വാതരോഗങ്ങൾ, വാതരക്തം, ഹൃദ്രോഗം, രക്തസമ്മർദ്ദം, മൂത്രദോഷം, ശുക്ലദോഷം, ഒച്ചയടപ്പു്, ഉരഃക്ഷതം, സ്വപ്നസ്ഖലനം മുതലായ രോഗങ്ങളെ നിശ്ശേഷം നശിപ്പിക്കുവാൻ—യൗവനത്തെ നിലനിറുത്തുവാൻ—അരോഗദൃഢഗാത്രരായി ജീവിക്കുവാൻ—സ്ത്രീകൾക്ക് പ്രസവാനന്തരം ആരോഗ്യസംവർദ്ധനത്തിനു് സേവിക്കുവാൻ—ഏക സിദ്ധൗഷധം ഭാഗ്യവരസായനമത്രെ. പഥ്യം യാതൊന്നും വേണ്ട.

ഓരോ ത്രൂപാത്തുക്കം കാലത്തും വൈകിട്ടും ഭക്ഷണത്തിനു് ഒരു മണിക്കൂർ മുമ്പായി സേവിക്കുക.

മാനേജർ, വൈദ്യൻ കെ. നാരായണപിള്ള.

ഒളശ്ശ ധന്വന്തരിവിലാസം ആയുർവ്വേദവൈദ്യശാല, ഒളശ്ശ A.O. കോട്ടയം P.O.

ബ്രാഞ്ചുകൾ:—കോട്ടയം ടൗൺ & ആലപ്പുഴ.

വരുന്നു!!

തെന്നിന്ത്യയുടെ സംഗീതസാമ്രാട്ട്

ശ്രീ ജി. എൻ. ബാലസുബ്രഹ്മണ്യം B. A. Hons.

വസുന്ധരാദേവി

ഇവരുടെ നായകത്വത്തിൽ തയാറാക്കപ്പെട്ടന്ന

"ഉദയസൂര്യോദയം"

സ്റ്റുഡിയോ:— നൂടോൺ. ഡയറക്ഷൻ:—T. R. രഘുനാഥ്.

പ്രദർശനത്തിനു് തയാറായിരിക്കുന്നു:—

"ഭക്തകാളത്തീ"

ഹോന്നപ്പാ ഭാഗവതർ	തവണി
ശാമാ	കുമുദിനി
കൃഷ്ണൻ	മധുരം

ഞങ്ങളുടെ ഇതര ചിത്രങ്ങൾ:—

ശ്രീവള്ളി	നന്ദകുമാർ
രാജരാജേശ്വരി	ഭാഗ്യലീല
ചെമ്മാരാണി	സത്യഭാമ
അരുന്ധതി	സഭാപതി
സുമതി	ബാല്യവിവാഹം
പഞ്ചലക്ഷ	ലോകമഹായുദ്ധം
പാവ്വതി	ലഡായികെബാദ്
എൻ മനവി	മസ്താദ്
സംഘമാല	വീരഗർജ്ജിനി
ചന്ദ്രകാന്താ	വായാടി & പൊലി
അനാഥപെൺ	പാഞ്ചാലി

മിശിഹാ ചരിത്രം

ടാഗോർ മഹാകവിയുടെ ചരമഘോഷയാത്ര Etc. Etc.

For bookings:—

Geo Pictures, Kottayam.

ല്പിട്ട. 1626—ൽ പണി ഏതാണ്ട് പൂർത്തിയായി എന്നു വരകിലും അറ്റകുറ്റപ്പണികൾ ഇപ്പോഴും തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. അതിവിശേഷവും വളരെ വില പിടിച്ചതുമായ നിരവധി ചിത്രങ്ങൾ 'മൊസെയിക്കു്' എന്ന വില പിടിച്ച കല്ലുകൾകൊണ്ടു് നിർമ്മിക്കപ്പെട്ടു്, അൾത്താരകളുടെ മുകളിലും ചുവരുകളിലുമായി സ്ഥാപിച്ചിരിക്കുന്നു. വിശുദ്ധന്മാരുടെയും മാലാഖന്മാരുടെയും മാർബിൽ പ്രതിമകൾ വളരെയുണ്ടു്. ദേവാലയത്തിന്റെ മുൻവശത്തു് ഒരു മാതാവു് കൈകൾ രണ്ടും നിവർത്തുപിടിച്ചുകൊണ്ടു് തന്റെ മക്കളെ വാത്സല്യപുരസ്സരം അഭ്യർത്ഥിക്കുന്നതിനു് ആഗ്രഹിക്കുന്ന സാദൃശത്തിൽ ഇടത്തും വലത്തുമായി അർദ്ധവൃത്താകാരത്തിൽ ബ്രഹ്മാണ്ഡമായ 284 മാർബിൽ തൂണുകൾ നാലുവീതം നിരയായി നില്ക്കുന്നു. വിസ്മയാവഹമായ ഈ മുറ്റത്തിനാണു് വി. പത്രോസിന്റെ അങ്കണമെന്നു് പറയുന്നതു്. മാർബിൽ തൂണുകളുടെ മുകളിലും ദേവാലയത്തിന്റെ മട്ടുപ്പാവിലുമായി 20 അടി വീതം ഉയരമുള്ള 166 മാർബിൽ പ്രതിമകൾ അണി നിരന്നു് നില്ക്കുന്നുണ്ടു്. അങ്കണത്തിന്റെ നടുവിൽ വളരെ ഉയരത്തിൽ ഈജിപ്തിൽ നിന്നു് കൊണ്ടുവന്നിട്ടുള്ള "ഒബെലിസ്ക്" (Obelisk) എന്നു പറയുന്ന ഒരു ഒറ്റക്കൽ മണ്ഡപവും അതിന്റെ രണ്ടു വശങ്ങളിലും അനേകം അടി ഉയരത്തിൽ പൊങ്ങി നാലുപാടും പ്രവഹിക്കുന്ന രണ്ടു് അരുവികളും കാണാം. ദേവാലയത്തിനകത്തു് ഏകദേശം എൺപതിനായിരം ആളുകൾക്കും അങ്കണത്തിൽ 3 ലക്ഷം പട്ടാളക്കാർക്കും സകല സാമഗ്രികളോടും കൂടി നില്ക്കുന്നതിനു് സാധിക്കുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.



തെക്കുകിഴക്കെ ഏഷ്യാകമാൻഡിന്റെ
പരമനായകൻ അഡ്മിറൽ
ലൂയി മൗണ്ട് ബാറ്റൻപ്രഭു

വി. പത്രോസിന്റെ ദേവാലയത്തിന്റെ പിൻഭാഗത്തായിട്ടത്തെ വത്തിക്കാൻ പ്രദർശനശാലയും ഗ്രന്ഥശാലയും. ലോകത്തിലെ പ്രദർശനശാലകളിലും ഗ്രന്ഥശാലകളിലും വച്ചു് ഗണ്യമായ ഒരു സ്ഥാനം വത്തിക്കാൻ അർഹിക്കുന്നു. ലോകത്തിലെ പ്രസിദ്ധ ശില്പികളും ചിത്രകാരന്മാരും നിർമ്മിച്ചിട്ടുള്ള പ്രതിമകളിലും ചിത്രങ്ങളിലും പലതും ഇവിടെ സൂക്ഷിച്ചിരിക്കുന്നു. നാലായിരം കൊല്ലങ്ങൾക്കു മുൻപു് ഈജിപ്തിൽ മരിച്ച രാജാക്കന്മാരുടെയും മറ്റും ശരീരം, സുഗന്ധദ്രവ്യങ്ങൾ പിതറിയ ഒരു തരം പ്രത്യേക വസ്ത്രത്തിൽ പൊതിഞ്ഞു് യാതൊരു കേടും കൂടാതെ സൂക്ഷിച്ചിരിക്കുന്നതും കാണേണ്ടുവാനുണ്ടു്. വത്തിക്കാൻ ഗ്രന്ഥശാലയിൽ ലത്തീൻ, ഗ്രീക്കു്, ഹീബ്രൂ, എന്നീ പുരാതന ഭാഷകളിൽ 2 ലക്ഷത്തിൽപരം കൈയെഴുത്തു് ഗ്രന്ഥങ്ങളും 10 ലക്ഷത്തിൽപരം ലത്തീൻപുസ്തകങ്ങളും 30 ആയിരം ഗ്രീക്കു പുസ്തകങ്ങളും മറ്റു് പൗരസ്ത്യ ഭാഷകളിലായി അതിൽ കൂടുതൽ പുസ്തകങ്ങളും മറ്റു ഭാഷകളിലായി അനേകലക്ഷം പുസ്തകങ്ങളും ഉണ്ടു്. സംസ്കൃത ഭാഷയിലും ഭാരതത്തിലെ മറ്റു പല ഭാഷകളിലും അനേകം പുസ്തകങ്ങൾ അവിടെയുണ്ടെന്നു മാത്രമല്ല മലയാള ഭാഷയിലും തമിഴിലുമുള്ള പല ഓല ഗ്രന്ഥങ്ങളും അവിടെ കാണാനുണ്ടു്. മലയാള ഭാഷയിൽ ആദ്യം അച്ചടിച്ച പുസ്തകം വത്തിക്കാൻ മുദ്രാലയത്തിൽ നിന്നാണെന്നു് വിശ്വസിക്കപ്പെട്ടുന്നു. ലോകത്തിലുള്ള നിരവധി ഭാഷാലിപിയുടെ അച്ചുകൾ ഈ മുദ്രാലയത്തിൽ സൂക്ഷിക്കപ്പെട്ടു പോരുന്നു.

പ്രദർശനശാലയുടെ ഒരു വശത്തായിട്ടത്തെ മാളുപ്പായുടെ രഹസ്യക്കൂപ്പേളയായ 'സിസ്റ്റയിൻ' ചാപ്പൽ. മൈക്കൽ ആഞ്ജലോ എന്ന ചിത്രകാരൻ അനേക വർഷത്തെ പ്രയത്നഫലമായി നിർമ്മിച്ചതും, ഏറ്റവും അത്ഭുതസംപൂർണ്ണവും അതിമനോഹരവുമായ "അവസാനവിധി" എന്ന വലിയ ചിത്രം പ്രധാന അൾത്താരയുടെ മുകളിലാണു്. മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പും കർദ്ദിനാളന്മാരുടെ നിയമനവുമെല്ലാം ഈ കപ്പേളയിൽ വച്ചാണു് നടക്കുന്നതു്. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്നതും നാല്പതുകോടിയിൽപരം അംഗങ്ങളും 5 ലക്ഷത്തിൽപരം വൈദികരുമുള്ള കത്തോലിക്കാ തിരുസഭയെ സൂത്യർഹമാംവിധം ഭരിച്ചുകൊണ്ടു് പോകുന്നതിനു് തല സ്ഥാനനഗരിയായ റോമായിൽ മാളുപ്പാപ്പായെ സഹായിക്കുന്നതിനുള്ള സ്ഥാപനമത്രെ "റോമൻകൂരിയ" കർദ്ദിനാളന്മാരുടെ കീഴിലുള്ള തിരുസംഘങ്ങൾ, കോടതികൾ കച്ചേരികൾ എന്നിങ്ങനെ കൂരിയായെ മൂന്നായി വിഭജിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ പിൻഗാമികളായിരുന്ന 72 ശിഷ്യന്മാരുടെ സ്മരണയ്ക്കായി കർദ്ദിനാളന്മാരുടെ സംഖ്യ 72 ആയിട്ടാണു് കരുതിയിരിക്കുന്നതു്. ഇവരിൽ ഒരു നല്ലഭാഗം തിരുസംഘങ്ങളുടെയും കോടതികളുടെയും കച്ചേരികളുടെയും മേൽനോട്ടക്കാരായി റോമിൽ മാളുപ്പാപ്പായുടെ വകയായ കെട്ടിടങ്ങളിൽ സ്ഥിരതാമസക്കാരാണു്. ഔദ്യോഗികമായി ധരിയ്ക്കാറുള്ള രക്തവർണ്ണത്തിലുള്ള വസ്ത്രങ്ങൾ ക്രിസ്തുവിനുവേണ്ടി ഏതവസരത്തി

ലും രക്തംചിന്തുന്നതിനു് തയ്യാറാണെന്നുള്ളതും അവരുടെ സന്നദ്ധതയേയും കാണിക്കുന്നു. 62 ത്രാന്മാരെയാണു് സാധാരണ കർത്തിനാളന്മാരായി ഉയർത്താറുള്ളതെന്നിരുന്നാലും, പലപ്പോഴും വൈദീകർ മാത്രമായിട്ടുള്ളവരെയും ഈ ഉന്നതപദവിയിലേയ്ക്കു കയറ്റാറുണ്ടു്. ശാസ്ത്രങ്ങളിൽ അഗാധമായ പാണ്ഡിത്യം, സർവ്വോപരി അദർശനീയമായ ജീവിതം, ദൈവഭക്തി, കാരുണ്യം, തിരുസഭാസേവനം എന്നിത്യാദി ഗുണങ്ങളാണു് കർത്തിനാളന്മാരെ തിരഞ്ഞെടുക്കുന്നതിനു് മാപ്പിപ്പായെ പ്രേരിപ്പിക്കുന്നതു്. തിരുസഭയുടെ പ്രഭുക്കന്മാർ എന്നപേരിനാൽ അറിയപ്പെടുന്ന കർത്തിനാളന്മാരിൽ നിന്നുമത്രെ സാധാരണ മാപ്പിപ്പായെ തിരഞ്ഞെടുക്കാറുള്ളതു്.

തിരുസംഘങ്ങളെ പന്ത്രണ്ടായി വിഭജിച്ചിരിക്കുന്നു. ക്രമത്തെ കോടതികളെ മൂന്നായിട്ടും, കച്ചേരികളെ നാലായിട്ടും ആണു് തരം തിരിച്ചിരിക്കുന്നതു്. ഇവയിൽ ചിലതിന്റെയെല്ലാം മേൽനോട്ടം മാപ്പിപ്പാ തിരുമനസ്സുകൊണ്ടു് നേരിട്ടു് നടത്തുകയും മറ്റുള്ളവയെ കർത്തിനാളന്മാരുടെ മേൽനോട്ടത്തിനു് വിട്ടുകൊടുക്കുകയും ചെയ്യിട്ടുണ്ടു്. ഓരോവകുപ്പിലും വൈദീകരും അല്മായക്കാരുമായി ഒട്ടവളരെ ആളുകൾ ജോലികൾ നോക്കുന്നു.

വത്തിക്കാൻ അരമനയിൽ ഉയർന്ന ജോലിക്കാരായും സൂക്ഷിപ്പുകാരായും മറ്റും അനേകം ആളുകൾ താമസിക്കുന്നുണ്ടു്. മാപ്പിപ്പാമാരുടെ പരിവാരത്തിൽ വിവിധ സ്ഥാനത്തിലുള്ള മോൺസിഞ്ഞോർമാരും വൈദീകാംഗങ്ങളും മാടമ്പിമാരും പട്ടാളക്കാരും ഉൾപ്പെടുന്നു. വിശ്വസ്തന്മാരെ നാമകരണം ചെയ്യുന്നതിനും മറ്റുമായി ഔദ്യോഗിക നിലയിൽ വി. പത്രോസിന്റെ ദേവാലയത്തിലേയ്ക്കു് പരിവാരസമേതം എഴുന്നള്ളുമ്പോൾ ഓരോരുത്തരും അവനവന്റെ സ്ഥാനവസ്ത്രത്തോടുകൂടി അവനവന്റെ ജോലി നിർവ്വഹിക്കുന്നു. പട്ടാളക്കാരെ നാലായി തരം തിരിക്കാം. മാപ്പിപ്പായുടെ ഏറ്റവും അടുത്തു നില്ക്കുന്നതു് ഇറ്റലിയിലെ പ്രഭുകുടുംബങ്ങളിൽ നിന്നുള്ള വരാണു്. അംഗരക്ഷകന്മാരായി ഇറ്റലിയിലെ ഏറ്റവും പുരാതനവും പ്രാധാന്യവുമുള്ളതുമായ പ്രഭുകുടുംബത്തിലെ ഒരംഗത്തിന്റെ നായകത്വത്തിൽ രൂപവൽകരിച്ചിട്ടുള്ളവർ മാപ്പിപ്പായെ അനുഗമിക്കുന്നു. രണ്ടാമതായി സിസ്റ്റ്സർലണ്ടു് രാജ്യത്തുനിന്നും അഭിജാത്യംകൊണ്ടും കുലീനത്വംകൊണ്ടും മികച്ചുനില്ക്കുന്ന കുടുംബങ്ങളിൽനിന്നും മാപ്പിപ്പായെ അകമ്പടി സേവിക്കുന്ന സിസ്സു് അംഗരക്ഷകന്മാർ ഏവരുടെയും ശ്രദ്ധയെ ആകഷ്ടിക്കുന്നു. ഇവർക്കു് മഹത്തായ ഒരു പാരമ്പര്യമുണ്ടു്. 1527 മേയ് മാസം 6-നു- ഉണ്ടായ ഒരാക്രമണത്തിൽ ഏഴാംക്ലെമന്റു് പാപ്പായെ രക്ഷിക്കുന്നതിനു് 200 പേരോളം ആക്രമികളോടു് ധീരമായി പോരാടി മൃതിയടയുകയുണ്ടായി. ഇപ്പോൾ 18-നും, 25-നുമദ്ധ്യേ വയസ്സു് പ്രായമുള്ള നൂറു യുവഭടന്മാർ മാത്രമേ വത്തിക്കാനിലുള്ളു. മൂന്നാമതായി വലിയ തിരുക്കർമ്മാദികളിൽ അലങ്കാരത്തിനായിട്ടു് മാത്രമുള്ള ഇറ്റലിക്കാരായ പാലറിയൻ പട്ടാളക്കാർഉണ്ടു്. പിന്നീടു് നെപ്പോളിയന്റെ കാലത്തെ പോലീസുകാരുടെ രീതിയിൽ വസ്ത്രധാരണം ചെയ്യിട്ടുള്ള വത്തിക്കാൻ

സ്വർണ്ണാഭരണശാല

കെ. കെ. റോഡ്, കോട്ടയം.

തനി പവനിൽ നവീന മാതൃകകളിൽ ഉത്തരവാദിത്വത്തോടുകൂടി പണിചെയ്തിട്ടുള്ള സ്വർണ്ണാഭരണങ്ങൾ എല്ലായ്പ്പോഴും വിലപനയ്ക്കു തയ്യാർ.

ഓർഡർ അനുസരിച്ചു് കൃത്യസമയത്തും തൃപ്തികരമാം വണ്ണവും ആഭരണങ്ങൾ ചെയ്തു കൊടുക്കുന്നതാണു്.

GEORGE JACOB (Podipara)

പോലീസ് ദൃശ്യമാകുന്നു.

അരമനയുടെ പ്രവേശന ദ്വാരത്തിൽഅകമ്പടി നില്ക്കുന്ന 'സ്വിസ്സ്' പട്ടാളക്കാരെക്കടന്ന് വിശാലമായ മാർബിൽ സോപാനങ്ങൾ കയറി മൂന്നാംനിലയിൽ എത്തിയശേഷം ഇടത്തോട്ടു തിരിഞ്ഞ് അനേകംഅളകളും മറികളും അവിടവിടെയായി നില്ക്കുന്ന പട്ടാളക്കാരെയും കടന്നുചെല്ലുമ്പോൾ എതൃയും അനാഡംബരമായ ഒരുമുറിയിൽ പ്രവേശിക്കുന്നു. മുവരിൽ ഒരു രൂങ്ങപ്പെട്ട രൂപവും മേശപ്പുറത്ത് ക്രൂശിതനായ ക്രിസ്തുവിന്റെ ഒരു ചെറിയ രൂപവും ഒരുവിളക്കും കുറെ പുസ്തകങ്ങളും ഒരു അളമാരി നിറയെ പുസ്തകങ്ങളും ഒരു ചെറിയ മേശപ്പുറത്ത് ടെലഫോണും എന്നിങ്ങനെ ആവശ്യം വേണ്ടതായ ചില സാമഗ്രികൾ മാത്രമെ ആമുറിയിൽ ഉള്ളു. മേശയുടെ പിന്നിലുള്ള ഒരു കയ്യുള്ള കസേരയിൽ ശുഭ്രവസ്ത്രധാരിയായി ജോലിയിൽ നിമഗ്നനായിരിക്കുന്ന 12-ാം പീയൂസ് മാപ്പ്വപ്പാ ആസനസ്ഥനായിരിക്കുന്നു. തിരുമനസ്സുകൊണ്ട് ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടാതിരിക്കുന്നതിനു കഴിവുള്ള ശ്രമങ്ങൾ എല്ലാംചെയ്തു. പക്ഷെ തന്റെ ശ്രമങ്ങൾ വിഫലമായി. യുദ്ധം നടമാടിക്കൊണ്ടിരുന്നപ്പോൾ നീതിപരമായ ഒരു സമാധാനം കൈവരുത്തുന്നതിനു മാപ്പ്വപ്പാ ചെയ്തിട്ടുള്ള സേവനങ്ങളിൽ ചിലതെല്ലാം ലോകം അറിഞ്ഞിട്ടുള്ളതാണ്. അടുത്ത കാലത്തു സമാധാനലബ്ധിക്കായി മാപ്പ്വപ്പാ ചെയ്തിട്ടുള്ള നിസ്വാർത്ഥസേവനങ്ങളെ പുരസ്കരിച്ച് വത്തിക്കാനിൽ നിന്നും ഒരു പ്രസിദ്ധീകരണം അച്ചടിച്ചു പുറത്താക്കിയിട്ടുണ്ടെന്നറിയുന്നു. ലോകത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്നതിനു സാൻഫ്രാൻസിസ്കോയിൽ കൂടിയിരുന്ന സപ്രരാജ്യപ്രതിനിധികൾക്കു മാപ്പ്വപ്പാ അയച്ചുകൊടുത്ത 5 നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ്. ശാശ്വതമായ സമാധാനം ലോകത്തിൽ സ്ഥാപിക്കുന്നതിനു ഈ നിർദ്ദേശങ്ങൾ പ്രയോഗത്തിൽ വരുത്തേണ്ടതാണ്.



ജന: മക്കാർതർ.

തേൻമെഴുക്, പള്ളിത്തിരികൾ, എണ്ണത്തിരികൾ

വില കുറച്ചിരിക്കുന്നു!

യുദ്ധാവസാനം മൂലം സാധനങ്ങൾക്കുണ്ടായ വിലക്കുറവിനോടു കൂടി കുറഞ്ഞ വിലയുടെ ചരക്ക് കൂടുതൽ സ്റ്റോക്കു ചെയ്തിരിക്കുന്നതിനാലും നാളതുവരെ കിട്ടിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനപരമായ പൊതുജനാഭിപ്രായം മേലിലും കിട്ടണമെന്നുദ്ദേശിച്ചും. പടർന്നുപിടിച്ചിരിക്കുന്ന അനുകരണങ്ങളിൽ പൊതുജനങ്ങൾ വഞ്ചിതരാകരുതെന്ന കരുതിയും ഞങ്ങളുടെ ഫാക്ടറിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന എല്ലായിനം പള്ളിമെഴുകുതിരികൾ,

"ഫ്ളെവർ ബ്രാൻഡ്" എണ്ണത്തിരികൾ

മുതലായവക്കു 1121 ചിങ്ങം ഒന്നാംതീയതിമുതൽ ആകർഷണീയമായവിധം വില കുറച്ചിരിക്കുന്നു.
വിശദവിവരങ്ങൾക്ക് എഴുതിച്ചോദിക്കുക—

മാനേജർ,

ട്രിച്ചിനാപ്പള്ളി ഫ്ളെവർ കാൻഡിൽവർക്സ് കമ്പനി,

A. O. & P. O. പാലാ.

ചായ

(പി. കെ. വാസുദേവൻനായർ ബി. എ.)

ആധുനികലോകം അരാധിക്കുന്ന ദ്രവ്യങ്ങളിൽ പലതുണ്ട്. കാലത്തു കൺമിഴിച്ചാലുടൻ കാപ്പിയൊ ചായയൊ കുടിക്കാതെ കട്ടിലിൽനിന്നു കാലുകുത്തുന്നതുതന്നെ ഭാവിക്ക് അസഹ്യമാണ്. തൊഴിലാളിക്കു വേലയ്ക്കു പോകുന്നതിനും മുതലാളിക്കു സ്വസ്ഥമായിരിക്കുന്നതിനും വക്കീലിനു കോടതിയിൽപോകുന്നതിനും ചായകുടിക്കണം. വിദ്യാർത്ഥി ചായകുടിക്കാതെ സ്ക്കൂളിൽ കയറുകയില്ല. പത്രാധിപർ ചായകുടിക്കാതെ ലേഖനമെഴുതുകയില്ല. ചായ കൊടുത്തില്ലെങ്കിൽ അതിഥിക്കു തൃപ്തിവരുകയില്ല. എന്തിനു് ചുരുക്കത്തിൽ ചായയുടെ മായാശക്തിയിൽ ലോകം മതിമയങ്ങിപ്പോയി. പാനീയപദാർത്ഥങ്ങളിൽ ചായയ്ക്കു പ്രമുഖസ്ഥാനം അങ്ങനെ ലഭിക്കുകയും ചെയ്തു.

ചായയുടെ വിവിധങ്ങളായ ദൃഷ്യവശങ്ങളെക്കുറിച്ചു് ചർച്ചചെയ്യുന്നതിനു മുൻപു് തേയിലച്ചെടിയുടെ അവിർഭാവത്തെക്കുറിച്ചു ചിന്തിക്കുന്നതു് രസകരമായിരിക്കും. തേയിലച്ചെടിയുടെ ഉൽഭവസ്ഥാനം ചൈനയാണ്. ഇതിനു് ഉപോൽബലകമായി ചൈനാക്കാർക്കു് ഒരു ഇതിഹാസകഥയുമുണ്ട്. ബോധിധർമ്മൻ എന്നൊരു ബുദ്ധസന്യാസി തന്റെ മുഴുവൻസമയവും വേദാന്തപരമായ ഗവേഷണങ്ങൾക്കായി വിനിയോഗിക്കുവാൻ തീരുമാനിച്ചു. എന്നാൽ സമയം പാഴാക്കുന്ന നിദ്ര അദ്ദേഹത്തിന്റെ കൺപോളകളെ അടച്ചുകളയാൻ തുടങ്ങി. ഒരു രാത്രി അദ്ദേഹം കോപിച്ചു. തന്റെ കൺപോളകളെ അറുത്തു ഭൂമിയിൽ എറിയുകയും അതു് അഫീനിന്റെ വിപരീതഗുണത്തോടുകൂടിയ തേയിലച്ചെടിയായി മുളച്ചുവരികയുംചെയ്തു. ബുദ്ധസന്യാസിയുടെ ഇന്നും ബോധിധർമ്മന്റെ പ്രതിമയുടെ മുൻപിൽ പലവിധമായ അർച്ചനകളുടെ കൂട്ടത്തിൽ തേയിലയെ തീർത്ഥം തുല്യം കരുതി പാനംചെയ്യുകയും "തേയിലസേവ"എന്ന മഹോത്സവം ആഘോഷിക്കുകയും ചെയ്യുന്നുണ്ട്.

ചീനത്തുനിന്നു ലണ്ടൻ മുഖാന്തിരം യൂറോപ്പു മു

എ. വി. എസ്. വൈദ്യശാല, പൂവത്തൂർ.

പല്ലാട്ട് **A. O.** മാരാമൺ **P. O**

തിരുവിതാംകൂർ. **S.** ഇൻഡ്യാ

കഴിഞ്ഞ 18 വർഷക്കാലമായി ബഹുജനങ്ങളുടെ വിശ്വാസാഭിനന്ദനങ്ങൾക്കു പാത്രീഭവിക്കുത്തക്കവണ്ണം പ്രശസ്തമായ നിലയിൽ നടത്തിവരുന്ന ഒരു ആയുർവ്വേദസ്ഥാപനം.



Vaidyan M. C. John.

വൈദ്യകലാനിധി, എം. സി. ജോൺ, മാർത്തോമ്മൻ.

ഉൽകൃഷ്ടമായ സ്വധർമ്മനിർവ്വഹണം നിമിത്തം ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്ന ടി. വൈദ്യശാലയിൽ കഴിഞ്ഞ് ഒന്നര വ്യാഴവട്ടക്കാലംകൊണ്ടു് ഒരുലക്ഷത്തി മുപ്പതിനായിരത്തോളം രോഗികൾ ചികിത്സിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷംതന്നെ പതിനായിരത്തിൽപരം രോഗികളെ ഇവിടെ ചികിത്സിച്ചിട്ടുണ്ട്. ശാസ്ത്രപരിജ്ഞാനവും ചികിത്സാനൈപുണ്യവും പരമ്പരാഗതമായ വംശനൈപുണ്യവും ഒരുപോലെ സിദ്ധിച്ചിട്ടുള്ള വൈദ്യവിദഗ്ദ്ധന്മാരുടെ ചികിത്സാവിധികളെയും, ശാസ്ത്രാനുസാരേണ നിരന്തരം നിഷ്കൃഷ്യയോട്ടുകൂടെ സംസ്കരിക്കപ്പെട്ടിട്ടുള്ള വിശിഷ്ടങ്ങളായ ഔഷധികളെയും അഗ്രഹിക്കുന്നവർ ടി വൈദ്യശാലയുമായി ഇടപെടുന്നതു് പ്രയോജനകരമായിരിക്കും.

ദൂരസ്ഥരായ രോഗികൾ രോഗവിവരം ശരിയായി എഴുതി രണ്ടുരൂപാ ഫീസുസഹിതം അറിയിക്കുന്നപക്ഷം അവഗാഢം ആലോചിച്ചു ചികിത്സനിശ്ചയിച്ചയക്കുന്നതും, ഔഷധങ്ങൾ അവശ്യമെങ്കിൽ വി.പി. ആയി അയയ്ക്കുന്നതുമാണ്.

പിണ്ഡസ്വേദം, പിഴിഞ്ഞുവീഴ്ത്തു്, തക്രധാര, ശിരോവസ്തി മുതലായ ഉപരിചികിത്സകൾ നടത്തണമെന്നുള്ളവർ മുൻകൂട്ടി അറിയിക്കുന്നപക്ഷം അതിനുവേണ്ട സജ്ജീകരണങ്ങൾ ഇവിടെ ചെയ്തുകൊടുക്കുന്നതാണ്.



ഐറീഷ് പ്രധാനമന്ത്രി
ഡിവാലറാ.



യുദ്ധാരംഭത്തിലെ ബ്രി. പ്രധാനമന്ത്രിയായിരുന്ന
മി. ചേംബർലെയിൻ.



മാർഷൽപെറെയിൻ

ഴവനും തേയില വ്യാപിച്ചു. ചായകുടി ഉത്തമവും പരിഷ്കൃതവുമാണെന്ന് "ഗ്രഡ്സർട്ടിഫിക്കറ്" വെള്ളക്കാരിൽനിന്നു കിട്ടിയപ്പോഴേക്കും പ്രസ്തുത പദാർത്ഥത്തിനു് ലോകത്തിൽ നാനാഭാഗങ്ങളിലും പ്രവേശനവും ബാഹുല്യതിയും ലഭിച്ചു. ഉദ്ദേശം നാനൂറുകൊല്ലങ്ങൾക്കുമുൻപു് ഇതു് ചൈനയിൽനിന്നു് ഇംഗ്ലണ്ടിലേക്കു കൊണ്ടുപോയി. അക്കാലത്തു് ഇതിനെ വളരെ ദിവ്യവും അമൂല്യവുമായ ഒരു സാധനമായി പരിഗണിച്ചിരുന്നു. അന്നു് ഒരു റാത്തൽ തേയിലക്കു് ഏകദേശം 200 രൂപായോളം വിലയുണ്ടായിരുന്നു. രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും തേയില പാരിതോഷികമായി നൽകുന്ന ഒരു വിശിഷ്ടസാധനമായിരുന്നു. പതിനെട്ടാംശതാബ്ദത്തിൽ തേയില ഇംഗ്ലണ്ടിൽ സാർവത്രികമായിത്തീർന്നു. അന്നു വ്യാപാരത്തിനുള്ള അധികാരം ഈസ്റ്റിൻഡ്യാകമ്പനിക്കാരിൽ മാത്രമെ സ്ഥിതിചെയ്തിരുന്നുള്ളു. ഇന്നു് ഇംഗ്ലണ്ടിൽ കുബേരൻ മുതൽ കുചേലൻവരെ ഈ പാനീയം സമൃദ്ധമായി ഉപയോഗിച്ചുവരുന്നു. ഇപ്പോൾ ഇംഗ്ലണ്ടിൽ ഒരു മിനിട്ടിൽ 8333 കപ്പു ചായ ചെലവാകുന്നുണ്ടത്രെ. ഏകദേശം അൻപതു കൊല്ലങ്ങൾക്കു മുൻപു് ഈ ചെടി "ദക്ഷിണസംഗരത്തിലെ മരതകദീപായ" സിലോണിലും ഭാരതത്തിലും കൃഷിചെയ്യാൻതുടങ്ങി. ഇപ്പോൾ ഇൻഡ്യയിലെ മിക്കഭാഗങ്ങളിലും വിശിഷ്യ തിരുവിതാംകൂറിലെ സഹ്യപർവ്വതനിരകളിലും സമൃദ്ധമായി വളരുന്നു. കണ്ണൻദേവൻ മലകളിൽ കനകം വിളയിക്കുന്ന ഈ ചെടി ഒരു അമൂല്യസമ്പത്തുതന്നെയാണു്.

പരിഷ്കാരസൂര്യന്റെ കിരണങ്ങൾ പ്രവേശിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളിലും തേയില ധാരാളം ഉപയോഗിക്കുന്നുണ്ടു്. പണ്ടത്തെ ഋഷീശ്വരന്മാരും മറ്റും പ്രശസ്താതിഥികളെ സൽക്കരിക്കുന്നതു് അർഘ്യപാദ്യാസനാചമനീയങ്ങളാൽ ആയിരുന്നുവെന്നു ചില പുരാതനഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. എന്നാൽ ഇന്നു് അതിഥികളെ സൽക്കരിക്കുന്നതും സ്വീകരിക്കുന്നതും ചായകൊടുത്തിട്ടാണു്. സദ്യവട്ടം കേമമാണെങ്കിലും ചായകൊടുത്തില്ലെങ്കിൽ അതിഥിയുടെ അഭിനന്ദനത്തിനു് അതിഥേയൻ അർഹനാകുമോ എന്നു് സംശയംതന്നെ. ചായ ശരീരത്തിന്റെ ക്ഷീണത്തെയും മന്ദതയെയും അകറ്റി ശരീരത്തിനു് ഉന്മേഷം നൽകുന്നുണ്ടെന്നാണു് പലരുടെയും അഭിപ്രായം. വലിയ ലഹരി ഇല്ലാത്തതിനാൽ വീഞ്ഞിനേക്കാൾ വിശിഷ്ടമെന്നു് ഒരുകൂട്ടം ശ്ലോകാന്മാർ അഭിപ്രായപ്പെടുകയുണ്ടായി. മനസ്സിനു കുളിർമ്മയും ക്രമ്മതയും ഉത്സാഹവും ഉണ്ടാക്കുന്നതിനു് മുൻകാലത്തു് മധുവും സോമലതാരസവും ഉപയോഗിച്ചിരുന്നതായി നമ്മുടെ വൈദികഗ്രന്ഥങ്ങളിൽ കാണുണ്ടു്. എന്നാൽ സോമലതാദി പാനീയങ്ങൾ ഒരു പ്രകാരത്തിലും മനുഷ്യശരീരത്തിനു ഹാനികരമായിരുന്നില്ലെന്നു് പണ്ടുള്ളവരുടെ കായികശക്തി സാക്ഷ്യം വഹിക്കുന്നുണ്ടു്. അടിക്കടി കിട്ടുമ്പോഴെല്ലാം ചായകുടിക്കുന്നവർക്കു ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരെക്കാൾ ദേഹക്ഷീണം ബാധിച്ചു കാണുന്നതു് അസാധാരണമല്ല. മാംസത്തിനുപോലും വെള്ളം കൂടിക്കുന്നതിനു പകരം ഇന്നത്തെ പച്ചപ്പരിഷ്കാരികൾ ചായ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുകയാണു്. ഇങ്ങനെയുള്ളവരുടെ ആരോഗ്യസ്ഥിതി ആത്മപരിശോധന നടത്തിയാൽ അനുഭവപ്പെട്ടുന്നതാണു്. അടുത്തതായി തേയില എതെല്ലാം വിധത്തിലാണു് മനുഷ്യനുദോഷകാരണമായിത്തീരുന്നതെന്നു ചിന്തിക്കാം. (What with Tea and what with Coffee our Vitality is gone) എന്നാണു് ഒരു ഇംഗ്ലീഷുകാരൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്. മറ്റൊരു മഹാൻ പറയുന്നതു് ചായ എന്നുള്ള "ഈ കാകോളം നിദ്രാശത്രുവും പുരുഷത്വഹന്താവുമാണു്" എന്നത്രെ. തേയില മറ്റുള്ള ലഹരിപദാർത്ഥങ്ങളെപ്പോലെ മനുഷ്യന്റെമേൽ അപാരമായ ഒരു ആകർഷണശക്തി ചെലുത്തുന്നുണ്ടു്. ചായകുടി ശീലമാക്കിയാൽ



ഹെർ ഹിംലർ.



അഡ്മിറൽ
ഡോണിറ്റ്സ്
ഹിറ്റ്ലറുടെ പിൻഗാമി.

ഇതിൽനിന്നുരക്ഷപ്പെട്ടുന്നതു് ഏറ്റവും പൈശാചികമായ ഒരു കൃത്യമാണെന്നു് അനുഭവസ്ഥന്മാർക്കു് അറിവുള്ള ഒരു പരമാർത്ഥമാണല്ലോ. ചിലർക്കു് 'ബെഡ്കോഫി' കുടിച്ചില്ലെങ്കിൽ ശയ്യയിൽനിന്നു് എഴുന്നേൽക്കാൻതന്നെ വളരെ വിഷമമായിരിക്കും. ചിലർക്കു മോട്ടാറിനു പെട്രോൾ ഒഴിക്കുന്നതുപോലെ എപ്പോഴും ചായകുടിച്ചില്ലെങ്കിൽ ശരീരയന്ത്രങ്ങൾ ഊർജ്ജിതമായി വേലചെയ്യുകയില്ല. കൃത്യസമയത്തു ചായകുടിച്ചില്ലെങ്കിൽ ചിലർക്കു് അപാരമായക്ഷീണം, അസഹനീയമായ ചെന്നിക്കുത്തു്, അതികഠിനമായ തലയ്ക്കുവേദന, തലചുറ്റൽ, ദീപനമാന്ദ്യം, ദാഹം ഉന്മേഷമില്ലായ്മ മുതലായവ ഉണ്ടാകുന്നുണ്ടെന്നുള്ളതു് നമുക്കു അനുഭവപ്പെട്ടുന്ന ഒരു പൊതുപരമാർത്ഥമാണു്.

തേയിലയിൽ 'തേയിൻ' (Theine) എന്ന വിഷബീജം സ്ഥിതി ചെയ്യുന്നുണ്ടു്. ഇതു ശരീരത്തിന്റെ ആരോഗ്യത്തെ പ്രത്യക്ഷമായും പരോക്ഷമായും ഹനിക്കുന്നു. ഒരോ സ്ഥലത്തെ തേയിലയിലും "തേയിന്റെ" ശതമാനം ഒരോ തരത്തിലാണു് എങ്കിലും ശരാശരിയിൽ നാലംശം ഈവിഷമാണെന്നു് ശാസ്ത്രീയപര്യവേക്ഷണം നടത്തി കണ്ടറിഞ്ഞിരിക്കുന്നു. ഈ വിഷത്തിന്റെ ശക്തി ക്രമേണയെ പ്രത്യക്ഷപ്പെടുകയൊള്ളു. ഞരമ്പുകളുടെ ശക്തി നശിപ്പിക്കുകയാണു് ഇവ ചെയ്യുന്ന പ്രധാന ദോഷം. ഈ പരിഷ്കൃതപാനീയം ഉപയോഗിക്കുന്നതുകൊണ്ടു് മനുഷ്യന്റെ പേശലങ്ങളായ നാഡികൾക്കു ഒരു അകാലഉണർവു് ഉണ്ടാകുന്നു. അതു ഹേതുവായി അമിതമായ വിഷയസുഖത്തിനു് അഭിലാഷം ജനിക്കുന്നു. ഇതു കാരണം അനാരോഗ്യത്തിനും ശരീരഹാനിക്കും മാർഗ്ഗം തെളിയിക്കുന്നു. അതിനാൽ ചായ "സർവത്തില്യാദ്യന്തമാണു്."

ചായ കുടിച്ചാൽ ക്ഷണികമായ ഉന്മേഷവും ഉല്ലാസവും ഉണ്ടാകുന്നുണ്ടെന്നുള്ളതു് സമ്മതിക്കാം. ഇതു് എപ്രകാരമെന്നുവെച്ചാൽ ഓടിക്കൊണ്ടിരിക്കുന്ന ഒരു കുതിരയെ ചമ്മട്ടികൊണ്ടു പ്രഹരിക്കുമ്പോൾ അതു് പ്രാധികം വേഗത്തിൽ ഓടുന്നതുപോലെയാണു്. എന്നാൽപെട്ടെന്നു് ആ മൃഗം കുറച്ചുൽ ക്ഷീണിക്കുന്നുണ്ടെന്നുള്ളതും സ്മരണീയമാണു്. ഇതുപോലെതന്നെ മനുഷ്യനു ചായ കുടിക്കുന്നതുകൊണ്ടു് പെട്ടെന്നു് ഒരു ഉന്മേഷവും ഊർജ്ജസ്വലതയും തോന്നുന്നുണ്ടെങ്കിലും ക്രമേണ ക്ഷീണകായനും ക്ലാന്തമാനസനുമായി പരിണമിക്കുന്നു.

ഈ പാനീയത്തിനു് അധികം പണം ചെലവുചെയ്യുന്നതു് വിദ്യാർത്ഥികളാണെന്നു് വ്യസനസമേതംരേഖപ്പെടുത്താതെ ഗത്യന്തരമില്ല. വിവിധങ്ങളായക്ലേശങ്ങൾഅനുഭവിച്ചു് തങ്ങളുടെ മാതാപിതാക്കന്മാർ അയച്ചുകൊടുക്കുന്ന പണത്തിന്റെ ഒരു വൻപിച്ച ഭാഗവും ഇവർ ചായക്കടയിൽകൊടുത്തു രസീതു വാങ്ങിക്കുന്നു. അമിതമായി ചായകുടിക്കുന്നതുകൊണ്ടു് ഇവർക്കു ഭക്ഷണത്തിനു് രുചിതോന്നുകയില്ല. ശരീരശക്തി ദൈനംദിനം ക്ഷയിക്കുന്നു. വായിക്കാൻ തുടങ്ങുമ്പോൾ നിദ്രാസാഹവും വെറുപ്പും തലയ്ക്കു സുഖക്കേടും വിരക്തിയും മറ്റും തോന്നുന്നതു് സഹജമാണു്. അതിനാൽ വിദ്യാർത്ഥിലോകം അവരുടെ സന്തതസഖാക്കളായ കാപ്പിയോടും ചായയോടും യാത്രപറഞ്ഞാൽ അവർക്കും ഭാവിതലമുറക്കും അതു് ഗണ്യമായ ഒരു പുണ്യമായിരിക്കും.


ചായ വാതരോഗത്തെ മനുഷ്യനിൽ ഉളവാക്കുന്നു. ഓട്ടുപാത്രത്തിൽ ചായ ഒഴിച്ചു വെച്ചിരുന്നാൽ അതിൽ തവിട്ടുനിറത്തിൽ ഒരു കറ കാണാൻ സാധിക്കും. ഇതു പലവിധത്തിൽ ശരീരത്തിനു ദുഷ്യത്തെ പ്രദാനം ചെയ്യുന്നുണ്ടു്. ചായകുടി ദീപനശക്തിയെ സുംഭിപ്പിക്കുകയും മലബന്ധത്തെ ഉളവാക്കുകയും ചെയ്യുന്നതാണു്. വിശിഷ്യ സരാചക്രങ്ങളെ മന്ദീഭവിപ്പിക്കുന്നതിനും ഇതു പര്യാപ്തമായി ഭവിക്കുന്നു. ചായയിൽ പാൽ ധാരാളം ചേർക്കുന്നതുതന്നെ അതിന്റെ തീക്ഷ്ണതയെ കുറയ്ക്കുന്നതിനാണല്ലോ. ഈ പാനീയം നമ്മുടെ ആരോഗ്യത്തെ ഹനിക്കുന്നതു കൂടാതെ അതമീയമായ ദുഷ്യത്തെക്കൂടി ഉളവാക്കുന്നു. മാദകശക്തിയുള്ള ചായയെ മദ്യത്തെപ്പോലെതന്നെ വെറുക്കേണ്ട ഒന്നാണു്. പ്രസ്തുത കാരണങ്ങളാൽ ചായകുടി എന്ന ഈ ദുശ്ശീലം ക്രമേണ കുറച്ചു് നിവൃത്തി ഉള്ളപക്ഷം നിശ്ശേഷം നിഹനിക്കുന്നതും അശാസ്യമായിരിക്കും.

KALLUPALAM Jewellers.

KOTTAYAM (TRAVANCORE)

ESTD: IN 1900.

THE OLDEST AND RELIABLE
JEWELLERY HOUSE
IN
KOTTAYAM
BUT
UP-TO-DATE
IN
FASHION AND DESIGNS.



ഞങ്ങളുടെ ഉത്തരവാദിത്വത്തിൽ മനോഹരമായതും പരിഷ്കൃത രീതിയിലുള്ളതുമായ സ്വർണ്ണാഭരണങ്ങൾ കൃത്യസമയത്തു പണിചെയ്തു കൊടുക്കുന്നതിനുള്ള എല്ലാവിധ ഇടപാടുകളും ചെയ്തിട്ടുള്ളതും ആവശ്യാനുസരണം അന്യദിക്കുകളിൽ ഉരുപ്പടികൾ അയച്ചുകൊടുക്കുന്നതുമായിരിക്കും.

കല്ലുപാലം ജ്വലേഴ്സ്,

കോട്ടയം

1900 - ാം. മാണ്ടു സ്ഥാപിതമായതു

By K.R.A

INDIAN FOOD PROBLEM

(A. V. MATHEW B. A.; B. L.)

The end of the war in Europe has revealed a desperate need of food of all kinds, and the prayers for our daily bread have acquired a new intensity. India, the Middle East, America and Europe have experienced the same ominous situation ranging from hunger to sheer privation. There are many who hold the view that the present global War is sure to leave a legacy of food shortage for the world at large. The recent food crisis in India has greatly contributed towards increasing the importance of the fundamental problems connected with Indian agriculture. Agriculture is the cinderella of public life, more a mode of living than a business pursuit, and more a public function or service performed by private individuals for the care and use of land in the national interest, than a mere industry or business. There should be a happy and judicious balance between agriculture and industry; and mass action and mass attack are necessary for the rapid development of agriculture.

As stated in General Hutton's Report, the threefold aims of agricultural reconstruction in India should be, first, to provide adequate nutrition for her increasing population, secondly, to produce sufficient raw materials for developing her industry, and thirdly, to produce sufficient commodities for which there will be good demand in foreign markets in the post-war period. The food problem in India should be tackled from three sides: first, production of raw foodstuffs, secondly, development of food technological industries, including preservation, processing and fortification of foodstuffs, and thirdly, distribution of food to the people according to their physiological needs. As remarked recently by Sir J. P. Srinistava, the Food Member to the Government of India; " the application of science and technology will prevent damage to foodgrains, remove food stuffs from seasonal gluts, increase or retain the nutritional value of foodstuffs and produce new foods like yeast, synthetic vitamins and vitamin concentrates." Antiquated methods of storage are yearly causing the loss of more than 2 million tons of foodgrains in India, resulting in loss from rats squirrels and water. Much loss occurs also through lack of proper facilities of cold storage, dehydration and transport. It would be advisable if every village or other unit were to have a Grain Bank where people might deposit their grains and operate upon them.

Rice is the most important of India's agricultural products. The average area under paddy cultivation in India in the three pre-war years was 73·8 million acres. After one year of the "grow-more-food" campaign the area increased to 75 million acres, and in 1943 it increased to 80 million acres. India now produces nearly half the wolrd rice output. Imports of cheap rice from Siam and Indo-China in 1934 and 1935 became a serious menance to India, especially South India, where therefore the rice growers organised themselves to agitate and demand from the Government of India an import duty on rice, and the Government accordingly levied a duty of 12 annas on every maund of broken rice. In 1934 the import of rice from Burma into India amounted to 2,311,003 tons. Before this war, Burma usually produced 3 million tons of rice annually, most of which was imported to India. During the period of Japanese occupation, there was a fall in the rice cultivation in Upper Burma and a consequent scarcity of rice. So also due to their loss of export markets, during this War, cultivators in Lower Burma became indifferent regarding the cultivation of paddy on the pre-war scale. Japan also was not very much interested in obtaining rice from Burma, since she could secure the same from Formosa and Korea. In 1943 there was a great decline of rice production in Burma due mainly to shortage of cattle for agricultural purposes, absence of farm credit, and due also to the currency trouble. Before they evacuated from Burma, Indian merchants controlled over 97 percent of the export of rice from Burma to India and Ceylon, and also about 20 percent of the export of rice from Burma and Straits Settlement to Africa and even to Briton. It is therefore only but fair that these merchants from India should be accorded, on their return to Burma, by the Government, all the necessary facilities for enabling them to maintain their former position in the rice trade which they have built up in the past.

Co-opertive farming is sure to introduce rationalisation into agriculture and to render the application of scientific methods both possible and profitable. Such a farming, being the golden mean between capitalism and socialism is sure, if adopted, to improve the agricultural production in India. Co-operative effort among agriculturists would render crop planning easy and reduce the vagaries of agriculture to a minimum, alleviate the hardships suffered at present due to fragmentation of holdings

and excessive pressure of population on land, speed up the yield from the land, and reduce the cost of production without upsetting the social traditions and conditions. In Soviet Russia, collective farms have accelerated the agricultural prosperity and military strength. Two farms on collective principles are now being worked with remarkable success in the State of Rampur. There should be a Village Council to plan agricultural operations and to decide as to the quantity of every crop to be allotted for consumption, and to be sold for maintaining the Co-operative Fund. Also there should be a Co-operative Central Bank to finance agricultural operations, and a Co-operative market to dispose of the produce from the villages. To alleviate the existing shorage of labour and bullock carts among the generality of ryots, there should be organised groups of experienced landowners who would be ready to pool their resources and work for the progress of the common weal. In this matter, genuine efforts, if made by co-operative societies and joint stock companies, are sure to produce bereficent results.

By using highly yielding varieties of paddy seeds, by providing for adequate water supply and by the intensive use of fertilisers, rice yield in India can be easily increased. It would increase the paddy production very much, if between 40 and 80 lbs of nitrogen and phospheric acid per acre are applied, preferably in the form of ammonium sulphate and super-phosphate. Sir T. S. Venkitaraman, a leading scientist of India advocates the manufacture of manure in every place from the materials available there, and states that such a plan is likely to give work to many and to minimise expenses for producing manure. The Government of India have decided to open a manure depot near Aligar, as recommended by the British scientists who recently visited India. But it is certain that this depot alone would not be sufficient to satisfy the manure needs of the whole of India. The New Indian Fertiliser Project, with its proposed use of American materials, is a preliminary step, likely to help Indian agriculture, and with its capacity of producing 54,000 tons of ammonium sulphate annually, can be expected to contribute towards the increased production of agricultural products, especially rice. So also the Travancore Fertiliser Plant, when fully worked, is expected to provide an increase in food output, sufficient to meet the State's basic food requirements and also to provide for an exportable surplus.

Irrigation can be regarded as the handmaid of agriculture, since it helps to utilise water resources fully, corrects the vagaries of rainfall, adds security to cultivation, increases the yield, serves as an insurance against famine, brings agriculture closer within the orbit of internal trade and rescues the agriculturists from indebtedness. By establishing new irrigation schemes, and with the aid of artificial fertilisers, it has been calculated that India would be able to gain 7 million tons of foodgrain more than at present to nourish the additional 5millions who are born every year. Due to lack of of proper irrigation, 90 percent of the waters of Indian rivers are now wasted.

In the 3rd annual meeting of the agriculturists of the Madras Province, it was resolved to request the Government to start agricultural training classes for a short time at least in each village. Educated young men must be ready to take to an agricultural life. Information has to be collected regarding India's resources, tillage, size of holdings, cattle wealth, irrigation, rural indebtedness and rural finance.

One of the most important of all food questions is the price of food for the consumer. So food should be made as cheap and abundant as possible. It should be made cheap even before making education, medicine, and electricity free or cheap. Almost all the Governments in India, now recognise the need for fixing food target, not on the old basis of total production, but on the needs of the people. The Government now also emphasise the quality, and quantity of foodstuffs supplied, as also their adequacy according to the proper nutritional standards, and admit the need to grow more protective foods, diversify agriculture for serving those needs, and to improve the standards of administration of food regulations for subserving public convenience and increased provision for food storage. It is highly necessary that both the Government and the people should so act in co-operation with each other, as to evolve an agricultural policy, best suited to conserve the material and human resources, provide for national security, and make way for social and economic progress.

FOR BANKING FACILITIES
Please consult
THE BANK OF MEENACHIL LTD.
Head Office - PALAI
BRANCHES:- Fort Bombay, Belguam, Hubli, Erattupettai, Quilon, Trivandrum, Kundara Mangalore, Palai, Patna, Nagercoil, Kuravilangad.
Fixed and short term deposits received on attractive rates.
For terms drop a card to the Head Office or Branches.
C. T. MATHEW,
MANAGING DIRECTOR.

THE
Udayagiri Rubber Company Limited.

(Incorporated in 1937)

Managing Agents: Messrs. A. V. George & Co., Ltd.

AUTHORISED CAPITAL **Rs. 35,00,000**

Divided into 1,00,000 Preference Shares of Rs. 10 each and
2,50,000 Ordinary Shares of Rs. 10 each.

ISSUED CAPITAL **Rs. 3,00,000**

Divided into 8,000 Preferenc Shares of Rs. 10 each and
22,000 Ordinary Shares of Rs. 10 each.

DIRECTORS


DR. A. M. JACOB. T. KURUVILLA THOMAS Esq.
C. J. KURIAN Esq. A. V. GEORGE Esq.
M. C. KURIAN Esq.

Estimated Rubber Crop for the year 1945 1,37,000 lbs.


The Company owns the Udayagiri Group near Punalur, Kolamala Group at Ranni, and the Sramby Estate at Mundakayam. The total area under Rubber is 385.54 acres of mature Rubber area.

Besides this, other produce such as Cashew, Pepper, Cocoanut etc., are cultivated and produced on these Estates at very cheap costs.

The Dividends paid so far by the Company aggregate to a total of over 44% of the paid up Capital.




ബ്രിട്ടീഷ് പ്രധാന മന്ത്രി മി. സി. ആർ. അറ്റ്ലി.




മി. ഏർണസ്റ്റ് ബെവിൻ



സർ സ്റ്റാഫോർഡ് ക്രിപ്സ്.



മി. ഹേർബട്ട് മോറിസൺ




ബ്രി. പ്രധാന മന്ത്രിയായിരുന്ന മി. വിൻസ്റ്റൻ ചർച്ചിൽ



പൂർവ്വേഷ്യാ സപ്രൈസൈന്യാധിപ
നായ അഡ്മിറൽ ലൂയി
മൗണ്ട് ബാറ്റൻ പ്രഭ



എയർ ചീഫ് മാർഷലായ
സർ ആർതർ ഹാരിസ്.




മേജർ ജനറൽ
അലക്സാണ്ടർ എം. പാച്ച്.

ഒരു നവലോക വ്യവസ്ഥിതി

(നി. വ. ദി. ശ്രീ. യൂഹാനോൻ മാർ തീമോത്തിയോസ് എപ്പിസ്കോപ്പാ)

ഈ ജാതി പകുതി അടിമകളായും പകുതി സ്വതന്ത്രരായും സ്ഥിതിചെയ്യുക സാദ്ധ്യമല്ല.". (This nation cannot exist half slave and half free) വടക്കെ അമേരിക്കയിൽ അടിമക്കച്ചവടത്തിനു് എതിരായി നടന്ന യുദ്ധത്തിന്റെ പ്രാരംഭഘട്ടത്തിൽ എബ്രഹാം ലിങ്കൻ ചെയ്ത ഒരു പ്രഖ്യാപനമാണു് മേൽ ഉദ്ധരിച്ചിരിക്കുന്നതു്. ഈ മനുഷ്യജാതിക്കു് ഒരു നൂനപക്ഷം ധാരാളത്വത്തിൽ കൊഴുത്തു് മറിഞ്ഞും ഒരു ഭൂരിപക്ഷം ദാരിദ്ര്യക്കുഴിയിൽ ആണ്ടുപൂണ്ടും സ്ഥിതിചെയ്ക സാദ്ധ്യമല്ല, എന്നതു നാം ഗ്രഹിക്കേണ്ടും കാലം വന്നിരിക്കുന്നു. തത്വജ്ഞാനികളും മതചിന്തകരും വരുവാനിരിക്കുന്ന സുവർണ്ണ നവലോകത്തെ ദർശനം കണ്ടു; റഷ്യാ ഒരു പുതിയ ലോകവ്യവസ്ഥിതി സാദ്ധ്യമാക്കി. അതു സ്ഥാപിക്കുന്നതിനു പ്രയോഗിച്ച മാർഗ്ഗങ്ങളെയും അതു യുദ്ധങ്ങളെയും പറ്റി നമുക്കു വെറുപ്പു് ഉണ്ടായിരിക്കാം; അവർ സാധിച്ചതിനെപ്പറ്റി അഗണ്യമായിരിക്കുകതെറ്റാണു്. റഷ്യൻ വിപ്ലവവും അതിന്റെ നേട്ടങ്ങളും, ലോകമെങ്ങുമുള്ള മതചിന്തകരെയും, തത്വജ്ഞാനികളെയും, യുവലോകത്തെയും, പുതിയ ലോകവ്യവസ്ഥിതിയെപ്പറ്റി കൂടുതൽ ചിന്തിക്കുന്നതിനും എഴുതുന്നതിനും പ്രേരിപ്പിച്ചിരിക്കുന്ന ഒരു കാലഘട്ടമാണു് ഇതു്.

ഭയങ്കരമായ രണ്ടാം ലോകയുദ്ധം ആദർശ സംഹിതകൾ തമ്മിലുള്ള (ideologies) ഒരു യുദ്ധമായിരുന്നു എന്നു പറയാം. ഒരു രാജ്യത്തിന്റെയും ജാതിയുടെയും പുരോഗതിക്കു് ഏകാധിപത്യത്തോടെ ഭരണം നടത്തി ശക്തി സമ്പാദിക്കണം എന്ന പ്രമാണം പിടിച്ചിരുന്ന ഹിറ്റ്ലർ, മുസ്സോളിനി എന്നീ യുദ്ധധുരന്ധരന്മാരും ജപ്പാനും ഒരുവശത്തും, പൊതുജനസ്വാതന്ത്ര്യം, പൊതുജനാഭിപ്രായം ഇവയ്ക്കു പ്രാബല്യംകൊടുത്തുള്ള ഭരണസമ്പ്രദായം സ്വീകരിച്ചിരിക്കുന്ന ഇംഗ്ലണ്ടു്, അമേരിക്ക, കമ്മ്യൂണിസ്റ്റ് റഷ്യ എന്നിവർ മറുവശത്തും അണിനിരന്നുള്ള യുദ്ധം നടന്നതു്. ചിന്തിക്കുന്ന ആളുകളുടെ മനസ്സുകളെ വ്രണപ്പെടുത്തുന്ന കുലാപങ്ങൾ ലോകത്തിൽ കൈവരുത്തിയ യുദ്ധം അവസാനിച്ചു് സ്ഥിരമായ സമാധാനത്തിനു വഴി തുറന്നിരിക്കുന്ന സ്ഥിതിയിലാണു നാം പുതുവർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്നതു്. ഇനി എന്തു് (What next) എന്നുള്ള അന്വേഷണവും ചിന്തയും ഇന്നു നമ്മുടെ മനസ്സിനെ ഹഠാൽ ആകർഷിച്ചിരിക്കുന്നു. രക്തച്ചൊരിച്ചിലോടെ വിപ്ലവം ഉണ്ടാക്കി മു



സമരപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ഒരു വൻതരം ബ്രി. യുദ്ധക്കപ്പൽ

തലാളിത്ത സംഘടന നശിപ്പിച്ചു, തൊഴിലാളി മേല്ക്കോയ്മ സ്ഥാപിക്കുന്നതിനു കച്ചകെട്ടിയിരിക്കുന്ന റഷ്യ ഇംഗ്ലണ്ടിനോടും, അമേരിക്കയോടും തെറ്റി വേറൊരു യുദ്ധമാണോ ആസന്നഭാവി? ഇംഗ്ലണ്ടിലും അമേരിക്കയിലും കമ്മ്യൂണിസ്റ്റ് കക്ഷികൾ പ്രബലരായി ശക്തിപ്രാപിച്ച് ഈ രാജ്യങ്ങളിൽ ആഭ്യന്തരകലഹം പൊട്ടി കളിയാട്ടമോ? സാമ്രാജ്യപ്രസക്തരായ പാശ്ചാത്യരും ജാതീയ സ്വാതന്ത്ര്യത്തിനു(national independence) വേണ്ടി പോരാടുന്ന പൌരസ്യരും തമ്മിൽ ഒരു പോരാട്ടം ഉണ്ടാകുക സാദ്ധ്യമോ? ഇവയൊന്നും അസാദ്ധ്യം എന്നു പറഞ്ഞുകൂടാ. ഇങ്ങനെ സംഭവിക്കയില്ല എന്നു നമുക്കു വിശ്വസിക്കാം. നിലനില്ക്കുന്ന സമാധാനം ലോകത്തിൽ സാദ്ധ്യമാകണം എങ്കിൽ സാമൂഹ്യവും, സാമ്പത്തികവും, ജാതീയവുമായ കാഴ്ചകളെ ഒരു പുതിയ വീക്ഷണകോണത്തിൽകൂടെ നോക്കി സാമൂഹ്യജാതീയനീതി സ്ഥാപിക്കുന്നതിനുള്ള മനസ്സു രാഷ്ട്രീയനേതാക്കന്മാർക്കു ഉണ്ടാകണം. ഇതിനു് അടിസ്ഥാനമായി സാമ്പത്തികവും ആത്മീയവുമായ ദർശനം ആവശ്യം.

ഇന്നത്തെ ലോകവ്യവസ്ഥിതി മുതലാളിത്ത വ്യവസ്ഥിതി (capitalistic order)യാണു്. വലിയ സ്വത്തു് ഉടമസ്ഥർ–വ്യക്തികളായോ,കമ്പനിയേന്നോ–കൃഷി, കച്ചവടം, വ്യവസായശാലകൾഎന്നിവയെനിയന്ത്രിക്കുന്നു. സാധനനിർമ്മാണത്തിനു് ഇവരുടെ പ്രേരണശക്തി, മനുഷ്യസമൂഹത്തിന്റെ ആവശ്യമല്ല, ധനലാഭമാണു്. നെല്ലായിരിക്കാം നാട്ടിനും നാട്ടാക്കും കൂടുതൽ ആവശ്യവും പ്രയോജനവും. എന്നാൽ റബറിൽനിന്നാണു കൂടുതൽ ആദായം കിട്ടുന്നതെങ്കിൽ നെല്ലുവിളയുന്ന ഭൂമിയിൽ റബർകൃഷി ചെയ്യും. മരുന്നുകൾ ഉണ്ടാക്കുന്നതിനെക്കാൾ ലാഭം പട്ടുകാൽമേശകൾ ഉണ്ടാക്കുന്നതിനാൽ ആണെങ്കിൽ കൂടുതൽ ആവശ്യമുള്ളതു് എങ്കിലും മരുന്നു് ഉണ്ടാക്കുന്നതു വിട്ടിട്ടു പട്ടുകാൽമേശകൾ ഉണ്ടാക്കും. ഉപയോഗമൊ ആവശ്യമൊ അല്ല ഉല്പാദനത്തിനുള്ള പ്രേരകശക്തി; പിന്നയോ ലാഭവർദ്ധനവാണു്. സാമൂഹ്യസാമ്പത്തികലോകത്തിൽ മുതലാളിത്തവ്യവസ്ഥിതി വളർന്നുവന്നതു് 18-ാം ശതാബ്ദത്തിലെ യന്ത്രങ്ങളുടെ കണ്ടുപിടിത്തങ്ങളോടും വ്യവസായവർദ്ധനവോടും കൂടെയാണു്. ഈ വ്യവസ്ഥിതിക്കു രണ്ടുമൂന്നു ഗുണങ്ങൾ ഉണ്ടു്. 1. സ്വകായ്സ്വത്തു്. (Private property) 2. മത്സരസ്വാതന്ത്ര്യം (free Competition) 3, വ്യക്തികൾക്കുള്ള പരിശ്രമാവസരവും പ്രോത്സാഹനവും (individual enter prise) ഇതു മൂന്നും സമുദായാഭിവൃദ്ധിക്കു് അവശ്യം വേണ്ടതാണെന്നു് ഇപ്പോൾ നടപ്പിലിരിക്കുന്ന സ്ഥിതിയുടെ തല്പരർ വാദിക്കാറുണ്ടു്. ഇവ മൂന്നും അഗ്രഹിക്കത്തക്കതുതന്നെ. എന്നാൽ ഇന്നു നാം കാണുന്ന മുതലാളിത്ത വ്യവസ്ഥിതിയിൽ വ്യക്തികൾക്കു മത്സരസ്വാതന്ത്ര്യവും പരിശ്രമ പ്രോത്സാഹനവും ഉണ്ടെന്നു പറഞ്ഞുകൂടാ. കൂട്ടുകമ്പനികൾ (monopolies, Combines) ചേർന്നു് ചെറിയ കമ്പനികളെയും വ്യക്തികളെയും മത്സരരംഗത്തിൽനിന്നു് ഓടിക്കും. വ്യക്തികളുടെ അന്വേഷണഫലമായി ഉണ്ടാകുന്ന ജ്ഞാനവർദ്ധനവു്, കണ്ടുപിടിത്തങ്ങൾ, സ്വത്തുടമസ്ഥന്റെ നിയന്ത്രണത്തിലേക്കു പോകും. സ്വകായ്വസ്തുവിനുള്ള അവകാശവും വ്യക്തിസ്വാതന്ത്ര്യവും ഒരളവിൽ പരിപാലിച്ചുപോകേണ്ടതുതന്നെ. മുതലാളിത്ത വ്യവസ്ഥിതിയിലെ ഇതു സാധിക്കു എന്നില്ല.

ഇന്നത്തെ മുതലാളിത്ത വ്യവസ്ഥിതിയുടെ ഭയങ്കര ദോഷഫലങ്ങളെ ചൂണ്ടിക്കാണിക്കേണ്ടതു് ആവശ്യം. താഴെക്കുറിക്കുന്ന ചില സ്ഥിതിവിവരക്കണക്കുകളും യഥാർത്ഥങ്ങളും (facts & figures) Mr. Eddy Asirvatham -ന്റെ "A New SocialOrder" എന്നപുസ്തകത്തിൽനിന്നു് എടുത്തിരിക്കുന്നു.മുതലാളിത്ത വ്യവസ്ഥിതിയുടെ ഒന്നാമത്തെ ദുഷ്യമായി പറവാനുള്ളതു് സമൃദ്ധിയുടെ നടുവിൽ പട്ടിണി എന്നുള്ളതാണു് (poverty in the midst of plenty) അമേരിക്കയിൽ, നാട്ടിലെ സ്വത്തിന്റെ നാല്പതുശതമാനം, പത്തുശതമാനം ധനികന്മാർ കൈവശപ്പെടുത്തിയിരിക്കുന്നു. ഏറ്റവും താണപടിയിലെ ഇരുപത്തി അഞ്ചു ശതമാനം പേർക്കു നാട്ടിലെ സ്വത്തിന്റെ മൂന്നരശതമാനം മാത്രമെ ഉള്ളു. ഇംഗ്ലണ്ടിൽ ധനികന്മാരായ പത്തു ശതമാനം ആളുകൾ നാട്ടിലെ സ്വത്തിന്റെ അമ്പതുശതമാനം അനുഭവിക്കുന്നു, ശിഷ്ടമുള്ള തൊണ്ണൂറു ശതമാനം പേർക്കായി ബാക്കി 50 ശതമാനം സ്വത്തുമാത്രം. ഇൻഡ്യയിൽ അഞ്ചുശതമാനം ആളുകൾ നാട്ടിലെ സ്വത്തിന്റെ മുപ്പത്തിയഞ്ചു ശതമാനം അനുഭവിക്കുന്നു. ബാക്കി മുപ്പത്തിയഞ്ചു ശതമാനം ആളുകൾ സ്വത്തിന്റെ മുപ്പത്തിയഞ്ചു ശതമാനം അനുഭവിക്കുന്നു. ബാക്കിയുള്ള 60 ശതമാനം ആളുകൾക്കായി നാട്ടിലെ സ്വത്തിന്റെ മുപ്പതു ശതമാനം ശേഷിക്കുന്നു. അതായതു് ഇൻഡ്യയിൽ ആകെ അയിരം രൂപാ സ്വത്തും നൂറു ആളുകളും ആണു് ഉള്ളതു് എങ്കിൽ, അഞ്ചുപേർക്കായി മുന്നൂറ്റിഅൻപതു രൂപായും ശിഷ്ടം മുപ്പത്തിയഞ്ചു പേ

"യൗവനത്തെ നിലനിർത്തുക" സുപ്രസിദ്ധമായ തൊടുപുഴ ധന്വന്തരി വൈദ്യശാലക്കാരുടെ

ആയുർവ്വനപ്രകാശം ലേഹ്യം

ഉപയോഗിച്ചു്, നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുക്കുക. യൗവനത്തെ നിലനിർത്തുക. ശാസ്ത്രീയമായ രീതിയിൽ തയ്യാർചെയ്യപ്പെട്ടിട്ടുള്ള ഞങ്ങളുടെ ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചു് ജീവിതത്തെ വർദ്ധിപ്പിക്കുക. കൂടുതൽ വിവരങ്ങൾക്കും ക്യാറ്റലോഗിനും എഴുതുക.


റാത്തൽ 1-ക്കു് 3 രൂപാ മാത്രം. ധന്വന്തരിവൈദ്യശാല

H.O. തൊടുപുഴ, തിരുവിതാംകൂർ. മാനേജിങ്ങ് പ്രൊപ്രൈറ്റർ: വൈദ്യൻ സി.എൻ. നമ്പൂതിരി

ക്കായി മുന്നൂറു രൂപയും ബാക്കിയുള്ള അറുപതുപേർക്കായി മുന്നൂറു രൂപയും ആയി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യയിലെ ഒരു വ്യക്തിയുടെ വരുമാനം ദിവസം 3 അണമാത്രം. ഇൻഡ്യയിൽ ഏകദേശം ആകെ ജനസംഖ്യ നാല്പതുകോടി എങ്കിൽ ഏകദേശം 4 കോടി ആളുകൾക്കു ദിവസം ഒരുനേരം ഭക്ഷണംമാത്രം ലഭിക്കുന്നു.

മുതലാളിത്തവ്യവസ്ഥിതിയിൽ സാധാരണക്കാരായ നാം കമ്പനിക്കാരുടെ വ്യർത്ഥച്ചെലവുകൾക്കുകൂടി വില കൊടുക്കേണ്ടിവരുന്നു. സാമാനങ്ങൾ പിരിയുന്നതിനായി പരമാർത്ഥത്തെ വെടിഞ്ഞുള്ള പരസ്യങ്ങൾക്കു ധാരാളം പണം ചെലവാക്കണം. ചില സോപ്പുകൾ ഉപയോഗിച്ചാൽ പള്ളിക്കൂടത്തിൽ പഠിക്കുന്ന പെൺകുട്ടികളുടെ നിറവും തൊലിമിനുപ്പും (school girl's complexion) കിട്ടും എന്നു കാണുമ്പോൾ അമ്പതും അറുപതും വയസ്സുള്ള സ്ത്രീകൾ ആ സോപ്പ് വാങ്ങി ഉപയോഗിക്കും. കൃഷ്ണൻസാർട്ട് വാങ്ങി ഉപയോഗിക്കുന്ന മുപ്പീന്നു മലകേറി വേലിചാടി ഓടുന്നതു പരസ്പരസ്യത്തിൽ കാണുമ്പോൾ മുപ്പീന്നാന്മാർ കൃഷ്ണൻ ഉപയോഗിച്ചുതുടങ്ങും. കൊടുക്കുന്ന വിലയിൽ ഒരു ചെറിയ അംശം ഉല്പാദനച്ചെലവും മറ്റേതു കള്ളപ്പരസ്യങ്ങൾക്കുള്ളചെലവും ആയിരിക്കും.

ഇതുകൂടാതെ വിവിധ വർഗ്ഗങ്ങൾ തമ്മിലുള്ള യുദ്ധത്തിന്റെ പ്രധാനകാരണം മുതലാളിത്തതാല്പര്യങ്ങളുടെ സംഘട്ടനം ആണ്. സാമ്രാജ്യങ്ങൾ തമ്മിൽ കോളനികൾക്കായും കച്ചവട വിപണികൾക്കായും ആണ് യുദ്ധങ്ങൾ നടക്കുന്നതു. പുറമേ എന്തുപറഞ്ഞിരുന്നാലും വലിയവ്യവസായ ശാലകൾ യുദ്ധത്തിനു പ്രോത്സാഹിപ്പിക്കുന്നവരാണ് ഒന്നാം ലോകമഹായുദ്ധത്തിൽ ഫ്രാൻസിലെ പീരങ്കി നിർമ്മാണ വ്യവസായശാലകളിന്മേൽ വെടിവയ്പും മറ്റും നശീകരണ പ്രയോഗങ്ങൾ നടത്താതിരിക്കയോ ചെയ്യത്തക്കവിധം ഫ്രാൻസിലെയുംജർമ്മനിയിലെയും വ്യവസായ പ്രമുഖരായ മുതലാളിമാർ തമ്മിൽ ഒരുധാരണയുണ്ടായിരുന്നു എന്നു പറയപ്പെടുന്നു. എല്ലാറ്റിലുമവസാനമായി പറവാനുള്ളതു മുതലാളിത്തം തൊഴിലാളിസംഘട്ടനങ്ങൾക്ക് ഇടയാക്കുന്നു എന്നതത്രെ. തൊഴിലാളികൾ സംഘടനകൾ വർദ്ധിപ്പിച്ചു ശക്തി പ്രാപിച്ചുവരുന്നതനുസരിച്ചു മുതലാളിത്ത രാജ്യങ്ങളിൽ ഒരു ആഭ്യന്തരകലഹം ഒഴിച്ചുകൂടാവുന്നതായി തോന്നുന്നില്ല. ധാരാളിത്തത്തിന്റെഫലമായി ദാരിദ്ര്യം വിളയാടുന്നതും വ്യക്തി സ്വാതന്ത്ര്യത്തെ കുത്തകമുതലാളിമാർ നശിപ്പിക്കുന്നതും യുദ്ധത്തിനു വിത്തിടുന്നതും രാജ്യത്തിൽ വർഗ്ഗസമരം (class war) പൊട്ടിപുറപ്പെടുവിക്കുന്നതുമായ മുതലാളിത്ത വ്യവസ്ഥിതിയുടെ നാളുകൾ എണ്ണാറായി. ദൈവം സൃഷ്ടിച്ച ലോകത്തിൽ ദൈവം സൃഷ്ടിച്ച മനുഷ്യ മക്കൾ ഏവർക്കും അവശ്യത്തിനുള്ള വകകൾ ലഭിക്കത്തക്ക സൌകര്യങ്ങളും വസ്തുക്കളും ഉണ്ട്. സാധന നിർമ്മാണത്തിലും സംഭരണത്തിലും വിതരണത്തിലും സ്വകാര്യലാഭം മാത്രം പ്രേരകമായിരിക്കുന്നതിനാലാണ് ദാരിദ്ര്യവും ധാരാളിതയും ഒന്നിച്ചു നാം കാണുന്നതു. ഈ സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതിക്ക് ഒരു മാറ്റം വരണം; വരും. റഷ്യയിലെപോലെ രക്തച്ചൊരിച്ചിലോടെയോ അതോ ഇംഗ്ലണ്ടിലെ



ജപ്പാനും സമീപപ്രദേശങ്ങളും

THE EASTERN LEATHERS & TANNERIES LTD.,
(Incorporated in Travancore)
CHAIRMAN:- KOTTAYAM. MANAGING AGENTS:-
A. V. GEORGE Esq., The Inland Trading Co., Ltd.
Ancheril House, Kottayam. KOTTAYAM.
SCIENTIFIC TANNERS and MANUFACTURES OF QUALITY LEATHER GOODS.
ഇവിടെ എല്ലാവിധ ഉറഞ്ഞുകലുകളും, തുകൽ സാമാനങ്ങളും വിൽപ്പാനുണ്ട്. കൂടാതെ പുലി, മാൻ, പാമ്പ് മുതലായവകളുടെ തുകലുകൾ നവീനരീതിയിൽ ഉറ ചെയ്തു കൊടുക്കുന്നതുമാകുന്നു.

സോഷ്യലിസ്റ്റ് കക്ഷികൾ ചിന്തിക്കുന്നപ്രകാരം ക്രമശ്ശ യായും പുരോഗമനപരമായും ഉള്ള നിയമപരിഷ്കാര ങ്ങളായോ എന്നത് മാത്രമേ ചോദ്യം ഉള്ള.

ചില പ്രത്യേക സന്ദർഭങ്ങളിൽ സ്വകായ്യ സ്വ ത്തിന്മേലും, സാധനനിർമ്മാണത്തിന്മേലും, സ്വകാ യ്യ പരിശ്രമത്തിന്മേലും, പൊതു ഗവർമ്മെൻറി ന്റെ നിയന്ത്രണം ചെലുത്തേണ്ടതാണെന്നും, ചെ ലുത്താവുന്നതാണെന്നും ഈ യുദ്ധകാല പരി തസ്ഥിതി നമ്മെ പരിശീലിപ്പിച്ചിട്ടുണ്ട്. നാം ധനം ചെലവാക്കി ദേഹണ്ഡിച്ച് വിളഞ്ഞ നെല്ല് കളത്തിൽ യച്ചതന്നെ ഗവർമ്മെൻറു നിശ്ച യിച്ച വിലയ്ക്ക് പാർവതൃകാരെ അളന്നു ബോദ്ധ്യപ്പെ ടുത്തിക്കൊടുത്തു. കച്ചവടക്കാർ ചില നിശ്ചിത സാ മാനങ്ങൾ വാങ്ങുകയും വിൽക്കുകയും ഗവർമ്മെൻറു നിയന്ത്രണത്തിൻ കീഴിൽ നടത്തി. കൺട്രോളുടെ ആജ്ഞ അനുസരിച്ച റബർ കൃഷി നിയന്ത്രിച്ചു. അ ദായ നികുതി പരിഷ്കരിച്ചു. ഒരു തൊഴുകഴിഞ്ഞു ള്ള ആദായത്തിൻറെ മൂന്നിലൊന്നു നികുതിയായി ഗവർമ്മെൻറു എടുത്തു. ഇംഗ്ലണ്ടിൽ അമിതാദായ നി കുതി കേട്ടുകേൾവിയില്ലാതെ പരിഷ്കരിച്ചു. ഒരു നി ശ്ചിത തുകയ്ക്കു മേലുള്ള സമ്പാദ്യത്തിൽ (20000 പ വൻ പ്രതിവർഷം എന്നു തോന്നുന്നു.) ഓരോ നൂറു പവ നിലും തൊണ്ണൂറിഴഞ്ചര പവൻ ഗവർമ്മെൻറു വാ ങ്ങി എടുത്തു. യുദ്ധകാലത്തു ശത്രുപക്ഷത്തുള്ളവരെ വേട്ടയാടിക്കൊല്ലുന്നതിനു ഈ നിയന്ത്രണം സ്വീകരിക്കാമെങ്കിൽ സമാധാനകാലത്തു മിത്രപക്ഷത്തുള്ളവരുടെ സുഖസൗകര്യങ്ങൾക്കായി ചില നിയന്ത്രണങ്ങൾ സ്വീകരിച്ചുകൂടയോ?

രണ്ടാം ലോകമഹായുദ്ധം ഏകദേശം ആധിപത്യ ഭരണത്തിൻറെ അവസാനം കണ്ടു. ഇംഗ്ലണ്ടിൽ ഒരു തൊഴിലാളിഗവർമ്മെൻറു അമേരിക്കയിൽ പുരോഗമനപരമായ ലിബറൽ കക്ഷികളുടെ മേൽക്കോയ്മ. ലോകത്തിലെ പ്രഥമ ശക്തിയായി കമ്മ്യൂണിസ്റ്റ് റഷ്യയുടെ അരങ്ങേറ്റം. ഇന്ത്യയിൽ പണ്ഡിത നെഹ്രുവിൻറെ സ്വാധീന ശക്തിക്കു കീഴ്പ്പെട്ടു വരുന്ന പ്രബലത ഇതുകൾ എല്ലാം അനന്തരവിയിലെ ഒരു സാമൂഹ്യ പുനഃസംഘടനയുടെ മുൻകൂറികൾ ആയി കരുതി വ്യക്തികൾക്കും കക്ഷികൾക്കും സ്വാധീനശക്തിയും നിയന്ത്രണാധികാരവും കൈവശമാകുമ്പോൾ; സാമൂഹ്യനീതിയും, സന്മാർഗ്ഗ പ്രമാണവും മുൻനിറുത്തിയും, ആത്മീയ തത്വങ്ങൾക്കു വശംവദരായും, പ്രവർത്തനപദ്ധതികൾ രൂപവൽക്കരിക്കുന്നതിലായിരിക്കും, ലോകസമാധാനം ആശ്രയിച്ചിരിക്കുന്നതു.

ക്രിസ്തീയമായ ഒരു സാമൂഹ്യ ഘടനയെപ്പറ്റിയും ലോകവ്യവസ്ഥിതിയെപ്പറ്റിയും, ചില ക്രൈസ്തവ യുവാക്കന്മാർ സ്വപ്നം കാണുന്നു. പഴയ വ്യവസ്ഥിതിയിൽ വളർന്നവന്ന നാം അവരെ വിപ്ലവകാരികൾ എന്നുപറഞ്ഞുകൂടാ. നാമും ചിന്തിക്കേണ്ടതുണ്ട്. ക്രിസ്തീയരക്ഷ കേവലം ആത്മമയമായതും വരുവാനുള്ള ലോകത്തിലേക്ക് ഉള്ളതും മാത്രമോ? ഈ ലോകത്തിൽദൈവരാജ്യം സ്ഥാപിക്കുന്നതിനാണല്ലോ നാം ദിവസേന പ്രാർത്ഥിക്കുന്നതു. സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ കാര്യങ്ങളിൽ ക്രിസ്തീയധർമ്മം നിലനിറുത്തുന്നില്ലെങ്കിൽ ശാശ്വത സമാധാനം സാദ്ധ്യമല്ല. താഴെ കുറിക്കുന്ന ചില സംഗതികൾ ഒരു ക്രിസ്തീയ ലോകവ്യവസ്ഥിതിക്കു അവശ്യമല്ലേയോ എന്നു ചിന്തിക്കു.

1. സമത്വം. സാമ്പത്തികസമത്വം (**Economic equality**) എല്ലാവർക്കും ഒരേ തോതനുസരിച്ചു ധനം, ഭൂസ്വത്തു ഇവ ഉണ്ടായിരിക്കുക എന്നതു അഗ്രഹിക്കത്തക്കതായിരിക്കാം, എങ്കിലും അസാദ്ധ്യമാണു. എന്നാൽ ഓരോരുത്തർക്കും അവരവരുടെ ദൈവദത്തമായ കഴിവുകളും, ഗുണങ്ങളും വളർത്തി വികസിപ്പിച്ചു കൊണ്ടുപോകുന്നതിനുള്ള അവസരമുണ്ടായിരിക്കുക എന്നതു അവരുടെ ജന്മാവകാശമാണു. അഭിവൃദ്ധിക്കു, വികാസത്തിനുള്ള അവസരത്തിൽ, സമത്വം അന്വേഷിക്കേണ്ടതാണു. (**equality of opportunity**) ഓരോ കുട്ടികൾക്കും വിദ്യാഭ്യാസസൌകര്യം, ആഹാരസൌകര്യം, വ്യായാമവിനോദങ്ങൾക്കുള്ള സൌകര്യം, ഇവ ഉണ്ടാക്കിക്കൊടുക്കേണ്ടതു സമൂഹത്തിൻറെയും രാഷ്ട്രത്തിൻറെയും കടമയാണു. ഇതു കേവലം നീതിമാത്രം. ഗ്രാമങ്ങളിലുള്ളവരും ദാരിദ്ര്യകുടുംബത്തിലുള്ളവരുമായ എത്ര കുഞ്ഞുങ്ങൾ ആണു സൌകര്യങ്ങൾ ഇല്ലാത്തതിനാൽ വളർച്ച പ്രാ



പസഫിക്ക് യുദ്ധ മേഖല

പിക്കാതെ സമുദായത്തിനു ഭാരമായിത്തീരുന്നതു്. ഇതു് ഒരു സാമൂഹ്യ നഷ്ടമല്ലയോ? കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം മിടുക്കു പ്രദർശിപ്പിക്കുന്നവരുടെ ശാസ്ത്രീയമോ തൊഴിൽപരമോ, അയ വിദ്യാഭ്യാസം, ഒരു ജനകീയ ഭരണസമിതിയുടെ മുമതലയായിരിക്കേണ്ടതത്രെ.

2. ജീവിതത്തിന്റെ പ്രാഥമിക ആവശ്യങ്ങൾ, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഇവ ലഭിക്കുന്നതിനു് ഓരോ വ്യക്തിക്കും അവകാശമുണ്ടു്. ഒരു പങ്കു് ആളുകൾക്കു് ഈ സൌകര്യങ്ങൾ ഇല്ലാതെ പോകുന്നതു് ഒരു ചെറിയക്രൂട്ടം ആളുകൾ തങ്ങൾക്കു് ആവശ്യമുള്ളതിൽ ക്രൂടുതൽ അപഹരിച്ചുവയ്ക്കുന്നതിനാലാണു്. വ്യവസായപ്രമുഖർ, ശാസ്ത്രീയാന്വേഷകർ ഇങ്ങനെയുള്ളവരുടെ കൈകൾ കെട്ടിക്കളയുക നല്ലതല്ല. എന്നാൽ അവരുടെ നേട്ടങ്ങളുടെ ഫലങ്ങൾ മുഴുവൻ കുടുംബസ്വത്താക്കുന്നതിനു ശ്രമിക്കുന്നതും അനുവദിക്കുന്നതും അഗ്രഹിക്കത്തക്കതല്ല. ഭക്ഷണസാധനം, വസ്ത്രം, ഇവയുടെ നിർമ്മാണവും, വിതരണവും, സ്വകാര്യത്തിന്റെ അഭിവൃദ്ധിക്കായിവിട്ടുകൊടുക്കാതെ,പൊതുവിന്റെ, രാഷ്ട്രത്തിന്റെ നിയന്ത്രണത്തിൽ ഇരിക്കേണ്ടതത്രെ.

3. വേല ചെയ്യുന്നതിനുള്ള സൌകര്യം. തൊഴിലില്ലായ്മ, വാർദ്ധക്യകാലത്തെയും, രോഗകാലത്തെയും, നിരാധാരത്വം, ഇവ ഇന്നത്തെ സാമ്പത്തിക സ്ഥിതിയുടെ ദുഷ്യങ്ങൾ ആണു്. യുദ്ധം അവസാനിച്ചതോടുകൂടെ ഒന്നര കോടിയോളം ആളുകൾ അമേരിക്കയിൽ തൊഴിലില്ലാത്തവരായി തീർന്നിരിക്കുന്നു എന്നു നാം പത്രത്തിൽ വായിച്ചല്ലോ. എത്രയും കുറഞ്ഞ ആളുകളെക്കൊണ്ടു് എത്രയും ക്രൂടുതൽ വേല ചെയ്യിക്ക എന്നതേ മുതലാളിത്വത്തിന്റെ താല്പര്യം ആയിരിപ്പാൻ ഇടയുള്ളു. വേല തേടിയിട്ടു കിട്ടാത്തവൻ പട്ടിണി കിടക്കുന്നതു അനുവദിക്കുക നീതിയോ? ഇവിടെയാണു് വ്യവസായത്തിന്മേൽ നിയമംമൂലമുള്ള നിയന്ത്രണത്തിന്റെ ആവശ്യം. ഓരോ വ്യവസായ ശാലകളിലെ എല്ലാത്തരം തൊഴിലാളികൾക്കും ഭംഗിയായി ജീവിതം കഴിക്കുന്നതിനുള്ള ശമ്പളം, താമസത്തിനുള്ള സൌകര്യം, കുട്ടികളുടെ വിദ്യാഭ്യാസത്തിനു സൌകര്യം വാർദ്ധക്യം രോഗം ഈ അത്യാഹിതങ്ങളിലുള്ള സഹായം, ഇവ സജ്ജീകരിക്കത്തക്കവിധം നിയമങ്ങൾ ഉണ്ടാക്കേണ്ടതാണു്. വടക്കേ ഇന്ത്യയിലെ ടാറാ നഗർ (Tatta Nagar) ഇരുമ്പു ഉരുക്കു് വ്യവസായ ശാലയെ ആശ്രയിച്ചു ജീവിക്കുന്നതു് നാല്പതിനായിരം കുടുംബങ്ങൾ ആണു്. ഇങ്ങനെയുള്ള ശാലകളിലെ ലാഭത്തിന്റെ നല്ല ഒരുംശം അതിലെ പ്രവർത്തകരുടെ ജീവിത സൌകര്യങ്ങൾക്കായി തിരിച്ചു വച്ചുകൂടെ?. ടാറാകമ്പനി മുതലായി ചില വ്യവസായികൾ ഈ ആശയം സ്വീകരിച്ചു് പ്രവർത്തിക്കാൻശ്രമിക്കുന്നവരാണെന്നുള്ള അറിവു സന്തോഷകരം തന്നെ. ഇതു ദാക്ഷിണ്യമായി ചെയ്യുന്നതായി അല്ല പ്രവർത്തകരോടുള്ള കടമ നിറവേറുന്ന മനസ്ഥിതിയിൽ ചെയ്യേണ്ടതാണു്. എല്ലാ വ്യവസായ ശാലകൾക്കും ഈ മനസ്ഥിതിയുണ്ടാകുന്ന സാഹചര്യവും വ്യവസ്ഥിതിയും ആണു് സൃഷ്ടിക്കപ്പെടേണ്ടതു്:

4. സൌജന്യ വൈദ്യസഹായം. രോഗസ്ഥിതിയിൽ ചികിത്സയ്ക്കു് സൌകര്യം കിട്ടാതെ മരണം അടയുന്ന എത്ര ആളുകൾ ഇന്ത്യയിൽതന്നെയുണ്ടു്. തങ്ങളുടെ പ്രിയപ്പെട്ടവർക്കു് തക്കവൈദ്യസഹായം കിട്ടാത്തതിനാൽ മരണം പ്രാപിച്ച കാര്യം ഇതു് വായിക്കുന്ന ഒരുത്തക്കും ഉണ്ടായിരിക്കയില്ല. അങ്ങനെയുള്ള അനുഭവങ്ങളിൽ ക്രൂടെകടന്നു് പോകുന്നവരുടെ സ്ഥിതിയെപ്പറ്റി ഊഹിപ്പാൻ കഴിയുമോ. പുതിയവ്യവസ്ഥിതിയിൽ ഇതിന്റെ അവസാനം കാണേണ്ടതു് അവശ്യം.

ഈ പുതിയ ലോകവ്യവസ്ഥിതി എങ്ങനെ സൃഷ്ടിക്കപ്പെടാം? മുതലാളികൾ തങ്ങളുടെ സ്വത്തും അധികാരങ്ങളും അവകാശങ്ങളും വിട്ടുകൊടുക്കയില്ല. അതിനാൽ അവരെ അടിച്ചുടച്ചു് പൊതുജനഭരണത്തിൻ കീഴിൽ സ്വത്തുക്കൾ എടുക്കണം എന്നാണു് കമ്മൂണിസ്റ്റ് റഷ്യയുടെ സിദ്ധാന്തം. സൃഷ്ടിപരമായ കാര്യപരിപാടിയോടുകൂടിയ ഒരു പൊതുജനഭരണം സ്ഥാപിച്ചു് നിയമനിയന്ത്രണം കൊണ്ടു് ഇതു് സാധിക്കാം എന്നു് ഇംഗ്ലണ്ടിലും അ



പഴയ ബ്രി. വിദേശകാര്യ മന്ത്രി മി. ഈഡനും ദക്ഷിണാഫ്രിക്കൻ പ്രധാനമന്ത്രി ഫീൽഡ് മാർഷൽ സ്മട്സും ഫ്രിസ്കോ സമ്മേളനത്തിൽ സംബന്ധിച്ചശേഷം പുറത്തേക്കിറങ്ങിയ അവസരത്തിൽ എടുത്ത ഫോട്ടോ.

മേരിക്കയിലും ചിലർ ആശിക്കുന്നു. വ്യക്തികളുടെ സ്വഭാവം നന്നാക്കിയാണ സമാഗ്രബോധവും മതചിന്തയും വർദ്ധിപ്പിച്ച് സാദ്ധ്യമാക്കേണ്ടതു് എന്നു് ചിലമതപ്രസംഗകർ ശഠിക്കുന്നു. ഇതൊന്നും ആവശ്യമില്ല,സാദ്ധ്യവുമല്ല സ്ഥാപിതമായിരിക്കുന്നവ്യവസ്ഥിതി ദൈവസ്ഥാപിതം, ഇതിനു് എതിരായി പ്രവർത്തിക്കുന്നതു് തെറ്റും അപകടവും എന്നു് മുതലാളികളും മുതലാളിത്തമതവും ഘോഷിക്കുന്നു. ഈ മേൽപറഞ്ഞതിൽകമ്മ്യൂണിസ്റ്റ് വാദക്കാരെക്കുറിച്ചു, ംമുതലാളിത്ത മതമനസ്സുകാരെക്കുറിച്ചും ഇവിടെ ഒന്നും പറയുന്നില്ല. ഇതു രണ്ടും നമുക്കു് വർജ്ജ്യം. സാമൂഹ്യ സാമ്പത്തികപ്രശ്നങ്ങൾ ഉയർന്നീതിബോധത്തോടുവീക്ഷിക്കുന്ന ഭരണക്രമവും ഭരണകർത്താക്കളും ഉണ്ടാകണം. പൊതുജനങ്ങളുടെ അഭിപ്രായഗതിയും ചിന്തയുംരൂപവല്ക്കരിക്കുന്നതിനു തക്ക ആദർശമുള്ളവർപ്രവർത്തിക്കേണ്ടതും ആവശ്യമാണു്. ഇന്നു് മനുഷ്യസമൂഹത്തിൽ പ്രത്യക്ഷപ്പെടുന്നതിനെക്കാൾ ഉൽകൃഷ്ടമായ സമാഗ്രചിന്തയും ദൈവബോധവും വർദ്ധിച്ചു് മനുഷ്യനു് വ്യക്തിയായുംസാമൂഹ്യമായുംആന്തരികമായ നവീകരണംഉണ്ടാകാതെ പുറമേയുള്ള മാറ്റങ്ങൾ സുസ്ഥിരമല്ല. മതത്തിന്റെ ദൃഷ്ടിച്ച പാരമ്പര്യം കൊണ്ടു് ഇന്നു് പൊതുവെ ജനതാമദ്ധ്യത്തിൽ വാക്കു് മതമായിരിക്കുന്ന സത്യം" ദൈവത്തിന്റെ പിതൃതവം മനുഷ്യരുടെസഹോദര്യതവം എന്ന ദിവ്യപ്രമാണം പൂതശക്തിയോടും മൂഢയഥാർത്ഥതയോടും ക്രൂടമനുഷ്യ ജാതി ഗ്രഹിച്ചു് സ്വീകരിക്കുന്നതു് പുതിയ ലോകവ്യവസ്ഥിതിയുടെ സാദ്ധ്യതയ്ക്കു് സഹായവും അടിസ്ഥാനവും ആയിരിക്കും

Illustrious Debtors

WILLIAM PITT
The Younger



He managed the nation's finances, yet could not manage his own. He set aright England's budget, but his domestic budget he could not balance. Lord Carrington, the banker, examined his household accounts, and found the quantity of butcher's meat charged in the bills was one hundredweight a week. Then there was the grotesque item of £600 for hats. In 1800 Pitt had already owed £45000 despite the fact that he had received a salary of over £10000 for many years. He had to accept £11700 as a loan from a Committee of private friends. He was obliged to sell his house, Hollwood.

Pitt was never married. The embarrassment of his debts prevented him from marrying Lord Auckland's daughter whom he had loved.

At Pitt's death, the nation voted £40000 to satisfy the demands of his creditors. Macaulay truly says that the character of Pitt would have stood higher, if, with the disinterestedness of Pericles and De Witt, he had united their dignified frugality.

William Pitt, (1759-1806) Prime Minister of England at the age of 24, he was the second son of Earl of Chatham who laid the foundations of the British Empire. His long premiership, during which he held the office of Chancellor of the Exchequer, divides itself into two periods, one of peace and one of war. His chief aim was to restore to his country the economic prosperity damaged by the American War. He ordered the finances, established a sinking fund and aided by a time of commercial expansion, made his name as a finance minister. He died when he was 47. He was his father's superior in parliamentary ability and administrative vigour, his equal in patriotism and brilliant oratory, but his inferior in that dramatic form of genius which thrives and dominates in times of national strife, catastrophe or war.

MORAL

If debtor you are, this story might bring you a moment of elation in that it classes you among the species of the Supermen. But improvidence is not exclusively and necessarily the vice of the immortals. Even if the nation would house your statue in their Temple of Fame or a grateful generation raise other monuments to your memory, don't forget, wise saving is the secret of contentment, so long as you are living. Palai Central Bank, one of India's leading Joint Stock Banks, affords unrivalled facilities to those who want to save, whether they are famous or obscure. Ask for our literature concerning Fixed Deposits or Savings Accounts.

PALAI CENTRAL BANK LIMITED
(INCORPORATED IN TRAVANCORE WITH LIMITED LIABILITY)

OFFICES:
ALLEPPEY, BANGALORE, COCHIN, DELHI, KOTTAYAM, MADRAS, MANGALORE, NAGERCOIL, NEW DELHI, PALAI QUILON, TRIVANDRUM ETC.

The United India Fire & General Insurance Co., Ltd.,

Registered Office:

"United India Life Building"

ESPLANADE, MADRAS

Directors

The Hon'ble Mr. M. Ct. M. Chidambaram Chettyar

The Hon'ble Dr. U. Rama Rau

Sir Chunilal B. Mehta

Diwan Bahadur V. Shanmuga Mudaliar Avl., C. B. E.

Cassamally Munjee Esq.

GENERAL MANAGER

N RAMA RAU ESQ., B.A., B.L.

AUDITORS

Messrs. BRAHMAYYA & CO.

INCORPORATED ACCOUNTANTS & REGISTERED ACCOUNTANTS

A. V. George & Company Limited.

KOTTAYAM, TRAVANCORE.

Originally started as a partnership firm in 1934 by the name of A. V. GEORGE & Co., for dealing in Rubber, Coffee, Tea and other Produce, for attending to Shipping and Insurance and to act as Forwarding Agents. The Company having done very profitable business from 1934-1937, it was registered as a public Limited Company under the name of A. V. GEORGE & Co., LTD., with Head Office at Kottayam (South India). The main object being the promotion and working of a group of good Tea, Rubber and Coffee Estates in South India, the Company mainly concentrated itself in the promotion and management of Estates after 1937. The services of Mr. A. V. George, a well-known and experienced businessman as the Managing Director of the Firm proves to be a great asset to the Company. The Company now has branches at Cochin and Trivandrum, and also specialises in the Purchase and Sale of Rubber, Tea and agricultural Produce.

DIRECTORS.

A. V. GEORGE Esq., Managing Director.
Ancheril, Kottayam.

A. V. JOHN Esq., Superintendent,
Nenmeny Estate, Nenmeny Bungalow,
Mundakayam.

T. KURUVILLA THOMAS Esq.,
Merchant & Planter, Thamarapally, Chenganur.

M. C. KURIAN Esq.,
Leelalayam,
Pallam.

Name of Companies under the Management of

A. V. GEORGE & CO., LTD.

	Date of Incorporation	Paid up Capital Rs.	Rubber.	Tea.	Coffee.	Cocoanuts.	Other Products.	Buildings and Waste land	Total.
The Thamarapally Rubber Co., Ltd.	1937	4,00,000	472.00	0	0	12.82	28.47	21.49	534.78
The Udayagiri Rubber Co., Ltd,	1937	3,00,000	385.54	0	0	0	187.28	38.45	611.27
The Nenmeny Rubber & Produce Co., Ltd.	1941	6,35,000	631.43	14.00	0	10.50	0	247.48	903.41
The Anandam Rubber Co., Ltd.	1942	5,00,000							
		Deb.1,75,000	463.33	0	0	0	236.56	0	699.89
The Nilgiri Tea Estates Ltd.	1943	11,25,000	0	308.51	176.92	0	0	245.89	731.32
The Kailas Rubber Co., Ltd.	1943	6,00,000							
		Deb.5,75,000	589.02	0	0	29.42	25.04	0	643.48
TOTAL		43,10,000	2641.32	322.51	176.92	52.74	477.35	553.31	4124.15

Chief Agents: 1. The New Guardian of India Life Insurance Co., Ltd.
Special Agents: 2. The United India Fire & General Insurance Co., Ltd.

My Pilgrimage To Wardha

(By The Rev. K. M Simon, D. Th. (Kelham.)

A few weeks ago I received a special invitation from the National Christian Council of India Burma and Ceylon to attend a conference at Nagpur, convened by them of the delegates of the various Christian Youth organisations of the country. Nagpur, which is a stronghold of the Congress, and which witnessed many tragic scenes during the August disturbances is only fifty miles away from Wardha, the unofficial capital of the Nationalist India. From the moment I got there I had an irresistible desire to visit this national headquarters and if possible to have a darsan of the Mahatma. This desire was only strengthened by a causal talk I had with one of the other delegates -Miss Sykes of Santiniketan, an English lady in khadi who had just returned from Wardha. She was full of Sevagram, its basic education school and 'Bappuji'. To visit Sevagram was easy, but to meet the sage of the Asram, the uncrowned king of India, was not so. Mahatma never sees anybody without an appointment. Fortunately this problem was solved when an important friend of mine there volunteered to give me a letter to Dr. J. C. Kumarappa, the Chairman of the All India Village Industries' Association, a right handman of Mahatma, requesting him to do what he can in the matter.

After the council meeting early on the morning of the 9th which incidently is called "the martyrs day" by the congress, I set off with a Punjabi friend of mine to Wardha. The reception we had on the way from three British tommies in the train, in spite of our holding second class tickets is perhaps better forgotten than recorded Suffice it to say that for the first time we were made to feel complete strangers in our own land of birth.

Wardha is a fairly big town of about 30,000 inhabitants. It has absolutely no natural charms to offer a visitor. No sooner we alighted from the train we made our way straight to Magan Wadi, the headquarters of Dr. Kumarappa. We were directed to a hall where we found about 30 Khadi worn people with Kumarappa in the centre spinning. They were silent. I tried many ways to attract their attention but all my efforts proved futile. At last after a wait of about 15 minutes one after another they started coming out, Mr. Kumarappa making his way straight to me. I gave him the letter. He was full of appologies for keeping us waiting and explained that every morning they began their work with prayers and spinning during which time they observed complete silence. He was courtesy personified. Without wasting much time he himself took us round this famous exprimental station of the All India Village Industries. Practically every thing that can be made without the aid of machinary is being experimented there with considerable success. Spinning, weaving, mat making, paper, soap, sugar, paddyhusking, flour-mill, oil mill to be keeping. In another corner I noticed a number of old hurracane lamps with a special home made gadget fixed on to it. This was to burn ground nut oil instead of kerosine. On enquiring whether this is cheaper than kerosine, and therefore more helpful to the masses, he replied with reproof in his eyes, "the question of cheapness does not arise here. Our aim is to develop our village industries and to provide employment to as many as possible and to educate our people to use less and less of foreign imported stuff, thereby learning to depend more on ourselves. Kerosine oil, he added, is a bi-product of petroleum and after taking such huge profit on the latter they can sell this for almost next to nothing without losing anything out of the bargain. So this is definitely not a question of competition".

Later we retired to his office. We all sat on the floor on mats covered by Kadar and a long conversation followed. Every word of his rang with sincerity. He was every inch a gentleman, and a Christian gentleman at that. Born and brought up as a Christian, after long years of training overseas he became a high ranked government official. Then almost by chance he came under the spell of the Mahatma, and like the Apostles of old, followed him forsaking everything. While exchanging ideas with this intellectual giant who was the very embodiment of simplicity and self-sacrifice I could't help letting my thoughts wander a bit to his great leader whose life and example has captivated thousands like him. How can he be just another shreud politician who is nothing more than a hundred percent Hindu? Dr, Kummarappa is still a convinced Christian, and a practising one too. His latest book written in jail called "the Practice and Precepts of Jesus" a most revolutionary and thought provoking work is a standing monuement for this.

By the side of the headquarters of Dr. Kumarappa stands a huge building donated by a patriot housing every type of home product. This is called Sankaralaya, the national museum, which is a clear revelation of what the industrially undeveloped India can do. Inspecting these exhibits my heart leapt for joy. India even in bondage is not ripped of all her talents.

No sooner did we finish seeing the place than fortified by a letter from Dr. K. we jumped into a tonga and started off to Sevagram. Tonga

is a two wheeled horse-cart commonly used in the north Perhaps Edgar Show, the celebrated writer was only speaking the truth when he described this as the primitive intrument of torture. Sevagram is about five miles from Wardha proper. Mahatma is reputed to make heroes out of clay. More, he has put desolate places like Sevagram on the world's map. It has been said that saints in India are usually associated with picturesque sports brimming with the charms of nature. But actually this rural patch can claim nothing but the Mahatma himself. A visitor is made to wonder why of all places he chose this particular spot. It may be that it is well in the middle of Hindustan, or perhaps it is because its villagers are the poorest. But in our country there is hardly much to choose between one villager and another. The same crushing poverty grinds all with little variations. Sevagram is just a colony of huts made of bamboos matting. bricks and mud plaster save perhaps a few buildings connected with the school and a guest house donated by the millionere Birla. Quite unlike on the way there was plenty of vegetation at the Ashram. Practically every inch of land was scientifically cultivated by the inmates themselves and the land looked quite fertile

At the Ashram we were greeted by Mr. Aryanayakam and Mr. G. Ramachandra, the secretaries of the Basic School,-Gandiji's pet scheme of education. Aryanayakam, a well built ceylonese, is a very widely travelled Christain and a bachelor of divinity who was the secretary of the late Rabindra Nath Tagore. He was in charge of the management of Santiniketan for a cosiderably long time. And Mr. Ramachandran is none other than a former editor of the Indian Express of the Travancore State Congress fame. Both these gentlemen who have their offices in the same hut are in the best books of the Mahatma and are occupying enviable positions there.

Ramachandran took Dr Kumarappa's note to 'Bappuji' and returned in a few minutes with the message that he would see us at 4P. M. Meanwhile we were entertained by Aryanayakam and Ramachandran with the traditional oriental hospitality. Apart from Gandiji, perhaps the most important thing to see there is the basic school. We were taken from class to class and I was very much impressed by this type of training. The children of the inmates too studied in the same classes along side the Harijan children of the village. There were hostels both for boys and girls and all above the 4th standered were resident students. There are no servants at Sevagram, and the students took their turn in preparing meals. There was a well-conducted dispensary, managed by a sun-burned English nurse in a kadhi sari. Perhaps the only luxuary which Sevagram enjoys is a telephone which connects this bleaky place with the rest of India.

Sharp at 4 we received summons to present ourselves before Gandiji. I confess I was nervous. Haltingly and somewhat embarrassed I entered that part of the hut which was his office. He was seated on the ground on a mattress in a half reclining position attending to his correspondance. In front of him there was a low desk. A young gentleman seated close to him was fanning him. Dr. Susil Nayar, a Punjabi and not a Malayali, and one of the secretaries with pen and writing pad in hand squatted by the side. This was a comfortable little office, perhaps ten feet by eight, with the usual mud plastered walls. The Mahatma sat by the side of a small window overlooking an equally small varanda. After the usual greetings he invited me to go and sit down close to him. Quite frankly, I was overawed, but held myself up as best as I could. However his captivating smile soon put me to ease. Being ignorant of Hindustani, I started the conversation in English, which he did not countanence very much and advised me to master the language at the earliest opportunity. According to him a person may not need more than six weeks to learn this 'lingua franca' of India. I wonder whether he thought that everybody's brain is as fertile as his. I also gathered that he is now hard at work learning Tamil so as to be able to address the audience in their own language when he visits Madras in December. During the course of our fairly long conversation which was more of a personal nature, I asked him for a message to the newly Constituted Youth Council to which he replied "' If my life had not spoken, what could a word from my mouth do". In his presence I had forgotton everything as if I was transported to an entirly new sphere altogether. Such was his magnetic personality. Is it any wonder that the great masses of India are prepared to die at his word including the robust realist Pandit Jawaharlal Nehru.


The interview finished I got ready to go. But at the invitation of Mr. Aryanayakan, I went to his hut to have a cup of tea with him which was served by another European lady. After tea, paying my respects to everybody, I departed. Soon I was back at Wardha. The train was crowded and was very noisy. What a change from the peace and quiet of the Ashram. I sat up till late that night, again and again thinking of that small hut and of him who sitting there was shaking this vast land of ours and the world beyond. Undoubtedly, those few hours were worth an age.

സകന്തർ

ഗ്രന്ഥകർത്താ:- ഇ. എം. കോവൂർ, ബി. എ., ബി. എൽ.

ഇൻഡ്യാചരിത്രത്തിലെ വികാരാത്മകങ്ങളായ സംഭവസമുച്ചയത്തിൽ സാഹിത്യഭാവനയുടെ സിന്ദൂരപ്പൊടി വിതറി സ്ഫുടംചെയ്തെടുത്ത മധുരമനോഹരമായ ഒരു നാടക കാവ്യരത്നം.

ഇന്ത്യൻ ബുക്ക്ഡിപ്പോ,
കോട്ടയം.



ഫീൽഡ് മാർഷൽ സർ അല്ലൻ ബ്രൂക്ക്



അഡ്മിറൽ സർ ഹെൻട്രി ഹിത്ത്വെൻ മൂർ.



ജനറൽ എം. ഡബ്ളിയു. ക്ലാർക്ക്



ഫീൽഡ് മാർഷൽ സർ ഹറോൾഡ് അലക്സാണ്ടർ



ബ്രി. പാർലമെൻറു മന്ദിരം—തെംസ് നദിയ്ക്കുള്ള ലാംബത് പാലമാണ് മുൻവശത്തുകാണുന്നതു്.



എയർ മാർഷൽ ആർതർ കണ്ണിങ്ങ്ഹാം



ലഫ്.ജന.എം. സി. ഡെംപ്സി



അഡ്മിറൽ സർ ആൻഡ്രൂ കണ്ണിങ്ങ്ഹാം

The Travancore Wood & Toys Industries, Trivandrum

WHAT THE WORLD SAYS

We are giving below a few testimonials from some of our distinguished visitors bearing on the orginality, working and prospects of our Industry.

I was greatly impressed by the work done at the Toys Industries. The standard of toys and other articles produced by them is very high and will compare favourably with those produced anywhere else in the world. The Manager Mr. Idicheria is an inventive genius, and I sincerely hope he will be able to achieve his ambition of eliminating foreign, especially Japanese toys from India. I wish the industries every success.
26th June 1944. (Sd) Jam Saheb, Maharaja of Nawanagar.

I was very much impressed with the fine workmanship of the articles produced by the Wood and Toys Industries. I wish Mr. Idicheria every success.
5-3-1945 (Sd.) Rajagopala Tondaiman, Raja of Pudukottai.

We were taken round the P. W. D. Wood and Toys Industries by the Manager Mr. P. D. Idicheria. We were much impressed with the originality of the designs and the capability with which they were being finely executed employing the local labour. The toys have a wide sale outside Travancore. We wish the growing concern every success.
10th March 1944, (Sd) Jayalakshmirani, Elaya Rani of Kollengode.

Mr. Idicheria is a person full of orginal ideas and constructive schemes and has designed articles of furniture, toys and other items which have elicited general commendation.
He is about to start an independent venture where he hopes to have full scope for his ingenuity and inventive capacity and I wish him all success.
1-2-1945. (Sd.) C. P. Ramaswami Aiyar. Dewan of Travancore.

I have visited the Toy factory several times and always found it interesting. Mr. Idicheria is artistic, and his designs for furniture most attractive.
April 9th 1945, (Sd.) E. F. Edwards, Resident for the Madras States.

My wife and I have always been interested in Mr. Idicheria's work. Mr. Idicheria is an artist, full of ideas and gets them carried out by his workmen with great skill and accuracy. The workshop has worked out many ideas of ours showing great initiative and taste.
10-11-1944. (Sd.) H. J. Todd, Resident for the Madras States.

Mr. Idicheria has turned out beautiful things here. He is a young man with brilliant ideas. I wish him every success.
(Sd) S. Sultan Ahamed, Member, Department of Information &
8-8-1944 Broadcasting, Government of India

This is a really well-run Workshop. Mr. Idicheria has obviously got many new ideas, and he is producing things I have never seen in India before. His standard of workmanship is high and he is always willing to experiment.
22-11-1944. (Sd.) M. Zinikin, I. C. S., Finance Department, Government of India.

During my visit today to this factory, I was deeply impressed by the standard of workmanship, also the cheerfulness of the tradesmen at their work. I have one criticism which I hope you will allow me to make and that is that no publicity has been given to this industry and "It pays to advertise". This industry, I feel has a high future.
31-1-1945. (Sd.) Major Price, War Service Exhibition.

കൂപ്പപ്പുരം

പൂച്ചമാക്കു

വളങ്ങൾ

എല്ലാത്തരം കൃഷികൾക്കും ശാസ്ത്രീയമായ രീതിയിൽ നാം തയ്യാറാക്കിച്ചേർക്കുന്ന കൂട്ടുവളങ്ങൾ ഞങ്ങളുടെ ഡിപ്പോകളിലും. ഏജൻസികളിലും നിന്നു കിട്ടുന്നതാകുന്നു.

നെല്ലുവളം
കപ്പവളം
കരിമ്പുവളം
എല്ലുപൊടി

തെങ്ങുവളം
റബർ വളം
എത്തവാഴ വളം
പച്ചക്കറിവളം

കൊഞ്ചുപൊടി
കക്കപ്പൊടി

AGENCIES AND DEPOTS

പന്തളം—കൊട്ടാരക്കര—അടൂർ—കണ്ടറ
ചെങ്ങന്നൂർ—കാഞ്ഞിരപ്പള്ളി—കായംകുളം.
മാവേലിക്കര—പാമ്പാടി—ആലപ്പുഴ.
പെരുമ്പാവൂർ—ചങ്ങനാശേരി—ആലുവാ.

ഫാക്ടറി - കൂപ്പപ്പുറം, ആലപ്പുഴ

Kuppapuram Manures

HEAD OFFICE

K.K. Road, Kottayam.

M G TIMBER & METAL WORKS


നാങ്ങൾക്കുള്ള തടികളുടെ ആവശ്യം

പരിഷ്കൃതരീതിയിലുള്ള മേശ, കസേര, കട്ടിൽ മുതലായ എല്ലാത്തരം വീട്ടുപകരണങ്ങളും, വീട്ടുപണിക്കാവശ്യമുള്ള സകല ഉരുപ്പടികളും ഞങ്ങളുടെ പക്കൽ എപ്പോഴും തയ്യാറുണ്ട്. എല്ലാത്തരം തടികളും വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതാണ്.

എം. ജി. റബർ ആൻഡ് മെറ്റൽ വർക്സ്

കാരാപ്പുഴ - കോട്ടയം.

PAPER CUTTING MACHINE



SIZE 24 INCHES

This Machine is constructed according to latest requirements. Wheel system, Diagonal Cutting movement, Double Gearing Draw Rods etc. Height of clamp 5″


TREADLE PERFORATOR

Size 18 inches



Very strong construction. Best tempered steel pins. Complete with polished tables and front and back gauges.


PROOF PRESS



This press in most indispensable to every printing press.
Size of movable plate 12″ x 24″


MITREING MACHINE

INDISPENSABLE TO PRINTERS



A well-finished and substantially built machine, useful for general work, up to 8 point thickness.

LEAD AND RULE CUTTER




SIZE 9 INCHES

This Lead and Rule Cutter is a strong and serviceable Machine and cuts Lead and Rule without burr.

HARD PRESS

With strong Platen and Bed & best workmanship



Size of Plate 12″ x 18″
Approximate weight 200 lbs.

THE MADRAS TYPE FOUNDRY, 38 JONES ST., G. T., MADRAS

A. G. Krishna Shenoy

PAINTS & HARDWARE MERCHANT

KOTTAYAM (Tel. "MAGNET")

H. O. ERNAKULAM Tel. "MAGNET"

Building Materials, Estate requisites, Paints & all Hardware Materials always in stock. Prompt execution a speciality.

Our 'KURIYANS' French Polish Excellent for furniture.

A satisfied Customer is our permanent asset.

The Metal Industries Limited, Shoranur.

(Incorporated in Br. India - 1928 Liability of members Limited)

Branch Sales Offices:

KOTTAYAM AND VIRRAJPET.

(OUR TOOLS ALL MADE OF STEEL—VERY ESSENTIAL TO FULFIL GROWING NEEDS OF AGRICULTURE AND RECONSTRUCTION WORKS)

WE MANUFACTURE

Agricultural Implements, Estate tools, Garden tools, & Cutlery:

(Mamooties, Pickaxes, Felling axes, Vettukathies, Digging Forks, Rubber Tapping knives, Pruning knives, Mamooty Forks, Kodaly Forks, Weeding Forks, Weeding hoes, Sledge Hammers, Grubbing Mattocks, Steel Wedges, Alavangoes, Grass knives, Thoombas, Quintanies, Pruning Saws, etc. and Penknives, Scissors, Table knives, Vegetable knives, Bread knives, etc. etc.)

OUR REGISTERED TRADE MARK: 'TURTLE' ON ALL TOOLS.



ENQUIRIES SOLICITED.

THE
PONMUDI RUBBERS, LTD.

(Incorporated in Travancore)

CAPITAL

Authorised		Rs. 5,00,000
Issued & Paid-up	Pref. shares at Rs. 10=	Rs. 70,000
	Ordi. shares at Rs. 2=	Rs. 1,65,000

BOARD OF DIRECTORS:

A. V. George Esq., [Chairman] Managing Director: A. V. George & Co., Ltd., Kottayam.

P. J. Jacob Esq., Planter, Kynadi Buildings, Kottayam. Propr: P. J. Jacob & Co., Kottayam.

C. T. Thomas Esq., B. A. L. T, Planter, Ayiravelil, Kainakary.

T. T. Chacko Esq., M. A., Planter, Thevercad, Kainakary.

Managing Agents:

PLANTERS' TRUST LIMITED
Changanacherry.



SECURITY BEGINS AT HOME

The Wise man relies mainly on his own efforts to provide for his future, his home and his loved ones, He generally makes life insurance his very first line of protection.

Helping such provident men in thousands has been the privilege of the New Guardian during all these years. Conserving the Policy Holders' interests above everything else is one of its main planks. Progressive methods permit of personal service to the greatest number of its Policy Holders and the New Guardian Agent nearby will give you all advice on your insurance problems without any obligation.



THE NEW GUARDIAN OF INDIA LIFE
INSURANCE COMPANY LIMITED
UNITED INDIA LIFE BUILDING
ESPLANADE - MADRAS
ESTD. 1934

Chief Agents:- MESSRS. A.V. GEORGE & CO., LTD.
KOTTAYAM.

ഇൻഡ്യയും യുദ്ധവും

ഒരു സാമ്പത്തിക പ്രത്യവലോകനം

(സി. എം. സ്റ്റീഫൻ ബി. എ. ബി. എൽ)

ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ഇൻഡ്യ വഹിച്ച ഭാഗഭാഗിത്വം ഐകകണ്ഠ്യേനേ താക്കന്മാരുടെയെല്ലാം മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. എണ്ണപ്പെട്ട സമരസാരജ്ഞന്മാർ സർവ്വരും ഭാരതീയഭടന്മാരുടെ അയോധനപാടവം വാനോളം പുകഴ്ത്തിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ സാമ്പത്തികമായി ഇൻഡ്യയുടെ പങ്കും, സഹിച്ച ത്യാഗങ്ങളും, അതിന്റെ തികഞ്ഞ രൂപത്തിൽ പൊതുജനങ്ങൾ ധരിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ആധുനിക സമരതന്ത്രത്തിൽ യുദ്ധോപകരണനിർമ്മാണപരമായ സാമ്പത്തികയത്നം പടക്കളത്തിലെ പയറ്റുപോലെതന്നെ പരമപ്രധാനമായ ഒരു ഘടകമാണ്. യുദ്ധരംഗത്തിനു പിറകിൽ സാധാരണർ നടത്തുന്ന സാമ്പത്തികയത്നമാണ് അപരഘടകങ്ങളെ അപേക്ഷിച്ച് അവസാനമായി വിജയാപജയങ്ങൾക്കു വിധിയെഴുതുന്നതു്. ഈ യുദ്ധത്തിന്റെ മതിഭ്രമകമായ ധനവ്യയത്തിൽ ഇൻഡ്യയുടെ പങ്കെന്തായിരുന്നു? അതിനു് ആവശ്യമുള്ള പണം എങ്ങനെയുണ്ടായി? യുദ്ധകാലത്തും ഭാവിഘട്ടത്തിലും ഉള്ള സാമ്പത്തിക വ്യവസ്ഥിതിയിന്മേൽ ഈ ഭാരിച്ച ചിലവിന്റെ പ്രത്യാഘാതം എന്താണ്? ഈ മൂന്നു പ്രമേയങ്ങളാണ് ഇതിനുപരി പ്രതിപാദ്യവിഷയം.

ഇതിൽ ആദ്യത്തെ പ്രശ്നത്തിനു് ഒരു നിശ്ചിത തുകയിൽ ഉത്തരം പറയുക സാധ്യമല്ല; ഒരു ചെറിയ വിശദീകരണം അവശ്യമാണ്. ഇൻഡ്യ ഉൾപ്പെട്ട ബ്രിട്ടീഷ് സാമ്രാജ്യത്തെ പ്രത്യേകിച്ചും, അഖിലലോകരാഷ്ട്രങ്ങളെ പൊതുവെയും സാരമായി ബാധിച്ച ഒരു മഹായുദ്ധമായിരുന്നുവല്ലൊ ഉക്കഴിഞ്ഞതു്. അതുകൊണ്ട് ഇൻഡ്യയും, ബ്രിട്ടീഷ് ഗവൺമെൻറും പ്രത്യേകം പ്രത്യേകം നിർവഹിക്കേണ്ട ഭാഗങ്ങൾ നിഷ്കൃഷ്ടമായി നിശ്ചയിക്കുക, കായ്ങ്ങളുടെ സുഗമത്തിനു് അനുപേക്ഷണീയമായി വന്നു. അങ്ങനെ യുദ്ധത്തിന്റെ ആരംഭഘട്ടത്തിൽതന്നെ ഫിനാൻഷ്യൽ സെറ്റിൽമെൻറ് Financial settlement എന്ന പേരിൽ ഒരു ക്രമീകരണം ഇൻഡ്യാഗവൺമെൻറും ബ്രിട്ടീഷ് ഗവൺമെൻറും തമ്മിൽ ഉണ്ടായി. ഏതാനും ചില ഭേദഗതികളോടുകൂടി അതു് ഇതുപര്യന്തം നിലവിലിരിക്കുന്നുമുണ്ട്. പ്രസ്തുത ക്രമീകരണത്തിൽ ഇൻഡ്യ ചെലവുചെയ്യേണ്ട ഇനങ്ങൾ ഏതെല്ലാമെന്നു സൂക്ഷ്മം നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ചു യൂറോപ്യൻയുദ്ധം അവസാനിക്കുന്നതുവരെ ഇൻഡ്യയുടെ പേരിൽ യുദ്ധത്തിനുവേണ്ടി ഇൻഡ്യ ചെലവാക്കിയ തുക 1400 കോടി രൂപയായിരുന്നു. ഇപ്പോൾ അതു് 1500 കോടിയിൽപരമായി ഉയർന്നിട്ടുണ്ടെന്നു കണക്കാക്കാം. ഇതിനുംപുറമെ, ഒരു വലിയ സംഖ്യ ഇൻഡ്യാഗവൺമെൻറു ബ്രിട്ടനു കടമായി കൊടുത്തിട്ടുണ്ട്. മുമ്പുസൂചിപ്പിച്ച Financial settlement (സാമ്പത്തിക തീർപ്പു്) അനുസരിച്ചു ബ്രിട്ടീഷ് ഗവൺമെൻറു വഹിക്കണമെന്നു് ഉഭയസമ്മതിയുള്ളതും, എന്നാൽ ഇൻഡ്യയിൽ ചെലവഴിക്കപ്പെടുന്നതുമായ അംശങ്ങളാകുന്നു അവ. ഇൻഡ്യയ്ക്കു വെളിയിലുള്ള യുദ്ധരംഗങ്ങളിലേക്കു് ഇൻഡ്യൻ ഫാക്ടറികൾ നൽകുന്ന സമരസാമഗ്രികൾ, ബ്രിട്ടനിലെയും അമേരിക്കയിലെയും മറ്റും ഭടന്മാരുടെ ആവശ്യത്തിനു് ഇൻഡ്യയിൽവച്ചു് നൽകുന്ന വേതനം അടിയായവ ഉദാഹരണങ്ങളാണു്. അവിധത്തിൽ ഇൻഡ്യയിൽനിന്നും കടമെടുത്തതു് 1400 കോടി രൂപയാണു്. ഈ സംഖ്യ തിരികെ തരുവാൻ ബ്രിട്ടീഷ് ഗവൺമെൻറിനു ബാദ്ധ്യതയുണ്ടു്. ഏ

VALAVI & CO., KOTTAYAM

DEALERS IN:. Wines, Spirits. Aerated water requisites, Paper & Printing materials, Toilet and Pharmaceutical requisites, High class cigars and cigarettes etc.

ENQUIRIES SOLICITED

Offices at Ernakulam, Vaikam and Trivandrum.

ങ്കിലും ഇൻഡ്യയിൽനിന്നു വാസ്തവത്തിൽ ചെലവഴിച്ച പണം എന്ന നിലയ്ക്ക് ഇൻഡ്യയുടെ യുദ്ധകാലവ്യയത്തിന്റെ ഒരു ഭാഗമായി അതിനെ പരിഗണിക്കുന്നതിൽ അസാംഗത്യം ഇല്ല. അങ്ങനെ സ്വന്ത ഉത്തരവാദിത്വത്തിൽ ചെലവഴിച്ച 1400—ം, കടമായി കൊടുത്ത 1400-ം ഉൾപ്പെടെ, യുദ്ധാവശ്യത്തിലേക്കു യൂറോപ്യൻവിജയംവരെ, ആറുവർഷങ്ങൾക്കകം, ഇൻഡ്യാഗവൺമെന്റു വ്യയംചെയ്ത സംഖ്യ ഏകദേശം 2800 കോടി രൂപയാണ്. വേറൊരുവിധം പറഞ്ഞാൽ ശരാശരി 460 കോടിരൂപാ പ്രതിവർഷം യുദ്ധാവശ്യത്തിനു് ഇൻഡ്യാഗവൺമെന്റു ചെലവാക്കിയിട്ടുണ്ട്. ഒന്നാം ലോകമഹായുദ്ധത്തിൽ, 1914—നും 1918-നും ഇടയ്ക്കു്, ഇൻഡ്യ വഹിച്ച മൊത്തം യുദ്ധച്ചെലവു് 283 കോടി രൂപാ മാത്രമായിരുന്നു എന്നോർക്കുമ്പോൾ ഈ യുദ്ധത്തിന്റെ ധനപരമായ ഭീകരത്വം സ്പഷ്ടമാകുന്നതാണ്. ഒന്നാം മഹായുദ്ധത്തിൽ തുകെക്കുടിയുള്ള ചെലവു് രണ്ടാംയുദ്ധത്തിലെ പ്രതിവത്സരവ്യയത്തിന്റെ അർദ്ധാംശം മാത്രമേയാകുന്നുള്ളൂ!!

യുദ്ധത്തിനുമുമ്പു് (1938-39) ഇൻഡ്യയുടെ മുതലെടുപ്പ് എഴുപത്തെട്ടര കോടി രൂപയോളമായിരുന്നു. വർഷമൊന്നിനു് ഇൻഡ്യയ്ക്കുണ്ടായ യുദ്ധച്ചെലവു് ശരാശരി 460 കോടി രൂപയാണെന്നു നാം കണ്ടുകഴിഞ്ഞു. അതിനെക്കൂടെ, സാധാരണച്ചെലവായി (Civil expenditure) പ്രതിവർഷം ഗവൺമെന്റു വഹിച്ചുവന്ന 70 കോടി രൂപകൂടി ചേർക്കുന്നപക്ഷം, യുദ്ധകാലത്തിൽ അങ്ങൊന്നുകൂ സംഭരിച്ചു ചെലവഴിക്കേണ്ടിയിരുന്ന തുക 530 കോടി രൂപയായി ഉയരുന്നു. ഈ 530 കോടി രൂപാ എവിടെ? യുദ്ധത്തിനുമുമ്പു വരവുണ്ടായിരുന്ന എഴുപത്തെട്ടര കോടി രൂപാ എവിടെ? ഇവതമ്മിലുള്ള അന്തരം ഗവൺമെന്റു് എങ്ങനെയാണു നികത്തിയതു്? അപ്പണം എങ്ങനെയുണ്ടായി?

മുതലാളിത്ത സാമ്പത്തിക വ്യവസ്ഥിതിയിൽ വർത്തിക്കുന്ന രാഷ്ട്രങ്ങൾക്കെല്ലാം, യുദ്ധകാലത്തെ വർദ്ധിച്ച ചെലവുകളുടെ നിർവ്വഹണത്തിനു് അനുവർത്തിക്കാവുന്ന ഉപാധികൾ മൂന്നു മാത്രമാണ്. കരംചുമത്തൽ (Taxation) കടംകൊള്ളൽ (Borrowing) നാണയോല്പാദനം (Inflation) ഇവയത്രെ അവ. അമേരിക്ക, കാനഡാ, ബ്രിട്ടൻ, ജർമ്മനി തുടങ്ങിയ സകല ആയോധകരാജ്യങ്ങളും ഈ പദ്ധതികൾ ശക്ത്യാനുസരണം സ്വീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉപാധികളുടെ ക്രമാനുഗതികത്വത്തിൽ (Order of Employment) ഇൻഡ്യയ്ക്കു് ഇതരരാജ്യങ്ങളിൽനിന്നു മൌലികമായ ഭിന്നതയുണ്ട്. ആദ്യം കരംചുമത്തൽ, രണ്ടാമതു കടംകൊള്ളൽ, മൂന്നാമതു നാണയവികസനം ഈ രീതിയാണു് ഉത്തമ സാമ്പത്തിക ശാസ്ത്രത്തിന്റെ അനുശാസനം. ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങൾ അതേ ക്രമത്തെ അവലംബിച്ചതും. ഇൻഡ്യയാകട്ടെ ആദ്യം നാണയവികസനവും പിന്നീടു മറ്റു പദ്ധതികളും അംഗീകരിക്കുകയാണു് ഉണ്ടായതു്.

യുദ്ധത്തിന്റെ പൊട്ടിപ്പുറപ്പാടിൽ ഇൻഡ്യയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ നില സാധാരണ സാമ്പത്തിക നയസ്വീകരണത്തിനു സഹായകമായിരുന്നില്ല എന്നതു് ഈ തലതിരിഞ്ഞ ക്രമീകരണത്തിനുള്ള സമാധാനം. കരംചുമത്തലും, കടംവാങ്ങലും ഫലപ്രദമായി നടക്കണമെങ്കിൽ രാജ്യത്തു ധാരാളം പണം ആവശ്യമാണ്. ജനങ്ങളുടെ കൈവശം ആവശ്യത്തിലധികം പണമില്ലെങ്കിൽ എങ്ങനെ എത്രമാത്രം കരംപിരിക്കുവാനാണ്? ആരു്, എത്രകണ്ടു് കടംകൊടുക്കുവാനാണ്? യുദ്ധം ആരംഭിച്ച സന്ദർഭത്തിൽ ഇൻഡ്യൻജനത തുലോം നിർദ്ധനമായിരുന്നു. ആവശ്യങ്ങളാകട്ടെ കണ്ണടച്ചു തുറക്കുന്നതിനു മുമ്പു കുതിച്ചുയർന്നു. ഉല്പന്നങ്ങൾ വർദ്ധിപ്പിച്ചു യുദ്ധരംഗത്തിലേക്കു് അയക്കണം; ഭടന്മാരെ പരിശീലിപ്പിക്കണം; യുദ്ധസാമഗ്രികൾ നിർമ്മിക്കണം. ഉറങ്ങിക്കിടന്ന സാമ്പത്തികചക്രം ഇരമ്പി നീങ്ങേണ്ടതായി വന്നു. അതിനെല്ലാം നാണയവിക്രയം ആവശ്യമാണ്. കരംചുമത്തുവാനും, കടം വാങ്ങുവാനും തക്കവണ്ണം ഇൻഡ്യ സമ്പന്നയല്ലായിരുന്നതാനും. പിന്നെ, അവശേഷിച്ച ഏക പോംവഴി കറൻസിനോട്ടുകളുടെ നിർമ്മാണം മാത്രമാണ്. അതുകൊണ്ടു റിസർവ്വ് ബാങ്ക് ലക്ഷോപലക്ഷങ്ങളായി നോട്ടുകൾ അടിച്ചിറക്കുവാൻ തുടങ്ങി. നോട്ടുകൾ അടിക്കുവാൻ സ്വർണ്ണം, രൂപനാണയം, സ്റ്റെർലിംഗ്ബാലൻസ് (Sterling Balance) ആദിയായചില ആസ്തികൾ (Security) ആവശ്യമാണ്. അടിച്ചിറക്കുന്ന കറൻസിയുടെ ഒരു നിശ്ചിതാംശം (Proportion) സ്വർണ്ണമായിരിക്കണമെന്നു റിസേർവ് ബാങ്ക് അക്ടിൽ നിർദ്ദേശിച്ചിരുന്നു. അപ്പോൾ, നോട്ടിന്റെ സംഖ്യ വർദ്ധിക്കുന്നതോടൊപ്പം സ്വർണ്ണത്തിന്റെ സംഭരണവും വളരേണ്ടതാണ്. യുദ്ധകാലത്തു് ഇതിന്റെ അസംഭാവ്യത സ്പഷ്ടമാണല്ലൊ! അതുകൊണ്ടു നോട്ടിന്റെ ആസ്തിയായി

The Reliable Tailoring House

Y. M. C. A. ROAD, KOTTAYAM.

All kinds of stitching & embr idery works done here at moderate rates.
Up-to-date suits, long coats, Military uniforms, Breeches, Bush shirt, Bush coats & Gowns etc. done here.
എല്ലാവിധ റെഡി മെയിഡ് ഡ്രസ്സുകളും എപ്പോഴും തയ്യാർ.

A TRIAL IS SOLICITED.

Proprietor

ഉണ്ടായിരിക്കേണ്ട സ്വർണ്ണം ഒരു നിശ്ചിതാംശം എന്നതിൽനിന്ന് ഒരു നിശ്ചിതസംഖ്യ (Minimum quantity) എന്നു മാറി റിസർവുബാങ്ക് ആക്ടിൽ ഒരു ഭേദഗതി വരുത്തി. ബാക്കിയുള്ളതിനു സ്റ്റേർലിംഗ്രൂമിച്ചം മതിയെന്ന നിശ്ചയവുമുണ്ടായി. സ്റ്റേർലിംഗ്രൂമിച്ചത്തിന്റെ വിശദീകരണം ഇവിടെ അസംഗതമാണു്. ഇൻഡ്യയിൽനിന്നു ബ്രിട്ടനോ, ബ്രിട്ടന്റെ ആവശ്യാനുസരണമോ ഇൻഡ്യാഗവമ്മെൻറിൽക്കൂടി നൽകപ്പെട്ടുന്ന സാധനസേവനാദികൾക്കു വിലയായി ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ സ്റ്റെറ്റുബാങ്കായ ബാങ്ക് ഓഫ് ഇംഗ്ലണ്ടു് അവരുടെ ബുക്കിൽ ഇൻഡ്യൻ റിസേർവുബാങ്കിന്റെ പേരിൽ വരവുവയ്ക്കുന്ന തുകയാണു് എന്നു സ്റ്റേർലിംഗ്രൂമിച്ചത്തിനു് ഏകദേശ നിർവചനം നൽകാം. അതു ബ്രിട്ടീഷ് ഗവർമ്മെൻറു് ഇൻഡ്യയിൽനിന്നു് എടുത്തിരിക്കുന്ന കടമാണു്. ഇങ്ങനെയുള്ള ബ്രിട്ടൻ നമ്മിൽനിന്നു മുമ്പു സൂചിപ്പിച്ച 1400 കോടി രൂപാ വായ്പ വാങ്ങിയിരിക്കുന്നതു്. പ്രസ്തുത മിച്ചത്തിന്റെ ഉറപ്പിന്മേലാണു് ഇൻഡ്യാഗവമ്മെൻറു കറൻസി നോട്ടുകൾ ഇറക്കി ആവശ്യങ്ങൾ നിറവേറിവന്നതും. യൂറോപ്യൻ യുദ്ധം അവസാനിക്കുമ്പോൾ ആകെ അടിച്ചിറക്കിയിരുന്ന നോട്ടുകൾ 1117 കോടി രൂപയ്ക്കായിരുന്നു. ഇപ്പോൾ അതു 1153 കോടിയായി ഉയർന്നിട്ടുണ്ടു്. യുദ്ധം ആരംഭിക്കുമ്പോൾ ഇൻഡ്യയിൽ ആകെ ഉണ്ടായിരുന്ന കറൻസി നോട്ടുകൾ 169·41 കോടി രൂപയ്ക്കു മാത്രമായിരുന്നു എന്നതു് ഇവിടെ സ്മരണീയമാണു്.

പരിഭ്രമജനകമായ ഈ നാണയപ്പെരുപ്പത്തിന്റെ ഫലം ഏറ്റവും ദാരുണമായിരുന്നു. ജനങ്ങളുടെ കൈവശമുള്ള നാണയസമ്പത്തു് അനേകമടങ്ങു വർദ്ധിച്ചു. വിപണിയിലെ ഉല്പന്നശേഖരം വളരെ ലോപിച്ചു. അതിന്റെ പരിണിതഫലം സാധനങ്ങളുടെ വില അഭൂതപൂർവ്വമായി വർദ്ധിക്കയത്രെ. കള്ളക്കച്ചവടവും അമിതാദായവും വിഷക്കാറ്റുവീശി. എത്രയും കുറഞ്ഞ ഒരു ന്യൂനപക്ഷത്തിന്റെ ധനശേഖരം ക്രമാതീതമായി ഉയർന്നു. ഭൂരിഭൂരിപക്ഷം തൊഴിലാളികൾ ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ അണ്ടപോയി. ചൈനയുടെ കഥയെഴുതിച്ചാൽ, നിയന്ത്രണശൂന്യമായ നാണയപ്പെരുപ്പംമൂലം ഇത്രമാത്രം കയ്പുനീരു കുടിച്ച മറ്റൊരു രാജ്യം ഇല്ലതന്നെ. സാംക്രമികരോഗം ക്ഷാമം, ദാരിദ്ര്യം, അധർമ്മം ഇവയുടെ ഭീകരനൃത്തരംഗമായി ഭാരതംരൂപാന്തരപ്പെട്ടു. ബഹുസഹസ്രങ്ങളെ അഹർദിനം യുദ്ധബംഗാളിലെ ചുടലക്കളങ്ങൾ തുടങ്ങി രാജ്യത്തിന്റെ നാനാഭാഗത്തും കൊടുമ്പിരിക്കൊണ്ടുവീശി വിരാജിച്ച മഹാക്ഷാമങ്ങൾ ഈ നാരകീയതയുടെ ചിരന്തനസാക്ഷികളാണു്. ഈ മനുഷ്യയാതനയുടെ ഭാരം ചെയ്യുവിലതീരാത്ത വലിയ ത്യാഗം.

നാണയപ്പെരുപ്പവും വ്യാവസായികപ്രവർത്തനവും മുഖേന ധനികർക്കു കൂടുതൽ ധനമായി. ധനികന്റെ ഖജനാവിൽനിന്നു ധനികന്റെ ഖജനാവിലേക്കു പണത്തിന്റെ ഒരു പെരുവെള്ളച്ചാട്ടമാരംഭിച്ചു. അതിന്റെ ഭീമപ്രവാഹത്തിൽപ്പെട്ടു അമർന്നുപോകാതെ ഇൻഡ്യയിലെ ലക്ഷോപലക്ഷം സാധുക്കളെ രക്ഷിക്കുക അത്യാവശ്യമായിവന്നു. ഉപയോഗമില്ലാതെ വിപണികൾ കയറി ഇറങ്ങിഭ്രമണംചെയ്യുന്നനാണയനിർദ്ധരിയെ കഴിയുന്നത്ര സംഭരിച്ചു ഗവമ്മെൻറിന്റെ ആവശ്യത്തിലേക്കു വിനിയോഗിക്കുക മാത്രമാണു് അതിനുള്ള ഏക ഉപാധി. നികുതി, അമിതാദായനികുതി തുടങ്ങിയ രീതിയിൽ കരംചുമത്തുകയും, ലോൺ (Loan) മൂലം പണം കടമെടുക്കുകയുമത്രെ പ്രസ്തുത ആവശ്യത്തിനുള്ളമാർഗ്ഗം. യുദ്ധകാലത്തെ വരവിനു് ഇതരഗവമ്മെൻറുകൾ സ്വീകരിച്ചിരുന്ന നയവും അതുതന്നെയാണല്ലൊ! ഫിനാൻസ് മെമ്പർ സർ ജറമി റെയിസ്മാന്റെ നേതൃത്വത്തിൽ ഈ നയം ഗവമ്മെൻറു് ഊർജ്ജിതമായി നടപ്പാക്കി. കരം, നികുതി (Excise duty) ആദിയായ ഇനങ്ങളിൽ 1074 കോടി രൂപയും, ലോൺമൂലം കടംവാങ്ങലിനത്തിൽ 1004 കോടി രൂപയും യൂറോപ്യൻയുദ്ധാവസാനത്തിനകം സംഭരിക്കുവാൻ ഗവമ്മെൻറിനു സാധിച്ചു. ഇതിനുപുറമെ അമേരിക്കയുടെയും ബ്രിട്ടന്റെയും വക സ്വർണ്ണം റിസർവുബാങ്കിൽക്കൂടി ഇൻഡ്യയിൽ വിൽക്കുകയും, അങ്ങനെ ഒരു സംഖ്യ ഉണ്ടാക്കി അവരുടെ ഇവിടത്തെ യുദ്ധാവശ്യങ്ങൾക്കു ചെലവഴിക്കുകയും ചെയ്തിട്ടുണ്ടു്. ആ മാർഗ്ഗത്തിൽ ലഭിച്ച തുക 148 കോടി രൂപായാണെന്നാണു് ബോംബെയിലെ ചിലവ്യാപാരകേന്ദ്രങ്ങൾ കണക്കാക്കിയിരിക്കുന്നതു്. യൂറോപ്യൻ വിജയമുട്ടത്തിൽഇൻഡ്യയുടെസാമ്പത്തിക സ്ഥിതിവിവരക്കണക്കു് ഏതാണ്ടു് ഈവിധമായിരുന്നു:—

	വരവു്	
കരം	1074	കോടി
കടം	1004	"
നാണയം	1117	"
സ്വർണ്ണവിൽപനയും മറ്റും	160	"
	3,355	

THE COCHIN COMMERCIAL BANK LIMITED.
((Incorporated in 1936)
Head office: COCHIN
Branches: Ernakulam, Madras, Palghat, Trichur, Tripunithura & Mulanthuruthy
All kinds of Banking Business transacted.
Rao Bahadur Dr. M. R. Guruswarry Mudaliar
Chairman.
V. J. Kurien M. A.,
Managing Director.

ചെലവു്	
തനതു യുദ്ധച്ചെലവു്	1400 കോടി
സാധാരണച്ചെലവു് (Civil expenditure)	353 "
ബ്രിട്ടനു കടം	1400 "
	3153 "

സ്ഥൂലരൂപേണ ഇവിടെ വിശദീകരിച്ച സമരഘട്ട സാമ്പത്തിക സംവിധാനത്തിൽനിന്നു ചില മാമ്മിക പ്രശ്നങ്ങൾ ഉദിക്കുന്നുണ്ടു്. ഒന്നു്, സ്റ്റേർലിംഗ്ഗ് മിച്ചമത്രെ. ഭാവനയെ വെല്ലുവിളിക്കുന്ന ഈ വമ്പിച്ച സ്റ്റേർലിംഗ്ഗമിച്ചം ബ്രിട്ടനിൽനിന്നു് എങ്ങനെ തിരിയെ വാങ്ങുമെന്നതു് ഇപ്പോഴത്തെ പ്രധാനമായ ഒരു വലിയ പ്രശ്നമാണു്. മിച്ചവായ്പ ഉടമ്പടിയുടെ ഉപസംഹാരത്തോടുകൂടി അവിഷയം പൂർവ്വവൽ ദുർഘടമായിരിക്കുന്നു. ഇൻഡ്യ ഈ തുകയിൽ ഒരു ഭ്രരിഭാഗം ഇളച്ചുകൊടുക്കണമെന്നു് അമേരിക്കയിലെ സാമ്പത്തിക ശാസ്ത്രജ്ഞന്മാരായ ചില "ഭാരതബന്ധുക്കൾ" അഭിപ്രായപ്പെട്ടിരിക്കുന്നു. ബ്രിട്ടനിലാകട്ടെ, "തിരിയെ തരുമ്പോൾ വാങ്ങിക്കൊള്ളണം" എന്ന ഒരു ധിക്കാരപൂർവ്വകമായ മനോഭാവത്തിന്റെ തിരുപ്പിറപ്പാടായിട്ടുണ്ടു്. നമ്മുടെ ഭാവിയിലെ സാമ്പത്തികഭാഗധേയം ഒരു വലിയ പങ്കും ഇതിലാശ്രയിച്ചുതന്നെ നിലകൊള്ളുന്നതു്. ഇൻഡ്യയിലെ പട്ടിണിപ്പാവങ്ങളുടെ പിയർപ്പുതുള്ളികളും, ജീവരക്തവും വിലകൊടുത്തു വാങ്ങിയ ഈ സംഖ്യ തിരികെ വാങ്ങുന്ന പ്രശ്നം ഇൻഡോബ്രിട്ടീഷ് ബന്ധത്തിൽ സാരമായ ചില കോളിളക്കങ്ങൾ ഉണ്ടാക്കാതെ തരമില്ല. ഇതഃപര്യന്തമുള്ള ഗവമ്മെൻറുനയം നാണയവർദ്ധനവു് (Currency Expansion) ആയിരുന്നു. ഇനിയും അതു നാണയ ദുർല്ലഭ്യം (Deflation) ആകുവാൻ ഇടയുണ്ടോ? ഇൻഡ്യയിലെ സാമ്പത്തികശാസ്ത്രജ്ഞന്മാർക്കു് എല്ലാം അതിനോടു പ്രതികൂലഭാവം ആണു് ഉള്ളതു്. കഴിഞ്ഞ യുദ്ധത്തിനുശേഷം ഗവമ്മെൻറു് ആ നയം സ്വീകരിക്കുകയും, രാജ്യത്തു സാമ്പത്തികാധഃപതനം ഉണ്ടാക്കുകയുംചെയ്തു. മികച്ച വ്യാവസായീകരണം മാത്രമായിരിക്കും ഈപ്രാവശ്യത്തെ പ്രഖ്യാപിതനയം. ഉപഭോഗസാധനങ്ങൾ ധാരാളമായി ഉണ്ടാവണം. അപ്പോൾ നാണയവികസനത്തിന്റെ ദുഷ്യഫലങ്ങൾ നിവാരണംചെയ്യാം. അതിലേക്കു് ഉല്പാദകയന്ത്രങ്ങൾ അനുപേക്ഷണീയമത്രെ. റാറാറാ, ബർളാ ആദിയായവർ അടങ്ങിയ വ്യാവസായികസംഘത്തിന്റെ വിദേശപര്യടനത്തിൽനിന്നു തെളിയുന്നതു് ബ്രിട്ടനിലെയും അമേരിക്കയിലെയും വ്യവസായികൾ ഉൽപാദകയന്ത്രങ്ങൾ തരുവാൻ വിസമ്മതിക്കുന്നു എന്നാണു്. ഈ പ്രശ്നം നമ്മുടെ ഭാവി സാമ്പത്തിക വ്യവസ്ഥിതിയിലെ ഒരു കീറാമുട്ടിയായിരിക്കും.

ഊർജ്ജസ്വലമായ വ്യാവസായീകരണത്തിനു് ഇപ്പോൾ ഇവിടെ ഒരു പശ്ചാത്തലം ഉണ്ടായിട്ടുണ്ടു്. അവയുടെ ഉചിതമായ ഉപയോഗത്തിലത്രെ ഭാവൈശ്വര്യം അടിയുറച്ചുനിൽക്കേണ്ടതു്. ജനങ്ങളും ഗവമ്മെൻറും പരസ്പരം സഹകരിച്ചു് ആ ശ്രേഷ്ഠകൃത്യത്തിനു തോളുകൊടുത്തെങ്കിൽ! യുദ്ധവൃത്തിക്കു കോടാനുകോടി പണം ഉയർത്താൻ കഴിഞ്ഞെന്നിരിയ്ക്കെ നമ്മുടെ സാമ്പത്തിക പുനഃപ്രതിഷ്ഠയ്ക്കു് എന്തുകൊണ്ടു് അതു സാധിച്ചുകൂടാ? പക്ഷെ, അതിനു് ഒരു ജനകീയഗവമ്മെൻറു് അവശ്യമാണു്. ആ വിധമുള്ള ഒരു ഭരണക്രമവും, സാമ്പത്തികവീക്ഷണഗതിയും ആവിഷ്കരിക്കുമെന്നുവന്നാൽ ഇക്കഴിഞ്ഞ അറുകൊല്ലത്തെ ദേശീയയാതന ഒരു നവ്യഭാരതജനനത്തിലെ പ്രസവവേദന മാത്രമായിരിക്കും; ഒരു ഭാസുര പ്രഭാതത്തിനു തേർതെളിക്കുന്ന തമോഭാരം മാത്രമായിരിക്കും—അതിന്റെ സാക്ഷാൽകരണത്തിനു നമുക്കു് അഞ്ജലീബദ്ധരായി ഭവിക്കുകമാത്രമേ ഉള്ളൂ.

ലോക സമാധാനം

(ഡി. ശ്രീമാൻനമ്പൂതിരി; മൂവാറ്റുപുഴ)

(കേക)

കൃഷ്ണദേവൻ തങ്ങൾക്കു നൽകിയ പരിപൂത-
നിസ്തുല സമാധാന സന്ദേശ,മുപദേശം,
ഒക്കെയും സമ്പൽ പ്രതാപാദിതൻ ലഹരിയിൽ
ധിക്കരിച്ചടരാടീ പാശ്ചാത്യരതികൃരം!
അധികാരത്തിൻ ഗർവ്വം,ലാഭമാവിൽ തിങ്ങിക്കൂടും
ദുരിത പ്രവാഹേഛാ നിർഭരസമ്മർദ്ദത്താൽ,
അവനീതലം നശിപ്പിയ്ക്കുവായ് ക്രൗര്യത്തിന്റെ
യവതാരമാം സ്വൈരാചാരി മനുഷ്യവർഗ്ഗം.
ലോകസംസ്കാരത്തിന്റെപൊൻവിളക്കുതിട്ടിശ-
യാകവേ യനാചാരക്രൂരരുൽമയമാക്കി,
നീതിവിദ്വേഷകലകളാമനൃദേശങ്ങളെ-
യേതുമേ മടിവിട്ട ദീനതയ്ക്കിരയാക്കി-
സ്വാർത്ഥലോഭത്താൽ തീർത്ത കോട്ടയിലടച്ചിട്ട
വീർപ്പുമുട്ടിച്ചു ബലർ സാധുവാം ജനതയെ;
